■ സി. എസ്. വെങ്കിടേശ്വരൻ


# മലയാളസിനിമയുടെ മാറുന്ന ലോകം/കോലം

**ആഖ്യാനപരവും പ്രമേയപരവുമായ തലങ്ങളിൽ മലയാള സിനിമയ്ക്ക് നഷ്ടമാകുന്ന ചലനാത്മകതയെക്കുറിച്ച് ഒരു അന്വേഷണം.**



കഴിഞ്ഞ എട്ടു പതിറ്റാണ്ടുകാലത്തിലേറെയായി മലയാളസിനിമ പറഞ്ഞുകൊണ്ടിരിക്കുന്ന കഥകൾക്ക് സാരമായ മാറ്റമുണ്ടോ? അതോ, സാങ്കേതികവും രൂപപരവുമായ ഉപരിതലമാറ്റങ്ങൾ മാത്രമാണോ കാലാകാലങ്ങളിൽ അതിൽ പ്രത്യക്ഷപ്പെടുന്നത്?

ഒരു സാമൂഹ്യലോകം എന്ന നിലയ്ക്ക് ഒരുപക്ഷെ മലയാളസിനിമ ഏറ്റവും വൈവിധ്യപൂർണമായിരുന്നത് അതിന്റെ ആദ്യദശകങ്ങളിലായിരിക്കും. ആഖ്യാനപരവും പ്രമേയപരവുമായ തലങ്ങളിൽ അന്നു സിനിമയ്ക്ക് സാഹിത്യവുമായി അഭേദ്യബന്ധമുണ്ടായിരുന്നതിനാൽതന്നെ അക്കാലത്തെ സാഹിത്യത്തിൽ സംഭവിച്ചുകൊണ്ടിരുന്ന ഭാവുകത്വപരിണാമങ്ങളുടെ അനുരണനങ്ങൾ സിനിമയും ആവാഹിച്ചു. അന്നത്തെ സാഹിത്യം ഇരുദിശകളിലേക്കു തുറന്ന ഒന്നായിരുന്നു: ഒരുവശത്ത്, പാരമ്പര്യത്തിനും ഗതകാലശൈലികൾക്കും രൂപങ്ങൾക്കും എതിരായ ഒരു പ്രതിരോധം, മറ്റൊന്ന്, പുറം ലോകസാഹിത്യവുമായുള്ള ഉരസലും അതിന്റെ ഫലമായുണ്ടായ പുതിയ ഉണർവും: റഷ്യൻ - യൂറോപ്യൻ ബംഗാളിസാഹിത്യത്തിന്റെയും മറ്റും സമ്പർക്കത്തിലൂടെ പുതിയ പ്രമേയഭൂഖണ്ഡങ്ങളും ശൈലീവിശേഷങ്ങളും രൂപങ്ങളും പരീക്ഷിക്കാൻ തുടങ്ങുന്ന ഒരു സന്ദർഭമായിരുന്നു അത്. സോഷ്യൽ റിയലിസ്റ്റ് പാരമ്പര്യത്തിന്റെ സ്വാധീനത്തിൽ അതുവരെ സാഹിത്യത്തിനു പുറത്തുനിന്നിരുന്ന അസ്പൃശ്യരും അദൃശ്യരുമായിരുന്ന ഒട്ടേറെ മനുഷ്യസമൂഹങ്ങളെയും വർഗങ്ങളെയും ജീവിതസംഘർഷങ്ങളേയും അത് സാഹിത്യത്തിന്റെ കാര്യത്തിലെന്നപോലെ സിനിമയുടേയും കേന്ദ്രത്തിലെത്തിച്ചു. കർഷകരും തൊഴിലാളികളും അരയരും പുലയരുമെല്ലാം വെള്ളിത്തിരയിൽ ബഹുജനസമക്ഷം പ്രത്യക്ഷപ്പെട്ടു: *നീലക്കുയിൽ, രാരിച്ചൻ എന്ന പൗരൻ, ജീവിതനൗക* തുടങ്ങിയ ചിത്രങ്ങളിൽ അക്കാലത്ത് സാഹിത്യത്തിലും നാടകരംഗത്തും മറ്റുമുണ്ടായിരുന്ന ചലനങ്ങളുടെ പ്രമേയപരവും ദൃശ്യപരവുമായ തുടർച്ചകൾ കാണാം.



അടൂർ ഗോപാലകൃഷ്ണൻ

ഇത്തരം കഥനരീതിയ്ക്ക് പ്രകടമായ മാറ്റം വരുന്നത് 1970-കളോടെയാണ്. സാഹിത്യത്തിൽ 'ആധുനികത'യുടേയും സിനിമയിൽ 'നവതരംഗ'ത്തിന്റേയും സ്വാധീനം ഇത്തരം പ്രമേയങ്ങളേയും ജനതതികളേയും വീണ്ടും അരികുകളിലേക്കു തള്ളുന്നതുകാണാം. പുതിയ ആഖ്യാനലോകത്തിന്റെ കേന്ദ്രത്തിൽ നിലയുറപ്പിച്ചത് ഭൂപരിഷ്കരണത്തിന്റെയും കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയുടേയും പശ്ചാത്തലത്തിൽ ഉദയം കൊണ്ട മധ്യവർഗ സമൂഹമായിരുന്നു. ആ പുതിയ വർഗത്തിന്റെ കഥാകേന്ദ്രം ഉപരി/മധ്യജാതി - വർഗ അണുകുടുംബമോ അതിലേക്കുള്ള നീക്കങ്ങളോ ആയിരുന്നു. അവിടെ നടക്കുന്ന സംഘർഷങ്ങളും അതിന്റെ സ്വപ്നങ്ങളും നിരാശകളുമായിരുന്നു ആഖ്യാനത്തെ ചലിപ്പിച്ചത്. ആ കാലഘട്ടത്തിന്റെ നായകൻ അഭ്യസ്ത




വിദ്യനും പലപ്പോഴും തൊഴിൽ രഹിതനുമായ ചെറുപ്പക്കാരനുമായിരുന്നു.

മുമ്പ് പ്രശ്നങ്ങളും പ്രകാശനങ്ങളും പ്രതിരോധങ്ങളും പരിഹാരങ്ങളും എല്ലാം സാമൂഹികമായിരുന്നു എങ്കിൽ 70-കൾക്കു ശേഷമുള്ള ചിത്രങ്ങളിൽ വ്യക്തിപരമായ വിഹ്വലതകൾക്കും ആത്മസംഘർഷങ്ങൾക്കുമാണ് മുൻതൂക്കം. മുമ്പ് വർഗപരവും ജാതിപരവും മറ്റുമായ താത്പര്യങ്ങളും അധികാര-ആഭിമുഖ്യങ്ങളും തമ്മിലുള്ള മുഖാമുഖത്തിൽ നിന്നാണ് ആഖ്യാനങ്ങൾ രൂപം കൊണ്ടതെങ്കിൽ ഇവിടെ നിറഞ്ഞുനിന്നത് വ്യക്തിയുടെ ആന്തരികതയാണ്. ഒരു കൂട്ടായ കലാസംരംഭമെന്നതിലുപരി സിനിമ ഒരു സംവിധായകന്റെ സൃഷ്ടിയാണെന്ന ബോധവും ഇക്കാലത്താണ് പ്രചാരം നേടുന്നത്.

1970-80 കാലഘട്ടത്തിലാണ് മലയാളസിനിമ വ്യവസായം എന്ന നിലയ്ക്ക് വമ്പിച്ച വളർച്ച പ്രാപിച്ചതും, (പ്രതിവർഷം ശരാശരി 120-ഓളം ചിത്രങ്ങൾ) മറ്റ് ഇന്ത്യൻ ഭാഷാചിത്രങ്ങളെ അപേക്ഷിച്ച് 'കലാപര'മായി (ദേശീയ അവാർഡുകൾ/ ഇന്ത്യൻ പനോപമയിലെ പങ്കാളിത്തം) വേറിട്ടുനിന്നതും. ഏറ്റവുമധികം ദേശീയ പുരസ്കാരങ്ങൾ ലഭിച്ചു എന്നതുമാത്രമല്ല, ഇന്ത്യയിലെ ആദ്യത്തെ 3-ഡി സിനിമ ഉണ്ടാവുന്നതും മലയാളത്തിലാണ്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുവന്ന ഒട്ടേറെ സാങ്കേതികവിദഗ്ധർ-അടൂർ ഗോപാലകൃഷ്ണൻ, കെ ജി ജോർജ്, കെ ആർ മോഹനൻ, ദേവദാസ്, ജോൺ അബ്രഹാം തുടങ്ങിയവർ - നമ്മുടെ സിനിമയിൽ രൂപപരമായും പ്രമേയപരമായും മാറ്റങ്ങൾ കൊണ്ടുവന്നു. ഒപ്പം തന്നെ സാഹിത്യത്തിൽ നിന്നും പലരും സിനിമയിലേക്കു കടന്നുവന്നു - പത്മരാജൻ, സി. രാധാകൃഷ്ണൻ തുടങ്ങിയവർ സാഹിത്യത്തിൽനിന്നും ഒരു നവഭാവുകത്വം സിനിമയിലേക്കു കൊണ്ടുവന്നു. അക്കാലത്തു തന്നെയാണ് പ്രേക്ഷകശീലങ്ങളിലും സിനിമയെക്കുറിച്ചുള്ള വ്യവഹാരങ്ങളിലും വലിയ സ്വാധീനം ചെലുത്തിയ ഫിലിം സൊസൈറ്റി പ്രസ്ഥാനം കേരളമാകെ വ്യാപിക്കുന്നതും. മുമ്പ് സാഹിത്യത്തിലെന്ന പോലെ സിനിമാരംഗത്ത് ഈ പ്രസ്ഥാനം മലയാളിയെ ലോകസിനിമയുമായി പരിചയപ്പെടുത്തി. യുവാക്കൾക്കിടയിലും ക്യാമ്പസുകളിലും അത് ചലനം സൃഷ്ടിച്ചു. സിനിമാസംസ്കാരത്തിലുണ്ടാക്കിയ ഈ പുതിയ ചലനങ്ങൾ മറ്റൊരുതരം സിനിമയ്ക്കായുള്ള നിരവധി പരീക്ഷണങ്ങൾക്ക് വഴിയൊരുക്കി. കെ.പി. കുമാരൻ, അരവിന്ദൻ, ടി. വി. ചന്ദ്രൻ, പവിത്രൻ തുടങ്ങി അനവധിപ്പേർ ഈ അന്തരീക്ഷത്തിന്റെ കൂടി സൃഷ്ടികളാണ്. 'കച്ചവടം', 'ആർട്ട്', 'മധ്യവർത്തി' തുടങ്ങിയ പരികല്പനകൾ പ്രചാരത്തിൽ വന്നതും ഇക്കാലത്താണ്.

**പുതിയ ആഖ്യാനലോകത്തിന്റെ കേന്ദ്രത്തിൽ നിലയുറപ്പിച്ചത് ഭൂപരിഷ്കരണത്തിന്റെയും കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയുടേയും പശ്ചാത്തലത്തിൽ ഉദയം കൊണ്ട മധ്യവർഗസമൂഹമായിരുന്നു. ആ പുതിയ വർഗത്തിന്റെ കഥാകേന്ദ്രം ഉപരി/മധ്യജാതി - വർഗ അണുകുടുംബമോ അതിലേക്കുള്ള നീക്കങ്ങളോ ആയിരുന്നു.**

ഈ അവസ്ഥയ്ക്ക് സാരമായ മാറ്റം സംഭവിക്കുന്നത് 90-കളുടെ തുടക്കത്തിൽ ടെലിവിഷൻ നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുന്നതോടുകൂടിയാണ്. ടെലിവിഷന്റെ വരവ് മലയാളിയുടെ വിനോദസമയത്തേയും സങ്കല്പങ്ങളെയും തിരുത്തിക്കുറിച്ചു. 'കഥാചിത്ര'ങ്ങൾ വീട്ടിലേക്കു വന്നുതുടങ്ങിയതോടെ രണ്ടുതരം മാറ്റങ്ങൾക്ക് അതു വഴിവെച്ചു: സിനിമ അതുവരെ കൈകാര്യം ചെയ്തിരുന്ന പ്രമേയങ്ങളെ അത് സ്വന്തമാക്കി - പ്രണയം, കുടുംബവൈരം, ദാമ്പത്യം, സ്ത്രീപുരുഷബന്ധങ്ങൾ തുടങ്ങി



ജോൺ എബ്രഹാം

ഒട്ടനവധി കഥാഭൂഖണ്ഡങ്ങളെ അത് സ്വായത്തമാക്കുക മാത്രമല്ല കുറഞ്ഞ ചിലവിൽ വീടുകളിലെത്തിക്കുകയും ചെയ്തു. വിനോദസാധ്യതകളിൽ വന്ന ഈ മാറ്റം/അനായാസത, തിയ്യറ്ററിൽ പോയി സിനിമകാണുന്നവരുടെ എണ്ണത്തേയും രീതികളേയും മാറ്റി. പ്രേക്ഷകരിൽ വന്ന മാറ്റം സിനിമയേയും സ്വാധീനിച്ചു. അന്യഭാഷാചിത്രങ്ങൾ വലിയരീതിയിൽ തിയ്യറ്ററുകൾ കയ്യടക്കിയതും ഇക്കാലത്തുതന്നെയാണ്. കുടുംബങ്ങൾ കയ്യൊഴിഞ്ഞ തിയ്യറ്ററുകൾ ചെറുപ്പക്കാർ ഏറ്റെടുത്തിന്റെ കൂടി പ്രതിഫലനമായിരിക്കാം അത്.

മറ്റെല്ലായിടത്തും ഈ രീതിയിലുയർന്നുവന്ന ടെലിവിഷനാനന്തര വിനോദവ്യവസായ സമ്പദ് വ്യവസ്ഥയെ നേരിടാനായി പുതിയ രീതികൾ തേടാൻ സിനിമയെ പ്രേരിപ്പിച്ചിട്ടുണ്ടെങ്കിലും ഇവിടെ അത് സിനിമയെ ചില പ്രത്യേക മേഖലകളിലേക്കു ചുരുക്കുകയാണ് ചെയ്തത്. മലയാളസിനിമ ഒരിടക്കാലത്ത് മൃദുരതിയിലേക്കും മുഴുനീളസാഹിത്യത്തിലേക്കും പിൻവാങ്ങുകയാണുണ്ടായത്. ആഗോളീകരിക്കപ്പെട്ട



പദ്മരാജൻ

വിനോദവിപണി നമ്മുടെ സിനിമാവ്യവസായത്തിലുണ്ടാക്കിയ ഉടൻ പ്രതികരണമായിരുന്നു അത്. ഈ പ്രത്യാഘാതം ഉള്ളടക്കത്തിന്റെ കാര്യത്തിൽ മാത്രമല്ല ഉണ്ടായത്. രൂപപരമായി തന്നെ സിനിമകൾ ഒരു ഭാവി ടെലിവിഷൻ പരിപാടിയായി മാറാൻ കഴിയുംവണ്ണം ഒരുക്കപ്പെടാൻ തുടങ്ങുന്നതും ഇക്കാലത്താണ്: ടെലിവിഷന് പ്രിയങ്കരങ്ങളായ കോമഡി ഷോകളും ഗാനരംഗങ്ങളും മറ്റും സിനിമതന്നെ മുന്നിൽ കാണുന്ന രീതിയിലാണ് പലപ്പോഴും അതിന്റെ സന്നിവേശരീതികൾ സംവിധാനം ചെയ്യപ്പെട്ടത്. മിമിക്രി കലാകാരന്മാരുടെ വമ്പിച്ച ജനപ്രിയതയും ഇക്കാലത്തുതന്നെയാണ് സംഭവിച്ചത് എന്നത് യാദൃശ്ചികമല്ല; തീർച്ചയായും അത് സിനിമയും ടെലിവിഷനും തമ്മിലുള്ള മുഖാമുഖത്തിന്റെ കൂടി ഫലമാണ്.




അടൂർ ഗോപാലകൃഷ്ണന്റെ *ഒരു പെണ്ണും രണ്ടാണും* എന്ന ചിത്രത്തിൽ നിന്ന്.

പുതിയ സാങ്കേതികവിദ്യകൾ - ഇന്റർനെറ്റ്, ഡിവിഡി തുടങ്ങിയവ - വിനോദത്തെ വലിയരീതിയിൽ ഒരു സ്വകാര്യ ഏർപ്പാടാക്കി മാറ്റി. തിയ്യറ്റർ എന്ന പൊതുഇടത്തിൽ നിന്ന് വിനോദം വീടുകൾ പോലുള്ള സ്വകാര്യ ഇടങ്ങളിലേക്ക് കൂടുമാറി. വീട്ടിലേക്കു കയറിവന്ന ടെലിവിഷനെ സിനിമാവ്യവസായം മറ്റിടങ്ങളിൽ നേരിട്ടത് സിനിമയെത്തന്നെ വലുതാക്കിക്കൊണ്ടും അതിനു പുതിയ മാസ്മരികത നൽകിക്കൊണ്ടുമാണ്. എന്നാൽ മലയാളം പോലുള്ള 'ചെറിയ' സിനിമകൾക്ക് അത്തരം മുന്നേറ്റങ്ങൾ നടത്തുന്നതിൽ ഒട്ടേറെ പരിമിതികളുണ്ടായിരുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യ ദൃശ്യമാധ്യമരംഗത്തെ ഉത്പാദന - വിതരണ - പ്രദർശനമണ്ഡലങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങളും വെല്ലുവിളികളും ഒപ്പം സാധ്യതകളും ഉയർത്തി. എന്നാൽ മലയാളസിനിമാവ്യവസായം നവസാങ്കേതികവിദ്യകളുമായി ഭാവാത്മകമായി പ്രതികരിക്കുന്നതിനുപകരം അതിനെ ശത്രുതാമനോഭാവത്തോടെയാണ് നേരിട്ടത്. ഇന്റർനെറ്റും ഡിവിഡിയും മറ്റും സാധ്യമാക്കുന്ന പുതിയ വിപണികളെ സ്വന്തമാക്കുന്നതിനുപകരം അത് തികച്ചും സാമ്പ്രദായികമായ ചിട്ടവട്ടങ്ങൾ തന്നെ പിന്തുടരാൻ ശ്രമിച്ചു. ടെലിവിഷൻ ചെയ്യുന്നതുപോലെ കേരളത്തിനുപുറത്തുള്ള ആഗോളമലയാളി സമൂഹത്തെ സ്വന്തം നിക്ഷേപകരും പ്രേക്ഷകരുമാക്കിത്തീർക്കാൻ അതിനിനിയും കഴിഞ്ഞിട്ടില്ല. ടെലിവിഷനും ഡിവിഡിയും ഇന്റർനെറ്റും വഴി അത്തരം ഒരു പ്രേക്ഷകസമൂഹത്തെക്കൂടി സ്വന്തം വിപണിയാക്കാൻ ഇന്നു കഴിയും. ബഹുഭാഷാ സബ് ടൈറ്റിലുകൾ ആ പ്രേക്ഷകവിപണിയെ ഭാഷയുടെ പരിമിതികൾ ഭേദിച്ച് ആഗോളതലത്തിൽതന്നെ വികസിപ്പിക്കാനുള്ള സാധ്യതകളാണ് തുറന്നിടുന്നത്. ഇന്നത്തെ നവമാധ്യമസാഹചര്യം പ്രാദേശികതയും ആഗോളീയതയും തമ്മിലുള്ള ബന്ധത്തെ പുതിയതലത്തിലേക്കും ബലതന്ത്രങ്ങളിലേക്കും നയിച്ചിരിക്കുന്നു. ഇത് സാങ്കേതികവിദ്യയുടെ മാത്രം 'സാമ്രാജ്യത്വ'മല്ല; മറിച്ച് ഓരോ പ്രദേശത്തിന്റേയും ഒരു പരിധിവരെ 'സ്വതന്ത്ര'മായിരുന്ന രുചിശീലങ്ങളെയും പ്രതീക്ഷകളേയും ആഭിമുഖ്യങ്ങളേയും ആഴത്തിൽ സ്വാധീനിക്കുവാനും രൂപപ്പെടുത്തുവാനും കെല്പുള്ള ഒന്നായി മാറിയിരിക്കുന്നു. അതുവഴി സാംസ്കാരികതലത്തിൽ ആഗോളവിപണിശീലങ്ങളുടെ ആധിപത്യവും ഏകതാനതയും ഒരു യഥാർഥ സാധ്യതയായി മാറിയിരിക്കുന്നു. സാങ്കേതികവിദ്യ നൽകുന്ന സാധ്യതകളെ വ്യാവസായിക-ലാവണ്യതലങ്ങളിൽ നേരിടുന്ന ഒരു 'പ്രാദേശിക' സംസ്കാരത്തിനേ ഇന്ന് ആഗോളീയമായി സമകാലികമായിരിക്കാനാകൂ. പുതിയ സാഹചര്യം എല്ലാ രംഗങ്ങളിലും-ഉത്പാ

> ടെലിവിഷന് പ്രിയങ്കരങ്ങളായ കോമഡി ഷോകളും ഗാനരംഗങ്ങളും മറ്റും സിനിമതന്നെ മുന്നിൽ കാണുന്ന രീതിയിലാണ് പലപ്പോഴും അതിന്റെ സന്നിവേശരീതികൾ സംവിധാനം ചെയ്യപ്പെട്ടത്. അത് സിനിമയും ടെലിവിഷനും തമ്മിലുള്ള മുഖാമുഖത്തിന്റെ കൂടി ഫലമാണ്.



ദനം, വിതരണം, വിപണനം, പ്രദർശനം- പുതിയ പരീക്ഷണങ്ങൾ ആവശ്യപ്പെടുന്നു. ഈ വെല്ലുവിളികളെ നമുക്ക് ഏറ്റെടുക്കാനാവുന്നില്ല എങ്കിൽ മലയാളവും മറ്റുപല സിനിമകളെയും പോലെ ഒരു 'പ്രാദേശിക' സിനിമയായി ഒതുങ്ങുവാനാണ് സാധ്യത.

ഇവയെയൊന്നും ഭാവനാത്മകമായി ഉൾക്കൊള്ളാനാവാതെ ഉഴറുന്ന താരാധിപത്യം, 'കഥയില്ലായ്മ' തുടങ്ങിയ ഒഴികഴിവുകൾക്കു പിന്നിൽ അഭയം തേടുന്ന ഒന്നാണ് സമകാലികമലയാള സിനിമ. സർഗാത്മകതയ്ക്കോ ആശയങ്ങൾക്കോ മുൻതൂക്കമില്ലാത്ത, പ്രേക്ഷകരോട് ബഹുമാനമില്ലാത്ത (പ്രേക്ഷകർക്കും ബഹുമാനമില്ലാത്ത), പുതിയ പരീക്ഷണങ്ങൾക്ക് തയ്യാറില്ലാത്ത, ഒരു സിനിമയെ കാത്തിരിക്കുന്നത് മറ്റുപല പ്രാദേശിക സിനിമകളുടേയും കാര്യത്തിൽ സംഭവിച്ചതു തന്നെയാവാം- ഒരു പ്രദേശം/സംസ്കാരം മൊത്തമായി പുറത്തുനിന്നും വരുന്ന സിനിമകളുടെ ഒരു പ്രേക്ഷകവിപണിമാത്രമായിത്തീരുന്ന അവസ്ഥ. അതായത് മലയാളിയെ പിടിച്ചിരുത്തുന്ന രീതിയിലുള്ള മലയാള ചിത്രങ്ങൾ നിർമിക്കാൻ നമ്മുടെ വ്യവസായത്തിനു കഴിയാത്ത അവസ്ഥ.


ഈ പ്രതിസന്ധിയെ പലരീതിയിൽ നേരിടാൻ മലയാള സിനിമ ശ്രമിക്കുന്നുണ്ട്. ഒന്ന് ഒരു വ്യവസായം എന്ന രീതിയിൽ സ്വയം അഴിച്ചുപണിയുവാൻ അതു തയാറായിട്ടില്ല എങ്കിലും പുതിയ വിപണികൾ തേടാനും സമകാലികമായ രൂപങ്ങൾ അന്വേഷിക്കാനും അത് ശ്രമിക്കുന്നതുകാണാം. ഉദാഹരണത്തിന്, സാമ്പ്രദായികമായ കഥ പറച്ചിൽ രീതികളെ തിരുത്തിക്കൊണ്ട് അനവധി കഥകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആഖ്യാനങ്ങൾ അടുത്തകാലത്തുണ്ടായി: അടൂർ ഗോപാലകൃഷ്ണന്റെ *നാലു പെണ്ണുങ്ങൾ, ഒരു പെണ്ണും രണ്ടാണും,* രഞ്ജിത്തിന്റെ *കേരള കഫേ* തുടങ്ങിയവയും ഒരേ പ്രമേയത്തിന്റെ പലയിഴകൾ ചേർക്കുന്ന ടി വി ചന്ദ്രന്റെ *ഭൂമിമലയാളം* വിജയകൃഷ്ണന്റെ *ദലമർമ്മരങ്ങൾ* തുടങ്ങിയവ സാമ്പ്രദായികമായ കഥനരീതികൾക്കപ്പുറം പോകാനുള്ള ചില ശ്രമങ്ങളാണ്. ഈ ഘടനയിൽ ടെലിവിഷന്റെ സ്വാധീനവും- ടെലിവിഷന്റെ എപ്പിസോഡിക് രീതി, നീണ്ട ആഖ്യാനങ്ങളോട്

**മലയാളസിനിമയുടെ ഏറ്റവും വലിയ സവിശേഷത ഇത്തരം പ്രതികൂലസാഹചര്യങ്ങളിലും അത് ഇപ്പോഴും സമാന്തരവും മുഖ്യധാരയ്ക്കു പുറത്തുനിൽക്കുന്നതുമായ ചിത്രങ്ങൾ എല്ലാവർഷവും നിർമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. സിനിമയോട് മലയാളിക്കുള്ള പ്രത്യേകതരം അഭിനിവേശത്തിന്റെ സൂചനയാണത്.**



ടി.വി.ചന്ദ്രൻ

അക്ഷമ-നമ്മുടെ ജീവിതവീക്ഷണങ്ങളിലും അനുഭവങ്ങളിലും വന്ന മാറ്റം, മാധ്യമസാന്ദ്രത സൃഷ്ടിക്കുന്ന ദൃശ്യാഖ്യാനങ്ങളുടെ ആധിക്യം ഇവയെല്ലാം ഇത്തരം പരീക്ഷണങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നുണ്ടാവണം. അതുപോലെ പരിമിതമായ മലയാളിവിപണിയെ ഭേദിച്ച് മലയാളസിനിമയ്ക്ക്




ആകാശഗോപുരം

ഒരു ദേശീയ-ആഗോളവിപണി സൃഷ്ടിക്കാനുള്ള ശ്രമമാണ് പഴശ്ശിരാജാ പോലുള്ള 'വലിയ' ചിത്രങ്ങൾ. ഇവയെല്ലാം എത്രകണ്ട് വിജയിക്കും എന്നത് ആഗോളീയമായി അവ എത്രകണ്ട് ലാവണ്യപരമായും സാങ്കേതികമായും സമകാലീനമായിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

എങ്കിലും മലയാളസിനിമയുടെ ഏറ്റവും വലിയ സവിശേഷത ഇത്തരം പ്രതികൂലസാഹചര്യങ്ങളിലും അത് ഇപ്പോഴും 'സമാന്തര'വും മുഖ്യധാരയ്ക്കു പുറത്തുനിൽക്കുന്നതുമായ ചിത്രങ്ങൾ എല്ലാവർഷവും നിർമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്: എം.പി.സുകുമാരൻ നായർ, പ്രിയനന്ദനൻ, രാജീവ് വിജയരാഘവൻ, മധു കൈതപ്രം, ഡോക്ടർ ബിജു, രൂപേഷ് പോൾ, കെ.എം.മധുസൂദനൻ, ലിജി പുല്പള്ളി, തുടങ്ങിയവരെപ്പോലുള്ളവർ ഇവിടെ ഉണ്ടാവുന്നു എന്നത് സിനിമയോട് മലയാളിക്കുള്ള പ്രത്യേകതരം അഭിനിവേശത്തിന്റെ സൂചനയാണ്. ഒരുപക്ഷെ ഇന്ന് നഷ്ടമായിരിക്കുന്നത് ഇത്തരം ചിത്രങ്ങളോട് മുമ്പുണ്ടായിരുന്ന പൊതുതാത്പര്യമാണ്. തിയറ്ററുകൾ അടക്കിഭരിക്കുന്ന കച്ചവടസിനിമയോട് കലഹിക്കുന്ന ഇത്തരം ചലച്ചിത്രകാരന്മാരോട് നമ്മൾ പുലർത്തുന്ന പരാങ്മുഖത്വം പ്രേക്ഷകരുടെ അഭിരുചികളിലും പ്രതീക്ഷകളിലും വന്ന മാറ്റത്തിന്റെ കൂടി സൂചനയാണ്. ഇവരുടെ ചിത്രങ്ങൾ ഒരു വിമർശനവുമില്ലാതെ സ്വീകരിക്കപ്പെടണമെന്നോ ആഘോഷിക്കപ്പെടണമെന്നോ അല്ല ഉദ്ദേശിക്കുന്നത്. മറിച്ച് വ്യത്യസ്തതകളെ വിമർശനാത്മകമായും ഗൗരവമായും അഭിസംബന്ധന ചെയ്യേണ്ടതുണ്ട് എന്നതാണ് ■



■ എ. ചന്ദ്രശേഖർ



ആൺകോയ്മയുടെ കെട്ടുകാഴ്ച്ചകൾക്കിടയിൽ ഉൾക്കരുത്തില്ലാത്ത നിഴൽപ്പാവകളാകാനാണ് ഇന്ന് മലയാള സിനിമയിലെ പെൺകഥാപാത്രങ്ങളുടെ നിയോഗം...

# നിഴൽനായികമാരുടെ കാലം









മലയാള സിനിമയെ സംബന്ധിച്ച് സത്യത്തിൽ അതൊരു ദുര്യോഗം തന്നെയാണ്. ചരിത്രവഴിയിൽ, ആദ്യത്തെ നായികയെക്കുറിച്ചുള്ള അടിസ്ഥാനവിശദാംശങ്ങൾക്കു പോലും ഭാവനയെ ആശ്രയിക്കേണ്ടി വരിക എന്ന ദുര്യോഗം. ഒരുപക്ഷേ, വരേണ്യകേരളം സിനിമ എന്ന സംവേദനമാധ്യമത്തോട് ആദ്യകാലത്തു കാട്ടിയ അയിത്തത്തിന്റെയോ സന്ദേഹത്തിന്റെയോ പ്രതിഫലനമാവണം ചരിത്രത്തിലെ ഈ തമസ്കരണം. നാടകത്തട്ടകം പോലും പെണ്മയ്ക്കു തീണ്ടാപ്പാടായിരുന്ന കാലത്ത് സിനിമ എന്നൊരു അത്ഭുത മാധ്യമത്തിൽ ആണുങ്ങൾക്കൊപ്പം ഒരു പെണ്ണ് വേഷം കെട്ടുകയോ? (ഇന്ത്യയിൽ ദാദാ സാഹിബ് ഫാൽക്കേ *രാജാ ഹരിശ്ചന്ദ്ര* നിർമ്മിക്കുമ്പോഴത്തെ സ്ഥിതിയിൽ നിന്ന് ഏറെയൊന്നും മാറിയിട്ടുണ്ടായിരുന്നില്ല, സിനിമാരംഗത്തെ നായികമാരുടെ അവസ്ഥ. ഏറെ അന്വേഷണങ്ങൾക്കൊടുവിൽ ഫാൽക്കെയ്ക്കു സ്വന്തം മകളെത്തന്നെയാണ് നായികയാക്കേണ്ടിവന്നത്). ജെ.സി.ഡാനിയലിന്റെ *വിഗതകുമാരന്റെ* നായിക റോസി ഒരു പരിവർത്തിത ക്രൈസ്തവസമുദായക്കാരിയാണ് എന്ന പരിമിതമായ അറിവു മാത്രമേയുള്ളൂ, നമ്മൾ മലയാളികൾക്ക്. മറിച്ച്, റോസിയെ ആംഗ്ളോ ഇന്ത്യക്കാരിയായി ചിത്രീകരിക്കുന്ന ചലച്ചിത്രചരിത്രങ്ങളും നിരവധി. ഏതായാലും സിനിമ പുറത്തിറങ്ങിയ ശേഷം പലവിധത്തിൽ ക്രൂശിക്കപ്പെട്ട് അവർ നാടുവിട്ടു എന്നുമുണ്ടു കേട്ടുകേൾവി. ഇതാണ് ദൗർഭാഗ്യവശാൽ മലയാളത്തിലെ ആദ്യത്തെ ചലച്ചിത്രനായികയെപ്പറ്റി നമുക്കു ബാക്കിയുള്ള ചരിത്രശേഷിപ്പ്!

ഹോളിവുഡ്ഡിലെ അവസ്ഥയും മറിച്ചായിരുന്നില്ല. പക്ഷേ, അവിടെ താരങ്ങളുടെ, അതു നടനോ നടിയോ ആകട്ടെ, പേരു പോലും വെള്ളിത്തിരയിൽ ആദ്യമായി പ്രത്യക്ഷമാവുന്നത് 1909 ൽ മാത്രമാണ്. കാരണം അന്നുവരെ സിനിമ സ്റ്റുഡിയോയുടെ മാത്രം ഉത്പന്നമായിരുന്നു. എന്നാൽ അഭിനേതാവ് താരമാണെന്നും താരം സിനിമയുടെ മൂല്യത്തിന് ആക്കം കൂട്ടുന്നുവെന്നുമുള്ള തിരിച്ചറിവിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന സിനിമാതാരംപോലും ഒരു നടിയായിരുന്നുവെന്നു-*ബയോഗ്രാഫ് ഗേൾ* എന്ന സിനിമയിലെ നായികയായ ഫ്ളോറൻസ് ലോറൻസ്. ഹോളിവുഡ്ഡിലെ ആദ്യത്തെ സൂപ്പർതാരവും ഒരു നടിയായിരുന്നു-ലിറ്റിൽ മേരി എന്നറിയപ്പെട്ട മേരി പിക്ഫോർഡ്!

## പടിപ്പുറത്തെ താരസുന്ദരികൾ

പുരുഷനോളമോ അവനേക്കാളുമോ പ്രവൃത്തിയെടുക്കുന്നവരാണു സ്ത്രീകൾ. സമൂഹത്തിൽ പുരുഷന്റെ ദ്വിമുഖത്വത്തിനെതിരേ ബഹുമുഖത്വകർമ്മം കൊണ്ടാണ് അവൾ കേന്ദ്രസ്ഥാനത്തേക്കുയരുന്നത്. അങ്ങനെയാണ് അവൾ കുടുംബമെന്ന സ്ഥാപനത്തിന്റെ അച്ചാണിയാവുന്നത്. പക്ഷേ, പുരുഷകേന്ദ്രീകൃത വ്യവസ്ഥസ്ഥിതിയിൽ ഓരങ്ങളിൽ ഒതുക്കപ്പെടാനാണ്

ലോകമെമ്പാടും പെണ്ണിന്റെ വിധി. അതിനെതിരായ പ്രതിരോധങ്ങളിലൂടെ പുതിയൊരു ഉത്തരവാദിത്തം കൂടി തോളിലണിഞ്ഞാണ് സ്ത്രീ മുഖ്യധാരയിൽ ആണിനൊപ്പം ഇടം കണ്ടെത്തിയിട്ടുള്ളത്, എല്ലാ സംസ്കാരത്തിലും. പെണ്ണിനോടുള്ള ഈ താഴേക്കു നോട്ടം സിനിമയിലും ബാധകമാണ്.

പിന്നാമ്പുറത്തെ പെൺസാന്നിധ്യം കേവലം ശുഷ്കമായിട്ടുള്ള സിനിമയിൽ, ഒരു പെണ്ണിനെ സൂപ്പർതാരമായി അംഗീകരിക്കാൻ തക്ക പക്വത, ഹൃദയവിശാലത നമ്മുടെ സമൂഹം ഇനിയും കൈവരിച്ചിട്ടില്ലെന്നതാണു സത്യം.ഒരു നായികയെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുന്ന സിനിമാസംരംഭത്തിന് സാമ്പത്തികഭദ്രത ഉറപ്പാക്കാനാവില്ല.പുരുഷതാരങ്ങളുടെ സാന്നിധ്യം നിർമ്മാണദശയിൽത്തന്നെ സിനിമ എന്ന ഉത്പന്നത്തിന് മൂല്യവർധനയുണ്ടാക്കുന്നു, കമ്പോളത്തിൽ അതിന് മിനിമം ഗ്യാരണ്ടി എന്ന സാമ്പത്തികസുരക്ഷിതത്വം ഉണ്ടാവുന്നു. വിജയം മുൻകൂട്ടി കണ്ട്, പ്രദർശനശാലകളിൽ നിന്ന് മൂലധനവിഹിതമായി അഡ്വാൻസ് കിട്ടുന്നു. നല്ല വിലയ്ക്ക് ഉപഗ്രഹ/സംപ്രേഷണാവകാശം വിറ്റുപോകുന്നു. എന്നാൽ, ഇന്നത്തെ മുൻനിരയിലുള്ള ഏതൊരു നായികയ്ക്കും ഈ സാമ്പത്തിക സുരക്ഷിതത്വം ലഭ്യമാകുന്നില്ല. സുരാജ് വെഞ്ഞാറമ്മൂടിനോ, സലീം കുമാറിനോ ഉണ്ടാക്കാനാവുന്ന തീയേറ്റർ ഗ്യാരണ്ടിയും നടിമാരുടെ കാര്യത്തിൽ ഉണ്ടാവുന്നില്ല. സമൂഹത്തിന്റെ പൊതു കാഴ്ചപ്പാടിന്റെ, സ്ത്രീയോടുള്ള സമീപനത്തിന്റെ പ്രതിഫലനം തന്നെയാണിത്. അതിലുപരി, മറ്റുപല തൊഴിൽമേഖലകളിലും എന്നപോലെ, ആൺകോയ്മ നിലനിർത്താനുള്ള ഗൂഢാലോചനയുടെ ഭാഗമായിക്കൂടി ഇതിനെ കണക്കാക്കുന്നതിൽ തെറ്റില്ല. ഒരു നായികയെ സൂപ്പർതാരമായി അംഗീകരിക്കാനാവാത്ത പൊതുവികാരമാണ് കേരളീയ സമൂഹം പങ്കിടുന്നത്. അതുതന്നെയാണ് മലയാളസിനിമയിൽ നായികയ്ക്ക് നായകന്റെ നിഴലിൽ നിന്നു മോചനമുണ്ടാവാത്തതും.

മുഖ്യകഥാവസ്തുവിൽ, സാരമായ യാതൊരു പങ്കാളിത്തവും അവകാശപ്പെടാനിലാതെ, കഥാനായകന്റെ പാർശ്വ

**ഒരു നായികയെ സൂപ്പർതാരമായി അംഗീകരിക്കാനാവാത്ത പൊതുവികാരമാണ് കേരളീയ സമൂഹം പങ്കിടുന്നത്. അതുതന്നെയാണ് മലയാളസിനിമയിൽ നായികയ്ക്ക് നായകന്റെ നിഴലിൽ നിന്നു മോചനമുണ്ടാവാത്തതും.**

വർത്തിത്വസ്ഥാനത്ത് അമ്മയോ, പെങ്ങളോ, കാമുകിയോ ഭാര്യയോ മാത്രമായി ഇടം നേടുന്ന നായികാസ്വത്വങ്ങളിൽ നിന്ന് പലപ്പോഴും ആധുനികസ്ത്രീത്വം വേറിട്ട അസ്തിത്വത്തിലേക്കു കുടഞ്ഞെഴു



ചെമ്മീനിൽ സത്യനും ഷീലയും

ന്നേൽക്കുന്നത് ശരീരം കൊണ്ടുള്ള സ്വാതന്ത്ര്യപ്രഖ്യാപനങ്ങളിലൂടെയാണോ എന്നു സംശയം. കാരണം അതിശക്തമായ അഭിനയമുഹൂർത്തങ്ങളോ സാമൂഹികമായ ലിംഗസമത്വമോ എന്തിന്, കേവലം ജൈവപരമായ പ്രസക്തിപോലുമോ സിനിമയുടെ കഥാഗതി ഉറപ്പാക്കാത്ത സാഹചര്യത്തിൽ നായിക മാദകത്വത്തിന്റെ ശരീരസാന്നിധ്യം കൊണ്ടു സ്വയം അടയാളപ്പെടുത്തുകയാണ് ഇന്നത്തെ സിനിമകളിൽ എന്നു കരുതുന്നതിൽ തെറ്റില്ല. *ട്വന്റി ട്വന്റി* പോലുള്ള ആൾക്കൂട്ട സിനിമകളിൽ താരപുരുഷന്മാരുടെ പൂരക്കാഴ്ചകൾക്കിടെ പ്രസക്തിയും പ്രശോഭയും നഷ്ടമായ നടി സ്വയം പ്രതിരോധിച്ചിരിക്കുന്നത്, നയൻതാര എന്ന നടിയുടെ ബാർ ഡാൻസിലൂടെയും, ഭാവനയുടെ ഗ്ളാമറിന്റെ പുതിയ ഭാവങ്ങളിലൂടെയുമാണെന്നതു ശ്രദ്ധിക്കുക. നായകനും അത്യാവശ്യം പ്രതിനായകനും മാത്രം പ്രസക്തിയുള്ള *സാഗർ ഏലിയാസ് ജാക്കി* എന്ന സിനിമയിൽ സ്ത്രീ അവളുടെ അസ്തിത്വം പ്രതിരോധിക്കുന്നത് ജ്യോതിർമയിയുടെ അതിർവരമ്പുഭേദിക്കുന്ന ഗ്ളാമർ ഗാനത്തിലൂടെയാണെന്നതും ഈ നിരീക്ഷണം ശരിവയ്ക്കും. ഈ പ്രതിരോധങ്ങളാകട്ടെ, മറ്റൊരർഥത്തിൽ സ്ത്രീത്വത്തിന്റെ തെറ്റായ പ്രതിനിധാനങ്ങളായി മാറുകയും ചെയ്തു. ഇന്ത്യൻ സിനിമയിലെ സ്ത്രീ ഉപഭോഗ വസ്തു മാത്രമാണ്. പുരുഷപ്രേക്ഷകർക്ക് സ്വന്തം സ്വപ്നങ്ങളിലെ കാമനകൾ പൂർത്തീകരിക്കാനുള്ള വിഗ്രഹങ്ങൾ മാത്രമാണ് ഇന്ത്യൻ സിനിമയിലെ നായികമാർ. അതുകൊണ്ടു തന്നെയാണ് ചെറുപ്പക്കാരികളെ ഇഷ്ടപ്പെടുന്ന പ്രേക്ഷകർ വിവാഹിതരായ നടിമാരെ വച്ചുവാഴിക്കാത്തതും.

മുപ്പതു വർഷം മുമ്പ് സൂപ്പർതാരങ്ങൾക്കൊപ്പം അഭിനയം തുടങ്ങിയ നടിമാർ ഇന്ന് അമ്മ നടിമാരും അമ്മൂമ്മ നടിമാരുമാണ്. മമ്മൂട്ടിയുടെയും മോഹൻലാലിന്റെയും നായികമാരായിരുന്ന അംബികയും നളിനിയും സുഹാസിനിയും ഗീതയും സീമയും, ശോഭനയും ചിത്രയും ശാരിയും മുതൽ നടി എന്നതിലുപരിയൊരു അസ്തിത്വം സിനിമയിൽ സ്വന്തമാക്കാനായ രേവതിക്കുപോലും മോഹൻലാലിന്റെ അമ്മയായി അഭിനയിക്കേണ്ടി വന്നു, *രാവണപ്രഭു*വിൽ. താരതമ്യേന ഇവരേക്കാളെല്ലാം ചെറുപ്പമായ ബിന്ദു പണിക്കരുടെ വിധിയും (*വാസ്തുഹാര*) മറ്റൊന്നല്ല. പകരം ഇന്നും അവർക്കൊപ്പം ആടിപ്പാടാൻ ഓരോ സിനിമയിലും പുതിയ പുതിയ മുഖങ്ങൾ അവതരിക്കുകയായി, നാട്ടിൽ നിന്നും മറുനാട്ടിൽനിന്നും. *ആ രാത്രി* തുടങ്ങി പല സിനിമകളിൽ മമ്മൂട്ടിയുടെ മകളായി തോളിൽ കിടന്നഭിനയിച്ച ബേബി അഞ്ജു അങ്ങനെ *കൗരവറി*ൽ അദ്ദേഹത്തിന്റെ ഭാര്യയായി. മോഹൻലാലിന്റെ തോളിൽ കിടന്നഭിനയിച്ച ഗീതു മോഹൻദാസ് മുതിർന്നപ്പോൾ അദ്ദേഹത്തോളം പോന്ന വേഷത്തിലെത്തി. കാവ്യാമാധവന്റെയും ദിവ്യ ഉണ്ണിയുടെയുമൊന്നും വിധി വേറിട്ടതല്ല. മോഹൻലാലിന്റെ തന്നെ ചലച്ചിത്ര ജീവിതമെടുക്കുക. ഉർവശി, ശോഭന, ചിത്ര, സുഹാസിനി, സീമ, രേവതി, കാർത്തിക,അംബിക തുടങ്ങി സമപ്രായക്കാരായ നായികമാരോടൊപ്പമായിരുന്നു



തുടക്കമെങ്കിൽ വർഷങ്ങളുടെ ഇടവേളയിൽ മഞ്ജുവാര്യർ, മീരാ ജാസ്മിൻ, ഗീതുമോഹൻദാസ്, കാവ്യാമാധവൻ, ഭാവന, വിമല രാമൻ, ലക്ഷ്മി ഗോപാലസ്വാമി, പത്മപ്രിയ തുടങ്ങി ഇന്നിപ്പോൾ *ആകാശഗോപുര*ത്തിലെ വിദ്യാർഥിയായ നിത്യയിലോ, *ഷോട്ടാ മുംബൈയി*ലെ ഭാവനയിലോഎത്തുമ്പോൾ നായികയ്ക്കു പകുതിയിൽത്താഴെ മാത്രമാണ് പ്രായമെന്നോർക്കുക.

അപകടമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന കാലഹരണപ്പെട്ട സെൻസർവ്യവസ്ഥയ്ക്കുള്ളിൽ, ഇന്ത്യൻ സിനിമയിൽ സ്ത്രീകളുടെ ചിത്രണം തന്നെ ആഭാസമാകുന്ന കാഴ്ചയിൽ പുതുമയേതുമില്ല.ആഭാസമായ നൃത്തച്ചുവടുകളും ലൈംഗികത ഒളിച്ചുവച്ച അർധനഗ്നഭാവപ്രകടനങ്ങളും ക്ളോസപ്പിലാക്കിയ ശരീരഭാവങ്ങളും ഒക്കെയായി സ്ത്രീരൂപം കാഴ്ച്ചവസ്തു എന്ന എന്ന നിലയ്ക്ക് പ്രദർശനശാലയിലെ ഇരുട്ടിന്റെ സ്വകാര്യതയിൽ പുരുഷന് ഒളിഞ്ഞുനോക്കി ആസ്വദിക്കാനുള്ള ഭൗതികവസ്തുവാക്കി മാറുകയാണ് ഇന്ത്യൻ സിനിമയിൽ. അസന്തുലിതമായ ലൈംഗിക കാഴ്ച്ചപ്പാടിൽ കാഴ്ചയുടെ ആനന്ദം പുരുഷന്റെ ചലനാത്മകതയും സ്ത്രീത്വത്തിന്റെ നിശ്ചലതയുമായി വിഭജിച്ചിരിക്കുന്നതായി പാശ്ചാത്യചലച്ചിത്രഗവേഷകനായ ലോറ മെൽവി നിരീക്ഷിച്ചിട്ടുള്ളതു ശ്രദ്ധിക്കുക. രസകരമായ വസ്തുത എന്തെന്നാൽ, ആൺകാഴ്ചയ്ക്കു പിന്നിലെ മാനസികാവസ്ഥയോടു താദാത്മ്യപ്പെട്ടു കൊണ്ടാണ് ഇന്ത്യയിലെ വനിതാ പ്രേക്ഷകസമൂഹവും തീർത്തും പ്രതിലോമകരമായ ഈ പെൺവിരുദ്ധരംഗചിത്രീകരണങ്ങളെ സ്വീകരിക്കുന്നത് എന്നതത്രേ.

സിനിമയിലെ സ്ത്രീ കഥാപാത്രങ്ങളെ പുരുഷ (പ്രേക്ഷക)നോട്ടം ലൈംഗികമായി ആസ്വദിക്കാറുണ്ട് എന്നു പറയാമെങ്കിലും എന്നും ഈ പ്രായം പതിനാറോ പതിനേഴോ ആയി നിലനിൽക്കുന്നതിനു കാരണം അതുമാത്രമാണെന്നു കരുതാനാവില്ലെന്നു പ്രതാപ് നിരീക്ഷിച്ചിട്ടുണ്ട്(നാല്പതും പതിനേഴും, പച്ചക്കുതിര, ജനുവരി 2005, പേജ് 62). കേരളത്തിൽ പുരുഷന്മാർക്കുവേണ്ടി മാത്രമായി പുറത്തിറങ്ങുന്ന സെക്സ് സിനിമകളിലെ അറിയപ്പെടുന്ന നായികമാരെല്ലാം മുഖ്യധാരാസിനിമകളിലെ നായികമാരെ അപേക്ഷിച്ചു വളരെ പ്രായംചെന്നവരാണെന്നും പ്രതാപ്

**വർഷങ്ങളോളം ഒരേ മുഖം നിത്യവസന്തമായി സഹിച്ചു പോന്ന മലയാളി പ്രേക്ഷകന്റെ മനോനില 25 വർഷമായി ഒന്നോ രണ്ടോ മുഖങ്ങളിൽ ഉടക്കിക്കിടക്കുന്നതിൽ അദ്ഭുതമില്ല. ഷീലയെയും ജയഭാരതിയെയും മാത്രം കണ്ട അവർക്കുമുന്നിൽ ഇപ്പോൾ ഓർത്തെടുക്കാൻ കഴിയാത്തത്ര നായികമാരുടെ മുഖപ്പകർപ്പുകളുണ്ട്.**

തുടർന്നെഴുതുന്നു. കേരളീയ മധ്യവർഗ സാമൂഹിക പരിസരത്തിൽ വിവാഹത്തോടെയാണു പുരുഷൻ അധികാരമുള്ളവനായി മാറുന്നത്. അതുവരെ അച്ഛനും അമ്മയ്ക്കും വിധേയപ്പെട്ടാണ് അവന്റെ നിലനിൽപ്പെങ്കിൽ വിവാഹത്തോടെ പുരുഷൻ സാമ്പത്തികമായി സ്വതന്ത്രനായിത്തീരുകയും ആദ്യം ഭാര്യയുടേയും



എലിപ്പത്തായം

പിന്നീടു മക്കളുടെയും അധികാരിയായിത്തീരുകയും ചെയ്യുന്നു. സ്ഥിരമായൊരു ജോലി നേടിക്കഴിഞ്ഞാൽ ലോകം പുരുഷനോടു പറയുന്നു: ഇനി ഒരു കല്യാണമൊക്കെ ആവാം. സ്ഥിരജോലിയോ വരുമാനമോ കൊണ്ടു മാത്രം ഒരു പുരുഷൻ അംഗീകരിക്കപ്പെടുന്നില്ല. വിവാഹം അവന്റെ നിർമ്മിതിയിലെ പ്രധാനപ്പെട്ട ഒരു ഘട്ടമായിത്തീരുന്നു. മക്കൾക്കു വിവാഹപ്രായമെത്തുന്നതുവരെയെങ്കിലും അയാൾ കുടുംബത്തിലെ ചോദ്യം ചെയ്യാനാകാത്ത അധികാരിയാണ്. അതായത്, അധികാരവുമായി ബന്ധപ്പെടുത്തിനോക്കുമ്പോൾ ഒരു കേരളീയപുരുഷന്റെ സുവർണകാലമെന്നതു വിവാഹത്തോടെ തുടങ്ങുകയും മക്കളുടെ വിവാഹത്തോടെ അവസാനിക്കുകയും ചെയ്യുന്ന ഒന്നാണ്.

പുരുഷന്റെ അധികാരപരിധി വിവാഹത്തോടെ വിപുലമാവുകയാണെങ്കിൽ സ്ത്രീ വിവാഹാനന്തരം അധികാരവിലോപം കൂടുതൽ സംഭവിക്കുന്നവളാണ്. അച്ഛന്റെയും അമ്മയുടെയും നേരിട്ടുള്ള നിയന്ത്രണത്തിലല്ലാതെ ഒരു ക്യാമ്പസിലോ ഹോസ്റ്റലിലോ ഒക്കെ എത്തിച്ചേരുമ്പോഴാണു മലയാളിസ്ത്രീയുടെ നല്ല കാലം ആരംഭിക്കുന്നത്. വിവാഹത്തോടെ അതവസാനിക്കുകയും ചെയ്യുന്നു. പതിനേഴിനും ഏറിവന്നാൽ ഇരുപത്തഞ്ചിനും ഇടയിലുള്ള ഈ പ്രായമാണു നമ്മുടെ സിനിമാനായികമാരുടെ ശരാശരിപ്രായം.

മലയാളസിനിമയിൽ പതിറ്റാണ്ടുകൾ നിറഞ്ഞുനിന്ന, ഒരു നടനും സംവിധായകനുമൊപ്പം ഏറ്റവുംകൂടുതൽ സിനിമകളിലഭിനയിച്ച് ലോകറെക്കോർഡ് പങ്കിട്ട നടി ഷീല ഒരഭിമുഖത്തിൽ പറഞ്ഞു: പുതിയ തലമുറയിൽ അഭിനയത്തോട് ആത്മാർപ്പണമുള്ള നടിമാരുണ്ടാവുന്നില്ല. ടീനേജിന്റെ ഇടവേളകളിൽ ഒന്നു ചെത്താനും നാലു കാശുണ്ടാക്കാനുമുള്ള ഒരിടത്താവളം മാത്രമാകുന്നു അവർക്ക് സിനിമ. സിനിമയിൽ ഭാഗ്യം പരീക്ഷിക്കാനെത്തുന്ന പുതുമുഖങ്ങളിൽ 25 ശതമാനം ഇത്തരക്കാരായിരിക്കാം.പക്ഷേ ഒരിട വേളയാഘോഷിച്ച് നടികളെ യാത്ര യാക്കുന്നതിൽ പ്രേക്ഷകർക്കും നായകനടന്മാർക്കും സംവിധായക നിർമാതാക്കൾക്കുമുണ്ട് പങ്ക്. വെള്ളിത്തിരയിൽ തിളങ്ങിനിന്ന കാലത്ത് കല്യാണം കഴിച്ച് അതിനുശേഷം ഭാര്യമാരെ അഭിനയിക്കാൻ വിടാത്ത നടൻമാർക്കില്ലാത്ത പ്രതിബദ്ധത നായികമാരെ കല്യാണം കഴിക്കുന്ന സാധാരണക്കാരിൽ പ്രതീക്ഷിക്കാനാവില്ലെന്നുമോർക്കണം. വിവാഹശേഷവും അഭിനയം തുടർന്നുകൊണ്ട് ജ്യോതിർമയി, ഗോപിക തുടങ്ങി ചിലരെങ്കിലും ഇതിനപവാദവുമാകുന്നുണ്ട്.

എന്നും പുതുമ തേടുന്നവരാണല്ലോ മലയാള സിനിമക്കാർ. നായികമാരുടെ കാര്യത്തിലും ഈ സ്വഭാവം മാറുന്നില്ല. നായകനായി സൂപ്പർ നടന്റെ ഡേറ്റുകിട്ടാൻ എത്രകാലം കാത്തിരിക്കാനും കാലുപിടിക്കാനും തയ്യാറാകുന്നവർ നായികയ്ക്കായി ഇതിനു തയാറാവില്ല. വർഷങ്ങളോളം ഒരേ



മുഖം നിത്യവസന്തമായി സഹിച്ചു പോന്ന മലയാളി പ്രേക്ഷകന്റെ മനോനില 25 വർഷമായി ഒന്നോ രണ്ടോ മുഖങ്ങളിൽ ഉടക്കിക്കിടക്കുന്നതിൽ അദ്ഭുതമില്ല. എന്നാൽ, ഒരു ഷീലയെയും ജയഭാരതിയെയും മാത്രം കണ്ട അവർക്കുമുന്നിൽ ഇപ്പോൾ ഓർത്തെടുക്കാൻ കഴിയാത്തത്ര നായികമാരുടെ മുഖപ്പകർപ്പുകളുണ്ട്. പ്രേംനസീറിന്റെ ഗിന്നസ് റെക്കോഡ് രണ്ടു മൂന്നു കാര്യങ്ങൾക്കാണ്. ഏറ്റവുമധികം സിനിമകളിൽ ഒരേ നായികയ്ക്കൊപ്പം ഒരേ സംവിധായകനു കീഴിൽ അഭിനയിച്ചതിന്. ഒരോ ചിത്രത്തിലും ഓരോ നായിക വേണമെന്ന് നസീർ നിഷ്കർഷിച്ചിരുന്നെങ്കിലോ?

## ഒരു വസന്തകാലത്തിന്റെ ഓർമ്മയ്ക്ക്

ഷീലയും ശാരദയും ജയഭാരതിയും ആടിത്തിമിർത്ത ഒരു ഭൂതകാലമുണ്ട് മലയാളസിനിമയ്ക്ക്. അതു പക്ഷേ നമ്മുടെ സിനിമയുടെ സുവർണകാലം കൂടിയായിരുന്നു. അന്ന് നായകതാരങ്ങളായിരുന്നില്ല സൂപ്പർതാരങ്ങൾ. മറിച്ച് കഥയ്ക്കായിരുന്നു, പ്രമേയത്തിനായിരുന്നു മുൻതൂക്കം. ഉള്ളടക്കത്തിൽ സാഹിത്യത്തിനോട് ചാർച്ചയുണ്ടായിരുന്ന കാലം. സേതുമാധവനും വിൻസന്റും പി.എൻ.മേനോനും പോലുള്ള പ്രതിഭാധനർ സംവിധായകരായും ഉദയായും മെറിലാൻഡും ചന്ദ്രതാരയും കൺമണിഫിലിംസും മഞ്ഞിലാസും ജയമാരുതിയും പോലുള്ള വ്യവസ്ഥാപിത നിർമാതാക്കളുടെയും കാലം. അവർ ഒരു സിനിമയെ കണ്ടിരുന്നത് കഥപറയാനുള്ള ഉപാധിയായിട്ടായിരുന്നു, ഇന്നത്തേപ്പോലെ ഒരു പദ്ധതി ആയിട്ടല്ല. ലബ്ധപ്രതിഷ്ഠമായ രചനകളെയാണ് അവർ ചലച്ചിത്രത്തിന് ആശ്രയിച്ചത്. സ്വാഭാവികമായി നമ്മുടെ സാഹിത്യത്തിൽ നിലനിന്നിരുന്ന സ്ത്രീത്വം സിനിമകളിലും പ്രതിഫലിച്ചു. നായകനടനോടൊപ്പമോ അതിലുമൽപം മുകളിലോ നിൽക്കുന്ന സ്വത്വവും അസ്തിത്വവുമുള്ള നായികമാരെയാണ് ഷീല-ശാരദ-ഭാരതിമാർ പ്രതിനിധാനം ചെയ്തത്.

അന്നത്തെ സിനിമകളുടെ പേരുകൾ പോലും ഈ സ്ത്രീപക്ഷപാതിത്വം വിളിച്ചറിയിക്കുന്നതായി. *ജ്ഞാനാംബിക, ചേച്ചി, പ്രസന്ന, ശ്യാമളച്ചേച്ചി, സ്ത്രീ, അധ്യാപിക, ഉദ്യോഗസ്ഥ, മുറപ്പെണ്ണ്,* ഒരു *പെണ്ണിന്റെകഥ, അഗ്നിപുത്രി, മരുമകൾ, ഭാർഗവീ നിലയം, പാടാത്ത പൈങ്കിളി, മണവാട്ടി, വിരുന്നുകാരി, കുടുംബിനി, തറവാട്ടമ്മ, റബേക്ക, നല്ലതങ്ക, അവൾ വിശ്വസ്തയായിരുന്നു, ഭാര്യ ഇല്ലാത്ത രാത്രി, പ്രിയ,കുട്ട്യേടത്തി, താര,ചട്ടക്കാരി, മിസ്സി, റോസി, അർച്ചനടീച്ചർ, കളക്ടർ മാലതി, വെളുത്ത കത്രീന, അഴകുള്ള സെലീന, കള്ളിച്ചെല്ലമ്മ, അമ്മയെന്ന സ്ത്രീ....*

മലയാളത്തിലെ ആദ്യത്തെ ഹൊറർ




സിനിമയായ ഭാർഗവീനിലയത്തിലെ ഭാർഗവിക്കുട്ടിയെയും, മലയാളത്തിന് ആദ്യം ദേശീയാംഗീകാരം കൊണ്ടെത്തിച്ച *നീലക്കുയിലി*ലെ നീലിയെയും, ചെമ്മീനിലെ *കറുത്തമ്മ*യെയും തുലാഭാരത്തിലെ കണ്ണീർ നായികയേയുമൊന്നും ഇന്നത്തെ നായികമാർക്ക് സ്വപ്നം പോലും കാണാനാവാത്ത അവസ്ഥയാണ്. അതുകൊണ്ടുതന്നെയാണ് അത് നായികമാരുടെ സുവർണകാലമായതും. കൃശഗാത്രത്വമായിരുന്നില്ല അന്നത്തെ സ്ത്രീനായിക സങ്കൽപം. അതുകൊണ്ടു തന്നെ ക്ളാസിക്കൽ ലക്ഷണങ്ങൾ തികഞ്ഞ നടിമാരായിരുന്നു സിനിമകളിൽ ഇടം നേടിയവരിലേറെയും. കനകദുർഗയും ശ്രീവിദ്യയും കെ.ആർ.വിജയയും ഇതിന പവാദങ്ങളല്ല. വാംപ് വേഷത്തിലെത്തിയ വിജയശ്രീ-ഉണ്ണിമേരിമാർക്കും സ്വഭാവറോളുകളിലെത്തിയ സുകുമാരി-ശ്രീലത-കെ.പി.എ.സി ലളിതമാർക്കും പോലും അതുകൊണ്ടുതന്നെ സ്വന്തമായ ഇടങ്ങൾ അടയാളപ്പെടുത്താനായി. പ്രേംനസീറിനും സത്യനും മധുവിനും ഒപ്പം സ്ഥാനം സിനിമയുടെ ഭാഗധേയത്തിൽ ഈ അഭിനേത്രികൾക്കുമുണ്ടായി. പക്ഷേ, അന്നെല്ലാം സ്ത്രീയുടെ കണ്ണീർ തീയറ്റർ നിറയ്ക്കാനുള്ള വജ്രായുധം എന്ന നിലയ്ക്കാണ് സിനിമയുടെ കമ്പോളം സമീപിച്ചിരുന്നത് എന്നതും മറന്നുകൂടാ. ഇന്നും ഈ അവസ്ഥയ്ക്കു കാതലായ മാറ്റമൊന്നും വന്നിട്ടില്ല. ഇനി കരഞ്ഞുവിളിക്കുന്ന നായികവേഷത്തിലേക്കില്ല എന്ന് യുവതലമുറയിലെ ബുദ്ധിയുള്ള അഭിനേത്രി എന്നു ശ്രദ്ധിക്കപ്പെട്ട പത്മപ്രിയ അഭിപ്രായപ്പെടുന്നത് വാണിജ്യസിനിമയുടെ ടൈപ് കാസ്റ്റിങ്ങിനോടുള്ള ആർജ്ജവമുള്ള കലാകാരിയുടെ പ്രതിഷേധമായിത്തന്നെവേണം കണക്കാക്കാൻ.

> **സിനിമ സാഹിത്യത്തിന്റെ ചാർച്ച വിട്ട് ആഖ്യാനസ്വാതന്ത്ര്യം നേടിയശേഷവും മലയാളത്തിൽ വ്യക്തിത്വമുള്ള നായികാകഥാപാത്രങ്ങൾ ഉടലെടുത്തിട്ടുണ്ട്.സിനിമയുടെ നാൾവഴികളിൽ കഥ വിട്ട് സിനിമ താരാപഥത്തിനു പിന്നാലെ പോയതോടെയാണ് നായികാസങ്കൽപത്തിന് ദിശാബോധം നഷ്ടപ്പെട്ടത്.**

സിനിമ സാഹിത്യത്തിന്റെ ചാർച്ച വിട്ട് ആഖ്യാനസ്വാതന്ത്ര്യം നേടിയശേഷവും മലയാളത്തിൽ വ്യക്തിത്വമുള്ള നായികാകഥാപാത്രങ്ങൾ ഉടലെടുത്തിട്ടുണ്ട്. മലയാളത്തിൽ നാഴികക്കല്ലായ അടൂർ ഗോപാലകൃഷ്ണന്റെ *സ്വയംവര*ത്തിൽ വിശ്വനാഥനോളമോ, അയാളേക്കാൾ അസ്തിത്വമുള്ളതോ ആയ പാത്രാവിഷ്കാരമാണ് ശാരദയുടെ നായികയുടേത്. അടൂരിന്റെ തന്നെ *എലിപ്പത്തായ*ത്തിലെ ജാനമ്മയും വനജയും *വിധേയ*നിലെ പട്ടേലരുടെ ഭാര്യയും മുതൽ *നാലുപെണ്ണുങ്ങളി*ലെയും *ഒരുപെണ്ണും രണ്ടാണി*ലെയും നായികമാർവരെയും സ്വന്തമായ അസ്തിത്വമുള്ളവർതന്നെയാണ്. ഒരുപക്ഷേ എം.ടിയുടെ *കുട്ട്യേടത്തി*യുടേതുപോലൊരു നായികാസങ്കൽപം ഇന്നും അദ്ഭുതമായി ശേഷിക്കുന്നത് അതിന്റെ ധീരമായ സമീപനവും സാക്ഷാത്കരണവും കൊണ്ടാണ്. ടി.വി.ചന്ദ്രന്റെ സിനിമകളെല്ലാം ശക്തരായ നായികമാരുടേതുകൂടിയാണ്. *ഹേമാവിൻ കാതലർകളി*ലെ ഹേമയും *ആലീസിന്റെ അന്വേഷണ*ത്തിലെ ആലീസും *സൂസന്ന*യും *മങ്കമ്മ*യും *പാഠം ഒന്ന് ഒരു വിലാപത്തി*ലെ ഷാഹിനയും *വിലാപങ്ങൾക്കപ്പുറ*ത്തിലെ സാഹിറയും *ഭൂമിമലയാള*ത്തിലെ നായികമാരും വേറിട്ട സ്വത്വം പേറുന്നവരായത് മനഃപൂർവമല്ല. സ്ത്രീത്വത്തോടുള്ള ചലച്ചിത്രകാരന്റെ കാഴ്ചപ്പാടും സമീപനവും തന്നെയാണ് ഈ ചിത്രങ്ങളിൽ പ്രതിഫലിച്ചത്.

സിനിമയുടെ നാൾവഴികളിൽ കഥ വിട്ട് സിനിമ താരാപഥത്തിനു പിന്നാലെ പോയതോടെയാണ് നായികാസങ്കൽപത്തിന് ദിശാബോധം നഷ്ടപ്പെട്ടത്. ഒരേ വാർപ്പുമാതൃകയിൽ ഒന്നിനുപിറകെ ഒന്നായി ഫാക്ടറി ഉത്പന്നം കണക്കെ സിനിമകൾ നിർമ്മിച്ചു വിട്ടപ്പോൾ സിനിമയുടെ അച്ചുതണ്ട് നായകനായി. മറ്റെല്ലാം ഉപഗ്രഹങ്ങളും. സ്വാഭാവികമായി നായിക കേവലം നിഴലോ നിലാവോ മാത്രമായി.1973 ൽ *സ്വയംവര*ത്തിലൂടെ അന്യഭാഷക്കാരിയായ ശാരദയിലൂടെ മലയാളത്തിലെത്തിയ മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം പിന്നീട് മലയാളത്തെ കനിയാൻ 1987 ൽ *നഖക്ഷതങ്ങളി*ലെ മോനിഷ വരെ കാത്തിരിക്കേണ്ടി വന്നത് നായികമാരോടുണ്ടായിരുന്ന അലസസമീപനത്തിന്റെ തെളിവായി കണക്കാക്കുന്നതിൽ തെറ്റില്ല.ഇതിൽ നിന്ന് മോചനമുണ്ടായത്, ഭരതനും പത്മരാജനും മധ്യവർത്തി സിനിമയിലും സത്യൻ അന്തിക്കാടും ഐ.വി.ശശിയും മറ്റും മുഖ്യധാരയിലും നായികമാർക്കുകൂടി പ്രാധാന്യം കൽപിച്ചുതുടങ്ങിയതോടെയാണ്.*അവളുടെ രാവുകൾ* അതിലെ നഗ്നതാ പ്രദർശനത്തിന്റെ പേരിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട സിനിമയാണെങ്കിലും, അത് മുന്നോട്ടുവച്ച

നായികാസ്വരൂപം സീമയും സുമലതയും സറീന വഹാബും മാധവിയും സരിതയും സൂര്യയും സുരേഖയും ജലജയും കാർത്തികയും മേനകയും ഉർവശിയും രേഖയും മീനയും മറ്റും പ്രതിനിധാനം ചെയ്ത നായികമാർക്ക് അങ്ങനെയാണ് വ്യക്തിത്വവും അസ്തിത്വവുമുണ്ടായത്. *ആദാമിന്റെ വാരിയെല്ല്* പോലെ സ്ത്രീകേന്ദ്രീകൃതമായ ഒരു സിനിമ മലയാളത്തിന്റെ അഭിമാനമാണ്. *യവനിക*യും *ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച*യും *തലയണമന്ത്ര*വും *ആകാശദൂതും തകരയും ഓർമ്മയ്ക്കായും നൊമ്പരത്തിപ്പൂവും ഇന്നലെയും കാതോടു കാതോരവും നവംബറിന്റെ നഷ്ടവും രചനയും നീയെത്രധന്യയും ഓപ്പോളും പഞ്ചാഗ്നിയും വൈശാലിയും രുഗ്മിണിയും നോക്കെത്താദൂരത്തു കണ്ണുംനട്ടും മണിച്ചിത്രത്താഴും കണ്ണെഴുതി പൊട്ടുംതൊട്ടും എഴുതാപ്പുറങ്ങളും കന്മദവും കസ്തൂരിമാനും ഭവ*വും ഒക്കെ അങ്ങനെ സംഭവിച്ച സിനിമകളാണ്. ഏഴോളം ഭാഷകളിൽ പുനർനിർമിച്ച മണിച്ചിത്രത്താഴിന്റെ മറ്റു പതിപ്പുകൾ കാണുമ്പോഴേ ദേശീയ അവാർഡ് നേടിയ ശോഭനയുടെ മലയാളിത്തത്തിന്റെ വ്യാപ്തിയും ആഴവും ശരിക്കും മനസ്സിലാവൂ.

മലയാള സിനിമയുടെ പ്രമേയപരിസരം സാധാരണക്കാരന്റെ അസാധാരണാനുഭവങ്ങൾ എന്ന തലം വിട്ട് അസാധാരണനായ അതിമാനുഷന്റെ സാധാരണമായ അനുഭവചിത്രണങ്ങൾ എന്ന നിലയിലേക്ക് അധഃപതിച്ചതോടെ മാതൃകാ നായകത്വം അധോലോകനായകത്വത്തിനു വഴിമാറി. അവന്റെ ജീവിതമാകട്ടെ സ്ത്രീകഥാപാത്രത്തിന്റെ സ്വാധീനവലയത്തിനു പുറത്തായിരുന്നുതാനും. നായികാവേഷങ്ങളുടെ ഉൾക്കനം കുറഞ്ഞു, കാമ്പില്ലാതായി.സ്വാഭാവികമായി അമാനുഷകനായകന്മാരുടെ നരസിംഹ/ദേവാസുര ഭാവപ്പകർച്ചകളിൽ നായികമാർക്ക് കേവലം കെട്ടുകാഴ്ചയുടെ പ്രാമുഖ്യമേ ഉണ്ടായുള്ളൂ, അതിന്റെ ആവശ്യമേ ഉണ്ടായുള്ളൂതാനും.നായകന്റെ ഷോവനിസം മുഴുവൻ സഹിച്ച് അവനൊപ്പം ആടിപ്പാടാനൊരു നായിക. സംഘർഷഭരിതമായ കഥാഗതിയിൽ പുട്ടിനു തേങ്ങാപ്പീര കണക്കേ ഒരിളം സാന്ത്വനം-അതായി നായികയുടെ സാന്നിധ്യം.അവർക്ക് വ്യക്തിത്വമുണ്ടായിരുന്നില്ല, അസ്തിത്വവും.എന്തിന് മലയാളി സൗന്ദര്യസങ്കൽപത്തിനൊത്ത ആകാരം പോലും അവർക്കു നഷ്ടപ്പെട്ടു. മംഗലശ്ശേരി നീലകണ്ഠന്റെയും ആറാം തമ്പുരാന്റെയും പേര് കൃത്യമായി ഓർത്തുവയ്ക്കുന്ന പ്രേക്ഷകരിൽ എത്ര ശതമാനത്തിന് ആ സിനിമകളിലെ നായികമാരുടെ പേരുകളോർക്കാനാകുമെന്നൊന്നു പരിശോധിച്ചു നോക്കുക.

പുതിയതലമുറയിലും, സിംഹപ്രസവം മാതിരി പുറത്തിറങ്ങുന്ന കമ്പോള

**നായികാവേഷങ്ങളുടെ ഉൾക്കനം കുറഞ്ഞു, കാമ്പില്ലാതായി. സ്വാഭാവികമായി അമാനുഷക നായകന്മാരുടെ നരസിംഹ/ദേവാസുര ഭാവപ്പകർച്ചകളിൽ നായികമാർക്ക് കേവലം കെട്ടുകാഴ്ചയുടെ പ്രാമുഖ്യമേ ഉണ്ടായുള്ളൂ, അതിന്റെ ആവശ്യമേ ഉണ്ടായുള്ളൂതാനും**

ഫോർമുല ചിത്രങ്ങളിലെ പാർശ്വവത്കൃതനിയാവർത്തനങ്ങൾക്കിടെ വ്യക്തിത്വമുള്ള നായികമാരുടെ ചില വെള്ളിവെട്ടങ്ങളും ഉണ്ടാകുന്നുണ്ടെന്നതു കാണാതെ പോകരുത്. അതിലും പക്ഷേ, ടി.വി.ചന്ദ്രനെയും ലെനിൻ രാജേന്ദ്രനെയും ഹരിഹരനെയും അടൂരിനെയും ഫാസിലിനെയും പോലുള്ള സംവിധായകരുടെ ആർജ്ജവ സാന്നിധ്യം തള്ളിക്കളയാനാവില്ല. ലെനിന്റെ *മഴയും, രാത്രിമഴ*യും വരെ നായികാപ്രാധാന്യമുള്ള സിനിമകളായപ്പോൾ ഹരിഹരന്റെ നായക ആഘോഷമായ *പഴശ്ശിരാജ*യിൽപ്പോലും നീലി എന്ന ആദിവാസി വേഷത്തിൽ പത്മപ്രിയയുടെ തിളങ്ങുന്ന പ്രകടനം ഉൾപ്പെടുത്താൻ ശ്രദ്ധിച്ചിരിക്കുന്നു.ശ്യാമപ്രസാദ് (*കല്ലുകൊണ്ടൊരു പെണ്ണ്, അഗ്നിസാക്ഷി, അകലെ, ഒരേ കടൽ*) എം.ജി.ശശി (*അടയാളങ്ങൾ*) മധുപാൽ (*തലപ്പാവ്*) രഞ്ജിത് (*കയ്യൊപ്പ്, തിരക്കഥ*) പ്രിയനന്ദനൻ (*പുലിജന്മം, സൂഫി പറഞ്ഞ കഥ*), ബ്ളസി (*കാഴ്ച, തന്മാത്ര, പളുങ്ക്, കൽക്കട്ട ന്യൂസ്*) തുടങ്ങിയ പുതിയതലമുറക്കാരും നായികമാർക്ക് പ്രാധാന്യം കൊടുക്കുന്നതുകൊണ്ടു മാത്രം നമുക്ക് മീരാ ജാസ്മിന്റെയും ജ്യോതിർമയിയുടെയും പ്രതിഭയുടെ മിന്നലാട്ടങ്ങൾ ഇനിയും പ്രകടമായി കാണാനാവുന്നു.ഇവയിൽ പലതും സാഹിത്യത്തിന്റെ ചലച്ചിത്രാനുവർത്തനങ്ങളായിരുന്നുവെന്നതും ബ്ളസിയേയും പ്രിയനന്ദനെയും പോലുള്ള സംവിധായകരും തങ്ങളുടെ ചിത്രത്തിലെ വ്യക്തിത്വമുള്ള നായികമാരെ തേടി തമിഴിലും തെലുങ്കിലും ബംഗാളിയിലുമാണ് പോകുന്നതെന്നതുമുള്ള വിമതസ്വരങ്ങൾ കൂടി പരിഗണിച്ചാലും, മറ്റൊരർഥത്തിൽ അവർ പിന്തുണയർഹിക്കുന്നു. കാരണം, മറ്റ് ചലച്ചിത്രകാരന്മാരൊക്കെയും നായകകേന്ദ്രീകൃതമായ കഥകൾ മാത്രം പ്രമേയമായി സ്വീകരിച്ച് തങ്ങളുടെ പദ്ധതികൾ സുരക്ഷിതമാക്കാൻ ശ്രമിക്കുമ്പോൾ മറിച്ചാലോചിച്ച്, സ്ത്രീകൾക്കും പ്രാധാന്യം കൊടുത്ത് കഥ കണ്ടെത്താനെങ്കിലും ഇവർ തയ്യാറാകുന്നുണ്ടല്ലോ.

### ഭാഷാന്തരങ്ങൾ തേടുന്ന നായികാത്വം

മലയാളത്തിൽ ഒരുകാലത്തും നായകനടിമാർക്ക് ക്ഷാമമുണ്ടായിട്ടില്ല.മിസ് കുമാരിയിൽ തുടങ്ങി ഷീലയിലും ജയഭാരതിയിലും റാണിചന്ദ്രയിലും കൂടി ജലജയിലും സീമയിലും അവരെ കടന്ന് ശോഭനയിലും മോനിഷയിലും നാദിയാമൊയ്തുവിലും പിന്നീട് മഞ്ജു വാര്യരും സംയുക്തവർമയും മീര ജാസ്മിനും നവ്യനായരും ഭാമയും സംവൃതാ സുനിലും റീമ കല്ലിങ്കലും വരെ പടർന്നു നിൽക്കുന്ന നായികാനിര. ഇവർക്കൊന്നും പഴയ ഷീലയുടെയോ ശാരദയുടെയോ സ്ഥാനം പ്രേക്ഷകമനസ്സിൽ നേടിയെടുക്കാനാവാത്തത് അവരുടെ കഴിവുകേടു കൊണ്ടാണെന്ന് അവരോട് വൈരാഗ്യമുള്ളവർ പോലും പറയില്ല. ഇവിടെ നാം പാർശ്വവത്കരിച്ചു നിർത്തിയ അവരിൽ പലരും ഭാഷവിട്ടു ഭാഷമാറി തമിഴിലും തെലുങ്കിലും കുടിയേറിയപ്പോൾ അതതു ഭാഷകളിലെ മുൻനിര നായകന്മാർ പോലും വിലവയ്ക്കുന്ന നായികാസ്ഥാനം നേടിയതിനും നാം സാക്ഷ്യം വഹിച്ചിട്ടുണ്ട്. മലയാളത്തിൽ പിന്നീടു മാത്രം അരങ്ങേറിയ അനന്യ(*നാടോടികൾ*)യുടെയും സംസ്ഥാന അവാർഡ് ജേതാവ് പ്രിയങ്കയുടെയും പ്രതിഭ നമുക്കു ആദ്യം കാട്ടിത്തരാൻ തമിഴ്സിനിമ വേണ്ടി വന്നത് എന്തുകൊണ്ടാവാം? അതുതന്നെയാണ്, അസിൻ, പാർവതി (*നോട്ട് ബുക്ക്* ഫെയിം), എന്നിവരുടെ ഗതിയും. ഇന്ന് ഇന്ത്യയിലെ സൂപ്പർ താരങ്ങൾ തങ്ങളുടെ നായികയാക്കാൻ മത്സരിക്കുന്ന അസിനെ മലയാളസിനിമ നിഷ്കരുണം തള്ളിക്കളഞ്ഞതാണെന്ന് എത്രപേർക്കറിയാം? സത്യൻ അന്തിക്കാടിന്റെ *നരേന്ദ്രൻ മകൻ ജയകാന്തൻ വക* എന്ന ആദ്യചിത്രത്തിൽ പക്ഷേ അസിന് കാര്യമായി ഒന്നും ചെയ്യാനുമുണ്ടായില്ല. നയൻതാരയേപ്പോലും ഇവിടെ ഉറപ്പിച്ചു നിർത്താനായില്ല നമുക്ക്. മറിച്ചൊരു അനുഭവമല്ല കൈരളി സമ്മാനിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ പുറത്തു വന്ന മമ്മൂട്ടി-മോഹൻലാൽ ചിത്രങ്ങളിൽ,സൂപ്പർ താരങ്ങളുടെ നായി



ഭൂമിമലയാളത്തിൽ പ്രിയങ്കയും സംവൃതാസുനിലും.

കയാകാൻ അപൂർവ ഭാഗ്യം ലഭിച്ച മീരാ ജാസ്മിനെ ഒഴിച്ചു നിർത്തിയാൽ, എത്രയെണ്ണത്തിൽ മലയാളികളായ നായികമാർ ഉണ്ടായി എന്നൊന്നന്വേഷിച്ചാൽ മാത്രം മതി നായികമാരോടുള്ള ഈ അവഗണന വ്യക്തമാകാൻ. വാണിവിശ്വനാഥിനെയും ശ്വേതാമേനോനെയും അന്യഭാഷകളിൽ കഴിവുതെളിയിച്ച ശേഷമുള്ള രണ്ടാംവരവിലാണ് മലയാളത്തിൽ മികച്ച വേഷങ്ങൾ തേടിച്ചെന്നത്.



പഴശ്ശിരാജയിൽ പദ്മപ്രിയ

മീരാ ജാസ്മിൻ, നവ്യനായർ, ഭാമ, സംവൃത തുടങ്ങി നടിമാരുടെ മികച്ച നിരയാണ് കേരളത്തിൽ ഇന്നുള്ളത്. പക്ഷേ, ഇവർക്ക് അനുയോജ്യമായ കഥാപാത്രങ്ങൾക്കാണു ക്ഷാമം. അവരുടെ ശരിയായ ടാലന്റ് ആവശ്യപ്പെടുന്ന കഥാപാത്രങ്ങളോ, അത്തരം സ്ത്രീ കേന്ദ്രീകൃതമായ പ്രമേയങ്ങളോ ഉണ്ടാവുന്നില്ല. സമകാലിക സാഹിത്യത്തിൽത്തന്നെ ഇത്തരമൊരു മൂല്യച്യുതിയുണ്ട്. വായനക്കാരെ ഞെട്ടിച്ച ഒരു സ്ത്രകഥാപാത്രം മലയാളസാഹിത്യത്തിൽ ഉണ്ടായകാലം മറന്നു.സ്വാഭാവികമായി ഈ നായികാക്ഷാമം കഥാപാത്രങ്ങളുടെ,പ്രമേയത്തിന്റെ കാര്യത്തിൽ സിനിമയിലും പ്രസരിക്കുകയായിരുന്നുവെന്നുവേണം കരുതാൻ. അടുത്തിടെ പുറത്തിറങ്ങിയ നായികാകേന്ദ്രീകൃമായ,പുതുമുഖങ്ങളുടെ *നീലത്താമര* എന്ന സിനിമയും സാഹിത്യാനുവാദമായ പഴയ എം.ടി. സിനിമയുടെ പുനരാവിഷ്കരണമാണ്.യുവതലമുറയിലെ എഴുത്തുകാരുടെയും സംവിധായകരുടെയും സാഹിത്യ/സാമൂഹിക ബോധത്തിന്റെ പ്രതിസന്ധിയായ പ്രമേയക്ഷാമം ഒരുപരിധിവരെ സ്ത്രീകേന്ദ്രീകൃതസിനിമകളുടെ കുറവിനു കാരണമാകുന്നുണ്ട്.

നല്ല അഭിനേത്രികളായിട്ടും യുവതലമുറയിലെ സുന്ദരിയായ മംമ്തയ്ക്കും നയൻതാരയ്ക്കുമൊന്നും അൽപമെങ്കിലും വെല്ലുവിളിയാകാവുന്ന കഥാപാത്രങ്ങൾ നൽകിയില്ല നാം.മറിച്ച് അവരുടെ ഗ്ളാമറും വേണ്ടത്ര ഉപയോഗിച്ചില്ല. സ്വന്തം ഭാര്യയും സഹോദരിയും ഒഴികെ ആരുമുണ്ടഴിച്ചാലും കുഴപ്പമില്ലെന്ന മലയാളിയുടെ ഇരട്ടത്താപ്പുകൊണ്ടാണിത്. ഷീലയും ജയഭാരതിയും സീമയും വാണ കേരളത്തിൽ മംമ്തയും ജ്യോതിർമയിയും നയൻതാരയുമൊന്നും പർദയിട്ടേ അഭിനയിക്കൂ എന്ന് ഒരിക്കലും വാശിപിടിച്ചിട്ടില്ല. മാത്രമോ, ഭാഷമാറിവന്നപ്പോൾ അവരിൽ ചിലരുടെ ഗ്ളാമർ ആവോളം ആസ്വദിച്ച് പ്രബുദ്ധത പ്രകടിപ്പിച്ചവരാണ് നമ്മൾ..(എന്നാൽ മംമ്ത അതേ ഗ്ളാമർ *ലങ്ക*യിലൂടെ മലയാളത്തിൽ തന്നെ കാഴ്ചവച്ചപ്പോൾ അതിന്റെ പേരിൽ അവരെ ക്രൂശിക്കാനാണ് മലയാളിയുടെ കപട സദാചാരം ശ്രദ്ധിച്ചത്.ഇതേ മലയാളിയുടെ മുൻതലമുറ ജയഭാരതിയെ ഇതാ ഇവിടെവരെയുടെയും രതിനിർവേദത്തിന്റെയും പേരിൽ ക്രൂശിച്ചിട്ടില്ല.) അതുകൊണ്ടു തന്നെ അവരവരുടെ പാടു നോക്കി കേരളം വിട്ടകന്നു, പുതിയ മേച്ചിൽപ്പുറങ്ങൾ തേടി...അവിടെയാകട്ടെ അവരെല്ലാം മികച്ച വിജയങ്ങളിലൂടെ മുൻനിര സ്ഥാനം നേടുകയും ചെയ്തു.ചരിത്രവഴിയിൽ ലളിത-പദ്മിനി-രാഗിണിമാരും മറ്റും മറുഭാഷകളിലേക്കു ചേക്കേറിയത് ഇവിടെ അവർക്ക് ഭദ്രമായ കഥാപാത്രങ്ങൾ കിട്ടാത്തതുകൊണ്ടായിരുന്നില്ല.കൂടിയ സാമ്പത്തികലാഭവും വർധിച്ച പ്രശസ്തിയും കീർത്തിയും സ്വാഭാവികമായി അവർക്കു മറുഭാഷകൾ വച്ചുനീട്ടി, പ്രലോഭനങ്ങളുമായി.

മുറ്റത്തെ മുല്ലപ്പടർപ്പു കണ്ടില്ലെന്നു വച്ചിട്ടാണു വാസ്തവത്തിൽ നമ്മുടെ സിനിമാക്കാർ മറ്റു ഭാഷകളിൽ നായികാക്ഷാമത്തിന് പരിഹാരമന്വേഷിക്കുന്നത്. എന്നിട്ടും കാലാകാലങ്ങളിൽ മറുനാട്ടിൽ നിന്നുള്ള സുന്ദരികളും അല്ലാത്തവരുമായ നടിമാരെ ഇരുകയ്യും നീട്ടി സ്വീകരിച്ചിട്ടുണ്ട് കേരളം. ശാരദയിലും നന്ദിതാബോസിലും തുടങ്ങി അവരിൽ പലരും സിനിമയിൽ തരംഗങ്ങൾ തന്നെ സൃഷ്ടിച്ചു. ഗീതയും ചിത്രയും ശാരിയും മുതൽ പത്മപ്രിയയും ലക്ഷ്മി റായിയും ഗ്രേസി സിങും വരെ നീളുന്നു ഈ നിര. മലയാളിത്തമുള്ള നടിമാരെ സഹോദരി വഷത്തിലും മറ്റുമായി പിന്നിലേക്കു തള്ളിക്കൊണ്ടാണു പകരം അന്യഭാഷയിൽ നിന്ന് മലയാളത്തിലേക്ക് നായികമാർ കെട്ടിയെഴുന്നള്ളിക്കപ്പെട്ടത്. നമ്മുടെ സംവിധായകരും താരങ്ങളും ആവർത്തിക്കുംപോലെ ഇവിടെ നടിമാരുടെ ദാരിദ്ര്യമുള്ളതുകൊണ്ടായിരുന്നില്ല ഇത്. ഐശ്വര്യ, നന്ദിനി, മാന്യ, വസുന്ധര ദാസ്, പൂജ ബത്ര, പാർവതി മിൽട്ടൺ, മോഹിനി, ഖുഷ്ബു, വിമല രാമൻ, മുതൽ അഞ്ജലി സാവരി, കത്രീന കൈഫ് റിച്ചാ പലോട്ട്, സ്നേഹ, ഗ്രേസി സിംഗ്, കനിഹ വരെയുള്ള പോമറേനിയൻ സുന്ദരി കൾക്ക് നമ്മുടെ നായികമാരെ വെല്ലുന്ന എന്തു പ്രകടനമാണ് സിനിമയിൽ കാഴ്ചവയ്ക്കാനായത് എന്ന ചോദ്യം പ്രസക്തമാണ്. ജൂഹി ചവ്ളയ്ക്കുപോലും കേവലം കെട്ടുകാഴ്ചയിൽ കവിഞ്ഞ എന്തു ധർമമാണ് മലയാളസിനിമയിൽ നിർവഹിക്കാനുണ്ടായിരുന്നതെന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. ഇതിനിടെ, സ്മിതാ പാട്ടിൽ,നന്ദിതാദാസ്, രംഭ, മാധവി, ജയപ്രദ, ഭാനുപ്രിയ തുടങ്ങി ചുരുക്കം പേർക്കുമാത്രമാണ് കെട്ടുകാഴ്ചയിൽ കവിഞ്ഞ് എന്തെങ്കിലും സംഭാവനചെയ്യാൻ സാധിച്ചത്.

നമ്മുടെ സിനിമയിൽ നാടൻ ഭാവുകത്വത്തിൽ പ്രതികരിക്കേണ്ട കഥാപാത്രങ്ങൾക്കും ഹിന്ദിയിൽ നിന്ന് ഗ്രേസി സിങ്ങിനെയും തമിഴിൽ നിന്ന് ലക്ഷ്മി റായിയെയും റോമയേയും ഇറക്കുമതി ചെയ്യുന്നതിലെ വൈരുധ്യത്തിന് വ്യാപാരസൂത്രം എന്നല്ലാതെ എന്തു ന്യായീകരണമാണു നൽകാനാവുക? ഇതിനിടെ, ആഗോളവത്കൃത സേവന വ്യവസ്ഥയിൽ, സ്വകാര്യസ്ഥാപനങ്ങളിൽ ജോലിസ്ഥിരതയില്ലാതെ പ്രവർത്തിക്കുന്നവരുടെ മനഃസ്ഥിതി പോലെ, കാറ്റുള്ളപ്പോൾ തൂറ്റിയേക്കാമെന്ന് നായികമാർ വിചാരിച്ചാൽ അതെങ്ങനെ കുറ്റമാകും ഒപ്പമഭിനയിക്കാൻ ബിജു മേനോനില്ലായിരുന്നെങ്കിൽ രണ്ടുവർഷം നീളുമായിരുന്നോ മലയാളത്തിൽ സംയുക്തവർമ്മയുടെ ആയുസ്?


**നമ്മുടെ സിനിമയിൽ നാടൻ ഭാവുകത്വത്തിൽ പ്രതികരിക്കേണ്ട കഥാപാത്രങ്ങൾക്കും ഹിന്ദിയിൽ നിന്ന് ഗ്രേസി സിങ്ങിനെയും തമിഴിൽ നിന്ന് ലക്ഷ്മി റായിയെയും റോമയേയും ഇറക്കുമതി ചെയ്യുന്നതിലെ വൈരുദ്ധ്യത്തിന് വ്യാപാരസൂത്രം എന്നല്ലാതെ എന്തു ന്യായീകരണമാണു നൽകാനാവുക?**


ഇത്രയൊക്കെയാണെങ്കിലും, പ്രതീക്ഷ ബാക്കിയാണ് മലയാള സിനിമയിൽ.കാരണം ഇവിടെ ഇനിയും നീലത്താമരകൾ വിരിയുകയാണ്. *സൂഫി പറഞ്ഞ കഥ*കൾക്കായി കേരളം കാതോർക്കുകയാണ്. *പാട്ടിന്റെ പാലാഴി*ക്കായി നാം ട്യൂൺ ചെയ്യുകയാണ്.നായികാപ്രാധാന്യമുള്ള സിനിമകളുടെ കുത്തൊഴുക്കൊന്നുമിനി പ്രതീക്ഷിക്കാനില്ല.എഴുപതുകളിലെയും എൺപതുകളിലെയും പോലെ പൂർണമായി സ്ത്രീകേന്ദ്രീകൃതമായി ഒരു സിനിമയെക്കുറിച്ചുള്ള പ്രതീക്ഷയും അസംബന്ധമാകും. എന്നിരുന്നാലും, പ്രതിബദ്ധതയുള്ള ചലച്ചിത്ര രചനകളിലൂടെ മലയാളി സ്ത്രീത്വം ഇനിയും വെള്ളിത്തിരയിൽ സത്യസന്ധതയോടെ പ്രതിഫലിക്കപ്പെടും. അവ ആവിഷ്കരിക്കാൻ പുതിയ തലമുറയിൽപ്പെട്ട മലയാളികളും അല്ലാത്തവരുമായ അഭിനേത്രികൾക്കു കുറിവീഴുകയും ചെയ്യും ■

■ സി.അനൂപ്





എബൗട്ട് എല്ലി

# ചലച്ചിത്രോത്സവം 09
# കാഴ്ച്ചയുടെ വൈവിധ്യവും വൈചിത്ര്യവും

മലയാള സിനിമയെയും മലയാളിപ്രേക്ഷകരെയും ലോകസിനിമയുമായി കൂട്ടിയിണക്കുന്നതിൽ കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേള മികച്ച പങ്കാണ് വഹിക്കുന്നത്.

സിനിമ സ്വയം നവീകരിക്കുമ്പോൾ മാത്രമേ പ്രേക്ഷകന്റെ ആസ്വാദന ക്ഷമതയെ അടുമുടി പിടിച്ചുലയ്ക്കാൻ സാധിക്കൂ. കണ്ടുവന്ന കഥകളുടെ ആവർത്തനവും, ദൃശ്യാവിഷ്കാരത്തിന്റെ പുനർനിർമ്മിതിയും ഈ മാധ്യമത്തിൽ സർഗ്ഗാത്മകമായ മുന്നേറ്റത്തിന് തടസ്സം സൃഷ്ടിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ പ്രതിസന്ധിയെ മറികടക്കുന്നതിന് ലോകസിനിമാ ഭൂപടത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പുതിയ പരിശ്രമങ്ങളെപ്പറ്റിയും മാറ്റങ്ങളെപ്പറ്റിയും നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒരുപക്ഷെ, ഈ അന്വേഷണത്തിന്റെ ഭാഗമായിട്ടാകണം 1938-ൽ വെനീസിൽ ആദ്യചലച്ചിത്രോത്സവം സംഘടിപ്പിക്കപ്പെട്ടത്. അറുപതിലേറെ വർഷമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പലതരത്തിലുള്ള ചലച്ചിത്രോത്സവങ്ങൾ നടക്കുന്നു. അവയിലൂടെ പ്രേക്ഷകന്റെ സംവേദനനിലവാരത്തിലും സിനിമാ സങ്കല്പത്തിലും പുതിയകാലത്തിന്റെ നിർവചനങ്ങൾക്കു സാധ്യതയുണ്ടാക്കാനാകണം ചലച്ചിത്രോത്സവസംഘാടകർ ശ്രമിച്ചിട്ടുണ്ടാവുക.



നാഷണൽ ഫിലിം ഫെസ്റ്റിവൽ വേദി ദില്ലിയിൽ നിന്നും ഗോവയിലേക്ക് സ്ഥിരമായി മാറ്റിയത് ഏറെ വിവാദങ്ങൾക്ക് കാരണമായിരുന്നു. പക്ഷെ സംഘാടകർ അങ്ങനെയൊരു മാറ്റത്തിലൂടെ ചില ലക്ഷ്യങ്ങൾ മുന്നിൽ കണ്ടിരുന്നു. ഇന്ത്യൻ സിനിമയെ ലോകചലച്ചിത്ര ഭൂപടത്തിൽ ശ്രദ്ധേയമാക്കാൻ ഗോവഫെസ്റ്റ് പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിച്ചത്. ഇത്രയും നാൾ കൊണ്ട് എത്രകണ്ടു ലക്ഷ്യം നേടി എന്നു പരിശോധിക്കുമ്പോൾ ഫലം തൃപ്തികരമല്ല. ലക്ഷ്യസാക്ഷാത്കാരത്തിന്റെ സാധ്യതകളെപ്പറ്റിത്തന്നെ ഒരു പുനരാലോചന വേണ്ടിയിരിക്കുന്നു.

ദേശീയ മാനമുള്ള ഗോവൻ ചലച്ചിത്രോത്സവത്തോടൊപ്പമോ ചിലകാര്യങ്ങളിൽ അതിനപ്പുറമോ ചലച്ചിത്രമേഖലയ്ക്ക് സംഭാവന നൽകാൻ കഴിയുന്നു എന്നതാണ് കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ സവിശേഷത. ഉള്ളടക്കനിർമ്മിതിയിലും സാങ്കേതിക മികവിലും ലോകസിനിമയുമായുള്ള പാരസ്പര്യം നമ്മുടെ സിനിമകളെ ഏറെ നവീകരിക്കാൻ ഉതകിയിട്ടുണ്ട്. 2009 ഡിസംബർ 11 മുതൽ 18 വരെ തിരുവനന്തപുരത്ത് നടക്കുന്ന ചലച്ചിത്രോത്സവവും ശ്രദ്ധേയമാകുന്നത് പ്രദർശിപ്പിക്കപ്പെടാൻ പോകുന്ന നല്ല സിനിമകളുടെ പേരിൽ തന്നെയായിരിക്കും. ഗൗരവമാർന്ന രീതിയിൽ ലോകസിനിമാ ഭൂപടത്തിൽ നിന്നും മികച്ച സൃഷ്ടികൾ കണ്ടെത്തുന്നതിനു സാധിച്ചാൽ മാത്രമേ ഒരു ചലച്ചിത്രോത്സവം അതിന്റെ ലക്ഷ്യം സാക്ഷാത്കരിച്ചു എന്നു പറയാനാകൂ. കഴിഞ്ഞ വർഷങ്ങളിലെ തിരുവനന്തപുരം ചലച്ചിത്രോത്സവത്തിൽ ഈ സാധ്യത പര

മാവധി പ്രയോജനപ്പെടുത്തുന്നതാണ് നാം കണ്ടത്.

മത്സരവിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന അർജന്റീനയിൽ നിന്നുള്ള *Homero Manzi, A Poet in the Storm, (Dir. Eduardo Spansnuolo)* സൗത്ത് ആഫ്രിക്കയിൽ നിന്നുള്ള *My Secret Sky (Dir. Madoda Ncayiyana)* ഇറാനിൽ നിന്നുള്ള *About elly (Dir. Nozir siadov)* തുടങ്ങിയ സിനിമകളൊക്കെ പ്രേക്ഷകരുടെ ശ്രദ്ധ ആകർഷിക്കാൻ സാധ്യതകളുള്ള സിനിമകളാണ്. ഇവ കൂടാതെ മത്സര വിഭാഗത്തിലുള്ള സിനിമകളൊക്കെ ഓരോ രാജ്യത്തിന്റെയും പോയ വർഷത്തെ സർഗ്ഗാത്മക പരിശ്രമങ്ങളിൽ മികച്ച സിനിമകളാണ്. അവ അതതുകാലത്തെ ഏതു രീതിയിൽ അടയാളപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാണ് ഇവയുടെ ആനുകാലികത വിലയിരുത്താൻ പോകുന്നത്. മത്സരവിഭാഗത്തിൽ പലപ്പോഴും ചരിത്രത്തിന്റെയോ, വർത്തമാനജീവിതത്തിന്റെയോ ആരും കടന്നു ചെല്ലാത്ത വഴികളിലൂടെ സഞ്ചരിക്കുന്ന സിനിമകളാവും പ്രേക്ഷകരെ കൂടുതൽ ആകർഷിക്കുക. ഈ വർഷവും ലോക സിനിമാ ഭൂപടത്തിൽ ഇതുപോലുള്ള പ്രയത്നങ്ങൾ നടന്നിട്ടുണ്ടാവുമെന്നു തന്നെ പ്രതീക്ഷിക്കുക.

**എല്ലാ സാങ്കേതികതയ്ക്കുമപ്പുറം സിനിമ മനുഷ്യ ജീവിതത്തിന്റെ വെളിപ്പെടുത്തൽ കൂടിയാകേണ്ടതുണ്ട്. അതിന് കഴിയാതെ വരുമ്പോൾ ആസ്വാദകർ സിനിമയിൽ നിന്നും അകന്നുപോകുക സ്വാഭാവികം.**



ദ അദർ ബാങ്ക്



സ്വീറ്റ് റഷ്

സാങ്കേതികമായി ലോകസിനിമ മുന്നേറിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ സാങ്കേതികത്വം മാത്രം സിനിമയെ ശ്രദ്ധേയമാക്കുന്നില്ല എന്ന യഥാർത്ഥ്യവും നിലനില്ക്കുന്നു. എല്ലാ സാങ്കേതികതയ്ക്കുമപ്പുറം സിനിമ മനുഷ്യജീവിതത്തിന്റെ വെളിപ്പെടുത്തൽ കൂടിയാകേണ്ടതുണ്ട്. അതിന് കഴിയാതെ വരുമ്പോൾ ആസ്വാദകർ സിനിമയിൽ നിന്നും അകന്നുപോകുക സ്വാഭാവി

# മികച്ച സിനിമകളുടെ ഉത്സവം ഇത്തവണയും : കെ.ആർ.മോഹനൻ

**മികച്ച ചിത്രങ്ങൾ കണ്ടെത്തുന്നതിനും തെരഞ്ഞെടുക്കുന്നതിനും അക്കാദമി ഇത്തവണയും ഏറെ ശ്രദ്ധിച്ചിട്ടുണ്ടെന്ന് ചലച്ചിത്ര അക്കാദമി ചെയർമാൻ കെ.ആർ. മോഹനൻ *ജനപഥ*ത്തോടു പറഞ്ഞു... പ്രസക്ത ഭാഗങ്ങൾ**

*എന്തൊക്കെയാണ് ഈ ചലച്ചിത്രോത്സവത്തിന്റെ സവിശേഷത?*



കെ.ആർ മോഹനൻ: വ്യത്യസ്തവും മൗലികവുമായ സിനിമകളാണ് ഓരോ ഫെസ്റ്റിവലിലും പ്രേക്ഷകർ കാണുന്നത്. ഓരോ രാജ്യത്തിന്റെയും പ്രദേശികത്തനിമയും വൈചിത്ര്യവുമുള്ള സിനിമകൾ ഇവിടെ പ്രദർശിപ്പിക്കും. അവ ആസ്വദിക്കുന്നതിലൂടെ പുതിയൊരു ചലച്ചിത്രസംസ്കാരം രൂപപ്പെടും എന്നാണ് എന്റെ പ്രതീക്ഷ. നല്ല സിനിമകൾ തെരഞ്ഞെടുക്കുന്നതിനും കണ്ടെത്തുന്നതിനും ശ്രമിക്കുന്നതിൽ ചലച്ചിത്ര അക്കാദമി യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. ആ അർഥത്തിൽ മികച്ച സിനിമകളുടെ ഒരു ഉത്സവമായിരിക്കും നടക്കാൻ പോകുന്ന ചലച്ചിത്രോത്സവമെന്നാണ് എനിക്കു തോന്നുന്നത്.

*കഴിഞ്ഞ വർഷങ്ങളിലെ ചലച്ചിത്രോത്സവങ്ങൾകൊണ്ട് നമ്മുടെ സിനിമയ്ക്കും പ്രേക്ഷകർക്കും എന്തൊക്കെ ഗുണങ്ങൾ ലഭിച്ചതായാണ് തോന്നുന്നത്.?*

കെ.ആർ: നമ്മുടെ സിനിമകൾ വിദേശപ്രേക്ഷകരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ചലച്ചിത്രോത്സവങ്ങൾ വഴി കുറെയൊക്കെ സാധിച്ചു എന്നു തോന്നുന്നു. അതുപോലെതന്നെ മികച്ച വിദേശ സിനിമകൾ സാങ്കേതികമായ മേന്മയിൽ തന്നെ സ്ക്രീൻ ചെയ്യുക വഴി നല്ല ആസ്വാദനസാധ്യതയും സൃഷ്ടിക്കാൻ കഴിയുന്നുണ്ട്.

ഇത് നല്ല പ്രേക്ഷകർക്ക് ലഭിക്കുന്ന അവസരമാണ്. അതുകൊണ്ടുതന്നെയാണ് ഓരോ ചലച്ചിത്രോത്സവങ്ങൾ കഴിയുമ്പോഴും പ്രേക്ഷകപങ്കാളിത്തം വർധിച്ചുവരുന്നത്. ഓരോ ചലച്ചിത്രോത്സവങ്ങളിലൂടെയും നല്ല സിനിമകളെപ്പറ്റിയുള്ള നമ്മുടെ ധാരണകൾ നവീകരിക്കാൻ നമുക്ക് സാധിക്കും എന്നാണ് എനിക്കു തോന്നുന്നത്.

*നല്ല സിനിമകൾക്കു വേണ്ടി ഈ ഫെസ്റ്റിവലും ചലച്ചിത്ര അക്കാദമിയും എന്തുചെയ്യുന്നു?*

കെ.ആർ: നല്ല സിനിമകൾ നമ്മുടെ ഭാഷയിൽ ഉണ്ടാകണം എന്ന ആഗ്രഹത്തോടെയാണ് ഗവൺമെന്റും ചലച്ചിത്ര അക്കാദമിയും ഈ പരിശ്രമങ്ങളൊക്കെ നടത്തുന്നത്. ആസ്വാദനനിലവാരത്തിലും, സാങ്കേതികമികവിലും മുന്നോട്ടുപോകാൻ നമ്മെ ഇതുപോലുള്ള ചലച്ചിത്രോത്സവങ്ങൾ സഹായിക്കുമെന്നു തന്നെയാണ് ഞാൻ കരുതുന്നത്.

*പ്രേക്ഷകരിൽ ചലച്ചിത്രോത്സവങ്ങൾ എന്തെങ്കിലും മാറ്റം വരുത്തുന്നുണ്ടോ?*

കെ.ആർ: തീർച്ചയായും ഉണ്ട്. നല്ല സിനിമകളെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപീകരിക്കുന്നതിൽ ഈ ചലച്ചിത്രോത്സവങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ക്രിയാത്മകമായി സമീപിച്ചാൽ ഈ അവസരങ്ങൾ നല്ല പ്രേക്ഷകരുടെ മനസ്സിൽ പുതിയ അഭിരുചികൾ സൃഷ്ടിക്കും എന്നു തന്നെയാണ് എനിക്കുതോന്നുന്നത്.

*ചലച്ചിത്രോത്സവത്തിന്റെ പരിമിതികൾ?*

കെ.ആർ: സ്വാഭാവികമായും പരിമിതികൾ ഉണ്ടാകും. എന്നാൽ അതൊക്കെ പരിഹരിച്ചു കൊണ്ട് മുന്നോട്ടു പോകാൻ കഴിയുമെന്നാണ് എന്റെ പ്രത്യാശ ■



നത്തിങ് പേഴ്സണൽ

കം. ഇന്ത്യൻ സിനിമയെന്നാൽ ബോളിവുഡ് സിനിമ എന്നാണ് വ്യാപാരാടിസ്ഥാനത്തിൽ ആലോചിക്കുന്നവർ പറയുക. എന്നാൽ നമ്മുടെ സിനിമയുടെ യഥാർത്ഥ മുഖം, അല്ലെങ്കിൽ ജീവിതത്തിന്റെ പ്രതിഫലനം ബോളിവുഡ് സിനിമകളിൽ ഭൂരിപക്ഷത്തിലും നമുക്ക് കാണാനാവില്ല. ഉത്സവ പ്രതീതിയുള്ള, ഇല്ലാത്ത ഒരു ജീവിതത്തിന്റെ, അഥവാ സ്വപ്നലോകത്തിന്റെ സൃഷ്ടിയാണ് പലപ്പോഴും ബോളിവുഡ് സിനിമകളിൽ നാം കാണുക. സിനിമയെ ഗൗരവപൂർവം കാണുന്നവർ ഈ ഉത്സവത്തിമിർപ്പുകളെ അർഹിക്കുന്ന ഗൗരവത്തിൽ ഒഴിവാക്കി നിർത്തുകയാണ് പതിവ്. ഗൗതം ഘോഷിന്റെ ബംഗാളി ചിത്രമായ *Culcutta my love*, സയ്യീദ് അക്തർ മിശ്രയുടെ ഹിന്ദിചിത്രമായ *Just One Chance* തുടങ്ങിയ സിനിമകളൊക്കെ നല്ല പ്രേക്ഷകരുടെ ശ്രദ്ധയിലേക്ക് കടന്നുവരാൻ സാധ്യതയുള്ള സിനിമകളാണ്. ജീവിതത്തെ വർണപ്പകിട്ടുകളാൽ നിറയ്ക്കാനല്ല ഈ സിനിമകളൊന്നും ശ്രമിക്കുന്നത്. മറിച്ച് യാഥാർത്ഥ്യ ബോധത്തോടെ ജീവിതത്തെ നിർവചിക്കുന്നതിന്റെ ഉദാഹരണങ്ങളാവും ഇന്ത്യൻ സമകാലിക സിനിമകൾ എന്ന് പ്രതീക്ഷിക്കാം.



കേരളത്തിൽ നടക്കുന്ന ഏതൊരു ചലച്ചിത്രോത്സവത്തിന്റെയും ആത്യന്തിക ലക്ഷ്യം നമ്മുടടെ സിനിമയെ ലോകസിനിമാ പ്രേക്ഷകരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ സഹായിക്കുക എന്നതാകണം. നല്ല സിനിമയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങൾ മാത്രം നടന്നതുകൊണ്ടായില്ല. മറിച്ച് അവയെ വിവിധ രാജ്യങ്ങളിലുള്ള ചലച്ചിത്രകാരന്മാർക്കിടയിലും സനിമാസ്വാദകർക്കിടയിലും ചർച്ചാവധേയമാക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷം മലയാളത്തിൽ സംഭവിച്ച നല്ല സിനിമകൾ നിരവധിയാണ്. *കേരള കഫേ* പത്തോളം സംവിധായകരുടെ കൂട്ടായ്മയിലുണ്ടായ സിനിമയാണ്. പത്ത് കഥകൾ വ്യത്യസ്തമായ രീതിയിൽ പറയാൻ ഇവിടെ ശ്രമിച്ചിരിക്കുന്നു. ഇവയിൽ പകുതിയോളം സിനിമകൾ നല്ല സിനിമയിലേക്കുള്ള പ്രയാണത്തിന്റെ സൂചനകളും പകുതിയോളം സിനിമകൾ വ്യാജ ധൈഷണിക വ്യായാമങ്ങളുമായി മാറുന്നതാണ് നാം കണ്ടത്. എം.പി.സുകുമാരൻ നായരുടെ *രാമാനം*, ടി.വി.ചന്ദ്രന്റെ *ഭൂമി മലയാളം*, ശ്യാമപ്രസാദദിന്റെ *ഋതു*, സോഹൻ ലാലിന്റെ *ഓർക്കുകവല്ലപ്പോഴും* തുടങ്ങിയ സിനിമകളൊക്കെ വ്യത്യസ്തമായ വഴിയിലൂടെയുള്ള പരിശ്രമങ്ങളാണ്. ഈ സിനിമകൾ നല്ല പ്രേക്ഷകരാൽ വിലയിരുത്തപ്പെടുന്ന സന്ദർഭം കൂടിയാവും ഈ ചലച്ചിത്രോത്സവം.

ലോക സിനിമയിൽ സംഭവിക്കുന്ന നല്ല സിനിമകൾ തന്നെയാണ് ഇത്തവണയും തിരുവനന്തപുരം ചലച്ചിത്രോത്സവത്തിൽ നമുക്ക് കാണാനാവുക.

*Sweet Rush* (Dir. Adrezej Wajada - Poland), *Nothing Personal* (Dir. Urszula Antoniak - *Treland* - Nether Land), *Emty Nest* (Dir. Diniel Burman - Argentina), *Taking Wood Stock* (Dir. Anglee - USA), *The Other Bank* (Dir. George Ovashvili - Russian) തുടങ്ങിയ അൻപതിലേറെ സിനിമകൾ ലോകസിനിമാ വിഭാഗത്തിൽ പ്രദർശിപ്പിക്കുന്നു. ഓരോ രാജ്യത്തിന്റെയും സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ അവസ്ഥയെ പ്രതിഫലിപ്പിക്കാൻ ഈ സിനിമകൾക്ക് കഴിയും എന്നും പ്രത്യാശിക്കുക. നല്ല സിനിമകൾ ഒരു ദേശത്തിന്റെ അല്ലെങ്കിൽ മനുഷ്യവംശത്തിന്റെ സവിശേഷമായ ഒരു ഘട്ടത്തെ പ്രതിഫലിപ്പിക്കും എന്നു പറഞ്ഞത് അരുന്ധതിയാണ്. ആ അർഥത്തിൽ വ്യത്യസ്തമായ കാഴ്ച്ചാനുഭവം നൽകുന്ന ഒരു ചലച്ചിത്രോത്സവമായിരിക്കും നടക്കാൻ പോകുന്നത് എന്ന് പ്രത്യാശിക്കാം ■

# സ്വകാര്യ പ്രാക്ടീസ് ആരോഗ്യ മേഖലയും

■ ഡോ.കെ.വിജയകുമാർ

**മികവിന്റെ കേന്ദ്രങ്ങളാകണമെങ്കിൽ മെഡിക്കൽ കോളേജിൽ ചികിത്സയും അധ്യാപനവും ഗവേഷണവും തുല്യപ്രാധാന്യത്തോടെ നടക്കണം. സ്വകാര്യ പ്രാക്ടീസ് നിരോധനവും റഫറൽ സമ്പ്രദായവും അതിനുള്ള മുന്നുപാധികളാണ്.**

നമ്മുടെ വൈദ്യവിദ്യാഭ്യാസമേഖലയെ ബഹുകാതം മുന്നിലേക്കു കൊണ്ടു പോകാൻ വഴിയൊരുക്കുന്ന രണ്ടു നടപടികൾ സർക്കാർ കൈക്കൊണ്ടത് ഒരു ജനകീയാരോഗ്യ സംവിധാനം സംസ്ഥാനത്ത് രൂപപ്പെടണമെന്നാഗ്രഹിക്കുന്ന ഏവരേയും ആവേശഭരിതമാക്കുന്ന ഒന്നാണ്. മെഡിക്കൽകോളേജ് അധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിക്കുകയും മെഡിക്കൽ കോളേജുകളിൽ പൂർണമായ റഫറൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുകയെന്ന ആവശ്യം ആരോഗ്യവിദഗ്ധരും ആസൂത്രകരും ഭൂരിഭാഗം ഡോക്ടർമാരും നിരവധി വർഷങ്ങളായി മുന്നോട്ടുവച്ചിട്ടുള്ള ഒന്നാണ്. മെഡിക്കൽകോളേജുകളിലെ സ്വകാര്യപ്രാക്ടീസ് നിറുത്തലാക്കണമെന്ന് 1969-ൽ തന്നെ മെഡിക്കൽകോളേജ് അധ്യാപകർ പ്രമേയംവഴി സർക്കാരിനോടാവശ്യപ്പെട്ടിരുന്നുവെന്ന് ഈയിടെ അന്തരിച്ച പ്രശസ്ത ആരോഗ്യവിദഗ്ധൻ ഡോ. സി. ആർ. സോമൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

1982-ൽ വക്കം പുരുഷോത്തമൻ ആരോഗ്യ മന്ത്രിയായിരുന്ന സമയത്ത് വദഗ്ധസമിതി ശുപാർശപ്രകാരം മെഡിക്കൽ കോളേജുകളിൽ റഫറൽ സമ്പ്രദായം ഏർപ്പെടുത്തിയിരുന്നു. അത് പൂർണ അർത്ഥത്തിൽ മുന്നോട്ടുപോയില്ല. 1995-ൽ സർക്കാർ നിയോഗിച്ച ടി. എൻ. ജയചന്ദ്രൻ കമ്മിറ്റിയും ഈ പ്രശ്നത്തിന്റെ നാനാവശങ്ങളും ഇഴകീറി പഠിച്ചശേഷം സർക്കാർ ആശുപത്രികളിൽ സ്വകാര്യപ്രാക്ടീസ് ഘട്ടംഘട്ടമായി നിരോധിക്കണമെന്നും ആദ്യപടിയായി മെഡിക്കൽ കോളേജുകളിൽ സ്വകാര്യപ്രാക്ടീസ് നിരോധിക്കണമെന്നും റഫറൽ ആക്കണമെന്നും നിർദ്ദേശിച്ചു. 2000-ത്തിൽ പി. രാജു എം.എൽ.എ. അധ്യക്ഷനായ കമ്മിറ്റിയും 2006-ൽ മെഡിക്കൽ സർവകലാശാല സംബന്ധിച്ച് നിർദ്ദേശങ്ങൾക്കായുള്ള ഡോ. ഇക്ബാൽ കമ്മിറ്റിയുമൊക്കെ ഈ രണ്ടു നിർദ്ദേശങ്ങളും വീണ്ടും മുന്നോട്ട് വയ്ക്കുകയുണ്ടായി. വ്യത്യസ്ത സർക്കാരുകൾ നിയോഗിച്ച വിവിധ കമ്മിറ്റികളും ആരോഗ്യവിദഗ്ധരും ഡോക്ടർമാരുമൊക്കെ ശക്തിയായി ആവശ്യപ്പെടുന്ന ഒരുകാര്യം നടപ്പിലാക്കിയപ്പോൾ പക്ഷേ അതെന്തോ കുഴപ്പംപിടിച്ച തീരുമാനമാണെന്ന മട്ടിലുള്ള ചില വിലയിരുത്തലുകളും വിമർശനങ്ങളുമുണ്ടായി എന്നത് പൊതുജനാരോഗ്യത്തിന്റെ പുരോഗതിയാഗ്രഹിക്കുന്നവരെയെല്ലാം ഏറെ വ്യാകുലപ്പെടുത്തുന്ന ഒന്നാണ്.

## ആരോഗ്യം : പുതിയ ഭീഷണികൾ

നിരവധി ഹ്രസ്വകാല-ദീർഘകാല നടപടികൾ ആവശ്യമാകുംവിധം പുതിയ ഭീഷണികൾ കേരളത്തിന്റെ ആരോഗ്യമേഖലയിലുണ്ട്. 2001-ലെ സെൻസസും തുടർന്നു നടന്ന ദേശീയ കുടുംബാരോഗ്യ സർവെയും മറ്റു പഠനങ്ങളും ചൂണ്ടിക്കാട്ടുന്ന ഒരു പ്രധാന കാര്യം 'കേരളത്തിനു പ്രായ'മാകുന്നുവെന്നാണ് - ജനസംഖ്യയിൽ കുഞ്ഞുങ്ങളുടെ അനുപാതം കുറയുകയും മുതിർന്നവരുടെ അനുപാതം കൂടുകയും ചെയ്യുന്ന അവസ്ഥ. ആയുർദൈർഘ്യം കൂടിയിട്ടുണ്ടെങ്കിലും ഈ മുതിർന്ന പൗരന്മാർ ഒട്ടേറെ രോഗങ്ങളുമായാണ് മുന്നേറുന്നത്. ഇവരുടെ സവിശേഷ ആരോഗ്യപ്രശ്നങ്ങൾ നമ്മുടെ ആരോഗ്യമേഖലയ്ക്ക് വെല്ലുവിളിയാണ്. കായികാധ്വാനത്തോട് വിമുഖവും തിരക്കേറിയതുമായ ജീവിതശൈലി നമ്മുടെ ജനങ്ങളിൽ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ പ്രാചുര്യം വർധിപ്പിച്ചിരിക്കുന്നു. ഏറ്റവും പുതിയ പഠനങ്ങളനുസരിച്ച് 15-20 ശതമാനം പേർക്ക് പ്രമേഹവും 20- 30 ശതമാനം പേർക്ക് പ്രമേഹസാധ്യതയും 30 ശതമാനത്തോളം പേർക്ക് രക്തസമ്മർദ്ദവും ഉണ്ടെന്ന് തെളിയുന്നു. മലിനീകരണവും ശുചിത്വമില്ലായ്മയും പാരിസ്ഥിതികാപചയങ്ങളും കാരണം പഴയതും പുതിയതുമായ നിരവധി സാംക്രമിക രോഗങ്ങളും നമുക്കു വെല്ലുവിളിയുയർത്തുന്നു. ഡെങ്കിപ്പനി, ചിക്കുൺഗുനിയ, എലിപ്പനി, മലമ്പനി, ജപ്പാൻ ജ്വരം തുടങ്ങി ഏറ്റവും പുതിയ പന്നിപ്പനി വരെ ഇതിനുദാഹരണങ്ങളാണ്. ഇത്തരത്തിൽ വർധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ, സാംക്രമികരോഗങ്ങൾ, പ്രായമായവരുടെ സവിശേഷ ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി പൊതുജനാരോഗ്യ പ്രവർത്തനങ്ങളും രോഗചികിത്സയും സമന്വയിപ്പിച്ച് ഫലപ്രദമായ ഒരു ആരോഗ്യസംവിധാനം സംസ്ഥാനത്തുണ്ടായാലേ ജനങ്ങളുടെ ആരോഗ്യം ഫലപ്രദമായി സംരക്ഷിക്കപ്പെടൂ. ഏറ്റവും മുകൾത്തട്ടിലുള്ള സംവിധാനമെന്ന നിലയിൽ ഇത്തരമൊരു സമന്വയത്തിനു നേതൃത്വംനല്കേണ്ട സ്ഥാപനങ്ങളാണ് മെഡിക്കൽ കോളേജുകൾ. എന്നാൽ അത്തരമൊരു നേതൃത്വം ഏറ്റെടുക്കാൻ അവയ്ക്ക് നേരിടുന്ന പ്രധാന തടസ്സം അവിടങ്ങളിലെ ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസും റഫറൽ സമ്പ്രദായത്തിന്റെ കുറവുമാണ്.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് വിദഗ്ധർ ചൂണ്ടിക്കാട്ടുന്ന ഒരു പ്രധാന സംഗതിയുണ്ട്. പണം, കവറേജ്, ഗുണനിലവാരം- ഇതു മൂന്നും ഒന്നിച്ചു പോകില്ല എന്നതാണത്. കുറച്ചു പണംകൊണ്ട് ഗുണനിലവാരമുള്ള ചികിത്സ നല്കണമെങ്കിൽ



എല്ലാവർക്കും അതു നല്കാനാകില്ല(കവറേജ് കുറയുമെന്നർത്ഥം). കുറച്ചു പണം കൊണ്ട് എല്ലാവർക്കും കവറേജ് നല്കണമെങ്കിൽ ഗുണനിലവാരം കുറയും. ഇനി എല്ലാവർക്കും എറ്റവും ഗുണനിലവാരമുള്ള ചികിത്സ നൽകണമെങ്കിൽ അതിന് പണം ഏറെ വേണ്ടിവരും. അതുകൊണ്ടു തന്നെ ലഭ്യമായ വിഭവങ്ങളുപയോഗിച്ച് പരമാവധി പേർക്ക് പരമാവധി മികച്ച ചികിത്സ നല്കുന്നതിന് ഇവ തമ്മിലുള്ള ബാലൻസ് നിലനിറുത്തുന്ന ശരിയായ ചികിത്സാസംവിധാനങ്ങളും പ്ലാനിങ്ങും ആവശ്യമാണ്. ഇതിന് ഏറ്റവും സഹായിക്കുന്ന ഒന്നാണ് റഫറൽ സമ്പ്രദായവും പ്രാഥമിക-ദ്വിതീയ-തൃതീയ സംവിധാനങ്ങളെ ഫലപ്രദമായി വിന്യസിക്കലും. അതിനാൽ ഇത്തരം പരിമിതികൾ പരിഹരിക്കുന്നതിന് പ്രൈവറ്റ് പ്രാക്ടീസ് നിരോധനവും റഫറൽ സമ്പ്രദായം ഏർപ്പെടുത്തലുമുൾപ്പടെ നിരവധി നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് ശ്ലാഘനീയമാണ്.

### എതിർവാദങ്ങൾ

എന്നിട്ടും എതിർപ്പുകളുയരുന്നതിന് രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന്, വസ്തുതകൾ വേണ്ടത്ര മനസിലാവാത്തത്. രണ്ട്, സംസ്ഥാനത്തിന്റെ പൊതുതാത്പര്യത്തിനു മുകളിൽ പലതരം നിക്ഷിപ്ത താത്പര്യങ്ങൾ ഉയർന്നുവരുന്നത്. സ്വകാര്യ പ്രാക്ടീസ് നിറുത്തലാക്കിയാൽ വിദഗ്ധരായ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സേവനം ഒരു വലിയ വിഭാഗം ജനങ്ങൾക്ക് നിഷേധിക്കപ്പെടും

# നിരോധനവും



**ജനസംഖ്യയിലെ വിവിധ പ്രായക്കാരുടെ അനുപാതം**

| വയസ് | 1991-ലെ ജനസംഖ്യ % | 2001-ലെ ജനസംഖ്യ % |
|---|---|---|
| 0-14 | 29.78 | 26.1 |
| 15.59 | 61.42 | 63.4 |
| 60+ | 8.8 | 10.5 |

എന്നാണ് ഒരു വാദം. മെഡിക്കൽ കോളേജിൽ രോഗികൾ കുറയുമ്പോൾ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ശരിയായ പരിശീലനത്തിന് പറ്റുന്ന തരത്തിൽ വ്യത്യസ്തതരം രോഗങ്ങൾ മനസിലാക്കാൻ കഴിയില്ല എന്നു മറ്റൊരു വാദം. ഡോക്ടർമാരെ വീട്ടിൽ കാണാൻ കഴിയാത്ത അവസ്ഥയിൽ മെഡിക്കൽകോളേജിലെ രോഗപരിശോധനയും മറ്റു സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കാതെ വരികയും കൂടി ചെയ്യുമ്പോൾ രോഗികൾ ക്രമേണ സർക്കാർ സംവിധാനത്തെ ഉപേക്ഷിക്കും തുടങ്ങിയ വാദങ്ങളും ഉയർത്തുന്നുണ്ട്. ഈ ആശങ്കകളെല്ലാം പരിഗണിച്ചശേഷം തന്നെയാണ് വിവിധ കമ്മിറ്റികൾ സ്വകാര്യ പ്രാക്ടീസ് നിരോധനത്തിനും റഫറൽ സമ്പ്രദായത്തിനും അനുകൂലമായി റിപ്പോർട്ട് നൽകിയത് എന്ന വസ്തുതയും ഇതിൽ പലതിനും ശരിയായ പരിഹാരനിർദ്ദേശങ്ങൾ കൈക്കൊള്ളാനാവുമെന്നതും ഇത്തരം ചർച്ചകളിൽ പക്ഷേ സൂചിപ്പിക്കപ്പെടുന്നില്ല.

### നിലനിന്നിരുന്ന അവസ്ഥ

മെഡിക്കൽ കോളേജുകളിൽ നിലനിന്നിരുന്ന അവസ്ഥ പരിതാപകരമായിരുന്നു. വിദഗ്ധചികിത്സ വേണ്ട രോഗികളും മറ്റാശുപത്രികളിൽ നിന്നും ലഭിക്കാവുന്ന സാധാരണ ചികിത്സ വേണ്ട രോഗികളും പിന്നെ ഡോക്ടർമാരെ വീട്ടിൽ കണ്ട് കുറിപ്പടിയുമായി മെഡിക്കൽ കോളേജിൽ വരുന്ന രോഗികളും (ഭൂരിഭാഗം ഡോക്ടർ മാരും അതിനനുവദിച്ചിരുന്നില്ലെന്നതു വിസ്മരിക്കുന്നില്ല) ഒക്കെ ചേർന്ന് ഉൾക്കൊള്ളാനാവാത്തതിലധികം കേസുകളായിരുന്നു അവിടെ ഇത്രകാലവും. ഇവരെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്നു നോക്കാം. മെഡിക്കൽ കോളേജിലെ ക്ലിനിക്കൽവിഭാഗങ്ങളെ യൂണിറ്റുകളായി തിരിച്ചിരിക്കുന്നു. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഓരോ യൂണിറ്റിന്റെയും ഒ. പി. ദിനമായിരിക്കും. ഒ.പി. ദിനം ഏറെ തിരക്കു പിടിച്ചതായിരിക്കും ഓരോ യൂണിറ്റിനും. അന്ന് അഡ്മിറ്റു ചെയ്യുന്നവരെ ചികിത്സിക്കുകയെന്നതാണ് പിറ്റേ ദിവസം മുതലുള്ള പ്രധാന ജോലി. ഇതിനിടയിൽ കുറച്ചു മണിക്കൂറുകൾ ക്ലാസെടുക്കുന്നതൊഴിച്ചാൽ ക്ലിനിക്കൽ വിഭാഗത്തിലെ എല്ലാ ഡോക്ടർമാരുടെയും പ്രധാന പണി ഈ ചികിത്സ തന്നെയാണ്. സർജിക്കൽ വിഭാഗങ്ങളിൽ സർജറിയുടെ തിരക്കാവും. ഇവിടങ്ങളിലെല്ലാം ഡോക്ടർമാർക്ക് വലിയ ജോലിഭാരവുമായിരിക്കും.

ഇതിന്റെയൊക്കെ ഫലമായി മെഡിക്കൽ കോളേജ് അധ്യാപകരെ ചികിത്സകരായി മാത്രം കാണുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. അവർ ചികിത്സകർ മാത്രമല്ല, അധ്യാപകർ കൂടിയാണെന്ന കാര്യം പലരും സൗകര്യപൂർവ്വം മറക്കുന്നു. മികവിന്റെ കേന്ദ്രങ്ങളാകണമെങ്കിൽ മെഡിക്കൽ കോളേജിൽ ചികിത്സയും അധ്യാപനവും ഗവേഷണവും തുല്യപ്രാധാന്യത്തോടെ നടക്കണം. എന്നാൽ കോളേജിനു പുറത്തെ ചികിത്സ കഴിഞ്ഞ് ആശുപത്രിചികിത്സ, അതു കഴിഞ്ഞാൽ അധ്യാപനം, അതും കഴിഞ്ഞ് സമയമുണ്ടെങ്കിൽ ഗവേഷണം എന്ന നിലവരുന്നത് മെഡിക്കൽ കോളേജുകൾക്ക് നല്ലതല്ലല്ലോ. അതുകൊണ്ടാണ് ചികിത്സാവൈഭവത്തിനു പേരുകേട്ടതാണെങ്കിലും നമ്മുടെ മെഡിക്കൽകോളേജുകൾക്കൊന്നും തന്നെ ഡൽഹിയിലെ AIMSനോ, ചണ്ഡീഗഡിലെ പി.ജി.ഐ.ക്കോ, തിരുവനന്തപുരത്തെ ശ്രീചിത്രയ്ക്കോ, ആർ.സി.സി.ക്കോ ലഭിക്കുന്ന ഗവേഷണ കേന്ദ്രങ്ങളെന്ന അംഗീകാരം ലഭിക്കാത്തത്. ഇതിനൊക്കെ വലിയൊരു തടസമായി നിന്ന രണ്ടുകാര്യങ്ങളാണ് സ്വകാര്യ പ്രാക്ടീസും റഫറൽ സംവിധാനം ഏർപ്പെടുത്താത്തതും.

സ്വകാര്യ പ്രാക്ടീസ് വഴി അമിതമായി പണമുണ്ടാക്കിയിരുന്ന ഒരു ന്യൂനപക്ഷം ഡോക്ടർമാരൊഴിച്ചാൽ പിന്നെ അതിനോട് എതിർപ്പു പ്രകടിപ്പിക്കുന്നത് നഗരങ്ങളിലെ മധ്യവർഗത്തിൽപ്പെട്ട ചിലരാണ്. സാധാരണരോഗങ്ങൾക്കു പോലും മെഡിക്കൽകോളേജ് ഡോക്ടർമാരെ വീട്ടിൽ കണ്ട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന പ്രവണത ഇവിടെ നിലനിന്നിരുന്നു. പണമോ സ്വാധീനമോ ഉള്ള ഒരു വിഭാഗം ഇപ്രകാരം ആശുപത്രി സംവിധാനങ്ങളെയും ഡോക്ടർമാരെയും ഉപയോഗപ്പെടുത്തുമ്പോൾ നഷ്ടമുണ്ടാകുന്നത് വിദഗ്ധസേവനം വേണ്ട സാധാരണ രോഗികൾക്കും മെഡിക്കൽകോളേജിലെ അധ്യാപക-ഗവേഷണ പ്രവർത്തനങ്ങൾക്കുമാണ്.

സങ്കീർണ്ണ ശസ്ത്രക്രിയകളിൽ താത്പര്യമില്ലാതെ കുറച്ചു സമയംകൊണ്ട് കൂടുതൽ സാധാരണ ശസ്ത്രക്രിയ ചെയ്യുന്ന പ്രവണതയുമുണ്ട്. ഇതും ആത്യന്തികമായി വിദഗ്ധ ചികിത്സയെ ബാധിക്കുന്നു.

### റഫറൽ സമ്പ്രദായം:

1998-2000 ത്തിൽ പി. രാജു എം.എൽ.എ. ചെയർമാനായുള്ള നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: *മെഡിക്കൽകോളേജ് ആശുപത്രികളുടെ നിലവാരത്തകർച്ചയ്ക്ക് ഒരു പ്രധാനകാരണം രോഗികളുടെ ബാഹുല്യമാണ്... പി.എച്ച്.സി.കളിലോ, താലൂക്ക്-ജില്ലാ ആശുപത്രികളിലോ ചികിത്സിക്കേണ്ടുന്ന കേസുകൾ മെഡിക്കൽ കോളേജിൽ എത്തുന്നതുകൊണ്ടാണ് ഈയൊരു സ്ഥിതിവിശേഷം. ഇതുമൂലം യഥാർത്ഥ വിദഗ്ധചികിത്സ ആവശ്യമായി വരുന്ന രോഗികൾക്ക്*

*വേണ്ടത്ര ശ്രദ്ധ കിട്ടുന്നില്ല.* ഒമ്പതു വർഷം മുൻപ് ഈ സമിതി ചൂണ്ടിക്കാട്ടിയതിനെക്കാൾ തിരക്ക് ഇന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കിടക്കകളുടെ എണ്ണം 1650 ആണെങ്കിലും ശരാശരി രോഗികളുടെ എണ്ണം 2000 ആണ്. കോഴിക്കോട് 1550 കിടക്കകൾ ഉള്ളപ്പോൾ 2200 ആണ് ശരാശരി രോഗികളുടെ എണ്ണം. ആലപ്പുഴയിലേത് യഥാക്രമം 1031 ഉം 1200 ഉം തൃശൂരിൽ 1050 ഉം, 1200 ഉം, കോട്ടയത്ത് 1100- ഉം 1500 ഉം ആണ്. അതേസമയം മെഡിക്കൽകോളേജുകൾ ഉള്ള നഗരങ്ങളിലെ ജില്ലാ ആശുപത്രികളിൽ പലയിടങ്ങളിലും കിടക്കകളുടെ എണ്ണത്തേക്കാൾ കുറവാണ് രോഗികൾ. ഉദാഹരണം കോട്ടയത്ത് കിടക്കകൾ 374, രോഗികൾ 250-260 എന്നതാണ് സ്ഥിതി. എന്നാൽ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലെ ജില്ലാ ആശുപത്രിയിൽ കിടക്കകളുടെ എണ്ണത്തെക്കാൾ രോഗികളുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് താഴെത്തലങ്ങളിൽ ചികിത്സിക്കാവുന്ന ഒട്ടധികം രോഗങ്ങൾക്ക് ആളുകൾ മെഡിക്കൽ കോളേജുകളെ ആശ്രയിക്കുന്നുവെന്നാണ്. ഫലമോ അവിടത്തെ സംവിധാനങ്ങൾ അമിതമായി ചൂഷണം ചെയ്യപ്പെടുകയും വിദഗ്ധചികിത്സ വേണ്ട ഒട്ടേറെപ്പേർക്ക് ചികിത്സയോ വേണ്ടത്ര ശ്രദ്ധയോ ലഭിക്കാതെ വരികയും ചെയ്യുന്നു.

## പ്രശ്നങ്ങളൊന്നുമില്ലേ?

അതിന്റെയർത്ഥം പ്രൈവറ്റ് പ്രാക്ടീസ് നിരോധനവും റഫറൽ സമ്പ്രദായവും വന്നതോടെ പ്രശ്നങ്ങൾ എല്ലാം അവസാനിക്കുമെന്നല്ല. പരിഹരിക്കേണ്ട മറ്റു നിരവധി പ്രശ്നങ്ങളുണ്ട് നമ്മുടെ മെഡിക്കൽ കോളേജുകളിൽ. ഈ പുതിയ സാഹചര്യത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ നിരന്തരമായ മോണിട്ടറിങ്ങിലൂടെ പരിഹരിക്കാവുന്നതേയുള്ളൂ, അതിനുള്ള സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾ കൊണ്ട് മരുന്നും പഞ്ഞിയും പോലുമില്ലാതിരുന്ന അവസ്ഥയിൽ നിന്ന് നമ്മുടെ ആശുപത്രികൾ കരകയറിയിട്ടുണ്ട്. വമ്പിച്ച വികസനം എല്ലാ മെഡിക്കൽ കോളേജുകളിലും നടക്കുന്നു. താലൂക്ക്-ജില്ലാ ആശുപത്രികളിൽ പലതിലും സി.ടി. സ്കാൻ പോലെ അത്യാധുനിക ഉപകരണങ്ങൾ വന്നു. ഡോക്ടർമാരുടെ കുറവ് ഏതാണ്ട് പരിഹരിക്കപ്പെട്ടിരിക്കുന്നു. അവശ്യമരുന്നുകളുടെ ക്ഷാമവും കാര്യമായില്ല. എങ്കിലും സ്റ്റാഫ്പാറ്റേൺ അപര്യാപ്തമായ വിഭാഗങ്ങളുണ്ട്.

ഭൗതിക സൗകര്യങ്ങളിൽ ഇനിയും ഏറെ മാറ്റം വരേണ്ട ആശുപത്രികളുമുണ്ട്. ജീവൻരക്ഷാമരുന്നുകൾ എപ്പോഴും ലഭ്യമാകേണ്ടതുണ്ട്. കൂട്ടിരുപ്പുകാരെ നിയന്ത്രിച്ച് സെക്യൂരിറ്റി ശക്തമാക്കേണ്ടതുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ ഉറപ്പാക്കേണ്ടതുണ്ട്. മെഡിക്കൽകോളേജ് പ്രിൻസിപ്പാളിനും മറ്റും സാമ്പത്തികാധികാരങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അധികം ശ്രദ്ധിക്കപ്പെടാതെ പോയതും ഏറെ ഗുണകരവുമായ ഒരു പരിഷ്കാരമായിരുന്നു മെഡിക്കൽ കോളേജുകളിൽ ഹെൽത്ത് സർവ്വീസിൽ നിന്നുവരുന്ന പാരാമെഡിക്കൽ ജീവനക്കാരുടെ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുതന്നെ നൽകിയത്. അത്തരത്തിൽ മനുഷ്യവിഭവശേഷി സംബന്ധമായ പരിഷ്കാരങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. ചില വിമർശകർ ചൂണ്ടിക്കാട്ടുന്നതുപോലെ, വിദഗ്ധചികിത്സ വേണ്ടവർമാത്രം വരുമ്പോൾ സാധാരണരോഗങ്ങളുമായി പരിചയപ്പെടാനുള്ള അവസരം വിദ്യാർത്ഥികൾക്കു കുറഞ്ഞേക്കാം. അതിന് ഒരു നിശ്ചിത കാലയളവിൽ ജില്ലാ ആശുപത്രികളിലും മറ്റും മെഡിക്കൽ വിദ്യാർത്ഥികൾ പരിശീലനം നേടണമെന്നു നിഷ്കർഷിക്കാവുന്നതാണ്. അതുപോലെ ഗവേഷണ പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണത്തിന് സ്ഥാനക്കയറ്റത്തിലും മറ്റും അർഹമായ പരിഗണന നൽകുകയും ഗവേഷണവും ഫലങ്ങൾ പുറത്തുകൊണ്ടുവരലും ഡിപ്പാർട്ടുമെന്റു തലവന്മാരുടെ നിർബന്ധിത ഡ്യൂട്ടിയായി മാറ്റുകയും ചെയ്താൽ കൂടുതൽ ഫലപ്രാപ്തി കൈവരും. ഒപ്പം, ജില്ലാതലം മുതൽ പി.എച്ച്.സി. വരെ കൂടുതൽ ശക്തിപ്പെടുത്തുകയും റഫറൽ സമ്പ്രദായത്തെപ്പറ്റി വേണ്ടത്ര ബോധവത്കരണം നടത്തുകയും വേണം. ഇത്തരത്തിൽ അടുത്ത രണ്ടുമൂന്നു വർഷം ഫലപ്രദമായി ഇടപെടുകയും മോണിട്ടർ ചെയ്യുകയും ചെയ്താൽ നമ്മുടെ ആരോഗ്യസേവന മേഖലയും മെഡിക്കൽകോളേജുകളും ഒരു കുതിച്ചുചാട്ടം നടത്തുമെന്നു തീർച്ച. അതിനു വേണ്ട പിന്തുണ നൽകാൻ ജനങ്ങളും തയ്യാറാകേണ്ടതുണ്ട് ■

**ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ**

| | | |
|---|---|---|
| 1 | മെഡിക്കൽ കോളേജ് | 5 |
| 2 | ഡന്റൽ കോളേജ് | 3 |
| 3 | നഴ്സിങ് കോളേജ് | 3 |
| 4 | റിജിണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി | 2 |
| 5 | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് | 1 |
| 6 | സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് | 1 |
| 7 | ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി | 1 |
| 8 | സ്റ്റേറ്റ് ഡ്രഗ്ഫോർമുലറി | 1 |
| 9 | ചൈൽഡ് ഡവലപ്മെന്റ് സെന്റർ | 1 |
| 10 | കേരള ഹാർട്ട് ഫൗണ്ടേഷൻ | 1 |
| 11 | റിജണൽ കാൻസർ സെന്റർ, തിരുവനന്തപുരം | 1 |
| 12 | മലബാർ കാൻസർ സെന്റർ | 1 |
| 13 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് | 1 |
| 14 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് മെഡിസിൻ | 1 |
| 15 | പാരാ മെഡിക്കൽ കൗൺസിൽ | 1 |

(അവലംബം- കേരള ഇക്കോണമിക് റിവ്യൂ-2008)

**ആരോഗ്യവകുപ്പിനു കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ**

| | | |
|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ | 929 |
| 2 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 115 |
| 3 | താലൂക്ക്/ജില്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ | 136 |
| 4 | ഡിസ്പെൻസറികൾ | 59 |
| 5 | ടി.ബി.ക്ലിനിക് സെന്ററുകൾ | 18 |
| 6 | ഗ്രാന്റ് - ഇൻ - എയ്ഡ് സ്ഥാപനങ്ങൾ | 29 |
| 7 | ലെപ്രസി കൺട്രോൾ യൂണിറ്റുകൾ | 18 |
| 8 | സബ് സെന്റുകൾ | 5094 |

**സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ 2008-ൽ നിലവിലുണ്ടായിരുന്ന ബെഡുകൾ, ചികിത്സിച്ച രോഗികൾ, നടത്തിയ ശസ്ത്രക്രിയകൾ**

| നം. | മെഡിക്കൽ കോളേജ് ആശുപത്രികൾ | ബെഡുകൾ | ഇൻ പേഷ്യന്റ്സ് | ഔട്ട് പേഷ്യന്റ് | മേജർ ശസ്ത്ര ക്രിയകൾ | പ്രസവ കേസുകൾ |
|---|---|---|---|---|---|---|
| 1 | എം.സി.എച്ച്, തിരുവനന്തപുരം | 1650 | 698362 | 644990 | 15110 | 0 |
| 2 | എസ്.എ.റ്റി, തിരുവനന്തപുരം | 765 | 38290 | 149919 | 1675 | 10891 |
| 3 | എം.സി.എച്ച്, ആലപ്പുഴ | 1031 | 54210 | 610215 | 12250 | 4550 |
| 4 | എം.സി.എച്ച്, കോട്ടയം | 1296 | 56169 | 614273 | 13462 | 5076 |
| 5 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് ആന്റ് ചിൽഡ്രൺസ് ഹോസ്പിറ്റൽ | 203 | 5834 | 99322 | 635 | 0 |
| 6 | എം.സി.എച്ച്, തൃശൂർ | 1107 | 47657 | 474083 | 10399 | 2560 |
| 7 | എം.സി.എച്ച്, കോഴിക്കോട് | 1510 | 57826 | 283101 | 6645 | 0 |
| 8 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട് | 740 | 37375 | 237366 | 8167 | 16406 |
| 9 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ്, കോഴിക്കോട് | 100 | 3435 | 32668 | 0 | 0 |
| | **ആകെ** | **8402** | **370628** | **3145937** | **68343** | **39483** |

(അവലംബം- കേരള ഇക്കോണമിക് റിവ്യൂ-2008)



# ഈ മാറ്റം ജനങ്ങൾക്കായി, അവർ വിലയിരുത്തട്ടെ

**മെഡിക്കൽ കോളേജ് ആശുപത്രികളിലെ സ്വകാര്യ പ്രാക്ടീസ് നിരോധനവും റഫറൽ സമ്പ്രദായവും വിവിധ കാലഘട്ടങ്ങളിലായി വ്യത്യസ്തസർക്കാരുകൾ നിയോഗിച്ച എല്ലാ വിദഗ്ധകമ്മിറ്റികളും ഏകകണ്ഠമായി നൽകിയ ശുപാർശയാണ്. നമ്മുടെ ആരോഗ്യമേഖലയുടെ ശരിയായ മുന്നോട്ടുപോക്കിന് വഴി യൊരുക്കും ഈ നപടി - ആരോഗ്യമന്ത്രി പി.കെ.ശ്രീമതി ടീച്ചർ *ജനപഥ*ത്തോടു പറഞ്ഞു. അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.**

***മെഡിക്കൽ കോളേജുകളിലെ സ്വകാര്യ പ്രാക്ടീസ് നിരോധനത്തെയും റഫറൽ സമ്പ്രദായം ഏർപ്പെടുത്തിയതിനെയും പ്രതിപക്ഷം വിമർശിക്കുന്നുണ്ടല്ലോ. ധൃതിപിടിച്ച് നടപ്പാക്കിയെന്നും മറ്റും?***

= ഈ വിമർശനം അടിസ്ഥാന രഹിതമാണ്. ധൃതി പിടിച്ചല്ലെന്നു മാത്രമല്ല, വേണ്ടത്ര ആലോചിച്ചു തന്നെയാണ് ഇതു നടപ്പാക്കിയത്. 1995 ൽ ആരോഗ്യമന്ത്രിയായിരുന്ന ശ്രീ. വി.എം. സുധീരൻ സർക്കാർ ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് നിരോധിക്കുവാൻ കമ്മീഷനെ വയ്ക്കുമെന്നും മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് വാങ്ങി നടപ്പാക്കുമെന്നും നിയമസഭയിൽ പറഞ്ഞു. തുടർന്നാണ് ശ്രീ. ടി.എൻ.ജയചന്ദ്രൻകമ്മീഷനെ നിയോഗിച്ചത്. 1996 ൽ റിപ്പോർട്ട് കിട്ടി. ആ കമ്മീഷൻ രണ്ടു പ്രധാന ശുപാർശ നൽകി - ഒന്ന്, സർക്കാർ ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് ഘട്ടംഘട്ടമായി നിരോധിക്കണം. ആദ്യപടിയായി മെഡിക്കൽ കോളേജു ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് അവസാനിപ്പിക്കണം. രണ്ട്, മെഡിക്കൽ കോളേജുകൾ റഫറൽ ആക്കണം. തുടർന്ന് 2000 ൽ ശ്രീ. പി. രാജു എം എൽ എ ചെർമാനായുള്ള സമിതിയും സ്വകാര്യ പ്രാക്ടീസ് നിരോധിക്കണമെന്നാവശ്യപ്പെട്ടു. പി. എച്ച്.സി.കളിലോ താലൂക്ക്-ജില്ലാ ആശുപത്രികളിലോ ചികിത്സിക്കേണ്ടി വരുന്ന കേസുകൾ മെഡിക്കൽ കോളേജുകളിൽ എത്തുന്നതിനാൽ വിദഗ്ദ്ധചികിത്സ വേണ്ടവർക്കു വേണ്ടത്ര ശ്രദ്ധയും പരിചരണവും കിട്ടുന്നില്ല, അതിനാൽ റഫറൽ സമ്പ്രദായം വേണമെന്നും ആ സമിതി ശുപാർശ ചെയ്തു. അതുപോലെ, 1982 ൽ ശ്രീ. വക്കം പുരുഷോത്തമന്റെ കാലത്താണ് റഫറൽ സംവിധാനം തുടങ്ങിയത്. അത് നിലച്ചുപോയി. തുടർന്ന് 2004 ൽ യു ഡി എഫ്



കാലത്ത് ഡോ. ബലരാമൻ നായർ ചെയർമാനായി ഒരു കമ്മിറ്റിയെക്കൂടി നിയമിച്ചു. ആ കമമിറ്റിയും റഫറൽസംവിധാനം കർശനമായി നടപ്പാക്കാനാണ് പറഞ്ഞത്. വാസ്തവത്തിൽ അവർക്ക് നടപ്പാക്കാൻ കഴിയാത്തത് ഞങ്ങൾ ചെയ്തതിൽ അഭിനന്ദിക്കുകയായിരുന്നു വേണ്ടത്.

***കമ്മിറ്റിനിർദ്ദേശങ്ങൾ നടപ്പാക്കും മുമ്പ് മുന്നൊരുക്കം നടത്തിയില്ലെന്നാണ് ആരോപണം?***

= ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയാണ് റഫറൽ സംവിധാനം കർശനമാക്കുവാൻ തീരുമാനിച്ചത്. കഴിഞ്ഞ മൂന്നുവർഷത്തെ നിരന്തരമായ ഇടപെടലിലൂടെ പി എച്ച് സി മുതൽ മെഡിക്കൽകോളേജുകൾവരെ ശക്തിപ്പെടുത്തി. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുവാൻ ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിട്ടറിങ് കമ്മിറ്റി രൂപീകരിച്ചു. മെഡിക്കൽ കോളേജ് അധികൃതരും മറ്റും ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയുമുണ്ട്.

***മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും അടിസ്ഥാന സൗകര്യം ഉണ്ടാക്കിയിട്ടില്ല എന്നാരാരോപണം?***


= നമ്മുടെ സർക്കാർ ആശുപത്രികളിൽ ഇത്രയേറെ സൗകര്യങ്ങൾ ഉണ്ടാക്കിയ മറ്റൊരു കാലഘട്ടവുമില്ല. അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാഫ്, മരുന്ന് ഈ മൂന്നു മേഖലകളിലും വമ്പിച്ച പുരോഗതിയാണുണ്ടാക്കിയത്. മെഡിക്കൽ കോളേജുകളുടെ കാര്യം തന്നെയെടുക്കാം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 120കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും ഒ പി ബ്ലോക്കും ഈ വർഷം പൂർത്തിയാകും. കോഴിക്കോട് മെഡിക്കൽ കോളേജിൽ 50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങി. ലീനിയർ അക്സിലറേറ്ററിനു


**മെഡിക്കൽ കോളേജ് ഡോക്ടർമാർക്ക് രാജ്യത്തെ ഏറ്റവും മികച്ച ശമ്പളനിരക്കാണ് ഞങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇതോടെ സ്വകാര്യ പ്രാക്ടീസ് നിരോധനം പൊതുവേ ഡോക്ടർമാർ അംഗീകരിച്ചിട്ടുണ്ട്. ആശുപത്രി റഫറൽ ആക്കിയെങ്കിലും ഒറ്റ രോഗിക്ക് പോലും ചികിത്സ നിഷേധിക്കില്ല. അതേസമയം വിദഗ്ധചികിത്സ വേണ്ടവർക്ക് അത് കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുകയും ചെയ്യും.**

ഏഴു കോടി രൂപ നൽകി. ബി.ഫാം കോളേജ് ആരംഭിച്ചു. തൃശ്ശൂരിൽ നഴ്സിങ് കോളേജ് ആരംഭിച്ചു. റണ്ടു പി. ജി കോഴ്സിൽ നിന്ന് 16 കോഴ്സായി മാറി. 25 കോടി രൂപയുടെ കെട്ടിടം പണിതീരുകയാണ്. 25 വർഷമായി തൃശ്ശൂരിൽ ഇല്ലാതിരുന്ന എം. ആർ. ഐ. സ്കാൻ ഈ സർക്കാരാണ് കൊണ്ടുവന്നത്. കോട്ടയം നഴ്സിങ് കോളേജിനു കെട്ടിടം നൽകി. അവിടെ കാത്ത്ലാബ് സ്ഥാപിച്ച് ഹൃദയശസ്ത്രക്രിയ ആരംഭിച്ചതോടെ അഞ്ചു ജില്ലകൾക്ക് പ്രയോജനമായി. വൃക്കമാറ്റ ശസ്ത്രക്രിയ ആരംഭിച്ചു. മൂന്നുലക്ഷത്തിന്റെ ചികിത്സയൊക്കെ നാൽപതിനായിരത്തിൽ തീരും. തിരുവനന്തപുരം എസ്. എ. ടി. യിലും വലിയ മാറ്റങ്ങൾ വന്നു. ആലപ്പുഴയിൽ വണ്ടാനം ക്യാമ്പസ് മികവുറ്റതാക്കി. കോളേജ് പൂർണ്ണമായും അങ്ങോട്ട് മാറ്റുകയാണ്. മെഡിക്കൽ കോളേജ് അധ്യാപകക്ഷാമം പരിഹരിക്കാനും നടപടിയായി. മൂന്നുവർഷത്തിനിടയിൽ 680 പേർക്കാണ് പ്രൊമോഷൻ നൽകിയിത്. റസിഡൻസി സമ്പ്രദായവും ഏർപ്പെടുത്തി. 450 ജൂനിയർ റസിഡന്റുമാരുടെ സേവനം 24 മണിക്കൂർ ഉറപ്പുവരുത്തി. സീനിയർ റസിഡന്റുമാരുടെ 241 തസ്തികകൾ സൃഷ്ടിച്ചു. മരുന്നുവാങ്ങാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചത് ഏറ്റവും വലിയ നേട്ടമാണ്. ഇന്നിപ്പോൾ മരുന്നില്ലെന്ന പരാതി എവിടെയുമില്ല.

***മെഡിക്കൽ കോളേജുകളിലെ സൗകര്യക്കൊപ്പം മറ്റ് ആശുപത്രികളിലെ സൗകര്യങ്ങൾ ?***

=അവിടെയും വലിയ മാറ്റമുണ്ട്. 115 സി.എച്ച്.സികളുടെ അടിസ്ഥാന സൗകര്യം ദേശീയ പൊതുജനാരോഗ്യ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നിലവാരത്തിലേക്കുയർത്തി. സുനാമി ഫണ്ട് ഉപയോഗിച്ചുള്ള 97 ആശുപത്രികളുടെ നവീകരണം പൂർത്തിയായി വരുന്നു. 19 ആശുപത്രികൾ ദേശീയ നിലവാരത്തിൽ അക്രിഡിറ്റേഷൻ നേടുന്നതിനുള്ള തയ്യാറെടുപ്പിലാണ്. ഏറണാകുളം, കൊല്ലം ജില്ലാശുപത്രികളിൽ സി ടി സ്കാൻ സ്ഥാപിച്ചു. എല്ലായിടത്തും ഒരുവർഷത്തിനകം സി ടി സ്കാൻ ഉൾപ്പെടെ 24 മണിക്കൂർ പ്രവർത്തിക്കുന്ന ലാബ് സജ്ജമാക്കും. ആശുപത്രികൾ മെച്ചപ്പെട്ടതിന്റെ ഒരു തെളിവ് പ്രസവസൗകര്യമുള്ള ആശുപത്രികളുടെ വർദ്ധനയാണ്. ഞങ്ങൾ വരുമ്പോൾ 40 ആശുപത്രികളിലായിരുന്നു പ്രസവസൗകര്യം. ഇന്നിപ്പോൾ 140 ആശുപത്രികളിലായി. മികച്ച സൗകര്യങ്ങൾ ഉള്ളിടത്തേ പ്രസവത്തിനായി ആളുകളെത്തൂ. അതുപോലെ, ഞങ്ങൾ വന്നപ്പോൾ 40 ശതമാനം ഡോക്ടർമാർ കുറ





വുണ്ടായിരുന്നു ആശുപത്രികളിൽ. ലീവെടുത്തവരുടെ കൃത്യമായ കണക്കുപോലും ഉണ്ടായിരുന്നില്ല. ഇപ്പോളതു മാറി. ലീവെടുക്കാതെ മുങ്ങിയവർക്കെതിരെ കർശന നടപടിയെടുത്തു. പിരിച്ചുവിട്ടവർക്ക് പകരം ആളെ നിയമിച്ചു. ഡോക്ടർമാർക്ക് ശമ്പളം പരിഷ്കരിച്ചു നൽകി. ഇപ്പോൾ 95 ശതമാനം ഡോക്ടർമാരും ജോലിയിലുണ്ട്. ഇതിനു പുറമെ കരാറടിസ്ഥാനത്തിലും നിർബന്ധിതഗ്രാമീണ സേവനം വഴിയും ആയിരത്തോളം ഡോക്ടർമാരുണ്ട്. ഇതോടൊപ്പമാണ് 1995 ൽ തീരുമാനമെടുത്ത സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പാക്കുന്നത്. ഇതിനായി 66 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. ഈ ഡിസംബറോടെ ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഇത് നിലവിൽ വരും. അതോടെ സ്പ്ഷ്യലിസ്റ്റു ഡോക്ടർമാരുടെ സേവനം താഴെത്തട്ടിൽ കൂടുതൽ ഫലപ്രദമായി ലഭിക്കും. 3000 നേഴ്സുമാർക്ക് വർഷങ്ങളായി മുടങ്ങിക്കിടന്ന സമയബന്ധിത പ്രമോഷൻ ഒന്നിച്ചു നൽകി. 1245 നേഴ്സുമാരെ ബോണ്ട് വ്യവസ്ഥയിലും 640 നേഴ്സുമാരെ കരാർ വ്യവസ്ഥയിലും നിയമിച്ചു. മറ്റു പാരാമെഡിക്കൽ സ്റ്റാഫിനെയും ആവശ്യത്തിനു നിയമിച്ചിട്ടുണ്ട്. എൻ. ആർ. എച്ച്. എം. വഴിയും ഇതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

***ലാബുകളിലും മറ്റും ഉപകരണങ്ങൾ കേടാക്കുക, മന:പൂർവ്വം ടെസ്റ്റ് നടത്താതിരിക്കുക തുടങ്ങിയ പ്രവണതകളുണ്ടെന്ന പരാതിയുണ്ട്?***

=അത്തരം പരാതികൾ ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്. ഒരു ചെറിയ ശതമാനം പേർ അങ്ങനെയുണ്ടാവാം. അവരെ കർശനമായി നേരിടും. പി. എച്ച്. സികളും സി. എച്ച്. സികളും തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്. അവരും ശക്തമായ നടപടികളെടുക്കണം

***സ്വകാര്യപ്രാക്ടീസ് നിരോധനം ജനങ്ങൾക്കു ബുദ്ധിമുട്ടാണെന്നു വാദിക്കുന്നവരുമുണ്ട്?***

=നഗരപ്രദേശങ്ങളിൽ ഡോക്ടർമാരെ വീട്ടിൽ കണ്ട് ചികിത്സയും മെഡിക്കൽകോളേജുകളിലെ സൗകര്യങ്ങളും നേടിയിരുന്ന ഒരു മധ്യവർഗവിഭാഗത്തിന് തുടക്കത്തിൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടാവാം. എന്നാൽ ഡോക്ടർമാരുടെ വീട്ടിൽപോകാൻ പണമില്ലാത്ത, മെഡിക്കൽ കോളേജിലെത്തുന്ന സാധാരണക്കാരായ നൂറുകണക്കിനു രോഗികളെ ശ്രദ്ധിക്കാൻ അതുകാരണം അത്തരം ഡോക്ടർമാർക്കു സമയം കിട്ടാറില്ലായിരുന്നു. ഇന്നിപ്പോൾ അവരുൾപ്പടെ എല്ലാവർക്കും ആർ.സി.സിയിലും ശ്രീചിത്രയിലും പോലെ മെഡിക്കൽ കോളേജിലും നല്ല വിദഗ്ധചികിത്സ കിട്ടാൻ അവസരം കൈവന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ സമ്പന്നരോ ഇടത്തരക്കാരോ പാവപ്പെട്ടവരോ എന്ന വ്യത്യാസമില്ലാതെ എല്ലാവർക്കും ഈ തീരുമാനം ഗുണകരമാവുമെന്ന് വൈകാതെ ബോദ്ധ്യം വരും.

***സ്വകാര്യ പ്രാക്ടീസ് നിറുത്തിയത് സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണെന്ന് ആരോപണമുണ്ടല്ലോ?***

= 2001 ൽ യു ഡി എഫ് ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ് നടത്തിയല്ലോ. ആ ജിമ്മിൽ ഒരു പ്രോജക്ട് മെഡിക്കൽ കോളേജ് ആശുപത്രികളിലെ സൗകര്യങ്ങൾ ഉപയോഗിച്ച് സ്വകാര്യസംരംഭങ്ങൾ തുടങ്ങുകയെന്നതായിരുന്നു. അങ്ങനെ ജിമ്മിൽ വിൽക്കാൻ വച്ച മെഡിക്കൽ കോളേജുകളെയാണ് ഞങ്ങൾ മോചിപ്പിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കിയത്.



ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ സർക്കാർ ആശുപത്രികളുടെ നില അത്യന്തം ശോചനീയമായിരുന്നു. മൂന്ന് വർഷം മുമ്പ് വെറും 40 ഗവ. ആശുപത്രികളിൽ മാത്രമാണ് പ്രസവ സൗകര്യമുണ്ടായിരുന്നത് എന്നു പറഞ്ഞല്ലോ. ഇന്ന് 140 ആശുപത്രികളിൽ പ്രസവം നടക്കുന്നു. അതുകൊണ്ട് സ്വകാര്യആശുപത്രികളിൽ പ്രസവങ്ങൾ കുറഞ്ഞു.

അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് ഹൃദയശസ്ത്രക്രിയയും വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയും ഉൾപ്പെടെ സർക്കാർ മെഡിക്കൽ കോളേജിൽ നടക്കുന്നു. ഇതോടെ സ്വകാര്യ ആശുപത്രികളിലെ തിരക്ക് കുറയുകയല്ലേ ഉണ്ടാവുന്നത്?

ആരോഗ്യവും വിദ്യാഭ്യാസവും പോലുള്ള സേവനങ്ങൾ പോലും കമ്പോളത്തിനു തീറെഴുതുന്ന ആഗോളവത്കരണ നയമാണ് പ്രതിപക്ഷത്തിന്റേത്. അതിൽ നിന്നു വ്യത്യസ്തമായി പൊതുസംവിധാനങ്ങളെ മെച്ചപ്പെടുത്തി നിലനിറുത്തുക എന്ന നയമാണ് ഞങ്ങൾ പിന്തുടരുന്നത്. ഇതു ജനങ്ങൾക്കു തിരിച്ചറിയുന്നുണ്ട്.

***തെറ്റിദ്ധാരണാജനകമായ ഇത്തരം ആരോപണങ്ങൾ വരുമ്പോൾ എന്തു തോന്നുന്നു?***

= ഞങ്ങൾക്കു ജനങ്ങളിൽ വിശ്വാസമുണ്ട്. മാറ്റം ജനങ്ങൾ വിലയിരുത്തും. വിമർശകർക്കു നാവടക്കേണ്ടി വരും.

***റഫറൽ സംവിധാനവും സ്വകാര്യ പ്രാക്ടീസും ഇനിയെങ്ങനെയാണ് മുന്നോട്ട പോകുക?***


=മെഡിക്കൽ കോളേജ് ഡോക്ടർമാർക്ക് രാജ്യത്തെ ഏറ്റവും മികച്ച ശമ്പളനിരക്കാണ് ഞങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇതോടെ പ്രൈവറ്റ് പ്രാക്ടീസ് നിരോധനം പൊതുവേ ഡോക്ടർമാർ അംഗീകരിച്ചിട്ടുണ്ട്. ആശുപത്രി റഫറൽ ആക്കിയെങ്കിലും ഒറ്റ രോഗിക്ക് പോലും ചികിത്സ നിഷേധിക്കില്ല. അതേസമയം വിദഗ്ധചികിത്സ വേണ്ടവർക്ക് അത് കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുകയും ചെയ്യും.

സാധാരണ രോഗങ്ങൾക്കു പോലും സ്പെഷ്യലിസ്റ്റിനെ കാണണമെന്ന മനോഭാവം അനാരോഗ്യകരമാണെന്നാണ് പൊതുജനാരോഗ്യ വിദഗ്ദ്ധർ കരുതുന്നത്. കുടുംബഡോക്ടർ സമ്പ്രദായം ഇവിടെ ഫലപ്രദമായി നടപ്പാക്കുവാൻ കഴിയും. ഒരോ കുടുംബവും പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെടുന്ന രീതി വരണം. വിദഗ്ദ്ധചികിത്സ വേണ്ടിവന്നാൽ അതിനുപറ്റിയ ആശുപത്രികളിലേക്ക് റഫർ ചെയ്യാം. ഈ രൂപത്തിൽ പക്വതയാർന്ന ഒരു ആരോഗ്യസേവന സംവിധാനവും ശക്തമായ പൊതുമേഖലാ ആരോഗ്യക്രമവും കൊണ്ടുവരാനാണ് ഞങ്ങളുടെ ശ്രമം. അതിന് ജനങ്ങളുടെ പൂർണ സഹകരണമുണ്ടാകുമെന്ന് ഞങ്ങൾക്കുറപ്പുണ്ട് ■

■ സി. മധുസൂദനൻ

**വിദ്യാഭ്യാസത്തെ ഒരു സാമൂഹികക്ഷേമ സങ്കല്പത്തിൽനിന്നു മാറ്റി നിയമപരമായ അവകാശമാക്കുന്നതിന് ഇന്ത്യൻ പാർലമെന്റ് ഈയിടെ പാസ്സാക്കിയ വിദ്യാഭ്യാസനിയമത്തിന്റെ വിശദാംശങ്ങൾ.**

# വിദ്യാഭ്യാസ അവകാശനിയമവും കേരളവും



ആറുമുതൽ 14 വയസ്സുവരെയുള്ള എല്ലാകുട്ടികൾക്കും വിദ്യാഭ്യാസം നൽകുകയെന്നത് ഭരണഘടനയുടെ നിർദ്ദേശകതത്വം എന്നതിൽ നിന്ന് 2002 ലെ 86-ാമത് ഭരണഘടനാഭേദഗതിയിലൂടെ ഭരണകൂടത്തിന്റെ നിയമപ്രകാരമുള്ള ബാധ്യതയും പൗരന്റെ മൗലികാവകാശവുമായി (വകുപ്പ് 21 (A)) മാറിയിരിക്കുകയാണ്. ഇതിന്റെ തുടർച്ചയായാണ് ആറുമുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നിയമാനുസൃതമാക്കിക്കൊണ്ട് ഇക്കഴിഞ്ഞ ആഗസ്റ്റ് 27 ന് വിദ്യഭ്യാസ അവകാശ നിയമം The Right of children to free and compulsory Education Act 2009 നിലവിൽ വന്നിരിക്കുന്നത്.

ഈ നിയമപ്രകാരം ഇന്ത്യയിലെ 6 വയസ്സിനും 14 വയസ്സിനുമിടയ്ക്കുള്ള ഏതൊരു കുട്ടിക്കും തന്റെ ചുറ്റുവട്ടത്തുള്ള വിദ്യാലയത്തിൽ (neighbourhood school) ചേർന്നുപഠിക്കാനും, മറ്റേതെങ്കിലും സ്കൂളിലേക്ക് മാറി പ്രൈമറി വിദ്യാഭ്യാസം തുടരാനും അവകാശം ലഭിച്ചിരിക്കുന്നു. ഒപ്പം, ഇതുവരെ സ്കൂളിൽ ചേർന്നു പഠിക്കാൻ കഴിയാത്ത ഈ പ്രായത്തിനുള്ളിലുള്ള കുട്ടികൾക്ക് വയസ്സിന് ആനുപാതികമായി ഏതു ക്ലാസിൽ ചേരാനും ആ ക്ലാസിലെ പഠനനിലവാരം നേടി തുടർന്നുപഠിച്ച് പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കാനുമുള്ള അവസരവും (14 വയസ്സുകഴിഞ്ഞാലും) ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കേണ്ടത് വിവിധ സർക്കാരുകളുടെ ചുമതലയാണ്. ഇതിന് താഴെപ്പറയുന്ന നടപടികൾ ആക്ടിൽ നിർദ്ദേശിക്കുന്നു.

- ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന് ഒരു ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുക.
- അധ്യാപക പരിശീലനത്തിനുള്ള ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കുക.
- സംസ്ഥാനസർക്കാരുകൾക്ക് ആവശ്യമായ വിഭവം ലഭ്യമാക്കി പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കാനുള്ള നൂതനമാർഗങ്ങൾ സ്വീകരിക്കാൻ പ്രാപ്തരാക്കുക.

ഇതൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ ചുമതലകളാണെന്ന് ആക്ട് പറയുന്നു. സംസ്ഥാന ഭരണകൂടങ്ങൾ ചെയ്യേണ്ടത് ഇവയാണ് :

- ആറു മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുക.
- ഇതിനാവശ്യമായ അയൽപക്ക വിദ്യാലയങ്ങൾ ആക്ട് നിലവിൽ വന്ന് മൂന്ന് വർഷത്തിനകം സജ്ജമാക്കുക.
- ആറു വയസ്സിൽ സ്കൂളിൽ ചേരാൻ കഴിയാതെ പിന്നീട് ചേരുന്ന കുട്ടികൾക്ക് അവരുടെ പ്രായത്തിനനുസൃതമായ ക്ലാസിനുള്ള നിലവാരം ഉണ്ടാക്കാൻ പ്രത്യേക പരിശീലനം ഉറപ്പാക്കുക.
- പ്രവേശനപ്രക്രിയ, ഹാജർ, പ്രൈമറി വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണം ഇവ മോണിറ്റർ ചെയ്യുക.
- ആക്ടിന്റെ ഷെഡ്യൂളിൽ നൽകിയിട്ടുള്ള നിലവാരത്തിലുള്ള വിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുക.
- ഇതിനാവശ്യമായ ഭൗതികസൗകര്യം, പഠനോപകരണങ്ങൾ, അധ്യാപകർ- ഇവ സജ്ജമാക്കുക.
- ദുർബല ജനവിഭാഗങ്ങളിലെ കുട്ടികൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും യാതൊരു തരത്തിലുള്ള നീതിനിഷേധവും വേർതിരിവും പ്രാഥമിക വിദ്യാഭ്യാസത്തിന് ഉണ്ടാകുന്നില്ലെന്നുറപ്പാക്കുക.
- പാഠ്യപദ്ധതി, സിലബസ്സ് എന്നിവ സമയബന്ധിതമായി തയ്യാറാക്കുക. അധ്യാപകപരിശീലനത്തിനുള്ള അവസരവും ഉറപ്പാക്കുക.

**പ്രാദേശിക ഭരണകൂടങ്ങൾക്ക് താഴെപ്പറയുന്ന ഉത്തരവാദിത്തമാണ് ആക്ട് നിർദ്ദേശിക്കുന്നത്.**

- പ്രാദേശികഭരണകൂടം അംഗീകരിച്ച വിദ്യാലയത്തിൽ എല്ലാ കുട്ടികൾക്കും സൗജന്യ- സാർവ്വത്രിക വിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കുക.
- അയൽപക്കസ്കൂൾ ലഭ്യത ഉറപ്പാക്കുക.
- തങ്ങളുടെ ഭരണപരിധിക്കകത്ത് താമസിക്കുന്ന ആറു മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ വിവരങ്ങൾ നിർദ്ദിഷ്ട രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുക.
- തങ്ങളുടെ അധികാരപരിധിയിലെ കുട്ടികളുടെ അഡ്മിഷൻ, ഹാജർ, പഠനപുരോഗതി ഇവ നിരീക്ഷിച്ച് ഉറപ്പാക്കുക.
- സ്കൂളുകൾക്ക് ഭൗതിക - അക്കാദമിക സൗകര്യങ്ങൾ ലഭ്യമാക്കുക.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
- പാഠ്യപദ്ധതി, സിലബസ്, ഇവയുടെ സമയത്തുള്ള ലഭ്യത.
- അധ്യാപകപരിശീലനം
- സ്കൂൾ നടത്തിപ്പിന്റെ മേൽനോട്ടം.
- സ്കൂൾ അക്കാദമിക് കലണ്ടർ തീരുമാനിച്ചുനൽകൽ.

ഇത്തരത്തിൽ ഭരണസംവിധാനങ്ങൾക്ക് ചുമതലകൾ നൽകുമ്പോൾ തന്റെ അയൽപക്ക വിദ്യാലയത്തിൽ കുട്ടിയെ പ്രവേശിപ്പിച്ച് പഠിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം രക്ഷിതാവിനുമുണ്ടെന്ന് ആക്ട് വ്യക്തമാക്കുന്നു. അതോടൊപ്പം തന്നെ മൂന്നു വയസ്സുമുതൽ ആറുവയസ്സുവരെയുള്ള കുട്ടികൾക്ക് അവരുടെ തൊട്ടടുത്ത് പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കാനുള്ള ബാധ്യതയും അതത് തലത്തിലുള്ള സർക്കാരുകൾക്കുണ്ട്.

## നാലുതരം സ്കൂളുകൾ

ആക്ടിലെ നാലാം അധ്യായം പ്രകാരം സ്കൂളുകൾ നാലുതരം.

(1) സർക്കാർ സ്ഥാപിച്ച് നടത്തുന്ന സ്കൂളുകൾ.

(2) സർക്കാരിൽ നിന്നുള്ള ധനസഹായം വാങ്ങി പ്രവർത്തിക്കുന്ന സ്കൂളുകൾ.

(3) സ്പെസിഫൈഡ് കാറ്റഗറി വിദ്യാലയങ്ങൾ (നവോദയ, സെൻട്രൽ സ്കൂൾ, സൈനിക വിദ്യാലയങ്ങൾ)

(4) യാതൊരുവിധ സർക്കാർ സഹായവുമില്ലാത്ത പ്രൈവറ്റ് വിദ്യാലയങ്ങൾ

ഇവയിൽ അവസാന രണ്ടു വിഭാഗത്തിൽപ്പെട്ട വിദ്യാലയങ്ങൾ തങ്ങളുടെ ചുറ്റുവട്ടത്തുള്ള ദുർബലജനവിഭാഗങ്ങളുടെ കുട്ടികൾക്ക് സൗജന്യമായി പ്രവേശനം അനുവദിക്കണം. നിലവിൽ ഒന്നാം ക്ലാസിലേക്ക് ആകെ പ്രവേശനം നൽകുന്നവരിൽ 25%

പേർ ഈ വിഭാഗത്തിൽ നിന്നുള്ളവരായിരിക്കണം. ഈ വിദ്യാലയങ്ങൾക്ക് പ്രീ സ്കൂൾ സംവിധാനം ഉണ്ടെങ്കിൽ അതിലും ഇതേ തോതിലുള്ള സംവരണം ഉറപ്പാക്കണം. ഇത്തരത്തിൽ അഡ്മിഷൻ നൽകുന്ന കുട്ടികളിൽ നിന്ന് ഒരുതരത്തിലുമുള്ള ഫീസും വാങ്ങാൻ പാടില്ല. എന്നാൽ ഇവർക്കുവേണ്ടി ചെലവാക്കുന്ന തുക, അതതു ആളോഹരി സംസ്ഥാനങ്ങളിലെ ഒരു കുട്ടിക്കുള്ള പ്രാഥമിക വിദ്യാഭ്യാസത്തിന്റെ തുകയോ, യഥാർത്ഥ ചെലവോ ഏതാണ് കുറവ് ആ നിരക്കിൽ സ്ഥാപനത്തിന് ബന്ധപ്പെട്ട സർക്കാർ നൽകും. ഭൂമി, കെട്ടിടം, ഉപകരണങ്ങൾ എന്നിവയുംസർക്കാരിൽ നിന്ന് യാതൊരു ആനുകൂല്യവും ഈ സ്ഥാപനം നേടിയിരിക്കരുത്. ആക്ട് നിലവിൽ വന്ന്, അയൽപക്ക സ്കൂൾസംവിധാനം ഉറപ്പാക്കുന്നതുവരെ നിലവിലുള്ള എല്ലാ വിദ്യാലയങ്ങളിലും ഏതു കുട്ടിക്കും പഠനാവസരമൊരുക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണിത്.



സ്കൂളുകളിലെ പ്രവേശനം, പ്രായപരിധി, ജനന സർട്ടിഫിക്കറ്റിന്റെ ആവശ്യം എന്നിവ സംബന്ധിച്ച കാര്യങ്ങളും ആക്ട് വ്യക്തമാക്കുന്നു. പ്രവേശിപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം നൽകി പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ആവശ്യമായ സൗകര്യം സ്കൂൾ ഒരുക്കണം. ഒരു കുട്ടിയെയും തോൽപ്പിക്കാനോ പുറത്താക്കാനോ പാടില്ല. ശാരീരികവും മാനസികവുമായ പീഡനങ്ങളും പാടില്ല. ഇത്തരം ഗുണനിലവാരസൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വിദ്യാലയവും പ്രവർത്തിക്കണമെന്ന് നിയമം അനുശാസിക്കുന്നു. നിയമം നിലവിൽ വന്നുകഴിഞ്ഞാൽ സർക്കാർ സ്ഥാപിച്ചു നിയന്ത്രിക്കുന്ന വിദ്യാലയങ്ങൾ ഒഴികെയുള്ള എല്ലാവിദ്യാലയങ്ങളും ബന്ധപ്പെട്ട സർക്കാരിന് നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കണം. സർക്കാരുകൾ സ്കൂളുകൾക്കു വേണ്ട നിശ്ചിതകാര്യങ്ങൾ വ്യക്തമായി പറഞ്ഞ് ഓരോ സ്കൂളിനും അംഗീകാരപത്രം നൽകുകയും വേണം. ഇതു നൽകുമ്പോൾ ആക്ടിനൊപ്പം നൽകിയിട്ടുള്ള ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ സ്കൂളിലുണ്ടെന്ന് ഉറപ്പാക്കണം. ഇതിനായി ആവശ്യമായ എല്ലാ വിവരങ്ങളും സർക്കാരിനു നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. സ്കൂളുകൾ നിശ്ചയിച്ച സൗകര്യങ്ങളും നിലവാരവും പാലിക്കുന്നില്ലെങ്കിൽ അതുറപ്പാക്കാൻ മൂന്നു വർഷത്തെ സമയം നൽകാം. വ്യവസ്ഥ പാലിക്കാത്തപക്ഷം അംഗീകാരം റദ്ദാക്കാം. അംഗീകാരമില്ലാതെ സ്കൂൾ പ്രവർത്തിപ്പിക്കുന്ന വ്യക്തികൾക്ക് ഒരുലക്ഷം രൂപയാണ് പിഴ. അടച്ചുപൂട്ടാൻ ഉത്തരവു നൽകിയ വിദ്യാലയം തുടർന്നും പ്രവർത്തിച്ചാൽ ഓരോ ദിവസത്തിനും 10,000 രൂപ എന്നതോതിൽ പിഴ വർദ്ധിക്കും.

സ്കൂൾ ഗുണനിലവാരം ഉറപ്പാക്കാൻ ആക്ട് നിർദ്ദേശിക്കുന്ന മറ്റൊരു വ്യവസ്ഥയാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെ (എസ്.എം.സി.) രൂപീകരണം. അൺ എയ്ഡഡ് വിദ്യാലയങ്ങൾ ഒഴികെയുള്ള എല്ലാ വിദ്യാലയങ്ങളും, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെയും രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി ഈ കമ്മിറ്റികൾ രൂപീകരിക്കണം. കമ്മിറ്റിയിൽ നാലിൽ മൂന്നു ഭാഗം രക്ഷിതാക്കളാകണം. ദുർബലവിഭാഗങ്ങൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ പ്രതിനിധികൾ എന്നിവർ കമ്മിറ്റിയിൽ ഉൾപ്പെടണം. പകുതി അംഗങ്ങളെങ്കിലും വനിതകളാകണം. സ്കൂൾ നടത്തിപ്പിന്റെ മേൽനോട്ടം, സ്കൂൾ വികസന പ്ലാൻ തയ്യാറാക്കലും സമർപ്പിക്കലും, സർക്കാർ നൽകുന്ന ധനസഹായങ്ങളുടെയും മറ്റു സഹായങ്ങളുടെയും വിനിയോഗത്തിന്റെ മേൽനോട്ടം, നിർദ്ദേശിക്കപ്പെടുന്ന മറ്റു ചുമതലകൾ എന്നിവയാണ് കമ്മിറ്റി ചുമതലകൾ. ഈ കമ്മിറ്റികൾ തയ്യാറാക്കി നൽകുന്ന പ്ലാൻ അടിസ്ഥാനമാക്കിയാവണം സർക്കാരുകൾ ധനസഹായം നൽകേണ്ടത്.

അധ്യാപക നിയമനത്തിന് കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരെ മാത്രമേ പരിഗണിക്കാവൂ. നിലവിൽ ഈ യോഗ്യതയില്ലാത്ത എല്ലാ അധ്യാപകരും അഞ്ചുവർഷത്തിനുള്ളിൽ അതു നേടണം. അധ്യാപകർ നിർവഹിക്കേണ്ട ചുമതലകൾ അക്കമിട്ട് ഈ നിയമം പറയുന്നുണ്ട്. സമയനിഷ്ഠയും കൃത്യതയും പാലിക്കുക, നൽകിയിട്ടുള്ള സിലബസിനനുസൃതമായി പാഠഭാഗങ്ങൾ പഠിപ്പിക്കുക, നിർദ്ദിഷ്ട സിലബസ് സമയബന്ധിതമായി പൂർത്തിയാക്കുക. കുട്ടിയുടെ പഠനശേഷി വിലയിരുത്തി ആവശ്യമായ സഹായം നൽകുക, മറ്റു നിർദ്ദിഷ്ട ചുമതലകൾ നിർവഹിക്കുക എന്നിവയാണവ.

അധ്യാപകരെ സെൻസസ്, തെരഞ്ഞെടുപ്പ് ഒഴികെയുള്ള മറ്റ് വിദ്യാഭ്യാസേതര ജോലികൾക്ക് നിയോഗിക്കരുതെന്നും പ്രൈവറ്റ് ട്യൂഷൻ എടുക്കരുതെന്നും നിയമത്തിൽ വ്യവസ്ഥയുണ്ട്.

പാഠ്യപദ്ധതി ആദ്യമായി നിയമത്തിന്റെ പരിധിയിൽ വരുന്നു എന്നതാണ് ഈ ആക്ടിന്റെ മറ്റൊരു സവിഷശഷത. നിശ്ചിതമായ പാഠ്യപദ്ധതിയും സിലബസും മൂല്യനിർണയവും ഉത്തരവാദപ്പെട്ട ഒരു വിദ്യാഭ്യാസ ഏജൻസി തയ്യാറാക്കി സർക്കാർ പ്രസിദ്ധപ്പെടുത്തണം.

പാഠ്യപദ്ധതിയും മൂല്യനിർണയ സമ്പ്രദായവും രൂപപ്പെടുത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ കണക്കിലെടുക്കണം.

(1) ഭരണഘടനാമൂല്യങ്ങൾക്കനുസൃതമാകണം.

(2) കുട്ടിയുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്നതാകണം.

(3) കുട്ടിയുടെ ജ്ഞാനം, ശേഷികൾ, വൈദഗ്ധ്യം ഇവ വളർത്തുന്നതാകണം.

(4) കായികവും മാനസികവമായ സമഗ്രവികാസം പരമാവധി ഉറപ്പാക്കുന്നതാകണം.

(5) കഴിവതും മാതൃഭാഷ തന്നെയാകണം ബോധനമാധ്യമം.

(6) കുട്ടിക്ക് ഭയമോ സംഘർഷമോ പിരിമു



റുക്കമോ കൂടാതെ സ്വതന്ത്രമായി ആശയപ്രകാശനത്തിന് സഹായകമാകണം.

(7) കുട്ടികളുടെ ധാരണയും ശേഷികളും നിരന്തരവും സമഗ്രവുമായി വിലയിരുത്തുന്നതും അറിവിന്റെ പ്രയോഗക്ഷമത ഉറപ്പാക്കുന്നതുമായ മൂല്യനിർണയരീതി സ്വീകരിക്കണം.

എട്ടാംക്ലാസ്സു പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും പൊതുപരീക്ഷ (Board Exam) കൂടാതെ തന്നെ യോഗ്യതാസർട്ടിഫിക്കറ്റുകൾ നല്കണമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നു.

ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിൽ 800 പഠനമണിക്കൂറിൽ കുറയാത്ത 200 പ്രവൃത്തിദിവസവും 5 മുതൽ 8 വരെ ക്ലാസ്സുകളിൽ 1000 പഠനമണിക്കൂറിൽ കുറയാതെ 220 പ്രവൃത്തിദിനങ്ങളും ഉറപ്പാക്കണമെന്ന് നിയമം നിഷ്കർഷിക്കുന്നു. ആഴ്ചയിൽ 45 മണിക്കൂർ (മുന്നൊരുക്ക സമയമുൾപ്പെടെ) ഒരധ്യാപകന്റെ പ്രവൃത്തി സമയമായി നിയമം വ്യവസ്ഥചെയ്യുന്നു.

ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ആവശ്യമായ ചട്ടങ്ങൾ ബന്ധപ്പെട്ട സർക്കാരുകൾ രൂപപ്പെടുത്തണം. ചട്ടങ്ങൾ ഉണ്ടാക്കേണ്ട 18 ഇനങ്ങൾ വ്യക്തമായി നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള അവകാശം സംരക്ഷിച്ചു കിട്ടാൻ ഏതൊരു രക്ഷിതാവിനും നീതിപീഠത്തെ സമീപിക്കാം എന്നതാണ് ഈ നിയമം നൽകുന്ന പരിരക്ഷ.

## നിയമവ്യവസ്ഥകളും കേരളവും

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിയമവ്യവസ്ഥയ്ക്ക് ഉള്ളിൽ കൊണ്ടുവന്നു എന്നതാണ് ഈ നിയമത്തിന്റെ വ്യതിരിക്തത. സാമൂഹികപ്രക്രിയയും സർക്കാരിന്റെ പ്രഥമകടമയുമായ പൊതുവിദ്യാഭ്യാസത്തെ ഒരു സ്വകാര്യപ്രക്രിയായും വിലനല്കേണ്ട ഉത്പന്നവുമായും പരിഗണിച്ചുകൊണ്ടുള്ള വകുപ്പുകളുമുണ്ട് എന്നതാണ് ഈ നിയമത്തിന്റെ പരിമിതി. വേണ്ട പണം നീക്കിവയ്ക്കാതെ സർക്കാരിന്റെ ചെലവുകുറയ്ക്കാനുള്ള നവലിബറൽ സാമ്പത്തികനയം, നിയമവ്യവസ്ഥകളിലും കടന്നുവരുന്നതിനുള്ള ഉത്തമോദാഹരണം കൂടിയാണിത്.

കേരളത്തെ സംബന്ധിച്ച് ഇതിലെ നവലിബറൽ അജണ്ടയുടെ ഘടകങ്ങളല്ല പരിഗണിക്കേണ്ടത്. നമ്മുടെ സുസ്സംഘടിതമായ സ്കൂൾ സംവിധാനത്തെ, 12000 ത്തിലധികം വരുന്ന സ്കൂൾശൃംഖലയെ, ശക്തമാക്കുന്നതിനും ഏകീകൃത പാഠ്യപദ്ധതിക്കും ഗുണനിലവാര ഘടകങ്ങൾക്കും ഉള്ളിൽകൊണ്ടുവരുന്നതിനുമുള്ള അവസരമാക്കണം. ഇതിനനുസൃതമായി ആക്ടിൽ പറഞ്ഞിരിക്കുന്ന ചട്ടങ്ങൾ വികസിപ്പിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.

എതിർക്കപ്പെടേണ്ട ഒട്ടേറെ വ്യവസ്ഥകൾ ഉണ്ടെങ്കിലും(അവ മറ്റൊരു ലേഖനത്തിൽ സൂചിപ്പിക്കുന്നതുകൊണ്ട് പരാമർശിക്കുന്നില്ല.) കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007ന്റെ ചർച്ചയിൽ കേരളസമൂഹം അംഗീകരിച്ചതും കച്ചവട വിദ്യാഭ്യാസതാത്പര്യക്കാർ എതിർത്തതുമായ വ്യവസ്ഥകൾ തന്നെയാണ് കേന്ദ്രനിയമം ഇപ്പോൾ അടിവരയിടുന്നത് ■

*എസ്.സി.ഇ.ആർ.ടി. യിൽ റിസർച്ച് ഓഫിസറാണ് ലേഖകൻ*

■ ഡോ. എം.എ.ഖാദർ

# വിദ്യാഭ്യാസ അവകാശനിയമം പരിമിതികളും സാധ്യതകളും

**വിദ്യാഭ്യാസ അവകാശനിയമത്തെ കേരള പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് എസ്.സി.ഇ.ആർ.ടി. ഡയറക്ടർ കൂടിയായ ലേഖകൻ.**

വിദ്യാഭ്യാസ അവകാശ നിയമം (The Right of Children to Free and Compulsory Education-2009) വ്യക്തികളുടെയും സമൂഹത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കാനുള്ള ജനാധിപത്യത്തിന്റെ കരുത്ത് വെളിപ്പെടുത്തുന്നതാണ്. തുല്യതയും സാമൂഹികനീതിയും നമ്മുടെ ജനാധിപത്യത്തിന്റെ രണ്ട് സുപ്രധാന തത്വങ്ങളാണ്. പക്ഷേ അവ രാജ്യത്താകെ വ്യാപിപ്പിക്കുന്നതിന് മുഖ്യപങ്കു വഹിക്കേണ്ടത് വിദ്യാഭ്യാസമാണ്. നമ്മുടെ നിയമനിർമ്മാതാക്കളുടെ കൂട്ടായ ചിന്തയിലൂടെ രൂപംകൊണ്ട ഈ നിയമം ആ പങ്കു തിരിച്ചറിയുന്നുണ്ടെന്നത് ശ്ലാഘനീയമാണ്. പുരോഗമനപരമായ നിരവധി വ്യവസ്ഥകൾ ഈ നിയമത്തിലുണ്ട്. നിർബന്ധിതവും സൗജന്യവുമായ സാർവത്രികവിദ്യാഭ്യാസം, ബന്ധപ്പെട്ട സർക്കാരുകളുടെ കടമകൾ, സ്കൂളുകൾ ഇല്ലാത്തയിടങ്ങളിൽ അവ ആരംഭിക്കാനും കുട്ടിയുടെ ചുറ്റുവട്ടത്ത് സ്കൂൾ ലഭ്യമാക്കാനുമുള്ള വ്യവസ്ഥ, ക്യാപ്പിറ്റേഷൻ ഫീയും പ്രവേശനപ്പരീക്ഷകളും പാടില്ലെന്ന വ്യവസ്ഥ, പ്രവേശനത്തിന് പ്രായപരിധി തടസ്സമാകരുത്, കുട്ടിയെ പുറത്താക്കരുത്, ശാരീരിക ശിക്ഷകൾ പാടില്ല, ഗുണനിലവാരമുള്ള അധ്യാപകരുണ്ടാകണം, പരാതിപരിഹാര സംവിധാനമുണ്ടാകണം, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുണ്ടാവണം തുടങ്ങിയ നിബന്ധനകൾ എന്നിവയൊക്കെ സാമൂഹികനീതി ഉറപ്പാക്കാൻ ഉതകുന്ന വകുപ്പുകളാണ്. വിദ്യാഭ്യാസത്തെ ഒരു സാമൂഹികക്ഷേമ സങ്കല്പത്തിൽനിന്നും മാറ്റി അവകാശനിയമമാക്കിയത് നിയമം ലംഘിക്കപ്പെട്ടാൽ കോടതിവഴി പരിഹാരം നേടുന്നതിനു പൗരൻമാരെ പ്രാപ്തരാക്കുന്നു.

ഇങ്ങനെ പല നല്ല വശങ്ങളുമുണ്ടെങ്കിലും ഒട്ടേറെ പരിമിതികളും അപകടകരമായ വ്യവസ്ഥകളും ഈ നിയമത്തിലുണ്ടെന്നതു കാണാതിരുന്നുകൂടാ. ഏറ്റവും പ്രതിലോമകരമായ കാര്യം വ്യത്യസ്തതരം സ്കൂളുകളെ ഈ നിയമം അംഗീകരിക്കുന്നുവെന്നതാണ്. പൊതുസ്കൂളുകളും സ്വകാര്യമേഖലയിലുള്ള അൺ-എയ്ഡഡ് സ്കൂളുകളും സമൂഹത്തിന്റെ വ്യത്യസ്ത തട്ടുകളിലുള്ളവർക്കായാണ് ഇന്നു പ്രവർത്തിക്കുന്നത്. ഒന്നാംക്ലാസിലെ 25 ശതമാനം സീറ്റുകൾ ദുർബലവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി നീക്കിവയ്ക്കണമെന്നുമുള്ള വകുപ്പ് ചില ചോദ്യങ്ങളുയർത്തുന്നു. അങ്ങനെ പ്രവേശിപ്പിക്കുന്നവരുടെ ഫീസ് സർക്കാരാണ് നൽകേണ്ടത്. സാമ്പത്തികമായും സാമൂഹികമായും വിവിധ തട്ടുകളിലുള്ള കുട്ടികൾ വേർതിരിഞ്ഞുപഠിക്കുന്നതിനുപകരം ഒന്നിച്ചിരുന്നു പഠിക്കുന്നതാണ് അസമത്വങ്ങൾ ഇല്ലാതാക്കാനും കൂട്ടായ്മയും തുല്യതയും ഉറപ്പാക്കാനും നല്ലത്. ഈ ചിന്തയിലാവും മുകളിൽ പറഞ്ഞ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ അത്തരമൊരു ചിന്തയ്ക്കു പകരം അൺ-എയ്ഡഡ് സ്കൂളുകൾ സർക്കാർ സ്കൂളിനെക്കാൾ മെച്ചമാണ് എന്ന ഒരു ധാരണ ജനങ്ങളിൽ ബലപ്പെടാനാവും ഇതു വഴിയൊരുക്കുക. അൺ എയ്ഡ്സ് സ്കൂളുകളാകട്ടെ പലതും അങ്ങനെ അക്കാദമികമായി മികച്ച നിലവാരമുള്ളതുമല്ല. പക്ഷേ ഈ നിയമത്തിലെ വ്യവസ്ഥ അൺ എയ്ഡഡ് സ്കൂളുകൾക്ക് പ്രോത്സാഹനമേകും. മാത്രവുമല്ല, നിയമം സൗജന്യ വിദ്യാഭ്യാസമാണ് നിർദേശിക്കുന്നത്. ഫീസ് മാത്രം സൗജന്യമായാൽ പോരല്ലോ, യാത്ര, വസ്ത്രം, ഭക്ഷണം തുടങ്ങിയവയുൾപ്പെടെയുള്ള അനുബന്ധ ചെലവുകൾ ആരുവഹിക്കും? അതും സർക്കാർ

വഹിക്കുമോ?

മറ്റൊന്ന്, അയൽപക്ക സ്കൂൾസമ്പ്രദായവുമായി ബന്ധപ്പെട്ടതാണ്. ഈ നിയമം അയൽപക്കസ്കൂൾ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നു. പക്ഷേ, നിർഭാഗ്യവശാൽ അൺ-എയ്ഡഡ് സ്കൂളുകൾ ചുറ്റുവട്ടത്തുള്ള എല്ലാ കുട്ടികൾക്കും പ്രവേശനം നൽകാറില്ല; യഥാർഥത്തിൽ അങ്ങനെയാണ് വേണ്ടതെങ്കിലും. അതിനാൽ അസമത്വം തുടരുന്നതിനു മാത്രമുതകുന്ന ഇത്തരം രണ്ടുതരം സ്കൂൾവ്യവസ്ഥ അവസാനിപ്പിക്കാനും അയൽപക്ക സ്കൂൾ സമ്പ്രദായം പ്രോത്സാഹിപ്പിക്കാനുമായിരുന്നു നിയമം ശ്രമിക്കേണ്ടിയിരുന്നത്.

പ്രീസ്കൂൾ സമ്പ്രദായത്തെ ആക്ട് അംഗീകരിക്കുന്നുവെങ്കിലും മൂന്നു മുതൽ ആറു വയസുവരെയുള്ള പ്രീസ്കൂൾ കാലഘട്ടത്തെ ഔപചാരികവിദ്യാഭ്യാസത്തിന്റെ ഭാഗമായി കാണാൻ ഈ നിയമവും തയറായിട്ടില്ല. പ്രീസ്കൂൾ വിദ്യാഭ്യാസം പ്രൈമറി ഘട്ടത്തിൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനുതകുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. 1986-ൽ നിലവിൽവന്ന് 92ൽ പരിഷ്കരിച്ച ദേശീയ വിദ്യാഭ്യാസനയത്തിൽ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനഘടകമായി പ്രീ സ്കൂൾ വിദ്യാഭ്യാസത്തെ ഉൾപ്പെടുത്തിയത് അതുകൊണ്ടാണ്. സർവശിക്ഷാ അഭിയാനിലും ഇതിന് കൂടുതൽ അർഥപൂർണമായ ഇടം നൽകിയിട്ടുണ്ട്. ഇതൊന്നും കണക്കിലെടുക്കാതെ പുതിയ നിയമം പ്രീസ്കൂൾ ഘട്ടത്തെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ പടിക്കു പുറത്തുതന്നെ നിർത്തിയിരിക്കുകയാണ്. സാർവത്രിക വിദ്യാഭ്യാസത്തിനുള്ള ഒരു തന്ത്രമായി പ്രീസ്കൂൾ വിദ്യാഭ്യാസത്തെ അംഗീകരിക്കുന്നതിൽ ഈ നിയമം പരാജയപ്പെടുന്നു.

ആദ്യമായാണ് ദേശീയ കരിക്കുലം ചട്ടക്കൂട് സംസ്ഥാനങ്ങളും പിന്തുടരണമെന്ന നിബന്ധന (ഈ നിയമത്തിലൂടെ) വരുന്നത്. ഇതു ഗുണനിലവാരവർധനയ്ക്കു സഹായിക്കും. വാസ്തവത്തിൽ 2007-ൽ തന്നെ കേരളം ഇത്തരമൊരു പാഠ്യപദ്ധതി ചട്ടക്കൂടിനു രൂപം നൽകിയിരുന്നു. ഇത്തരത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടുണ്ടാക്കിയ ഒരേ ഒരു സംസ്ഥാനം കേരളമാണ്. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ഒരു പാഠ്യപദ്ധതി വേണമെന്ന് പുതിയനിയമം പറയുന്നുണ്ടെങ്കിലും അധ്യാപകർ നിശ്ചിത സമയത്തിനുള്ളിൽ മുഴുവൻ പാഠ്യപദ്ധതിയും പഠിപ്പിച്ചു തീർക്കണമെന്ന വ്യവസ്ഥ അധ്യാപകരും സ്കൂൾ അധികൃതരും തമ്മിലുള്ള സംഘർഷങ്ങൾക്കു വഴിവച്ചേക്കാം. അധ്യാപകരെ അക്കാദമിക പ്രവർത്തനത്തിന്റെ സുപ്രധാന ഭാഗമായി ആക്ട് കാണുന്നുണ്ടെങ്കിലും കേന്ദ്രസർക്കാർ അധികാരപ്പെടുത്തുന്ന ഒരു അക്കാദമിക് അതോറിറ്റി ആവണം മിനിമം യോഗ്യതകൾ നിശ്ചയിക്കാനെന്ന വ്യവസ്ഥ പല പ്രശ്നങ്ങൾക്കും വഴി തുറക്കും. അതിന്റെയർഥം അധ്യാപകരുടെ ഒരു ദേശീയ കേഡർ രൂപീകരിക്കുമെന്നാണോ? എയ്ഡഡ് - അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ തെരഞ്ഞെടുപ്പ് എങ്ങനെയാവും? അതുപോലെ സയൻസിനും കണക്കിനും സാമൂഹികശാസ്ത്രത്തിനും ഭാഷയ്ക്കും ഒരു പൂർണ അധ്യാപകനെ വിതം വേണമെന്നു നിഷ്കർഷിക്കുമ്പോൾ കലയ്ക്കും ആരോഗ്യത്തിനും കായിക പഠനത്തിനും പാർട്ട്ടൈം അധ്യാപകർ മതിയെന്ന വ്യവസ്ഥയും ആശങ്കയുളവാക്കുന്നതാണ്. മുൻപും കലയെയും കായികപരിശീലനത്തെയുമൊക്കെ മറ്റുള്ളതിനേക്കാൾ പ്രാധാന്യം കുറച്ചുകാണുകയും അതനുസരിച്ച് ആ അധ്യാപകർക്ക് ശമ്പളം കണക്കാക്കുകയും ചെയ്ത രീതിയെ ഈ നിയമവും പിൻതുടരുകയാണ്.

ഒരു സ്കൂളിനും അധ്യാപകരുടെ ഒഴിവുകൾ പത്തുശതമാനത്തിൽ കവിയരുതെന്ന് നിയമം പറയുന്നു. എന്നാൽ പത്തുശതമാനം ഒഴിവുകളാകാം എന്നു പറയുന്നതിനുപകരം പത്തുശതമാനം പേർ അധികമായുണ്ടാകണമെന്നു വ്യവസ്ഥ വന്നിരുന്നുവെങ്കിൽ സ്കൂളുകളിൽ അധ്യാപകരില്ലാത്ത അവസ്ഥ ഒഴിവാക്കാൻ കഴിയുമായിരുന്നു.

വിദ്യാഭ്യാസ അവകാശം ശരിയായി സംരക്ഷിക്കുന്നതിനുള്ള ഒരു തടസം പണത്തിന്റെ കുറവാണ്. അതുകൊണ്ട് ഈ നിയമം നടപ്പാക്കാനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ നൽകേണ്ടതാണ്. എന്നാൽ സാമ്പത്തിക ബാധ്യത സംസ്ഥാനവും കേന്ദ്രവും ചേർന്ന് വഹിക്കണമെന്നാണ് ആക്ടിലെ വ്യവസ്ഥ.

നിയമത്തിന്റെ മറ്റൊരു പ്രധാന പരിമിതി ഓരോ സംസ്ഥാനത്തെയും സവിശേഷ സാഹചര്യങ്ങളെ കണക്കിലെടുക്കാതെ രാജ്യത്തിന്റെ പൊതുസ്ഥിതി മാത്രം കണക്കിലെടുത്താണ് ഈ നിയമത്തിനു രൂപം നൽകിയിരിക്കുന്നത് എന്നതാണ്. മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കാൻ കഴിഞ്ഞ, സമ്പൂർണസാക്ഷരത കൈവരിച്ച കേരളം ഏറെ സവിശേഷതകളുള്ള സംസ്ഥാനമാണ്. 12647 സ്കൂളുകളും 1,80,000 അധ്യാപകരും ഇവിടെയുണ്ട്. പത്താംതരം പാസ്സാവുന്ന എല്ലാവരെയും പന്ത്രണ്ടാംതരം വരെ പഠിപ്പിക്കാനുള്ള സീറ്റുകളും നമുക്കുണ്ട്. കൊഴിഞ്ഞുപോക്ക് 4 ശതമാനം മാത്രമാണ്. അതുകൊണ്ട് സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പരിഗണന പ്രൈമറിതലത്തിലെ സാർവത്രിക വിദ്യാഭ്യാസമല്ല, സെക്കൻഡറി തലത്തിലെ സാർവത്രിക വിദ്യാഭ്യാസവും മൊത്തം വിദ്യാഭ്യാസത്തിന്റെ നിലവാര വർദ്ധനവുമാണ്. പത്താംക്ലാസിലെ വിജയം 2006-ലെ 68 ശതമാനത്തിൽ നിന്ന് 2009-ലെ 92 ശതമാനത്തിലെത്തി നിൽക്കുകയാണ്. നിയമത്തെ സ്വാഗതം ചെയ്യുമ്പോൾത്തന്നെ സംസ്ഥാനത്തിന്റെ ഇത്തരം സവിശേഷതകളും ആവശ്യങ്ങളും കണക്കിലെടുത്തുള്ള മാറ്റങ്ങൾക്കുള്ള വ്യവസ്ഥകളും വേണ്ടതുണ്ടെന്ന വസ്തുത അടിവരയിട്ടു പറയേണ്ടിയിരിക്കുന്നു. 80 ശതമാനം കുട്ടികളും പഠിക്കുന്ന സർക്കാർ-എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്താകെ വ്യാപിച്ചിട്ടുണ്ട്. അവയുടെ നിലവാരമുയർത്തുകയാണ് സംസ്ഥാനത്തിന്റെ മുൻഗണന. അധ്യാപക-വിദ്യാർഥി അനുപാതം കുറയ്ക്കുക , ഐ ടി അധിഷ്ഠിത പ്രൊഫഷണൽ പരിശീലനം ഏർപ്പെടുത്തുക, പഠിതാക്കളുടെ കഴിവുകൾ വികസിപ്പിക്കാനുള്ള വിഭവപിന്തുണ ഉറപ്പാക്കുക, കൃത്യമായ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണം കൊണ്ടുവരിക എന്നിവയൊക്കെയാണ് കേരളത്തിനു വേണ്ടത്. ഇതിനു ധാരാളം പണം ആവശ്യമായി വരും. പൊതുസ്കൂളുകളുടെ നിലവാരമുയർത്തിയേ സ്വകാര്യവത്കരണത്തിന്റെ ഭീഷണികളെ ചെറുക്കാനാവൂ. അൺ-എയ്ഡഡ് സ്കൂളിൽ 25 ശതമാനം കുട്ടികളെ പഠിപ്പിക്കാൻ സർക്കാർ പണം കൊടുക്കണമെന്നുവന്നാൽ സർക്കാരിന്റെ പണത്തിൽ നല്ലൊരു പങ്ക് അവിടേക്ക് പോവുകയും പൊതു സ്കൂളുകൾ ദുർബലമാവുകയും ചെയ്യും. അതുകൊണ്ട് കേരളത്തിന്റെ ഗുണനിലവാരവർധനയ്ക്കുള്ള മുഴുവൻ ചെലവും കേന്ദ്രം വഹിക്കേണ്ടതുണ്ട്. രാജ്യത്താകെ വിദ്യാഭ്യാസഅവകാശം എല്ലാകുട്ടികൾക്കും ലഭിക്കുന്നതിനുള്ള സാഹചര്യമുറപ്പിക്കാൻ കേന്ദ്രസർക്കാർ അടുത്ത പത്തു വർഷത്തേക്കെങ്കിലും പ്രധാന പങ്ക് വഹിച്ചേ തീരൂ ■



പല നല്ല വശങ്ങളുമുണ്ടെങ്കിലും ഒട്ടേറെ പരിമിതികളും അപകടകരമായ വ്യവസ്ഥകളും ഈ നിയമത്തിലുണ്ടെന്നതു കാണാതിരുന്നുകൂടാ.

**ജി. സാജൻ**

ടെലിവിഷനിൽ ഇതു റിയാലിറ്റി ഷോകളുടെ കാലമാണ്. സംഗീതവും നൃത്തവും മുതൽ പാചകം വരെയുള്ള വിവിധതരം റിയാലിറ്റി ഷോകൾ മലയാളിയുടെ സന്ധ്യകളെ കീഴടക്കുന്നു. എന്നാൽ അവയിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തവും കൂടുതൽ അർഥപൂർണവുമായ മറ്റൊരു റിയാലിറ്റി ഷോ -ഗ്രീൻ കേരളാ എക്സ്പ്രസ് - അണിയറയിൽ ഒരുങ്ങുകയാണ്. ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ. സുസ്ഥിര വികസന മാതൃകകൾ വികസിപ്പിച്ചെടുത്ത ഏറ്റവും നല്ല പഞ്ചായത്തുകളെ തെരഞ്ഞെടുക്കാനുള്ള മത്സരം. ടെലിവിഷനിൽ പ്രചുരപ്രചാരമുള്ള ഒരു പരിപാടിയെ വികസനോൻമുഖമായ ആശയവിനിമയത്തിനായി പരിവർത്തനം ചെയ്യാനുള്ള ഒരു പരിശ്രമമാണ് ദൂരദർശനിലെ ഈ പുതിയ സംരംഭം.

ഇന്ത്യയിൽ ദൂരദർശനും ആകാശവാണിയും ആരംഭിക്കുന്നതു തന്നെ വികസനോൻമുഖമായ വിവരവിനിമയത്തിന്റെ ഉജ്ജ്വല മാതൃകകൾ സൃഷ്ടിച്ചുകൊണ്ടാണ്. നിർഭാഗ്യവശാൽ, കമ്പോളം ഹൈജാക്ക് ചെയ്ത മാധ്യമലോകം പ്രാഥമികമായ ഈ മാധ്യമധർമ്മം മറന്നുപോയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ടെലിവിഷൻ ചരിത്രത്തിലെ ഈ പുതിയ മാതൃക ശ്രദ്ധേയമാകുന്നത്. സംസ്ഥാന ശുചിത്വ മിഷനും സി-ഡിറ്റുമായി ചേർന്നാണ് ദൂരദർശൻ വികസനക്കാഴ്ചയുടെ വ്യത്യസ്തമായ ഒരു ദൃശ്യാനുഭവം പ്രദാനം ചെയ്യാനുള്ള ഈ അസാധാരണ മാധ്യമ പരീക്ഷണത്തിന് അരങ്ങൊരുക്കുന്നത്.

സാമൂഹികപരിഷ്കരണ പ്രക്രിയയിലെ ഒരു നിർണായക ഇടപെടലായി മാറിയ ജനകീയാസൂത്രണം സൃഷ്ടിച്ച വിസ്മയകരമായ മാതൃകകൾ നിരവധിയുണ്ട് നമ്മുടെ ഗ്രാമങ്ങളിൽ. കൂട്ടായ്മയിലൂടെ കാർഷിക മേഖലയ്ക്ക് പുതുജീവനുണ്ടാക്കുന്നു, നീർത്തടങ്ങൾ വികസിപ്പിച്ച് ജല-ഭൂവിനിയോഗം കൂടുതൽ ശാസ്ത്രീയമാക്കുന്നു, സ്കൂളുകളിൽ പഠനം കൂടുതൽ അർഥപൂർണമാകുന്നു, മാലിന്യം തെറ്റായ സ്ഥലത്തിരിക്കുന്ന സമ്പത്താണ് എന്ന തിരിച്ചറിവുണ്ടാക്കുന്നു, പ്രാദേശിക ഊർജസ്രോതസ്സുകൾ കണ്ടെത്തുന്നു, ആരോഗ്യത്തിനടിസ്ഥാനം രോഗപ്രതിരോധവും ജീവിതശൈലീമാറ്റവുമാണ് എന്നു ബോധ്യത്തിൽ നിന്ന് അതിനുള്ള പരിപാടികളുണ്ടാകുന്നു. ഇങ്ങനെ വ്യത്യസ്ത വികസന മേഖലകളിൽ സൂക്ഷ്മവും പ്രാദേശികവുമായ വികസനമാതൃകകൾ ഉരുത്തിരിഞ്ഞുവരുന്നു. നിർഭാഗ്യവശാൽ ഇത്തരം പരീക്ഷണങ്ങൾക്ക് വേണ്ടത്ര

## ടെലിവിഷൻ ചരിത്രത്തിലെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ

# ഗ്രീൻ കേരള എക്സ്പ്രസ്

**സുസ്ഥിര വികസന മാതൃകകൾ വികസിപ്പിച്ചെടുത്ത ഏറ്റവും നല്ല പഞ്ചായത്തുകളെ കണ്ടെത്തുന്നതിന് വ്യത്യസ്തവും അർഥപൂർണവുമായ പുതിയൊരു റിയാലിറ്റി ഷോ അണിയറയിൽ ഒരുങ്ങുകയാണ്.**

പൊതുജനശ്രദ്ധയോ മാധ്യമ പരിഗണനയോ ലഭിക്കുന്നില്ല. പ്രാദേശികഅനുഭവങ്ങൾ ആ ദേശത്തുതന്നെ ഒതുങ്ങി നിൽക്കുന്നു. കേരളത്തിന്റെ വികസനാസൂത്രണരംഗത്തെ ഈ മാതൃകകൾ ലോകശ്രദ്ധയിൽ കൊണ്ടുവരികയാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം.

### പഞ്ചായത്തുകൾ ചെയ്യേണ്ടതെന്ത് ?

പ്രത്യേകം തയാറാക്കിയ ചോദ്യാവലി വിശദമായി പൂരിപ്പിച്ചയയ്ക്കുകയാണ് ഈ റിയാലിറ്റി ഷോയിൽ പങ്കെടുക്കുവാൻ പഞ്ചായത്തുകൾ ചെയ്യേണ്ടത്. പഞ്ചായത്തിലെ നൂതനമായ വികസനമാതൃകകളെക്കുറിച്ച് ചെറുകുറിപ്പുകൾ തയ്യാറാക്കി ഒപ്പം അയയ്ക്കണം. ഏറ്റവും വ്യത്യസ്തവും ദൃശ്യസാധ്യതയുള്ളതുമായ ഒരു മാതൃകയെപ്പറ്റി മെച്ചപ്പെട്ട വീഡിയോ സാങ്കേതികവിദ്യ ഉപയോഗിച്ച് 5-8 മിനിറ്റ് ദൈർഘ്യമുള്ള ഒരു ദൃശ്യചിത്രവും തയ്യാറാക്കേണ്ടതുണ്ട്. പഞ്ചായത്ത് തയ്യാറാക്കിയ പുസ്തകങ്ങൾ, ലഘുചിത്രങ്ങൾ, മറ്റ് പ്രചാരണോപാധികൾ എന്നിവയും അവയുടെ വിശദാംശങ്ങളും അയയ്ക്കണം.

### മത്സര രീതി

പഞ്ചായത്തുകൾ സമർപ്പിക്കുന്ന പൂരിപ്പിച്ച ചോദ്യാവലി, ദൃശ്യചിത്രം, മറ്റ് അനുബന്ധ സാമഗ്രികൾ, പ്രചാരണോപാധികൾ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും ആദ്യഘട്ടത്തിലെ തെരഞ്ഞെടുപ്പ്. സംസ്ഥാനതലത്തിൽ രൂപീകൃതമായ ഒരു സാങ്കേതിക ജൂറിയാണ് എൻട്രികൾ വിലയിരുത്തുക. തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളെ സ്വന്തം വികസനമാതൃകകൾ അവതരിപ്പിക്കാൻ ക്ഷണിക്കും. ദൃശ്യ ചിത്രങ്ങൾ, മറ്റ് പ്രചാരണോപാധികൾ എന്നിവയുടെ സഹായത്തോടെ പഞ്ചായത്തിന്റെ പ്രതിനിധിക്ക് വിശിഷ്ട ജൂറിയുടെ മുന്നിൽ സ്വന്തം പഞ്ചായത്തിന്റെ മേന്മകൾ അവതരിപ്പിക്കാം. ജൂറിയും സദസ്യരും ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയാനും അവസരം കിട്ടും. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളെ അവസാനഘട്ടത്തിൽ വിശദമായ വിശകലനത്തിന് വിധേയമാക്കും. ഈ പ്രക്രിയയിലൂടെ ഏറ്റവും നല്ല സുസ്ഥിര മാതൃകകൾ വികസിപ്പിച്ചെടുത്ത പഞ്ചായത്തുകളെ തെരഞ്ഞെടുക്കും.

### വ്യക്തികൾക്കും സമ്മാനങ്ങൾ

ഓരോ ആഴ്ചയും സുസ്ഥിരവികസനത്തിന്റെ മാതൃകകൾ വികസിപ്പിച്ച വ്യക്തികൾ, സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവയ്ക്കും സുസ്ഥിരവികസനത്തിനു സഹായകമായ ആശയങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവയ്ക്കും സമ്മാനങ്ങളുണ്ടാവും. ആഴ്ചതോറും ഇത്തരത്തിൽ നടക്കുന്ന പ്രത്യേകമത്സരങ്ങളിൽ പഞ്ചായത്തുകൾക്കും വ്യക്തികൾക്കും സർക്കാരേതര സംഘടനകൾക്കും പങ്കെടുക്കാം. പരിപാടിക്കൊപ്പം ജനങ്ങൾക്ക് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന ആശയങ്ങൾ, സന്ദേശങ്ങൾ എന്നിവയും തുടർച്ചയായി നൽകും. എല്ലാ എപ്പിസോഡിലും ഒരു സിറ്റിസൺ റിപ്പോർട്ടിലൂടെ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്നുള്ള വ്യത്യസ്ത ദൃശ്യങ്ങളും അവതരിപ്പിക്കും. ജൂറിയുടെ തെരഞ്ഞെടുപ്പിനൊപ്പം എസ് എം എസിലൂടെ പ്രേക്ഷകർക്കും വോട്ടിങ് നടത്താൻ കഴിയും. ഇത് പ്രത്യേക പുരസ്കാരമായി നൽകും.

### സംപ്രേഷണം

ദൂരദർശന്റെ മലയാളം/കേരളം ചാനലിലൂടെ തിങ്കൾ മുതൽ വെള്ളിവരെ വൈകിട്ട് 5.05ന് മുതൽ ഭൂതലചാനലിലും 8.30ന് ഉപഗ്രഹചാനലിലും ഈ റിയാലിറ്റി ഷോ സംപ്രേഷണം ചെയ്യും.

greenkeralaexpress.com എന്ന വെബ്പോർട്ടലിൽ ഓരോ ദിവസവും സംപ്രേഷണം ചെയ്യുന്ന എപ്പിസോഡും പങ്കെടുക്കുന്ന എല്ലാ പഞ്ചായത്തുടെയും വിവരങ്ങളും പൂരിപ്പിച്ച ചോദ്യാവലിയും ദൃശ്യചിത്രവും ലഭ്യമാവും. വ്യക്തികൾക്കും പഞ്ചായത്തിനും പരിപാടിയുമായി ബന്ധപ്പെട്ട ലഘുചിത്രങ്ങൾ ഇതിലേക്ക് അപ്‌ലോഡ് ചെയ്യാനും നിർദ്ദേശങ്ങൾ അയയ്ക്കാനും ചർച്ചകളിൽ പങ്കെടുക്കാനും കഴിയും.

നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് ഇതേവരെ സാധ്യമാകാത്ത ഒരു പ്രചാരണ അവസരമാണ് ഈ സോഷ്യൽ റിയാലിറ്റി ഷോയിലൂടെ കൈവരുന്നത്.

*(ലേഖകൻ തിരുവനന്തപുരം* **ദൂരദർശൻ കേന്ദ്രത്തിൽ അസി.സ്റ്റേഷൻ ഡയറക്ടറാണ് )**
*ഇ-മെയിൽ* sajangopalan@gmail.com



■ ഡോ. കെ.പി. അരവിന്ദൻ

# സോമൻ സാർ
## ഒരു അനുസ്മരണം

**പ്രതിബദ്ധതയുള്ള ജനകീയാരോഗ്യവിദഗ്ധൻ എന്നതിനുപരി വൈദ്യശാസ്ത്രത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക് പടർന്ന ബഹുമുഖ വ്യക്തിത്വത്തിനുടമയായിരുന്നു, ഈയിടെ അന്തരിച്ച, ഡോ. സി.ആർ. സോമൻ.**

പിതാവ് വിട്ടുപോകുമ്പോൾ എന്തെങ്കിലും എഴുതാനാകുമോ? സോമൻ സാർ എനിക്കു പിതാവു തന്നെയായിരുന്നു. ജന്മം നൽകിയ ആൾ എന്ന അർഥത്തിലല്ല, മറിച്ച് ആശയങ്ങൾ, മനോഭാവം, ജീവിതവീക്ഷണം എന്നിവയെല്ലാം പകർന്നുതന്ന ആൾ എന്ന നിലയ്ക്ക്.

എഴുപതുകളുടെ തുടക്കത്തിലാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുന്നത്. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി സെന്ററിൽ സയൻസ് സൊസൈറ്റി സംഘടിപ്പിച്ച ഒരു പ്രഭാഷണ വേളയിലാണത്. അന്നു ഞാൻ പ്രീഡിഗ്രിക്കു പഠിക്കുകയായിരുന്നു. സോമൻസാറായിരുന്നു പ്രഭാഷകൻ.

ചുള്ളികണക്കെ മെലിഞ്ഞ അദ്ദേഹത്തെ ആദ്യം കാണ്ടപ്പോൾ വലിയ മതിപ്പൊന്നും തോന്നിയില്ല. പക്ഷേ അദ്ദേഹം സംസാരം തുടങ്ങിയപ്പോൾ സംഗതിയാകെ മാറി. ഡി.എൻഎ.യെക്കുറിച്ചും ജനറ്റിക് കോഡിനെക്കുറിച്ചും അതെങ്ങനെ ജീവന്റെ നിഗൂഢതകളെ അനാവരണം ചെയ്യുന്നുവെന്നതിനെക്കുറിച്ചും യുക്തിഭദ്രമായ ശൈലിയിൽ അനർഗളം വാക്കുകൾ പ്രവഹിച്ചപ്പോൾ ഞാൻ അടിതെറ്റിവീണു. ഇത്ര വാചാലവും വൈകാരികതീക്ഷ്ണവുമായി ശാസ്ത്രവസ്തുതകൾ വിശദീകരിക്കുന്ന ഒരാളെ ഞാനാദ്യമായി കാണുകയായിരുന്നു. എന്റെ മനസ്സിൽ ഒരു പുതിയ ഹീറോ ജനിച്ചു കഴിഞ്ഞിരുന്നു.

സോമൻസാറിനെ വീണ്ടും കാണുന്നത് ഒരു വർഷം കഴിഞ്ഞാണ്-തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഞങ്ങളുടെ ബയോകെമസ്ട്രി അധ്യാപകനായി. നൂട്രീഷനിലും ബയോകെമസ്ട്രിയിലുള്ള സങ്കീർണവസ്തുതകളും ആശയങ്ങളും അയത്നലളിതമായി അദ്ദേഹം അവതരിപ്പിച്ചു. വെറും വസ്തുതകളുടെ അവതരണം മാത്രമല്ല, കണ്ടുപിടുത്തങ്ങളുടെ പിന്നിലുള്ള സംഭവബഹുലമായ കഥകൾ, നോബൽ സമ്മാനങ്ങൾ ലഭിച്ചവരെക്കുറിച്ചും നഷ്ടപ്പെട്ടവരെക്കുറിച്ചും അതിന്റെ രാഷ്ട്രീയത്തെക്കുറിച്ചുമുള്ള വിശകലനങ്ങൾ- അങ്ങനെ പലതും ആ വാക്ധോരണയിലൂടെ ഞങ്ങളിലെത്തി.

ഞാൻ അകലെനിന്ന് അദ്ദേഹത്തെ ആരാധിക്കാൻ തുടങ്ങി.

അങ്ങനെയിരിക്കെ ഒരുദിവസം സോമൻ സാറിന്റെ വക ഒരു കുറിപ്പ് നോട്ടീസ് ബോർഡിൽ പ്രത്യക്ഷപ്പെടുന്നു. തിരുവനന്തപുരത്തെ തീരപ്രദേശങ്ങളിൽ സംഘടിപ്പിക്കുന്ന ഒരു ഫീൽഡ് സ്റ്റഡിക്ക് വോളന്റിയർമാരാകാൻ വിദ്യാർത്ഥികളോട് അഭ്യർത്ഥിക്കുന്ന കുറിപ്പ്. ഞാനും എന്റെ സുഹൃത്തുക്കളായിരുന്ന രാമദാസും പരമേശ്വരനും കൂടി അദ്ദേഹത്തിന്റെ അടുത്തെത്തി. ഞങ്ങളെ അദ്ദേഹം പരിഗണിക്കുമോ എന്ന ആശങ്കമൂലം മടിച്ചുമടിച്ചാണ് സാറിനെ സമീപിച്ചത്. പക്ഷേ അദ്ദേഹം അപ്പോൾത്തന്നെ ഞങ്ങളെ ടീമിലെടുത്തു. ഒരു പുതിയ അനുഭവലോകം ഞങ്ങൾക്കായി തുറക്കപ്പെടുകയായിരുന്നു. പുതിയ തലമുറയിലെ മെഡിക്കൽ ബിരുദവിദ്യാർത്ഥികളിൽ ഭൂരിപക്ഷത്തിനും ഒരു പക്ഷേ മനസ്സിലാക്കാൻ കഴിയാത്ത ഒരു സവിശേഷമായ അനുഭവം. തുടക്കംമുതൽ തന്നെ സമൻമാരോടെന്നവണ്ണമായിരുന്നു



അദ്ദേഹത്തിന്റെ സമീപനം. ഒരിക്കലും അദ്ദേഹം സാരോപദേശങ്ങൾ നൽകുകയോ ഗുണദോഷിക്കുകയോ ചെയ്തില്ല. അധികാരസ്ഥാനത്തുള്ളവരെ പൂജിക്കുന്ന സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു. അത്തരം ആളുകളുടെ പ്രമാദങ്ങൾക്കെതിരെ പരിഹാസശരങ്ങളുതിർക്കാൻ അദ്ദേഹത്തിനൊട്ടും കൂസലുണ്ടായിരുന്നില്ല. അതൊന്നും ഞങ്ങൾ കേൾക്കുന്നത് അദ്ദേഹത്തിനു പ്രശ്നവുമായിരുന്നില്ല.

'കെയർ' പദ്ധതിയിലൂടെ അമേരിക്കയിൽ അധികം വരുന്ന ഗോതമ്പും ചോളവും പാലും മൂന്നാം ലോക രാജ്യങ്ങളിലേക്ക് 'മാനുഷിക പരിഗണന' എന്ന ലേബലിൽ കയറ്റി അയച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്

പ്രാദേശികമായി ലഭ്യമാകുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് നമ്മുടെ പോഷണദാരിദ്ര്യം പരിഹരിക്കണമെന്ന് സോമൻസാർ വാദിച്ചു. കപ്പയും മീനുമായിരുന്നു കേരളത്തിനായി അദ്ദേഹം നിർദ്ദേശിച്ചത്. അവശ്യംവേണ്ട ഊർജവും പ്രോട്ടീനും അതിൽ നിന്നു ലഭിക്കും. ഓരോ ഞായറാഴ്ചയും ഞങ്ങൾ സാറിന്റെ കൂടെ പ്രധാന പ്രോജക്ട് ഏരിയകളായ പുല്ലുവിളയിലും പൂവാറും പോകും. അക്കാലത്ത് ക്വാഷിയോർക്കറും മരാസ്മസുമുൾപ്പെടെ പോഷണക്കുറവുമൂലമുണ്ടാകുന്ന എല്ലാത്തരം രോഗങ്ങളും അവിടെയുണ്ട്. ഞങ്ങൾ കുട്ടികളുടെ ഹീമോഗ്ലോബിൻ നില അളക്കും; വിരമുട്ടകൾക്കായി മലം പരിശോധിക്കും; പൊക്കവും ശരീരഭാരവും രേഖപ്പെടുത്തും. നിലവിളിച്ചുകൊണ്ടോടുന്ന കുഞ്ഞുങ്ങളെ പുറകെചെന്നു കൂട്ടിക്കൊണ്ടുവന്ന് കുളിപ്പിക്കും. അന്നൊക്കെ വ്യാപകമായിരുന്ന ചൊറിക്ക് പ്രതിവിധിയായി അവരുടെ ശരീരങ്ങളിൽ ബൻസോയിൽ ബൻസോവേറ്റ് പുരട്ടും. ജീവകാരുണ്യപ്രവർത്തനമാണ് ഞങ്ങൾ ചെയ്യുന്നതെന്ന് ഞങ്ങൾ ചിന്തിച്ചിരുന്നില്ല. ഇതൊരു ജീവകാരുണ്യ പ്രവർത്തനമാണെന്ന് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചുമില്ല. എല്ലുന്തിയ നെഞ്ചുകളും വീർത്ത വയറുകളുമുള്ള ഈ കുട്ടികൾ പതുക്കെപ്പതുക്കെ 'ഞങ്ങളുടെ കുട്ടികളായി' മാറി. അവരുടെ ഓരോ ഗ്രാം തൂക്കവർദ്ധനയിലും ഞങ്ങൾ ആഹ്ലാദിച്ചു. ഓരോ മരണവും ഞങ്ങളെ ദു:ഖത്തിലാഴ്ത്തി.

വൈവിധ്യമാർന്ന വൈജ്ഞാനിക മേഖലകളിൽ അവഗാഹമുണ്ടായിരുന്ന സോമൻസാറിന്റെ വ്യക്തിത്വം വൈദ്യശാസ്ത്രത്തിന്റെ അതിരുകളിൽ ഒതുങ്ങിയില്ല. കല, സാഹിത്യം, സാമൂഹികശാസ്ത്രം, രാഷ്ട്രീയം എല്ലാം അദ്ദേഹത്തിന്റെ താത്പര്യമേഖലകളായി. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച 1975 ജൂണിലെ ആ ദിവസം ഞാൻ ഇന്നും വ്യക്തമായോർക്കുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപനവാർത്തയിൽ അദ്ദേഹം ഏറെ അസ്വസ്ഥനായിരുന്നു. ഫാസിസത്തെക്കുറിച്ചും അതിന്റെ അപകടങ്ങളെക്കുറിച്ചും അദ്ദേഹം ഹൃദയത്തിൽത്തട്ടി സംസാരിച്ചു. അതേ ദിവസമായിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ കുഞ്ഞ് ജനിച്ചത്. പക്ഷേ അതേക്കുറിച്ച് പറയാൻ അദ്ദേഹം മറന്നേ പോയിരുന്നു.

ആയിടെ മുതൽ ഞാൻ ഇടയ്ക്കിടെ തിരുവനന്തപുരത്തെ ബ്രിട്ടീഷ് ലൈബ്രറിയിൽ പോകാൻ തുടങ്ങി. കൈയിൽ തടഞ്ഞ എല്ലാ പുസ്തകങ്ങളും വായിക്കുക എന്നതാണ് പതിവ്. സോമൻസാറിനോട് സംസാരിക്കാനുള്ള നിലവാരം നേടുക എന്നതായിരുന്നു വായനയുടെ പ്രധാന ലക്ഷ്യം. സോമൻസാറിന്റെ സാന്നിധ്യം ആ വേളകളെ തികച്ചും അർഥപൂർണമാക്കിമാറ്റിയിരുന്നു; സുന്ദരവും. ലൈബ്രറി അടച്ചതിനുശേഷവും മണിക്കൂറുകളോളം ഞങ്ങൾ പുറത്ത് സംസാരിച്ചു നിൽക്കും. ആ സംഭാഷണം എപ്പോഴും അവസാനിക്കുന്നത് അടുത്തുള്ള തിരുവനന്തപുരം ഹോട്ടലിലെ മസാലദോശയിലാവും. ഭക്ഷ

ണപ്രിയരായ ഞങ്ങളുടെ ആർത്തി ശമിപ്പിക്കാൻ അന്ന് തനിക്കു ലഭിച്ചിരുന്ന തുച്ഛമായ ശമ്പളത്തിൽ നിന്ന് നല്ലൊരു പങ്ക് അദ്ദേഹത്തിനു ചെലവായിരുന്നു.

കോളേജിൽ 'കൊഞ്ചുപ്പൊടി' ഗ്രൂപ്പെന്നായിരുന്നു ഞങ്ങളുടെ ഓമനപ്പേര്. 'കൊഞ്ചുപ്പൊടി' സംഘത്തിന്റെ ഒരു വലിയ നേട്ടം അതു ശിഥിലമായില്ല എന്നതാണ്. മുപ്പത്തിയഞ്ചു വർഷങ്ങൾ കഴിഞ്ഞുവെങ്കിലും ഇപ്പോഴും ഞങ്ങളിൽ പലരും പരസ്പരം അടുത്തു ബന്ധപ്പെടുന്നു; എല്ലാവരും സോമൻസാറുമായും ബന്ധപ്പെട്ടിരുന്നു. പലരും ഒന്നിച്ചു സാറിനൊപ്പം പ്രവർത്തിച്ചു. ഞങ്ങളിൽ പലരും പുല്ലുവിളയിൽ ആരംഭിച്ച യത്നം മുന്നോട്ടു കൊണ്ടുപോയി. അവയുടെ ഫലപ്രാപ്തി വ്യത്യസ്തനിലവാരത്തിലായിരുന്നുവെങ്കിലും.

എന്നും ഒരു പോരാളിയായിരുന്നു ഡോ. സി.ആർ. സോമൻ. ഒരിക്കലും അതിനായി കാരണങ്ങൾ തേടി അലയേണ്ടിവന്നില്ല അദ്ദേഹത്തിന്. മുലയൂട്ടലിനായി ശക്തമായി വാദിക്കുന്ന സോമൻസാറും പുകവലിക്കെതിരെ ഒരു പ്രസ്ഥാനത്തെ വളർത്തിയെടുക്കുന്ന സോമൻ സാറും കേരളജനതയുടെ ഓർമയിലുണ്ട്. ഹെൽമറ്റ് ഉപയോഗത്തിന്റെ നേട്ടങ്ങളെക്കുറിച്ചുള്ള മെഡിക്കൽ ലിറ്ററേച്ചർ സർവജ്ഞാനിയായ നീതിപീഠത്തിന് അയച്ചുകൊടുത്തു എന്ന 'കുറ്റത്തിന് ' അദ്ദേഹത്തിന് ഒരിക്കൽ കോടതിയലക്ഷ്യ നടപടികളും നേരിടേണ്ടിവന്നു. ഹൃദ്രോഗവും കൊളസ്ട്രോളും കൂട്ടുന്ന വെളിച്ചെണ്ണയെ വർജിക്കണമെന്നുപദേശിക്കുമ്പോഴാവട്ടെ അല്ലെങ്കിൽ വിറ്റാമിനുകളെപ്പോലെ സൂക്ഷ്മമായ ഭക്ഷ്യഘടകങ്ങൾ ചേർത്ത ടോണിക്കുകളുടെയും ഫുഡ് സപ്ലിമെന്റുകളുടെയും നിഷ്ഫലതയെക്കുറിച്ചാവട്ടെ എല്ലാത്തിനും അദ്ദേഹത്തിന്റെ ആവനാഴിയിലെ മുഖ്യആയുധം ഒന്നായിരുന്നു – ശാസ്ത്രീയമായ തെളിവുകളും വസ്തുതകളും. വിദേശികളോടുള്ള അന്ധമായ എതിർപ്പുകൊണ്ടായിരുന്നില്ല അദ്ദേഹം മൂന്നാറിൽ ജോൺ ഹോപ്കിൻസ് സർവകലാശാല ആരംഭിക്കാനിരുന്ന പൊതുജനാരോഗ്യ ഇൻസ്റ്റിറ്റ്യൂട്ടിനെ എതിർത്തത്; മറിച്ച് അതുവരുമ്പോൾ ഗവേഷണത്തിലെ ശരിയായ മുൻഗണനകൾ അട്ടിമറിക്കപ്പെടാനുള്ള സാധ്യതയെ മുന്നിൽക്കണ്ടായിരുന്നു. വിദേശികളോടുള്ള അന്ധമായ എതിർപ്പ് ഒരിക്കലും അദ്ദേഹം വച്ചുപുലർത്തിയില്ല. എന്നുമാത്രമല്ല, പടിഞ്ഞാറൻ രാജ്യങ്ങളുടെ തൊഴിൽമര്യാദകളുടെയും വിജ്ഞാനതൃഷ്ണയുടെയും ഒരു ആരാധകൻ കൂടിയായിരുന്നു അദ്ദേഹം. ആക്ടിവിസ്റ്റുകളും ഗവേഷകരുമായ നിരവധി വിദേശികൾ അദ്ദേഹത്തിനു സുഹൃത്തുക്കളായുണ്ടായിരുന്നു.

അയോഡിൻ ചേർത്ത ഉപ്പിനെക്കുറിച്ചുള്ള വിവാദമാവട്ടെ, സോപ്പുപയോഗിച്ചു കൈകഴുകാനുള്ള പദ്ധതിയോടുള്ള എതിർപ്പാവട്ടെ, അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ നിലനിൽക്കുന്ന പൊതുധാരണകൾക്ക് എതിർദിശയിൽ നിൽക്കുന്നവയാവും പലപ്പോഴും, പക്ഷേ അവ എപ്പോഴും ശാസ്ത്രവസ്തുതകളുടെ പിൻബലമുള്ളതും വ്യക്തമായി ബോധ്യമാകുന്നതുമായിരുന്നു. ഒരു വാദം ജയിക്കാനായി വസ്തുതകളെ വളച്ചൊടിക്കുകയോ അതിൽ അതിശയോക്തി കലർത്തുകയോ അദ്ദേഹം ഒരിക്കലും ചെയ്തതായി എനിക്കനുഭവമില്ല. താൻ കണ്ട വസ്തുതകളിലും അതിന്റെ സത്യത്തിലും അദ്ദേഹം എല്ലായ്പ്പോഴും ഉറച്ചുനിന്നു. തിരുവനന്തപുരം ആർ.സി.സിയിലെ ഡ്രഗ് ട്രയൽ വിവാദത്തിൽ അദ്ദേഹം ഏറെ വിമർശനങ്ങൾ കേൾക്കേണ്ടിവന്നു. ആ സ്ഥാപനം കെട്ടിയുയർത്തിയ മഹദ്വ്യക്തികളെ അപകീർത്തിപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്നായിരുന്നു വിമർശനം. എന്നാൽ, തെറ്റായ പഠനത്തിന്റെ പേരിൽ ജോൺ ഹോപ്കിൻസ് സർവകലാശാല ക്ഷമചോദിച്ചതോടെ അദ്ദേഹം ശരിയായ പാതയിലായിരുന്നെന്നു തെളിഞ്ഞു. വൈദ്യശാസ്ത്ര ഗവേഷണത്തിന്റെ എത്തിക്സ് സംബന്ധിച്ച് മാനദണ്ഡങ്ങൾ കർക്കശമാക്കുന്നതിനും എല്ലാ മെഡിക്കൽ കോളേജുകളിലും റിസർച്ച് എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കപ്പെടുന്നതിനും ആ വിവാദം സഹായിച്ചു.

പെൻഷനായ ശേഷമാണ് അദ്ദേഹം 'ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ' രൂപീകരിക്കുന്നത്. ഏതാനും വ്യക്തികളുടെ ഒരു ചെറു കൂട്ടായ്മയായി തുടങ്ങിയ അത് ഇന്ന് വലിയൊരു പൊതുജനാരോഗ്യ ഗവേഷണ സ്ഥാപനമായി വളർന്നിരിക്കുന്നു. ഇന്റർനെറ്റൊക്കെ പ്രചുരപ്രചാരം നേടുന്നതിനു മുൻപ് കുറഞ്ഞ നിരക്കിൽ മെഡിക്കൽരേഖകൾ അന്വേഷിച്ചു കണ്ടെത്തുന്നതിന് എച്ച്.എ.പി. വൈദ്യവിദ്യാർഥികൾക്കു സഹായകമായി. നൂറുകണക്കിന് മെഡിക്കൽ ഡോക്ടർമാരും ആയിരക്കണക്കിനു മെഡിക്കൽ വിദ്യാർഥികളും എച്ച്. എ. പി.യുടെ റിസർച്ച് മെത്തഡോളജി ക്ലാസുകളിൽ പങ്കെടുത്ത് പരിശീലനം നേടി. അർഥശങ്കയ്ക്കിടയില്ലാതെ പറയട്ടെ, നമ്മുടെ മെഡിക്കൽ കോളേജുകളിലെ ഗവേഷണ കാലാവസ്ഥയും സംസ്കാരവും മെച്ചപ്പെടുത്താൻ എച്ച്.എ.പി. യുടെ ഈ പ്രവർത്തനങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. സി.ഡി.എസിലെ ഡോ. പി.ജി.കെ. പണിക്കരുമായി ചേർന്ന് അദ്ദേഹം നടത്തിയ പഠനങ്ങൾ കലാശിച്ചത് നാഴികക്കല്ലായ ഒരു പുസ്തകത്തിന്റെ പിറവിയിലാണ്. *കേരളത്തിന്റെ ആരോഗ്യസ്ഥിതി: സാമ്പത്തിക പിന്നാക്കാവസ്ഥയും ആരോഗ്യവികസനവും എന്ന വൈരുധ്യം* (Health states of Kerala: the Paradox of Economic backwardness and Health development)എന്ന പുസ്തകം. ആരോഗ്യരംഗത്തെ കേരള മാതൃക എന്ന ആശയം ആദ്യമായി മുന്നോട്ട് വയ്ക്കുന്നത് ഈ പുസ്തകമാണ്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ ആരോഗ്യ പഠനപരമ്പര ഇതിൽനിന്നു നേരിട്ടുള്ള ഒരു മുന്നോട്ടുപോക്കായിരുന്നു; ഈ ആശയത്തെ വികസിപ്പിക്കുന്നതിനുള്ള ശ്രമമായിരുന്നു. *ജീവിത ശൈലീരോഗങ്ങളുടെ ജനസംഖ്യാ രജിസ്ട്രി (പ്രൊലൈഫ്)* എന്ന പഠനം ഒരു റവന്യൂ ബ്ലോക്കിലെ (വർക്കല) മുഴുവൻ ജനങ്ങളെയും ദീർഘകാലം പിന്തുടർന്നുള്ള ഒരു സംഘപഠനമായിരുന്നു.എച്ച്. എ.പി.യുടെ ആ പഠനത്തിൽ ഏതാണ്ട് 2 ലക്ഷം പേർ ഉൾപ്പെടുന്നു. സോമൻസാറിന്റെ ദീർഘവീക്ഷണത്തിന്റെയും ചങ്കൂറ്റത്തിന്റെയും ഉത്തമ നിദർശനമാണ് ഈ പഠനം.

സാങ്കേതികവിദ്യയുടെ ഒരു ആരാധകനായിരുന്ന അദ്ദേഹത്തിന്റെ അടുക്കൽ ഓരോപ്രാവശ്യം പോകുമ്പോഴും അദ്ദേഹം ഒരു പുതിയ ഉപകരണത്തിൽ അഭിരമിക്കുകയാവും. ഞങ്ങളുടെ പഠനകാലത്ത് അക്കങ്ങൾ രേഖപ്പെടുത്തി ഹാൻഡിൽ കറക്കിയാൽ സ്റ്റാൻഡേഡ് ഡീവിയേഷൻ കണ്ടെത്താൻ സഹായിക്കുന്ന പഴയ കാൽക്കുലേറ്റിങ് മെഷീനായിരുന്നു. ഏതൊരു വലിപ്പത്തിലും ബ്ലോ അപ് ചെയ്യാവുന്ന ചിത്രങ്ങളെടുക്കാൻ കഴിയുന്ന *ലെയ്ക്ക* അദ്ദേഹത്തിന്റെ അന്നത്തെ വിലപ്പെട്ട സഹചാരിയായിരുന്നു. എൻപതുകളുടെ മധ്യമാകുമ്പോൾ അദ്ദേഹത്തിന്റെ മുറിയിൽ ആപ്പിൾ കംപ്യൂട്ടർ ഇടംപിടിച്ചു. എനിക്കുവേണ്ടി ലിങ്കന്റെ *ഗറ്റിസ്ബർഗ് പ്രസംഗം* ഡൗൺലോഡ് ചെയ്യാനായി തന്റെ വീട്ടിൽ ഇന്റർനെറ്റുമായി മല്ലടിക്കുന്ന അദ്ദഹത്തിന്റെ രൂപം ഇന്നും മനസിലുണ്ട്. എച്ച്. എ. പി. ഓഫീസിൽ സ്ഥാപിച്ചിരുന്ന *കെമിലൂമിനസെൻസ് അനലൈസറുകളെ*പ്പറ്റി വ്യക്തമായി അദ്ദേഹം വിശദീകരിച്ചത് ഞാൻ കേട്ടുനിന്നിട്ടുണ്ട്. എതാനും ആഴ്ച മുമ്പ് ഞാൻ അദ്ദേഹത്തെ അവസാനമായി കണ്ടപ്പോൾ ഒരുതുള്ളി രക്തം കൊണ്ട് മിക്കവാറും എല്ലാ ബയോകെമിക്കൽ പരിശോധനകളും നടത്താൻ കഴിയുന്ന ഒരു പുതിയതരം ചിപ്പ് അധിഷ്ഠിത അനലൈസറിനെക്കുറിച്ചായിരുന്നു അദ്ദേഹം വാചാലനായത്. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സ്ഥാപിക്കാൻ കഴിയും വിധം വിലകുറഞ്ഞതും ഉത്തമവുമായിരുന്നു അത്. മുലയൂട്ടലും പാനീയ ചികിത്സയും പോലുള്ള ലളിതമാർഗങ്ങളുടെ വലിയ പ്രചാരകനായ അദ്ദേഹം സാങ്കേതികവിദ്യയ്ക്ക് പുറംതിരിഞ്ഞു നിന്നില്ലെന്നത് വിചിത്രമായി തോന്നാം. വാസ്തവത്തിൽ അതിൽ വൈരുധ്യമൊന്നുമില്ല. ഏറ്റവും നല്ല ഫലം തരുന്നത് അദ്ദേഹം തിരഞ്ഞെടുക്കുന്നു എന്നുമാത്രം.

ചരമക്കുറിപ്പുകൾ അവസാനിക്കുന്നതിനുമുമ്പ് അന്തരിച്ച വ്യക്തിക്കു ലഭിച്ചിരുന്ന അവാർഡുകളെപ്പറ്റി സൂചിപ്പിക്കുക പതിവാണല്ലോ. ഭാഗ്യവശാൽ അദ്ദേഹത്തിന് ഒരു അവാർഡും ലഭിച്ചില്ല. കഴിഞ്ഞ രണ്ടു വർഷമായി നിലവിലുള്ള മുൻകാല മെഡിക്കൽ അധ്യാപകർക്കുള്ള അവാർഡുപോലും.

സമ്പന്നമായൊരു ബൗദ്ധിക പൈതൃകം അവശേഷിപ്പിച്ചാണ് സോമൻസാർ മടങ്ങുന്നത്. അനേകം ശിഷ്യൻമാരിലും അരാധകരിലും അദ്ദേഹം തന്റെ ആത്മാംശം അൽപ്പാൽപ്പം അവശേഷിപ്പിച്ചിട്ടുണ്ട്. ആ മുതൽക്കൂട്ടു നഷ്ടപ്പെടുത്താതെ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ ചെറിയതോതിലെങ്കിലും നിറവേറ്റാനായിരിക്കും ഞങ്ങളുടെ ശ്രമം ■

*കോഴിക്കോട് മെഡിക്കൽകോളേജ് പാത്തോളജി പ്രൊഫസറും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഭാരവാഹിയുമാണ് ലേഖകൻ.*

■ ഡോ. അനീഷ് ടി. എസ്.

# അന്നവിചാരം

**ജീവിതശൈലീരോഗങ്ങൾക്കു പരിഹാരം ആഹാരം ഒഴിവാക്കലല്ല, മറിച്ച് ആവശ്യം വേണ്ട ആഹാരം ശരിയായ ചേരുവയിൽ കഴിക്കുകയെന്നതാണ്. അതിനുള്ള മാർഗങ്ങൾ ഇതാ...**

അഹം അന്നഃ'- ഞാൻ എന്നത് ആഹാരം തന്നെയാണ് എന്ന് ഒരു ഉപനിഷദ്വചനമുണ്ട്. മനുഷ്യൻ എന്നാൽ അവൻ കഴിക്കുന്ന ആഹാരമാണ് എന്ന അർഥത്തിൽ ഒരു ചൈനീസ് പഴമൊഴിയുമുണ്ട്. ആഹാരവും ആരോഗ്യവും തമ്മിലുള്ള ബന്ധത്തിൽ നിന്നാണ് ആയുർവേദം എന്ന ശാസ്ത്രം തന്നെ ഉടലെടുത്തിരിക്കുന്നത്. എന്നാൽ ഇന്ന് ആഹാരവും ആരോഗ്യവും തമ്മിലുള്ള സമവാക്യങ്ങൾ മാറിമറിഞ്ഞിരിക്കുന്നു. പണ്ടുകാലത്ത് ആരോഗ്യമെന്നത് കഴിക്കുന്ന ആഹാരത്തിന്റെ അളവനുസരിച്ച് വർധിക്കുമെന്നായിരുന്നു നമ്മുടെ ചിന്താഗതിയെങ്കിൽ ഇന്ന് ആരോഗ്യത്തെ നിർണയിക്കുന്നത് എത്രത്തോളം ആഹാരവസ്തുക്കളെ ഒഴിവാക്കാം എന്നതായിരിക്കുന്നു. മനുഷ്യസമൂഹത്തെ പൊതുവെയും കേരളീയ സമൂഹത്തെ പ്രത്യേകിച്ചും ഗ്രസിച്ചുകൊണ്ടിരിക്കുന്ന പ്രമേഹം, പൊണ്ണത്തടി, രക്താതിസമ്മർദ്ദം തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ഈ വിചാരത്തിന് കൂടുതൽ പ്രാധാന്യമുണ്ട്.

ഇക്കഴിഞ്ഞ രണ്ടുമൂന്നുദശകങ്ങളിലായി അമേരിക്കൻ ഐക്യനാടുകളിൽ പൊണ്ണത്തടിയുടെ പ്രാചുര്യം ഇരട്ടിയായതായും അതു തന്നെ കൗമാരപ്രായക്കാരിൽ നാലിരട്ടിയായതായും പഠനങ്ങൾ കാണിക്കുന്നു. ഏറെക്കുറെ ഇതേ അവസ്ഥതന്നെയാണ് ഇന്ത്യയുടേതും, വിശിഷ്യ കേരളത്തിന്റേതും. എന്നാൽ രസകരമായ വസ്തുത ഇതേ കാലയളവിൽ അമേരിക്കൻ ഐക്യനാടുകളിൽ ഹൃദ്രോഗത്തിന്റെ പ്രാചുര്യം അറുപത് ശതമാനം കണ്ട് കുറഞ്ഞിട്ടുണ്ട് എന്നതാണ്. ഇന്ത്യയിൽ ഇത് മുന്നൂറു ശതമാനത്തിലധികം വർധിക്കുകയാണുണ്ടായത്. ഇതിൽ നിന്നും മനസ്സിലാക്കാവുന്നത് ആഹാരത്തിന്റെ അളവിൽ മാത്രമല്ല കാര്യം എന്നാണ്. മറിച്ച് നാം കഴിക്കുന്ന ആഹാരത്തിന്റെ ഘടനയാണ് ഏറ്റവും പ്രധാനവസ്തുത എന്ന് കരുതപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ തള്ളേണ്ടതും കൊള്ളേണ്ടതുമായ ആഹാരവസ്തുക്കളെപ്പറ്റി നമുക്ക് അൽപ്പം ചിന്തിക്കാം.

## കൊളസ്ട്രോളുകളും കൊഴുപ്പുകളും

കൊളസ്ട്രോളുകളും കൊഴുപ്പുകളും ഹൃദ്രോഗമുണ്ടാക്കുന്ന ആഹാരപദാർഥങ്ങളായി ചിത്രീകരിക്കപ്പെട്ടുതുടങ്ങിയത് 1903-ൽ അനിഷ്കോവ്, ഷലറ്റോവ് (Anitschkov and Chalatow) തുടങ്ങിയ ശാസ്ത്രകാരന്മാർ മുയലുകളിൽ നടത്തിയ പരീക്ഷണങ്ങളോടെയാണ്. മുട്ട, പാൽ, ഇറച്ചി തുടങ്ങിയ ആഹാരപദാർഥങ്ങൾ മുയലുകളുടെ രക്തക്കുഴലുകളെ രോഗഗ്രസ്തമാക്കുന്നതായി ഇവർ കണ്ടെത്തി. ഒരു ദശകം കൂടി കഴിഞ്ഞാണ് രക്തത്തിലെ മൊത്തം കൊളസ്ട്രോളിന്റെ അളവ് (Total cholestrol) ഹൃദ്രോഗത്തിന്റെ ഒരു പ്രധാന കാരണമായിരിക്കാമെന്ന ചിന്ത ഉയർന്നുവന്നത്. ഒരു വെള്ളക്കാരന്റെ ഒരു ദിവസത്തെ ആഹാരത്തിൽ ശരാശരി 300 മില്ലിഗ്രാം കൊളസ്ട്രോൾ അടങ്ങിയിരിക്കുന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. മുട്ട, പാൽ, ഇറച്ചി തുടങ്ങിയവ കഴിക്കുന്ന ഒരു മലയാളിയുടെ ആഹാരത്തിലെ കൊളസ്ട്രോളും ഇതിൽ നിന്നും വളരെ അകലെയല്ല എന്ന വസ്തുത നാം മനസ്സിലാക്കണം. ഒരു ഗ്ലാസ് പാലിൽ ഏതാണ്ട് 33 മില്ലിഗ്രാം കൊളസ്ട്രോളും ഒരു മുട്ടയിൽ (മഞ്ഞക്കരു) 280 മില്ലിഗ്രാം കൊളസ്ട്രോളും ഉണ്ട്. ആടുമാടുകളുടെ തലച്ചോർ സൂപ്പാക്കി കുടിക്കുന്നവർ ശ്രദ്ധിക്കുക 100 ഗ്രാം തലച്ചോറിലെ കൊളസ്ട്രോളിന്റെ അളവ് 2000 മില്ലി ഗ്രാമിൽ കൂടുതൽ വരും.

## കൊളസ്ട്രോൾ ആണോ യഥാർഥ വില്ലൻ?

കൊളസ്ട്രോൾ രണ്ടുതരത്തിലാണ് ശരീരത്തിലെത്തുന്നത്. ഒന്ന്, നാം കഴിക്കുന്ന ആഹാരത്തിലൂടെ കൊളസ്ട്രോൾ ശരീരത്തിൽ നേരിട്ടെത്തുന്നു. രണ്ട് നാം കഴിക്കുന്ന എണ്ണകളും കൊഴുപ്പുകളും ഉപയോഗിച്ച് ശരീരം കൊളസ്ട്രോൾ ഉത്പാദിപ്പിക്കുന്നു. പഠനങ്ങൾ കാണിക്കുന്നത് ലോകമെമ്പാടുമുള്ള ഹൃദ്രോഗബാധയുടെ ഏറ്റവും പ്രധാനകാരണം ആഹാരത്തിലൂടെ കഴിക്കുന്ന കൊളസ്ട്രോളല്ല, മറിച്ച് ശരീരത്തിനു കൊളസ്ട്രോൾ നിർമിക്കാൻ കാരണമാകുന്ന പൂരിത കൊഴുപ്പുകൾ അഥവാ Saturated Fatty Acids (SAFA) ആണ് എന്നാണ്. പൂരിതകൊഴുപ്പുകൾ (SAFA) രക്തത്തിലെ ചീത്തകൊളസ്ട്രോളുകളിൽ പ്രധാനിയായ LDL (Low Dencity Lipoprotien) ന്റെ അളവ് ക്രമാതീതമായി ഉയർത്തുന്നു. പൂരിത കൊഴുപ്പുകൾക്കു പുറമെ MUFA (Mono Unsaturated Fatty Acid), PUFA (Poly Unsaturated Fatty Acid) എന്നീ കൊഴുപ്പുകളും ആഹാരത്തിൽനിന്നും ലഭിക്കുന്നു. എന്നാൽ ഇവ രക്തത്തിലെ കൊളസ്ട്രോളിനെ കുറയ്ക്കുകയാണ് ചെയ്യുന്നത്. എന്നാൽ, MUFA, PUFA തുടങ്ങിയവ കൊളസ്ട്രോളിനെ എത്രകണ്ട് കുറയ്ക്കുന്നുവോ അതിന്റെ മൂന്നിരട്ടിയോളം SAFA അതിനെ വർധിപ്പിക്കുന്നു.

എണ്ണകളിൽ നമ്മുടെ ഏറ്റവും പ്രിയങ്കരമായ വെളിച്ചെണ്ണ എടുത്തു നോക്കുക. 98%മാനത്തിലധികം അപകടകാരിയായ SAFA അടങ്ങിയ എണ്ണയാണിത്. രണ്ട് ശതമാനം മാത്രമാണ് അപൂരിത കൊഴുപ്പുകൾ. വെളിച്ചെണ്ണയിൽ കൊളസ്ട്രോളിനെ കുറയ്ക്കാൻ സഹായിക്കുന്ന അപൂരിത കൊഴുപ്പുകളുടെ അളവ്, അവ ഏറ്റവും കുറഞ്ഞ ഭക്ഷണസാധനങ്ങളിൽ ഒന്നായ നെയ്യിനെക്കാൾ താഴെയാണ് നിൽക്കുന്നത്. അതുമാത്രമല്ല ലോകത്ത് എവിടെയെല്ലാം ഭക്ഷ്യ എണ്ണയായി വെളിച്ചെണ്ണ ഉപയോഗിക്കുന്നുണ്ടോ അവിടങ്ങളിലെല്ലാം കൊളസ്ട്രോളും തദ്വാരാ ഹൃദ്രോഗബാധയും കൂടുതലാണെന്ന് കാണാം. പാമോയിലിലും പൂരിത കൊഴുപ്പുകൾ വളരെ കൂടുതലാണ്. എന്നാൽ മറ്റ് ഭക്ഷ്യ എണ്ണകളായ സൂര്യകാന്തി എണ്ണകളിലും മറ്റും ഉയർന്ന അളവിൽ ആരോഗ്യകരമായ അപൂരിത കൊഴുപ്പുകൾ അടങ്ങിയിട്ടുണ്ട്.

## ട്രാൻസ് കൊഴുപ്പുകൾ (Trans Fatty Acids or TRAFA)

സസ്യഎണ്ണകൾ അമിതമായി ചൂടാക്കുക, പലതവണ ചൂടാക്കുക, രാസപ്രവർത്തനം വഴി കട്ടിയാക്കുക (ഉദാ: വനസ്പതി) തുടങ്ങിയ പ്രവർത്തനങ്ങൾ വഴി ഉണ്ടാകുന്ന കൊഴുപ്പുകളാണിവ. പൂരിത കൊഴുപ്പുകളെക്കാൾ അപകടകാരികളാണി




വ. പടിഞ്ഞാറൻ രാജ്യങ്ങളിൽ ആഹാരവസ്തുക്കളിലുള്ള TRAFA എത്രയെന്ന് പാക്കറ്റിൽതന്നെ കാണിക്കണമെന്നും ഉയർന്ന അളവിൽ TRAFA അടങ്ങിയ ആഹാരവസ്തുക്കൾ വിൽക്കരുതെന്നും നിയമമുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ഇതിന് യാതൊരു നിയന്ത്രണവും ഇല്ല. അപകടകാരികളായ LDL കൊളസ്ട്രോളിനെ കൂട്ടുക മാത്രമല്ല TRAFA ചെയ്യുന്നത്, മറിച്ച് ഉപയോഗപ്രദമായ HDL (High Density Lipoprotien) ന്റെ അളവ് താഴ്ത്തുകയും ചെയ്യുന്നു. എണ്ണയിൽ വറുത്ത ആഹാരപദാർഥങ്ങൾ, ഫാസ്റ്റ് ഫുഡ്, ബേക്ക് ചെയ്യപ്പെട്ട ആഹാരപദാർഥങ്ങൾ, ചോക്ലേറ്റുകൾ തുടങ്ങിയവയിൽനിന്നാണ് നമ്മുടെ ആഹാരത്തിൽ വർധിച്ച അളവിൽ TRAFA കടന്നുകൂടുന്നത്. ഉയർന്ന അളവിൽ TRAFA അടങ്ങിയിട്ടുണ്ട് എന്നത് 'വനസ്പതി'യെ ഏറ്റവും അനാരോഗ്യകരമായ ഒരു ആഹാര വസ്തുവാക്കി മാറ്റുന്നുണ്ട്. നമ്മുടെ നാട്ടിൽ ലഭ്യമായ കൊഴുപ്പുകളിൽ ഏറ്റവും അപകടകാരിയാണ് വനസ്പതി. 'പഫ്സ്' പോലെയുള്ള ബേക്കറി വസ്തുക്കളിൽ വളരെ ഉയർന്നയളവിൽ വനസ്പതി ഉപയോഗിക്കുന്നുണ്ട്.

### അപൂരിത കൊഴുപ്പുകൾ [MUFA - Mono unsaturated fatty Acids, PUFA - Poly Unsaturated Fatty Acids]

രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കുന്നു എന്നതു തന്നെയാണ് അപൂരിതകൊഴുപ്പുകളുടെ ഏറ്റവും പ്രധാന സവിശേഷത. ഇതിൽ MUFA വിഭാഗത്തിൽപെട്ട എണ്ണകൾക്ക് രക്തം കട്ടപിടിക്കുന്നത് തടയുവാനും പ്രമേഹ സാധ്യത കുറയ്ക്കുവാനുമുള്ള കഴിവുണ്ട് എന്ന് ശാസ്ത്രീയമായി തെളിഞ്ഞിട്ടുണ്ട്. മെഡിറ്ററേനിയൻ രാജ്യങ്ങളിൽ ഉയർന്ന അളവിൽ MUFA അടങ്ങിയിട്ടുള്ള ഒലിവ്ഓയിൽ ആണ് ഭക്ഷ്യഎണ്ണയായി ഉപയോഗിക്കുന്നത്. അവിടങ്ങളിൽ ഹൃദ്രോഹബാധ ലോകത്തിന്റെ ഇതരഭാഗങ്ങളെക്കാൾ കുറവാണ് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ് നമ്മുടെ നാട്ടിൽ ലഭ്യമായതും ഉയർന്ന അളവിൽ MUFA അടങ്ങിയതുമായ ആഹാരവസ്തുവാണ് നിലക്കടല അഥവാ കപ്പലണ്ടി. ഇത് ആഹാരത്തിൽ ഉൾപ്പെടുത്തുന്നത് തികച്ചും ആരോഗ്യകരമായിരിക്കും. എന്നാൽ നിലക്കടല ഉയർന്ന അളവിൽ ഊർജം അടങ്ങിയിട്ടുള്ള ഒരു ആഹാരവസ്തു ആയതിനാൽ അവ ദിവസവും 50



**എവിടെയെല്ലാം ഭക്ഷ്യഎണ്ണയായി വെളിച്ചെണ്ണ ഉപയോഗിക്കുന്നുണ്ടോ അവിടെയെല്ലാം കൊളസ്ട്രോളും തദ്വാരാ ഹൃദ്രോഗബാധയും കൂടുതലാണ് . പാമോയിലിലും പൂരിത കൊഴുപ്പുകൾ വളരെ കൂടുതലാണ്. സൂര്യകാന്തി എണ്ണയിലും മറ്റും ഉയർന്ന അളവിൽ ആരോഗ്യകരമായ അപൂരിത കൊഴുപ്പുകൾ അടങ്ങിയിട്ടുണ്ട്.**



ഗ്രാമിനുള്ളിൽ നിർത്തുന്നതാകും നല്ലത്. അപൂരിതകൊഴുപ്പുകളായ PUFA കൾ ശരീരത്തിനു കൂടിയേ കഴിയൂ. അതിനാൽ അവ അവശ്യം വേണ്ട കൊഴുപ്പുകൾ അഥവാ Essenhal Fatty Acids എന്ന് അറിയപ്പെടുന്നു. PUFA കൾ പൊതുവേ രണ്ട് തരത്തിലുണ്ട്. അവ ഒമേഗാ - 3 - PUFA കൾ, ഒമേഗാ - 6 - PUFA കൾ എന്നിങ്ങനെ അറിയപ്പെടുന്നു. ഇതിൽത്തന്നെ ഒമേഗാ - 3 - PUFA കൾക്ക് ഹൃദ്രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള സവിശേഷമായ ശേഷിയുണ്ട്. മീനുകൾ ഇത്തരത്തിലുള്ള കൊഴുപ്പുകളാൽ സമ്പന്നമാണ്. ചുരുക്കിപ്പറഞ്ഞാൽ ആരോഗ്യസംരക്ഷണത്തിനുള്ള ഒരു രുചികരമായ മാർഗമാണ് മീനുകൾ. എന്നാൽ മീനുകൾ അധികം തേങ്ങ ചേർക്കാതെ കറിവച്ചുകഴിക്കുന്നതാണ് നല്ലത്. മീൻ വറുത്തുകഴിക്കുന്നത് നല്ലതല്ല. മീനിന്റെ ഗുണങ്ങൾ ഒട്ടുമിക്കവയും വറുക്കുമ്പോൾ നഷ്ടപ്പെട്ടുപോകുന്നു. ആഴ്ചയിൽ രണ്ട് മൂന്നു ദിവസമെങ്കിലും മീൻ കഴിക്കുകയും അത് ആഴ്ചയിൽ ശരാശരി 250 ഗ്രാമിൽ അധികമായിരിക്കുകയും ചെയ്യുന്നതായിരിക്കും നല്ലത്. പൊതുവായ ധാരണയ്ക്ക് വിപരീതമായി കൊഴുപ്പുകൂടിയ വലിയ മത്സ്യങ്ങളാണ് ഹൃദയത്തിന്റെ ആരോഗ്യത്തിന് നല്ലത്.

### മുഴുധാന്യങ്ങളും പയർ വർഗ്ഗങ്ങളും ആരോഗ്യത്തിന്റെ രക്ഷാകവചം

പൊടിക്കാത്തതും തവിടോടുകൂടിയതുമായ ധാന്യങ്ങൾ, പയർവർഗങ്ങൾ എന്നിവ വിറ്റാമിനുകൾ, ധാതുക്കൾ, ഫൈബറുകൾ എന്നിവയാൽ സമ്പുഷ്ടമാണ്. ഇവക്ക് പ്രമേഹബാധ തടയുവാനുള്ള കഴിവുണ്ട് എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. അതേസമയം തവിടുനീക്കം ചെയ്തതും പൊടിച്ചതുമായ ധാന്യവർഗങ്ങൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യും. അതിൽത്തന്നെ മൈദപോലെയുള്ള ധാന്യപ്പൊടികൾ പ്രമേഹം, ഹൃദ്രോഗം തുടങ്ങിയവക്ക് കാരണമാകുന്നു. ധാന്യത്തിലടങ്ങിയിട്ടുള്ള വിറ്റാമിനുകൾ, ധാതുക്കൾ, ഫൈബറുകൾ, മറ്റ് പോഷകവസ്തുക്കൾ ഇവ തവിടിലോ തവിടിനോടു ചേർന്നോ ആണ് കാണപ്പെടുന്നത്. മില്ലിൽ അധികം കുത്തുകയും പൊടിക്കുകയും ചെയ്താൽ ഇവ നഷ്ടപ്പെട്ടുപോകും. അതുമാത്രമല്ല, അധികം പൊടിച്ചെടുക്കുന്ന ധാന്യങ്ങൾ വേഗത്തിൽ ദഹിക്കുകയും രക്തത്തിലേക്ക് അതിവേഗത്തിൽ എത്തുകയും ചെയ്യുന്നു. കാലക്രമത്തിൽ ഇത് പ്രമേഹബാധയ്ക്ക് കാരണമാകുന്നു.

### പഴങ്ങൾ, പച്ചക്കറികൾ

പഴങ്ങളും പച്ചക്കറികളും പല പോഷകവസ്തുക്കളാലും സമ്പന്നമാണ്. വിറ്റാമിനുകൾ, ധാതുക്കൾ, ഫൈബറുകൾ, ഫൈറ്റോ കെമിക്കലുകൾ, ആന്റിഓക്സിഡന്റുകൾ തുടങ്ങിയവ പല രോഗങ്ങൾക്കും തടയിടാൻ നമ്മെ സഹായിക്കുന്നുണ്ട്. പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ രക്താതിസമ്മർദം, അർബുദങ്ങൾ (പ്രത്യേകിച്ചും കുടൽ സംബന്ധമായവ) എന്നിവ തടയുന്നതിന് സഹായിക്കുന്നു. പഴങ്ങൾ 'പൊട്ടാസ്യം' അയോണുകളാൽ സമ്പന്നമാകയാൽ അവ യഥേഷ്ടം കഴിക്കുന്നത് രക്താതിസമ്മർദം ഒഴിവാക്കാൻ സഹായിക്കും. പഴങ്ങളിൽത്തന്നെ നേന്ത്രപ്പഴം, നാരങ്ങവർഗത്തിൽപ്പെട്ട പഴങ്ങൾ, കരിക്കിൻവെള്ളം തുടങ്ങിയവയിൽ ഉയർന്ന അളവിൽ പൊട്ടാസ്യം അടങ്ങിയിട്ടുണ്ട്. പൊട്ടാസ്യം അടങ്ങിയ മരുന്നുകൾ അധികം കഴിക്കുന്നത് രക്തത്തിലെ ഈ ധാതുവിന്റെ അളവ് ഉയർത്തി മരണകാരണമാകാം. എന്നാൽ പഴങ്ങൾ എത്രകഴിച്ചാലും ഇത്തരത്തിലൊരവസ്ഥ സംജാതമാകില്ല എന്നത് രസകരമായ ഒരു വസ്തുതയാണ്.

ചുരുക്കത്തിൽ, നിങ്ങൾ എത്ര അളവിൽ ആഹാരം കഴിക്കുന്നുവെന്നത് പ്രധാനമാണ്. എന്നാൽ അതിലും പ്രധാനമാണ് നിങ്ങൾ എന്താണ് കഴിക്കുന്നതെന്നത്. പൂരിത കൊഴുപ്പുകൾ കൂടുതൽ അടങ്ങിയ നെയ്യ്, വനസ്പതി, വെളിച്ചെണ്ണ തുടങ്ങിയവ പരമാവധി കുറയ്ക്കുക. വറുത്തരും ബേക്കു ചെയ്തതുമായ ആഹാര പദാർഥങ്ങൾ ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുക. ധാന്യങ്ങൾ പയർ വർഗങ്ങൾ തുടങ്ങിയ അധികം മില്ലിലൂടെ കടന്നുപോകാൻ അനുവദിക്കാതിരിക്കുക, ആഹാരസാധനങ്ങൾ അധികം വേവിക്കാതിരിക്കുക, പഴങ്ങൾ പച്ചക്കറികൾ ഇവ കൂടുതലായി ആഹാരത്തിൽ ഉൾപ്പെടുത്തുക, നിലക്കടലക്കും മത്സ്യങ്ങൾക്കും ആഹാരത്തിൽ ഒരു സ്ഥാനം നല്കുക തുടങ്ങിയ ശീലങ്ങൾ മലയാളിയുടെ ഹൃദയാരോഗ്യത്തിന് നന്നായിരിക്കും. ■

*തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സീനിയർ റസിഡന്റാണ് ലേഖകൻ.*

■ എഴുമാവിൽ രവീന്ദ്രനാഥ്

**നൂറ്റാണ്ടു പിന്നിട്ട ഇന്ത്യൻ സഹകരണ പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ സഹകരണ മേഖലയുടെ പ്രസക്തിയും പ്രവർത്തനങ്ങളും പരിശോധിക്കുകയാണ് ലേഖകൻ.**




റ്റോഡ് ലെയിനിലെ

# സംഘശക്തിയുടെ വിജയഗാഥ

ആയിരത്തി എണ്ണൂറ്റി നാല്പത്തിമൂന്ന് ആഗസ്റ്റ് പതിനൊന്ന്. ബ്രിട്ടണിലെ മാഞ്ചസ്റ്ററിനു സമീപമുള്ള റോക്ക്ഡയിൽ ഗ്രാമം. റ്റോഡ് ലെയിനിലെ ഒരു ചാപ്പലിനുമുമ്പിൽ ചെറിയ ഒരു ആൾക്കൂട്ടം. എല്ലാവരും ഭാഗികമായി തൊഴിൽ ചെയ്യുന്നവരോ തൊഴിൽ നഷ്ടപ്പെട്ടവരോ ആയ നെയ്ത്തുകാരായിരുന്നു. വ്യവസായ വിപ്ലവത്തെത്തുടർന്ന് ജീവിതം ദുരിതപൂർണമായ ഒരുകൂട്ടം സാധുക്കൾ. നെയ്ത്തല്ലാതെ മറ്റൊരു പണിയും അവർ ശീലിച്ചിട്ടില്ല. മറ്റുപണികൾ ചെയ്യാമെന്നുവെച്ചാൽ അങ്ങനെയൊന്നും കിട്ടാനുമില്ല. ഇവരെയെല്ലാം സംഘടിപ്പിച്ച് റ്റോഡ്ലെയിൻ ചാപ്പലിനു മുമ്പിലെത്തിച്ചത് ചാൾസ് ഹൊവാർത്ത് എന്ന തൊഴിലാളിയായിരുന്നു. നല്ലൊരു നാളേക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കാനുള്ള ഹൊവാർ ത്തിന്റെ ആഹ്വാനം വിടർന്ന ഹൃദയത്തോടെയാണ് അവർ ശ്രവിച്ചത്. കുറഞ്ഞ വിലയ്ക്കു സാധനം സംഭരിച്ച് ന്യായവിലയ്ക്കു വില്ക്കുക, ഗ്രാമീണർക്ക് അത്യാവശ്യം വായ്പ നൽകുക ഇതിനെല്ലാം പറ്റുന്ന ഒരു സംഘടനയുടെ രൂപരേഖ ഹൊവാർത്ത് അവർക്കു മുമ്പിൽ അവതരിപ്പിച്ചു. പക്ഷേ സംഘടനയ്ക്കുള്ള പണമെവിടെ? അവിടെയും ഹൊവാർത്തിന് ഉത്തരമുണ്ടായിരുന്നു. പട്ടിണിയും പരിവട്ടവുമാണെങ്കിലും അൽപ്പം കാശു മിച്ചം വെച്ചിട്ടുള്ള സഹപ്രവർത്തകർ നമുക്കിടയിൽ കാണും. ദയവായി അവ നിങ്ങൾ എനിക്ക് തരൂ. അതുകൊണ്ട് നമുക്കു ചില മാന്ത്രികവിദ്യകൾ കാട്ടാനാവും. ആൾക്കൂട്ടത്തിൽ നിന്നും 28 പേർ മുമ്പോട്ടുവന്നു. ഇവരെ പയനിയേഴ്സ് എന്നാണ് ഹൊവാർത്ത് വിളിച്ചത്. അവരിൽ നിന്നു സംഭരിച്ച 28 പൗണ്ട് മൂലധനമാക്കി 1844 ആഗസ്റ്റ് 15-ന് റ്റോഡ് ലെയിൻ ചാപ്പലിനോടു ചേർന്നുള്ള കുടുസ്സുമുറിയിൽ "റോക്ഡയിൽ സൊസൈറ്റി ഓഫ് ഇക്വിറ്റബിൾ പയനിയേഴ്സ്" നിലവിൽ വന്നു.

ഹൊവാർത്തിന്റെ വാക്കുകൾ ഫലിക്കുകതന്നെ ചെയ്തു. അഞ്ചുവർഷം കൊണ്ട് സംഘത്തിന്റെ മൂലധനം 1193 പൗണ്ട് ആയി ഉയർന്നു. ഇതിനോടകം വാടകമുറി മാറ്റി സ്വന്തം ഓഫീസും കൺസ്യൂമർ മാർക്കറ്റും സൊസൈറ്റിക്കുണ്ടായി. പത്തുവർഷം കൊണ്ട് രാജ്യമെമ്പാടും കൺസ്യൂമർ സ്റ്റോറുകളുടെ ശൃംഖല സ്ഥാപിക്കുകയും അരഡസനോളം കമ്പനികൾക്ക് സാരഥ്യം വഹിക്കുകയും ചെയ്യാൻ സൊസൈറ്റിക്കു



ചാൾസ് ഹൊവാർത്ത്

കഴിഞ്ഞു. കോ-ഓപ്പറേറ്റീവ് ലാൻഡ് ആൻഡ് ബിൽഡിങ് കമ്പനി, കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് കമ്പനി എന്നിവ ഉദാഹരണങ്ങൾ മാത്രം.

തുടർന്ന് മറ്റു രാജ്യങ്ങളിലേക്കും സഹകരണ പ്രസ്ഥാനം വ്യാപിച്ചു ജർമനിയിൽ വായ്പാരംഗത്തും ഡെൻമാർക്കിൽ ക്ഷീരവികസനമേഖലയിലും, ഇസ്രായേലിൽ പുനരധിവാസരംഗത്തും, അമേരിക്കയിലും കാനഡയിലും കാർഷികവികസനരംഗത്തും റഷ്യയിൽ കൂട്ടുകൃഷി സംരംഭങ്ങളിലും ചൈനയിൽ വ്യവസായ മേഖലയിലുമാണ് സഹകരണസംഘങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചത്. ഇന്ന് തൊണ്ണൂറിലേറെ രാജ്യങ്ങളിലായി ഏഴുലക്ഷത്തിലേറെ സഹകരണ പ്രസ്ഥാനങ്ങളുണ്ട്. ഇന്ത്യയിൽ 23 കോടി അംഗങ്ങളുമായി അഞ്ചരലക്ഷം സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ 15,600 സംഘങ്ങൾ ഇന്നു പ്രവർത്തിച്ചുവരുന്നു. ഇതിൽ 10120 എണ്ണം സംസ്ഥാന സഹകരണരജിസ്ട്രാറുടെ



...ല റോക്ക്ഡെയിൽ പയനിയേഴ്സ് മ്യൂസിയം

കീഴിലും ബാക്കിയുള്ളവ മറ്റുവകുപ്പുകളുടെ നിയന്ത്രണത്തിലുമാണ്. രജിസ്ട്രാറുടെ കീഴിലുള്ള സംഘങ്ങളിൽ 3801 എണ്ണം വായ്പാസംഘങ്ങളായി പ്രവർത്തിച്ചുവരുന്നു. മറ്റു വകുപ്പുകൾക്കു കീഴിൽ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന സംഘങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഖാദി & വീവേഴ്സ് | | |
| ഇൻഡസ്ട്രീസ് | - | 277 |
| കയർ | - | 515 |
| ഫിഷറീസ് | - | 518 |
| ഇൻഡസ്ട്രീസ് | - | 804 |
| ഹാൻഡ്‌ലൂം | - | 437 |
| ഡയറി | - | 2885 |

ഇവ കൂടാതെയാണ് പരമ്പരാഗതസംഘങ്ങൾ വിവിധമേഖലകളിലായി നിലനിന്നുവരുന്നത്.

## സഹകരണപ്രസ്ഥാനം ഇന്ത്യയിൽ

ഋണബാധ്യതയിൽ അകപ്പെട്ട കർഷകരെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ പരിപാടിയായി സഹകരണപ്രസ്ഥാനം ഇന്ത്യയിൽ കടന്നുവന്നത്. ഇതിനു പ്രേരിപ്പിച്ചത് ഇന്ത്യൻ കർഷകരുടെ പ്രതിഷേധ പ്രകടനങ്ങൾ തന്നെ. ഇടത്തട്ടുകാരുടേയും, വട്ടിപ്പലിശക്കാരുടേയും ചൂഷണത്തിനിരയായി നരകയാതന അനുഭവിച്ച കർഷകവൃന്ദം സായുധ വിപ്ലവത്തിനുവരെ തയ്യാറായ ഒരു ചരിത്രം അധികമാരുമറിയാതെ നമ്മുടെ പഴയ താളുകളിലുറങ്ങുന്നുണ്ട്. സർക്കാർ മേഖലയിലും തമിഴകത്തും ഗംഗാതടങ്ങളിലും പടർന്ന അസ്വസ്ഥതകൾ ബ്രിട്ടീഷ് സർക്കാരിന്റെ ഉറക്കം കെടുത്തി. 1875ൽ പൂനയിലെ 42 ഗ്രാമങ്ങളിലും അഹമ്മദാബാദിലെ 22 ഗ്രാമങ്ങളിലും ആളിപ്പടർന്ന വിപ്ലവത്തീയണയ്ക്കാനായി പഠനസംഘങ്ങളെ അയയ്ക്കുകയാണ് സർക്കാർ ചെയ്തത്. വിദേശരാജ്യങ്ങളിലെ കാല്പനിക കൂട്ടായ്മകളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുവാനും അവയ്ക്ക് ഇന്ത്യൻ മണ്ണിൽ വേരുപിടിക്കുമോ എന്നു പരിശോധിക്കുവാനുമായിരുന്നു പഠനസംഘങ്ങളുടെ ശുപാർശ.

ഇതെത്തുടർന്നാണ് മദിരാശി പ്രവിശ്യയിൽ നിന്നും സർ ഫ്രെഡറിക് നിക്കോൾസനെ സർക്കാർ യൂറോപ്പിലേക്കയച്ചത്. ഇറ്റലി, ജർമനി തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച നിക്കോൾസൺ പടിഞ്ഞാറൻ ജർമനിയിൽ 1862 മുതൽ പ്രവർത്തിച്ചുവരുന്ന റെയ്ഫീസൻ മാതൃകയിലുള്ള സംഘങ്ങൾ ഇന്ത്യയിലാരംഭിക്കാൻ ശുപാർശ ചെയ്തു. ഉത്തർപ്രദേശ് പ്രവിശ്യാസർക്കാർ നിയമിച്ച ഡ്യൂപ്പർനിക്സ് രാജ്യത്തെമ്പാടും "ജനങ്ങളുടെ ബാങ്ക്" സ്ഥാപിക്കണമെന്ന നിർദേശമാണ് മുന്നോട്ടു വച്ചത്. 1882-ലെ ഇന്ത്യൻ കമ്പനി നിയമത്തിന്റെ കീഴിൽ ഇൻഡീജനസ് നിധികൾ ആരംഭിക്കുവാൻ ഉത്തരേന്ത്യയിൽ ഏതാനും പ്രമുഖർ മുമ്പോട്ടു വന്നു. ഉത്തർപ്രദേശിൽ ഡ്യൂപ്പർനിക്സും, പഞ്ചാബിൽ മക്‌ലഗാനും, ബംഗാളിൽ ലയോണുമാണ് ഇതിന് നേതൃത്വം കൊടുത്തത്. ഇവയുടെ നിയമാവലികളും ഘടനയും പ്രവർത്തനവുമാണ് പിൽക്കാലത്ത് സഹകരണസംഘങ്ങളുടെ അടിത്തറയായി മാറിയത്.



ജോസഫ് മുണ്ടശ്ശേരി

ഇന്ത്യൻ കമ്പനി നിയമത്തേക്കാൾ യൂറോപ്പിലെ മ്യൂചൽ ക്രഡിറ്റ് അസോസിയേഷന്റെ മാതൃകയിൽ കാർഷികബാങ്കുകൾ തുടങ്ങണമെന്ന 1901 ലെ ഫാമിന് കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു. തുടർനടപടികൾക്കായി സർ എഡ്വേർഡ് ലോ അധ്യക്ഷനായി ഒരു വിദഗ്ധസമിതി നിലവിൽ വന്നു. ലോ കമ്മീഷൻ ശുപാർശ പ്രകാരമാണ് 1904-ലെ കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റീസ് ആക്ട് നിലവിൽ വന്നത്. ഇതനുസരിച്ച് പ്രാഥമിക വായ്പാസംഘങ്ങൾ മാത്രമേ സ്ഥാപിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. തന്മൂലം കാർഷികേതരവായ്പകൾ പൂർണമായും നിഷേധിക്കപ്പെട്ടു. പ്രാഥമിക സംഘങ്ങളെ ഏകോപിപ്പിക്കാനും നിയന്ത്രിക്കുവാനുമുള്ള സംവിധാനങ്ങൾക്കും നിയമത്തിൽ വകുപ്പുകളില്ലായിരുന്നു. ഈ പോരായ്മകൾ പരിഹരിച്ചുകൊണ്ടാണ് 1912-ൽ പുതിയ നിയമം ഉണ്ടായത്. ഇതോടെ അപ്പക്സ് സംഘങ്ങളും, കാർഷികേതര വായ്പാ സംവിധാനങ്ങളും നിലവിൽവന്നു. 1919-ൽ നടപ്പാക്കിയ മൊണ്ടേഗു-ചെംസ്ഫോർഡ് പരിഷ്കാരങ്ങളെത്തുടർന്ന് സഹകരണം സംസ്ഥാന വിഷയമായി. ഇതോടെ സഹകരണനിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം സംസ്ഥാനസർക്കാരുകൾക്കു കൈവന്നു. 1914-ൽ നിയമിച്ച മക്‌ലഗാൻ കമ്മിറ്റി ത്രിതല സംവിധാനവും ഉത്പാദനപരമായ കാര്യങ്ങൾക്കു വായ്പയും എന്ന രണ്ടു പ്രധാന ശുപാർശകൾ മുന്നോട്ടുവെച്ചു. ഇത് സഹകരണപ്രസ്ഥാനത്തെ കൂടുതൽ കെട്ടുറപ്പുള്ളതാക്കിത്തീർത്തു.

സഹകരണരംഗത്തെ 'മാഗ്നാകാർട്ടാ' എന്നറിയപ്പെടുന്നതാണ് റിസർവ് ബാങ്ക് നിയമിച്ച എ.ഡി. ഗോർവാല കമ്മിറ്റിയുടെ റിപ്പോർട്ട്. വലിയ വായ്പാസംഘങ്ങൾ, സ്റ്റേറ്റ് ബാങ്ക് ഇവയുടെ രൂപീകരണം, വായ്പയെ വിപണനവുമായി ബന്ധിപ്പിക്കൽ, വിളവായ്പാ സമ്പ്രദായം എന്നിവയായിരുന്നു ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ. 1972-ലെ സരയ്യാകമ്മീഷൻ ഫാർമേഴ്സ് സഹകരണസംഘങ്ങളുടേയും 1979-ലെ ബി.ശിവരാമൻ കമ്മീഷൻ നബാർഡിന്റെയും രൂപീകരണത്തിനുകാരണമായി.

ഇന്ത്യയിലെ ആദ്യത്തെ സഹകരണസംഘം ഹിമാചൽ പ്രദേശിലെ ഉന ജില്ലയിൽ 1892-ൽ പ്രവർത്തനമാരംഭിച്ച പഞ്ചവാർ സംഘമാണ്.

**ഋണബാധ്യതയിൽ അകപ്പെട്ട കർഷകരെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ പരിപാടിയായി സഹകരണപ്രസ്ഥാനം ഇന്ത്യയിൽ കടന്നുവന്നത്. ഇതിനു പ്രേരിപ്പിച്ചത് ഇന്ത്യൻ കർഷകരുടെ പ്രതിഷേധ പ്രകടനങ്ങൾ തന്നെ.**

## കേരളത്തിലെ തുടക്കം

മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന പാലക്കാട് ജില്ലയിൽ 1909 മുതൽ പ്രാഥമിക സഹകരണസംഘങ്ങൾ നിലവിൽ വന്നിരുന്നു. 1909-ൽ പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ രജിസ്റ്റർ ചെയ്ത സഹകര

ണസംഘമാണ് കേരളത്തിലെ ആദ്യസംഘം. കേരളത്തിലെ ആദ്യസഹകരണനിയമം കൊച്ചിയിലാണു പ്രാബല്യത്തിൽ വന്നത്. 1913-ലെ കൊച്ചിൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ആണിത്. മദ്രാസ് പ്രവിശ്യയിൽ സഹകരണസംഘം രജിസ്ട്രാർ ആയിരുന്ന സി.രാജഗോപാലാചാരി കൊച്ചിയിൽ ദിവാനായതാണ് ഇത്തരമൊരു ആക്ട് ഇവിടെ ഉണ്ടാകാൻ കാരണം. ഈ നിയമപ്രകാരം കണയന്നൂർ താലൂക്കിലെ എടവനക്കാട് സഹകരണസംഘമാണ് ആദ്യമായി ഇവിടെ സ്ഥാപിച്ചത്.



റോക്ഡയിൽ സൊസൈറ്റിയുടെ ആദ്യകാല അംഗങ്ങൾ

ശ്രീമൂലം തിരുനാളിന്റെ കാലത്താണ് (1885-1924) തിരുവിതാംകൂറിൽ സഹകരണസംഘങ്ങൾക്ക് തുടക്കം കുറിച്ചത്. കൊച്ചിയിൽ നിന്നു തിരുവിതാംകൂറിലേക്കു ദിവാനായി നിയമിക്കപ്പെട്ട സി.രാജഗോപാലാചാരിയാണ് 1914-ലെ ട്രാവൻകൂർ കോ-ഓപ്പറേറ്റീവ് റെഗുലേഷൻ ആക്ടിന്റെ സൂത്രധാരൻ. തിരുവിതാംകൂറിലെ ആദ്യ സഹകരണ രജിസ്ട്രാറായി സി.ഗോവിന്ദപ്പിള്ളയെ നിയമിച്ചു. 1915 നവംബർ 23-ന് രജിസ്റ്റർ ചെയ്യപ്പെട്ട തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പ്റേറ്റീവ് ബാങ്കാണ് തിരുവിതാംകൂറിലെ ആദ്യ സഹകരണപ്രസ്ഥാനം. ഇതാണ് ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്കായി വളർന്നത്.

1912-ലെ സഹകരണനിയമനുസരിച്ച് 1917-ൽ ആരംഭിച്ച മലബാർ കോ-ഓപ്പറേറ്റീവ് സെൻട്രൽ ബാങ്കാണ് മലബാർ പ്രദേശത്തെ ആദ്യ സഹകരണ ബാങ്ക്. ഇതാണ് പിന്നീട് കോഴിക്കോട്ടു ജില്ലാ സഹകരണ ബാങ്കായി പരിണമിച്ചത്.

ഐക്യകേരളത്തിന്റെ രൂപീകരണത്തിനുശേഷം സഹകരണത്തിനു മാത്രമായി ഒരു വകുപ്പുണ്ടായി. വിദ്യാഭ്യാസ വിചക്ഷണനായ ജോസഫ് മുണ്ടശ്ശേരിയായിരുന്നു സഹകരണവകുപ്പിന്റെ ചുമതല. സമഗ്രമായ ഒരു സഹകരണനിയമമുണ്ടായത് പി.ആർ.കുറുപ്പ് സഹകരണവകുപ്പിന്റെ സാരഥിയായിരുന്ന കാലത്താണ്.

തിരുവനന്തപുരത്തെ കോ ബാങ്ക് ടവേഴ്സ്



കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പുതിയൊരുണർവ് സൃഷ്ടിക്കുവാൻ സഹകരണവകുപ്പിനു കഴിഞ്ഞു. 'സഹകരണ നവരത്നം കേരളീയം' എന്ന പരിപാടിയുമായാണ് ഇടതുപക്ഷസർക്കാർ പുതിയൊരു സഹകരണ നയത്തിനു തുടക്കമിട്ടത്. ആഗോളസാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പുതിയൊരു വായ്പാനയം തന്നെ സഹകരണബാങ്കുകളിലൂടെ ഇവിടെ നടപ്പാക്കുകയുണ്ടായി. ഈ വർഷം 5000 കോടി രൂപയുടെ വായ്പയാണ് സഹകരണബാങ്കുകൾ വഴി വിതരണം ചെയ്തുവരുന്നത്. നെൽകൃഷിയ്ക്കുള്ള പലിശരഹിതവായ്പ, വിദ്യാഭ്യാസ വായ്പ, സാധുയുവതികളുടെ വിവാഹത്തിനുള്ള മംഗല്യസൂത്ര വായ്പ, മറ്റു കാർഷിക വായ്പകൾ, സ്വയം തൊഴിൽ വായ്പകൾ എന്നിവ ഇതിലുൾപ്പെടും.

വിലക്കയറ്റത്തിന്റെ വറുതിയിൽ നിന്ന് കേരളക്കരയെ രക്ഷിക്കാനായി 5000 സഹകരണ ഓണവിപണികളും 4104 റംസാൻ വിപണികളും തുടങ്ങിക്കൊണ്ട് ഉപഭോക്തൃരംഗത്ത് സഹകരണമേഖല നടത്തിയ കാൽവെയ്പ് ചരിത്രവിജയമായി മാറി. തകർന്നു തരിപ്പണമായ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന് പുതുജീവൻ നൽകിയ സഹകരണവകുപ്പ് സാംസ്കാരികരംഗത്തും ശ്രദ്ധേയമായ തുടക്കമാണിട്ടത്. ഈ വർഷാവസാനത്തോടെ സംഘം 500 പുസ്തകങ്ങൾ പുറത്തിറക്കും. സംഘത്തിന്റെ കടബാധ്യതകളെല്ലാം തന്നെ ഇപ്പോൾ ഏതാണ്ടു തീർത്തു കഴിഞ്ഞു. ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികളും പുരോഗമിച്ചു വരുന്നു. പിരിഞ്ഞുപോയവരുടെ ആനുകൂല്യങ്ങളും എഴുത്തുകാരുടെ റോയൽറ്റിക്കുടിശ്ശികയും തീർക്കുക മാത്രമല്ല, അഡ്വാൻസ് റോയൽറ്റി സമ്പ്രദായവും ഇവിടെ നടപ്പാക്കിക്കഴിഞ്ഞു. പുസ്തകവിപണനരംഗത്ത് പുതിയൊരു തന്ത്രം ആവിഷ്കരിച്ചതിലൂടെ നൂറ്റമ്പതോളം പേർക്ക് പുതുതായി തൊഴിലവസരവും ഇവിടെയുണ്ടായി.

വിദ്യാഭ്യാസരംഗത്തും തനതായ വ്യക്തിമുദ്രപതിപ്പിക്കാൻ നമ്മുടെ സഹകരണപ്രസ്ഥാനത്തിനുകഴിഞ്ഞു. സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ 80 വിദ്യാഭ്യാസ സഹകരണസംഘങ്ങളാണുള്ളത്. ഇവയുടെ ആഭിമുഖ്യത്തിൽ 78 വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഇവ കൂടാതെ 25 സ്ഥാപനങ്ങൾ പ്രൊഫഷണൽ കോഴ്സുകൾ നടത്തി വരുന്നു. എൻജിനീയറിങ്, മെഡിക്കൽ, മാനേജ്മെന്റ്, നേഴ്സിങ്, ഫാർമസി കോഴ്സുകളാണ് ഇവയിൽ പ്രധാനം. കേപ്പ് (കേരള അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ) എന്ന സംഘടനയുടെ കീഴിൽ ഇപ്പോൾ ആറ് എഞ്ചിനീയറിങ് കോളേജുകളും ഒരു മെഡിക്കൽ കോളേജും, ഒരു നേഴ്സിങ് കോളേജും പ്രവർത്തിച്ചുവരുന്നു. നെയ്യാർഡാമിൽ ആരംഭിച്ച കിക്മ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്) അന്താരാഷ്ട്രനിലവാരമുള്ള മാനേജ്മെന്റ് പരിശീലന കേന്ദ്രമാണ്. സർക്കാർ അംഗീകൃത ഫീസാണ് എല്ലാ സഹകരണസ്ഥാപനങ്ങളും ഈടാക്കുന്നത്. വിദ്യാഭ്യാസക്കച്ചവടക്കാരെ നിലയ്ക്ക് നിർത്താൻ കെല്പുള്ള ശക്തിയായി ഭാവിയിൽ സഹകരണ മേഖല മാറും എന്ന കാര്യത്തിൽ തർക്കമില്ല ■

■ ഐൻസ്റ്റീൻ ചേരാനെല്ലൂർ

# ബൈക്ക് യാത്രികനോട് സ്നേഹപൂർവം...

**ഇനിമുതൽ നിങ്ങളുടെ ബൈക്ക് യാത്രയിൽ ഈ മനുഷ്യനും കൂടെയുണ്ടാവട്ടെ.**



താങ്കൾ പത്തൊമ്പതാം വയസ്സിൽ ബൈക്ക് യാത്രികനായതിൽ അഭിനന്ദിക്കുന്നു. ഭാഗ്യവാൻ. നന്നായി വരട്ടെ.

ഇതാ, ഇപ്പോൾ ബൈക്ക് സ്റ്റാർട്ട് ചെയ്തു കഴിഞ്ഞു. ഇടംവലം നോക്കാതെ കുതിക്കരുത്. മുന്നിലും പിന്നിലും വശങ്ങളിലും ഒരു നിമിഷംകൊണ്ട് തൊട്ടടുത്തെത്തിയേക്കാവുന്ന അപകടകാരികൾ ആരുമില്ലെന്ന് ഉറപ്പുവരുത്തുക. സ്റ്റാൻഡ് തട്ടാൻ മറന്നിട്ടില്ലല്ലോ. ശരി. പോകാം. ഞാൻ പിൻസീറ്റിൽ തന്നെ ഇരിക്കുന്നുണ്ട്.

ആദ്യമേ മനസ്സിലാക്കൂ, ദേശീയപാതയും തിരക്കേറിയ മറ്റു റോഡുകളും താങ്കളുടെ സ്വകാര്യസ്വത്തല്ല. ഒരു ഓരം ചേർന്ന് വിനയപുരസ്സരം ഒതുങ്ങിപ്പോകാനേ അനുവാദമുള്ളൂ. ഇതൊരു സർക്കാർ നിയമമല്ല. ഗതാഗതമര്യാദയാണ്. അതിലുപരി ഗതാഗതസംസ്കാരമാണ്.

ദാ, താങ്കളുടെ പോക്കറ്റിൽ മൊബൈൽ പാടുന്നു. എടുക്കേണ്ട. പാടിക്കൊള്ളട്ടെ. ഒരു ജീവന്റെ വിലയെക്കാൾ വലുതൊന്നും അതിനുതരാനില്ല. തിരക്കൊഴിയുമ്പോൾ വേണമെങ്കിൽ സൈഡൊതുക്കി, കോൾലിസ്റ്റ് നോക്കാം.

നിങ്ങൾ മര്യാദക്കാരനായതിന് നന്ദി. മറ്റു വല്ലവരുമായിരുന്നെങ്കിൽ എന്നെയും എന്റെ ഉപദേശങ്ങളെയും ചവിട്ടിത്താഴെയിട്ടിട്ട് പറപറന്നേനേ.

ദാ, ട്രാഫിക് ഐലന്റ്. ചുവപ്പു സിഗ്നൽ കത്തിയിരിക്കുന്നു. നിർത്തണം. ഇതും ഒരു മര്യാദയാണ്. ചിലപ്പോൾ ഒരു വാഹനവും കടന്നുപോകാനുണ്ടാവില്ല. റോഡുകൾ കാലിയായിരിക്കും. ചില വിരുതന്മാർ ഗ്യാപ്പുനോക്കി വണ്ടിയെടുക്കും. പച്ചകത്തും മുമ്പ് വണ്ടിയെടുക്കുന്ന ഈ ധീരന്മാരെ അരയിലെ ബെൽറ്റും തടവി നിൽക്കാറുള്ള പൊലീസ് കണ്ടില്ലെന്നു വന്നേക്കാം. നമ്മൾ അതു ചെയ്യരുത്. പച്ച കത്തിയാലേ പോകാവൂ.

സിഗ്നൽ വന്നു. പോകാം. എത്ര സുരക്ഷിതമാണ് ഈ യാത്ര. ഇടയ്ക്കിടെ കണ്ണാടിയിലൂടെ പിന്നിൽ നോക്കുന്നുണ്ടല്ലോ. ഒന്നും പേടിക്കാനില്ല. ഇനിയിതാ, നാം വലിയ പാലത്തിൽ കയറുകയാണ്. വശങ്ങളിൽ നിന്ന് ആരും കുറുകേ ചാടുകയില്ലെന്ന് ഉറപ്പ്. ഇഷ്ടം പോലെ സ്പീഡ് കൂട്ടിക്കൊള്ളൂ. 50-60-70-80.... കൊള്ളാം, നല്ല സ്പീഡ്! ശരിക്ക് ബൈക്കോടിക്കുന്ന സുഖം ഇതാണ്. പക്ഷെ, സ്പീഡ് ത്രിൽസ്... ബട്ട് കിൽസ്... എന്നാണ് പ്രമാണം. ഇറക്കമിറങ്ങാൻ തുടങ്ങി. സ്പീഡ് കുറച്ചോളൂ. പഴയപടി.

ദാ, ഒരു തടിച്ച ഉദ്യോഗസ്ഥ, വലതുകൈ വട്ടത്തിൽ മുന്നോട്ടും പിന്നോട്ടും തുഴഞ്ഞുകൊണ്ട് തെറ്റായ ദിശയിലൂടെ സ്വൈരം നടന്നുപോകുന്നു. അവരുടെ കൈ മുന്നോട്ട് ഒരു അർദ്ധവൃത്തം പൂർത്തിയാക്കുന്ന കൃത്യസമയത്ത് നമ്മുടെ ബൈക്ക് അടുത്തെത്തുകയും, കൈ തിരിച്ചുവരുമ്പോൾ ബൈക്കിന്റെ ഹാന്റിലിൽ തട്ടുകയും ചെയ്യും. പൊല്ലാപ്പാണ്. ഒരു ഓട്ടോറിക്ഷയ്ക്കു വേണ്ട സ്ഥലം വിട്ടുകൊടുത്തിട്ട് ഒഴിഞ്ഞു പോകാം.

റോഡിന്റെ മാത്തമാറ്റിക്സിൽ ഒരു തിയറമുണ്ട്. വ്യത്യസ്ത വേഗം പാലിക്കുന്ന മൂന്ന് സംഗതികൾ ഒരേ രേഖയിൽ സംഗമിക്കും എന്നതാണത്. മൂന്ന് സംഗതികളിൽ ഒന്ന്-നമ്മുടെ വാഹനം; നാല്പതിൽ, രണ്ട് -എതിരെ വരുന്ന ബസ്സ്; എഴുപതിൽ, മൂന്ന്-നമ്മുടെ മുമ്പിൽ തടസ്സമായി നിരന്നു നടക്കുന്ന സ്കൂൾ കുട്ടികൾ, അല്ലെങ്കിൽ നിർത്തിയിട്ടിരിക്കുന്ന ഒരു വാഹനം. നമ്മുടെ വണ്ടി ആ സ്പോട്ടിൽ എത്തുമ്പോൾ, കൃത്യമായി ഈ മൂന്ന് സംഗതികളും ഒരേ നേർരേഖയിൽ സംഗമിക്കും; ബ്രേക്ക് പ്രവർത്തിച്ചില്ലെങ്കിൽ അന്ന് ഏതെങ്കിലും വീട്ടിൽ കുന്തിരിക്കം പുകയും.

അതേ, സ്നേഹിതാ, റോഡിലെ ഏതൊരു സ്പോട്ടും കറുത്ത തുണിയും കുന്തിരിക്കവുമായി ഇരകളെ കാത്തിരിക്കുകയാണ്.

ആ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സ് ചീറിപ്പാഞ്ഞു വരുന്നതു കണ്ടോ? അദ്ദേഹത്തിന് യാതൊരുവിധ മര്യാദയുമില്ല. അതിലെ ഡ്രൈവർ എഴുന്നേറ്റുനിന്ന് ഓടിക്കുകയാണോ എന്നു തോന്നും. സൈഡൊതുക്കിക്കോളൂ. ഇടി വണ്ടി കടന്നു പൊയ്ക്കോട്ടെ. ഹാവൂ. രക്ഷപ്പെട്ടു.

നമുക്ക് ശരാശരി സ്പീഡ് അൻപതു മതി. ഒരു തെരുവുനായ വട്ടം ചാടിയാൽ പോലും വെട്ടിച്ചുമാറ്റാനോ ചവിട്ടി നിർത്താനോ കഴിയണം.

ഒരു പക്ഷേ, താങ്കൾ വിചാരിച്ചേക്കും, ഇങ്ങനെ റോഡിലുള്ള പട്ടിക്കും പൂച്ചയ്ക്കും വഴിയൊതുങ്ങിക്കൊടുത്ത് ബോട്ടു പോകുന്നതുപോലെ പോകാനാണോ, അരലക്ഷത്തിന്റെ ഉരുപ്പടി വാങ്ങിയതെന്ന്. തന്നെയുമല്ല, ഈ പോക്കുപോയാൽ ഓഫീസിൽ എത്തുമ്പോൾ രാത്രി എട്ടുമണിയാകുമല്ലോ, എന്നും. ഇല്ലേയില്ല. ഒട്ടും ലേറ്റാവുകയില്ല. ഇനി, അല്പം ലേറ്റാവുന്നതല്ലേ, 'ദി ലേറ്റാ'വുന്നതിനേക്കാൾ നല്ലത്! നാല്പതിൽ പോയാലും അറുപതിൽ പോയാലും പതിനഞ്ചു മിനിറ്റിന്റെ വ്യത്യാസമേ ഉണ്ടാവുകയുള്ളൂ. നമ്മൾ പതിവുസമയത്തിനു പതിനഞ്ചു മിനിറ്റ് നേരത്തേ ഇറങ്ങിയിട്ടുണ്ടല്ലോ. എന്നും അങ്ങനെ വേണം.

പിന്നെ, അരലക്ഷത്തിന്റെ ഉരുപ്പടിയെ

ക്കാൾ പതിന്മടങ്ങ് വലുതല്ലേ, അമൂല്യമായ ജീവിതം എന്ന വരദാനം!

വൃന്ദാവനം റോഡിൽ നിറയെ കുണ്ടും കുഴിയുമാണെന്നറിയാമല്ലോ. നാലിഞ്ചു മുതൽ ഒരടി വരെ താഴ്ചയുള്ള ആളെ ക്കൊല്ലി ഗട്ടറുകൾ യാത്രക്കാരെ പരിഹ സിച്ചും വെല്ലുവിളിച്ചും വെള്ളം നിറഞ്ഞ ചതിക്കുഴികളായി മലർന്നു കിടക്കുകയാ ണ്. നമ്മൾ മലയാളികൾ എന്തിനോടും അഡ്ജസ്റ്റ് ചെയ്യാറുണ്ടല്ലോ. ഗട്ടറുകളോടും നമ്മൾ അഡ്ജസ്റ്റ് ചെയ്യുക. അനുസര ണക്കുട്ടികളായി ആ ഗട്ടറുകളിൽ ഇറ ങ്ങിയും മുങ്ങിയും കുളിച്ചും കയറിയും സെക്കന്റ് ഗിയറിൽ അങ്ങനെ പതുക്കെപ്പ തുക്കെ, ആനപ്പുറത്തിരിക്കുന്ന ഒന്നാം പാപ്പാനെപ്പോലെ കുലുങ്ങിക്കുലുങ്ങി കട ന്നുപോകാം!

മറ്റൊരു തരത്തിൽ ചിന്തിച്ചാൽ ഗട്ടറു കൾ നല്ല കാര്യമാണ്. സ്പീഡ് ബ്രേക്ക റിന്റെ ഫലം ചെയ്യും. ഇങ്ങനെ ഗട്ടറുകൾ ഇല്ലായിരുന്നെങ്കിലത്തെ സ്ഥിതി ആലോ ചിച്ചുനോക്കൂ. ഇതിലൂടെ ബസ്സുകളും മറ്റു സകല വാഹനങ്ങളും ആരുണ്ടിവിടെ ചോദിക്കാൻ എന്ന പാട്ടും പാടി, വീശി വള വെടുത്ത് പായുകയില്ലേ? കാൽനടക്കാരന്റെ പണി തീർന്നു പോകയില്ലേ?

ദാ, മുന്നിൽ ഒരു ഓട്ടോ ചേട്ടൻ! അപ കടകാരി. ഒരു വിധ ട്രാഫിക് മര്യാദകളും പാലിക്കേണ്ടതില്ല എന്ന് ആർ.ടി.ഒ.യുടെ പക്കൽ നിന്ന് എഴുതിക്കിട്ടിയ ഭാവമാണ് അയാൾക്ക്. ട്രാഫിക് മര്യാദ പാലിക്കുന്ന ഓട്ടോക്കാരുടെ പേരു കൂടി ചീത്തയാക്കു മിയാൾ.

പോകുന്ന പോക്കിൽ പെട്ടെന്ന് ബ്രേക്കി ടും. ഇടത്തോട്ടോ വലത്തോട്ടോ യൂ ടേൺ എടുക്കും. ആമ തല പുറത്തിടുന്നതു പോലെ ഒരു കൈപ്പത്തി പുറത്തിട്ട് അന ക്കിയാലായി. അവനെ ഒന്ന് തട്ടുകയോ മുട്ടുകയോ ചെയ്താൽ പിന്നെ പ്രശ്നമാ കും.


അനുജാ, ഡ്രൈവിങ് എന്നു പറ ഞ്ഞാൽ ഹൈസ്പീഡിൽ കത്തിച്ചുപോകു കയല്ല, മറിച്ച് മറ്റുള്ളവർക്കുവേണ്ടി വഴി യൊതുങ്ങിക്കൊടുത്ത് പോകുക എന്നർത്ഥം. നമ്മൾ എല്ലാവരേയും പേടി ക്കണം. വഴിയുണ്ടെങ്കിൽ പോകാം. വഴിയു ണ്ടാക്കി പോകരുത്. വണ്ടിയും തടിയും കേടു കൂടാതെ തിരികെ വീട്ടിൽ എത്തി ക്കുന്നതിൽ മാത്രമാണ് ഒരു നല്ല ഡ്രൈവ റുടെ മിടുക്ക്.

ഈ ഒഴിഞ്ഞു കൊടുക്കൽ എന്നത് ശരി യായ ശാന്തിമന്ത്രമാണ്. എപ്പോഴും ഇതു പറഞ്ഞുതരാൻ എനിക്കു കൂടെ വരാൻ കഴി ഞ്ഞെന്നു വരില്ല. ഇനി എല്ലാം സുഹൃത്ത് തന്നത്താൻ നോക്കണം.

മതി, സുഹൃത്തേ, സിഗ്നലിട്ട് ഒന്ന് ഒതുക്കി നിർത്തിക്കോളൂ. ഞാനിവിടെ ഇറ ങ്ങുകയാണ്.

അപ്പോൾ....... എല്ലാം പറഞ്ഞതു പോലെ! ■

■ വി. കെ. അനിൽകുമാർ



കഥനകലയ്ക്ക് പ്രസക്തി നഷ്ടപ്പെടുന്നില്ലെന്ന് തെളിയിച്ച് കഥാപ്രസംഗം ഒരു തിരിച്ചുവരവിനൊരുങ്ങുകയാണ്.

# കഥ മെനഞ്ഞ്, കഥ പറഞ്ഞ്, കാലത്തിനൊപ്പം

പേടിച്ചരണ്ട മാൻപേടയെപ്പോലെ നിൽക്കുന്ന ആയിഷയുടെ മുഖത്തുനോക്കി അദ്രമാനലറി..... "പെണ്ണേ, നിന്നെ ഞാൻ കത്തികൊണ്ടരിഞ്ഞു കടയിൽ കെട്ടിത്തൂക്കും". സംഭാഷണത്തിന്റെയും ഗാനത്തിന്റെയും രൂപത്തിൽ വയലാറിന്റെ 'ആയിഷ'യെ പ്രശസ്ത കാഥികൻ വി.സാംബശിവൻ കഥ അവതരിപ്പിക്കുമ്പോൾ ആ വികാരങ്ങൾ സദസിലേക്ക് പടർന്നുകയറും. മലയാളത്തിലെ പ്രശസ്തമായ എഴുത്തുകാരെ മാത്രമല്ല, ഷേക്സ്പിയറെയും ടോൾസ്റ്റോയിയെയും എമിലി സോളയെയും പോലുള്ള മികച്ച സാഹിത്യകാരന്മാരെയും സാധാരണമലയാളിക്ക് പരിചയപ്പെടുത്തിയത് കഥാപ്രസംഗം എന്ന കലയായിരുന്നു.

കഥപറഞ്ഞും കഥമെനഞ്ഞും കേരളത്തിന്റെ മുക്കിലും മൂലയിലും നിറഞ്ഞ കാഥികരും അവർ പറഞ്ഞ കഥകളും മലയാളിയുടെ സാംസ്കാരിക ജീവിതത്തെ സമ്പന്നമാക്കുക മാത്രമല്ല അവരിലെ സാമൂഹിക പ്രതിബദ്ധതയെ ഉണർത്തുകയും തിൻമകൾക്കെതിരെ പോരാടാനുള്ള പ്രേരണ നല്കുകയും ചെയ്തിരുന്നു. എന്നാൽ പ്രതിഭയുടെ കൈയൊപ്പുപതിഞ്ഞ കെടാമംഗലം സദാനന്ദനെയും വി.സാംബശിവനെയും പോലുള്ള കാഥികരുടെ കാലശേഷം വന്നവരിൽ പലർക്കും അവരെപ്പോലെ ജനമനസുകളെ ഒന്നിച്ചു പിടിച്ചിരുത്താനായില്ല. ടെലിവിഷനും വി.സി. ആറുമെല്ലാം മലയാളിയുടെ സാംസ്കാരിക സന്ധ്യകളെ കീഴടക്കുകയും ചെയ്തു. അതോടെ കഥാപ്രസംഗത്തിന്റെ പ്രയാണവും കുറഞ്ഞു.

എന്നാൽ സാങ്കേതിക വിദ്യകളുടെ പുതിയ കാലത്തും കഥനകലയ്ക്ക് പ്രസക്തി നഷ്ടപ്പെടുന്നില്ലെന്ന് തെളിയിച്ചുകൊണ്ട് കഥാപ്രസംഗം ഒരു തിരിച്ചുവരവിനൊരുങ്ങുകയാണ്.

അതിന്റെ നേർക്കാഴ്ചയായിരുന്നു കേരള സംഗീത നാടക അക്കാദമി ഇരവിപുരത്തു സംബന്ധിപ്പിച്ച കഥാപ്രസംഗ ശില്പശാല. കഥാപ്രസംഗകലയുടെ പ്രാധാന്യവും പ്രസക്തിയും പങ്കുവയ്ക്കാൻ അവിടെയെത്തിയ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 75 വിദ്യാർഥികൾക്ക് '*കാഥികന്റെ പണിപ്പുര*' എന്ന ഈ കഥാപ്രസംഗശില്പശാല ക്യാമ്പംഗങ്ങൾക്ക് നവ്യാനുഭവമായി. ഒക്ടോബർ 10 മുതൽ 13 വരെയായിരുന്നു ശില്പശാല. കഥാപ്രസംഗത്തിന്റെ പ്രമേയം, സംഗീതം, അഭിനയം തുടങ്ങിയ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി പ്രത്യേകം ചർച്ചകളും നടന്നു. മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ കാക്കനാടൻ ഉദ്ഘാടനം നിർവഹിച്ച ശില്പശാലയുടെ ആദ്യദിനം പി.കെ. ഗോപൻ '*കഥാപ്രസംഗത്തിന്റെ സാമൂഹിക പ്രസക്തി*' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. ശശികുമാർ എരഞ്ഞിക്കലിന്റെ '*തെരഞ്ഞെടുപ്പ്*' എന്ന ഏകാങ്കം, ക്യാമ്പ് ഡയറക്ടർ കൂടിയായ എം. ഹർഷകുമാർ അവതരിപ്പിച്ച *ആയിഷ* എന്ന കഥാപ്രസംഗം, മുരുകൻ കാട്ടാക്കടയുടെ കവിതാലാപനം എന്നിവ ആദ്യ ദിനത്തിന്റെ സവിശേഷതകളായിരുന്നു. രണ്ടാം ദിവസം സംഗീത നാടക അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി '*കുട്ടികളും കഥപറച്ചിലും*' എന്ന വിഷയത്തെപ്പറ്റി ക്ലാസ്സെടുത്തു. തുടർന്ന് പ്രശസ്ത നർത്തകി വിനീത നെടുങ്ങാടി കവിതയുടെ നൃത്താവിഷ്കാരത്തെക്കുറിച്ചും, അമ്മന്നൂർ കുട്ടൻ ചാക്യാർ കഥയും കൂത്തുമായുള്ള ബന്ധത്തെക്കുറിച്ചും ക്യാമ്പംഗങ്ങളുമായി ചർച്ചചെയ്തു.

തുടർന്ന് അയിലം ഉണ്ണികൃഷ്ണന്റെ '*കൃഷ്ണാ നീ ഉണ്ടായിരുന്നെങ്കിൽ*' എന്ന കഥാപ്രസംഗവും അവതരിപ്പിച്ചു. പ്രശസ്ത മാധ്യമ പ്രവർത്തകൻ എസ്. രാധാകൃഷ്ണന്റെ '*മാധ്യമങ്ങളും കഥാപ്രസംഗവും*' എന്ന പ്രഭാഷണത്തോടെയാണ് മൂന്നാം ദിവസത്തെ പരിപാടികൾ ആരംഭിച്ചത്. ഉച്ചയ്ക്ക് ശേഷം കഥാപ്രസംഗത്തിലെ സംഗീതത്തെക്കുറിച്ച് കടവൂർ എം.ശശികുമാർ സംസാരിച്ചു. രാത്രിയിൽ തേവർ തോട്ടം സുകുമാരൻ '*വേഗത പോര*' എന്ന കഥ പറഞ്ഞു. നാലാം ദിവസം രാവിലെ ഡോ: എൻ. ജയദേവൻ '*കഥാപ്രസംഗം ജനബോധന മാധ്യമം*' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. തുടർന്ന് ക്യാമ്പംഗങ്ങൾ കഥാപ്രസംഗം അവതരിപ്പിച്ചു. നാലുദിവസം നീണ്ടുനിന്ന ശില്പശാലയുടെ സമാപന സമ്മേളനത്തിൽ സാംസ്കാരിക വകുപ്പുമന്ത്രി എം.എ. ബേബി മുഖ്യാതിഥിയായി. കഥാപ്രസംഗത്തിന്റെ ഭാവി പുതുതലമുറയുടെ കൈകളിൽ സുരക്ഷിതമാണ് എന്നുള്ള ഓർമ്മപ്പെടുത്തലായിരുന്നു ശില്പശാല.

എ.കെ.അഗസ്റ്റിൻ

# മാലിന്യ നിർമാർജനം ഒരു മേപ്പയ്യൂർ അനുഭവം

**മാലിന്യ നിർമാർജനത്തിൽ മാതൃകയാവുന്ന മേപ്പയൂർപദ്ധതി ഇതിനകം ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധപിടിച്ചുപറ്റിക്കഴിഞ്ഞു.**

തുണിസഞ്ചിയിൽ സാധനം വാങ്ങുന്നവർക്ക് ഒരു ശതമാനം വിലക്കിഴിവും ഒരു സമ്മാന കൂപ്പണും. കുറ്റ്യാടിയിലെ കച്ചവടക്കാരനായ മുഹമ്മദാലിയുടേതാണ് ഈ വാഗ്ദാനം.

സ്കൂൾ വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കും പേപ്പർബാഗു നിർമ്മാണത്തിൽ പരിശീലനം. കുന്നുമ്മൽ പഞ്ചായത്തിലെ വട്ടോളി സംസ്കൃതം സ്കൂളും ചേതന ക്ലബ്ബും ചേർന്നൊരുക്കിയ പരിപാടി. ഒരു വാർഡ് ദത്തെടുത്ത് 200 വീടുകൾ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് കർമ്മ പരിപാടി.

മേപ്പയ്യൂർ മണ്ഡലത്തിലെ മുഴുവൻ സ്കൂളിലും ശുചിത്വ അസംബ്ലി. മുഴുവൻ ഗ്രാമപ്പഞ്ചായത്ത് വാർഡുകളിലും ശുചിത്വ ഗ്രാമസഭ. എല്ലാ വീടുകളിലും ശുചിത്വ ദീപം.

മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിലെ ചില മേപ്പയ്യൂർ അനുഭവങ്ങളാണ് മുകളിൽ കുറിച്ചത്. മേപ്പയ്യൂർ മണ്ഡലത്തിൽ എം.എൽ.എയുടെ പ്രാദേശികവികസന ഫണ്ടും ത്രിതലപഞ്ചായത്തുകളുടെ ഫണ്ടും സംയോജിപ്പിച്ച് പൊതുജനാരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് 2007 ഡിസംബർ മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് പരിരക്ഷ. ഇതനുസരിച്ച് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ എം.എൽ.എ ഫണ്ടുവഴിയും മരുന്നുകൾ ത്രിതതല പഞ്ചായത്തുകളും നൽകണം. സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച, നിർധനരോഗികൾക്ക് വിലകൂടിയ മരുന്നുകൾ പഞ്ചായത്തുകൾ നൽകുന്ന പദ്ധതി *പരിരക്ഷ*യുടെ ആവിർഭാവത്തോടെ മേപ്പയ്യൂർ മണ്ഡലത്തിൽ നടപ്പാക്കിക്കഴിഞ്ഞിരുന്നു.

കെ.കെ. ലതിക എം.എൽ.എ ചെയർപേഴ്സണും കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. സുരേന്ദ്രൻ മാസ്റ്റർ വൈസ് ചെയർമാനും മേപ്പയ്യൂർ മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർ അംഗങ്ങളുമായുള്ള ഒരു ജനറൽ കമ്മിറ്റിയാണ് പരിരക്ഷ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. മണ്ഡലത്തിൽപെട്ട വേളം പി.എച്ച്.സിയിലെ അസി. സർജൻ ഡോ. സോമസുന്ദരത്തെ പദ്ധതിയുടെ ഇംപ്ലിമെന്റിങ് ഓഫീസറായും ഹെൽത്ത് ഇൻസ്പെക്ടർ സി.എം. വിനോദനെ കോ-ഓർഡിനേറ്ററായും സർക്കാർ നിയമിച്ചിട്ടുണ്ട്. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് നൽകിയ കെട്ടിടത്തിൽ പദ്ധതി ഓഫീസ് പ്രവർത്തിച്ച് വരുന്നു. പ്രവാസിമലയാളി നായരോട്ട് മൂസ *പരിരക്ഷ* പ്രവർത്തനങ്ങൾക്ക് ഒരു വാഹനം സംഭാവന നൽകിയിട്ടുണ്ട്.



*പരിരക്ഷ* പ്രവർത്തനങ്ങൾക്കുള്ള വാഹനത്തിന്റെ താക്കോൽ നായരോട്ട് മൂസയിൽ നിന്ന് കെ.കെ. ലതിക എം.എൽ.എ ഏറ്റുവാങ്ങുന്നു.

പരിസരമലിനീകരണവും പ്ലാസ്റ്റിക് വ്യാപനവും വരുത്തിവെച്ച പകർച്ചവ്യാധികളിൽ നിന്നും രക്ഷനേടാൻ മാലിന്യനിർമാർജ്ജനവും പരിസരശുചീകരണവും മാത്രമെ വഴിയുള്ളു എന്ന തിരിച്ചറിവിൽ നിന്നാണ് *പരിരക്ഷ* പദ്ധതിയുടെ ആഭിമുഖ്യത്തിൽ മേപ്പയ്യൂർ മണ്ഡലത്തിൽ ശുചീകരണ മത്സരം സംഘടിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ, വിദ്യാലയങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഗ്രന്ഥാലയങ്ങൾ, ക്ലബ്ബുകൾ, കുടുംബശ്രീ യൂണിറ്റുകൾ മുതലായവരാണ് ഈ പദ്ധതിപ്രകാരം ശുചീകരണ മത്സരത്തിൽ പങ്കെടുക്കുന്നത്. മേപ്പയ്യൂർ മണ്ഡലത്തിന് പുറത്തുള്ള ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, വിദ്യാഭ്യാസ-ആരോഗ്യ പ്രവർത്തകർ എന്നിവരെയാണ് മത്സരത്തിന്റെ വിധികർത്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. മത്സരത്തിൽ മികവ് പുലർത്തുന്ന ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം അഞ്ചുലക്ഷം, മൂന്ന് ലക്ഷം, രണ്ട് ലക്ഷം എന്നിങ്ങനെ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നൽകും പ്രോത്സാഹന സമ്മാനം ഒരു ലക്ഷം രൂപയും ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയങ്ങൾക്ക് അമ്പതിനായിരം, അംഗൻവാടികൾക്ക് പതിനായിരം, ഗ്രന്ഥശാലകൾക്ക് അയ്യായിരം എന്നിങ്ങനെയാണ് അവാർഡ് തുക. ഗ്രാമപഞ്ചായത്തുകൾ നടത്തിവരുന്ന ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചു റിപ്പോർട്ട് ചെയ്യുകയും ശുചീകരണസന്ദേശം ജനങ്ങളിലെത്താൻ റിപ്പോർട്ടുകൾ ഫീച്ചറുകൾ എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന പ്രാദേശിക മാധ്യമപ്രവർത്തകർക്ക് കാഷ് അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. *പരിരക്ഷ പുരസ്കാരം 2009* എന്ന പേരിൽ നൽകുന്ന ഈ അവാർഡുകളിൽ അതത് സ്ഥാപനങ്ങളുടെ പദ്ധതികൾക്കാണ് തുക അനുവദിക്കുക. പദ്ധതിതുക എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിക്കും. 2009 ഡിസംബർ 10 നാണ് മത്സരം അവസാനിക്കുക.

മത്സരത്തിൽ പല ഭാഗത്തുനിന്നും ആവേശകരമായ അനുഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വേളം ഗ്രാമപഞ്ചായത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്ത് നടത്തിയ ശുചിത്വ മനുഷ്യച്ചങ്ങലയും പ്രതിജ്ഞയും ഏറെ ശ്രദ്ധിക്കപ്പെട്ടു. ശയ്യാവലംബിയായ ആദ്യകാല ഹാസ്യ കലാകാരൻ വെള്ളൂർ പി. രാഘവൻ പദ്ധതിക്ക് പിന്തുണയുമായി കലാപരിപാടികൾ അവതരിപ്പിക്കാൻ തയ്യാറെടുക്കുന്നു. മണ്ഡലത്തിലെ മിക്ക പഞ്ചായത്തുകളും എല്ലാ വീട്ടുകാർക്കും തുണിസഞ്ചി നൽകുന്നതിനും പേപ്പർബാഗ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിനും പദ്ധതികൾ തയ്യാറാക്കികഴിഞ്ഞു. കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പൊതുനിരത്തുകൾ വൃത്തിയാക്കുകയും ശുചിത്വ സന്ദേശം പ്രചരിപ്പിക്കുന്ന ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചു. കുറ്റ്യാടി ഗ്രാമപഞ്ചായത്ത് നടത്തിയ ശുചിത്വ ഘോഷയാത്രയിൽ ആയിരക്കണക്കിനാളുകളാണ് പങ്കെടുത്തത്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ടിന്നിലടച്ച് ഉരുക്കികളയുന്നതിനുള്ള സാങ്കേതികവിദ്യയുമായി കഥാകാരൻ അക്ബർ കക്കട്ടിലിന്റെ നാട്ടിലെ ചേതന ക്ലബ്ബ് മുന്നോട്ട് വന്നിട്ടുണ്ട്.

മാലിന്യ നിർമാർജനത്തിൽ മാതൃകയാക്കാവുന്ന ഈ പദ്ധതി ഇതിനകം ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധനേടിക്കഴിഞ്ഞു. ഡിസംബർ 10 വരെയുള്ള കാലയളവിൽ ഇനിയും നൂതന പരീക്ഷണങ്ങൾക്ക് മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾ തയ്യാറെടുക്കുകയാണ് ■

■ സയൻസൺ പുന്നശ്ശേരി






# തുഷാരഗിരിയിൽ തൂവെള്ളമഞ്ഞൊഴുകി പരക്കുമ്പോൾ



**നുരച്ചുപതച്ച്** ഒഴുകിയൊഴുകി മനസ്സിൽ കുളിരണിയിച്ചാണ് തുഷാരഗിരി വെള്ളച്ചാട്ടം സഞ്ചാരികളുടെ മനസ്സിൽ ഇടംനേടുന്നത്. കനത്തമഴയിലും കുന്നുകയറാൻ സഞ്ചാരികളെ മാടിവിളിക്കുന്ന പ്രകൃതിയുടെ വിസ്മയം. ഓരോ വർഷവും ആയിരക്കണക്കിനാളുകൾ മനം കവരുന്ന ആ സൗന്ദര്യം നുണയാനെത്തുന്നു.

മലമുകളിലെ കാടുകളിൽ നിന്ന് ചെറുനീർച്ചാലുകളായി ഉറവകൊള്ളുന്ന അരുവികൾ പ്രധാനമായും മൂന്നു വെള്ളച്ചാട്ടങ്ങളാണ് സൃഷ്ടിക്കുന്നത്. ഏറ്റവും മനോഹരം 200 അടിയോളം ഉയരമുള്ള ഈരാറ്റുമുക്ക് വെള്ളച്ചാട്ടമാണ്. ടിക്കറ്റ് കൗണ്ടറിൽ നിന്ന് 100 മീറ്റർ മാത്രം ദൂരം. 500 മീറ്റർ അകലെയുള്ള മഴവിൽ വെള്ളച്ചാട്ടവും മനസിനെ കുളിർപ്പിക്കും. ഒരു കിലോമീറ്റർ സഞ്ചരിച്ചാൽ തുമ്പിതുള്ളൽ വെള്ളച്ചാട്ടവും കാണാം.

കൂറ്റൻ മരത്തണൽ ആസ്വദിച്ച് മലകയറാമെന്നത് തുഷാരഗിരിയുടെ സവിശേഷത. അവിഞ്ഞിക്കോടേ, താന്നിമുത്തശ്ശി, തേൻപാറ, തോണിക്കയം-നിരവധി സവിശേഷസ്ഥലങ്ങൾ.

തുഷാരഗിരിയിലേക്കുള്ള യാത്ര ഒരു പഠനയാത്രകൂടിയാണ്. അപൂർവ്വയിനത്തിലുള്ള മരങ്ങളും ചെറുചെടികളും ചുറ്റുമുള്ള വനങ്ങളിൽ വളരുന്നുണ്ട്. ഒട്ടുമുക്കാൽ ചെടികൾക്കും പേരും ശാസ്ത്രീയനാമവും ഉപയോഗവും രേഖപ്പെടുത്തിയ ബോർഡുകളുണ്ട്. ഈരാറ്റുമുക്ക് വെള്ളച്ചാട്ടത്തിന് അതിശക്ത









മായ ഒഴുക്കുണ്ട്. മറ്റു രണ്ട് വെള്ളച്ചാട്ടങ്ങളും ചെറുത്. എങ്കിലും വെള്ളം കുതറിയെത്തുന്ന കൗതുകക്കാഴ്ച സമ്മോഹനമാണ്. വെള്ളച്ചാട്ടത്തിന്റെ മുകളിൽ നിന്നും താഴെനിന്നും കാഴ്ചകൾ ആസ്വദിക്കാം.

വനം-ടൂറിസം വകുപ്പുകൾ ചേർന്നാണിവിടെ സൗകര്യങ്ങളൊരുക്കിയിട്ടുള്ളത്. കോഴിക്കോട് നിന്ന് താമരശ്ശേരി - കോടഞ്ചേരി വഴിയും വയനാട്ടിൽ നിന്ന് അടിവശം വഴിയും തുഷാരഗിരിയിലെത്താം. ബസ് സൗകര്യവുമുണ്ട്. കുട്ടികൾക്ക് അഞ്ചുരൂപയും മുതിർന്നവർക്ക് 10 രൂപയും വിദേശികൾക്ക് 20 രൂപയുമാണ് ടിക്കറ്റ് വില.

ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലത്താണ് തുഷാരഗിരിയുടെ വന്യസൗന്ദര്യം തേടി സഞ്ചാരികളധികവുമെത്തുന്നത്. ടൂറിസം വകുപ്പും ഡി ടി പി സി യും കോടഞ്ചേരി പഞ്ചായത്തും ആഘോഷനാളുകളിൽ വിപുലമായ പരിപാടികൾ ഇവടെ ഒരുക്കാറുണ്ട്.



ജനപഥം
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം
ഡിസംബർ 2009
പുസ്തകം. 41 ലക്കം 12
e-mail : janapatham@prd.kerala.gov.in
Website : www.prd.kerala.gov.in

എഡിറ്റർ-ഇൻ-ചീഫ്
**എം.നന്ദകുമാർ**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

അഡീഷണൽ ചീഫ് എഡിറ്റർ
**പി. കെ. ലാൽ**
*അഡീഷണൽ ഡയറക്ടർ*

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**പി. എസ്. സുരേഷ്**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**പി. എസ്. രാജശേഖരൻ**

അസി. എഡിറ്റർ
**എസ്. ആർ. പ്രവീൺ**
**കെ. എസ്. ശൈലേന്ദ്രൻ**

ഡിസൈനർ
**കെ. ബിജു**

ആർട്ടിസ്റ്റ്
**പ്രകാശ്. വി. എസ്**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**വി. സലിൻ**
ഫോൺ : 0471-2518866

**പ്രതിനിധികൾ:**
•**ടി.എ. ഷൈൻ,** തിരുവനന്തപുരം •**എസ്. നാസർ,** കൊല്ലം •**എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട •**സി.ഉണ്ണിക്കൃഷ്ണൻ,** ഇടുക്കി •**എൻ. സുനിൽ കുമാർ,**ആലപ്പുഴ •**പി. വിനോദ്,**എറണാകുളം • **എ.എ.ഹക്കീം,** കോട്ടയം •**വി.കെ. ഷറഫുദ്ദീൻ,** തൃശൂർ • **ടി.സി. ജോസഫ്,** പാലക്കാട് •**എം.എ.വിൻസെന്റ്** , മലപ്പുറം • **പി.കുഞ്ഞബ്ദുള്ള,** കോഴിക്കോട് •**കെ.പി.സരിത,** വയനാട് • **പി.പി. ചന്ദ്രൻ,** കണ്ണൂർ • **കെ. അബ്ദുൾ റഹ്മാൻ,** കാസർഗോഡ്, • **എ. സജീവ്,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471- 2518171

മുഖക്കുറിപ്പ്

# സിനിമയും മലയാളിയും

**ആ**ധുനികകേരളത്തെ നിർമിച്ചെടുത്ത നവോത്ഥാനപ്രക്രിയയിൽ നവോത്ഥാന നായകർക്കും പ്രസ്ഥാനങ്ങൾക്കുമൊപ്പം സാഹിത്യവും കലയും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. സോഷ്യൽ റിയലിസ്റ്റ് സങ്കേതങ്ങളിലൂടെ പച്ചമനുഷ്യന്റെ ജീവിതവും വ്യഥകളും ആവിഷ്കരിച്ച എഴുത്തുകാരും സാമൂഹികപ്രശ്നങ്ങളെ അരങ്ങിലെത്തിച്ച നാടകകാരൻമാരുമായിരുന്നു അതിന്റെ അമരത്ത്. 1928 ൽ *വിഗതകുമാരനിൽ* തുടങ്ങിയ മലയാളസിനിമ അന്നു പിച്ചവച്ചുതുടങ്ങിയിട്ടേ ഉള്ളൂ. എഴുത്തിന്റയും അരങ്ങിന്റെയും വഴി പിന്തുടർന്ന് , ഐക്യകേരളപ്പിറവിയോടെ സിനിമയും മലയാളിയുടെ സാംസ്കാരികജീവതത്തിന്റെയും പൊതുമനോഭാവ നിർമിതിയുടെയും ചാലകശക്തിയായി. *ന്യൂസ്പേപ്പർ ബോയി*യിലും *നീലക്കുയിലിലും ചെമ്മീനിലു*മൊക്കെത്തുടങ്ങിയ ആ സ്വാധീനം എഴുപതുകളിൽ പുഷ്ടിപ്രാപിച്ച് എൺപതുകളോടെ ഉച്ചസ്ഥായിയിലെത്തി. ശക്തമായ ഫിലിംസൊസൈറ്റി പ്രസ്ഥാനങ്ങളും ന്യൂവേവ് - മധ്യവർത്തി - കമേഴ്സ്യൽ ചിത്രങ്ങളുമെല്ലാം ചേർന്ന് സിനിമ മലയാളിയുടെ ജീവിതത്തിലെ നിറസാന്നിധ്യമായി. നവോത്ഥാനമൂല്യങ്ങളുടെയും കൂട്ടായ്മയിലധിഷ്ഠിതമായ മാനവിക കാഴ്ചപ്പാടുകളുടെയും സഫലമായ പിന്തുടർച്ചയ്ക്കു വളമൊരുക്കുന്നതിൽ സിനിമയും നല്ല പങ്കുവഹിച്ചു. സാമ്പത്തികലാഭം മുഖ്യലക്ഷ്യമാക്കിയ പടങ്ങളിൽപ്പോലും ആത്യന്തികമായി നൻമ ജയിക്കുന്നതും തിൻമ പരാജയപ്പെടുന്നതുമായിരുന്നുവല്ലോ ഇതിവൃത്തം. ഇതോടൊപ്പം, മദ്രാസിൽനിന്നു മെല്ലെ പറിച്ചുനടപ്പെട്ട്, ആയിരക്കണക്കിനാളുകൾ ഉപജീവനം കഴിക്കുന്ന വലിയൊരു തൊഴിൽമേഖല കൂടിയായി വളർന്നു സിനിമ.

തൊണ്ണൂറുകളുടെ തുടക്കത്തോടെ രൂപപരമായും ഭാവപരമായുമുള്ള പരിവർത്തനത്തിനു വിധേയമായി നമ്മുടെ സിനിമ. അടിസ്ഥാനപരമായി മനുഷ്യനൻമയുടെ സങ്കീർത്തനങ്ങളാകുന്ന ചിത്രങ്ങളെക്കാൾ പ്രതിലോമപരമായ വീക്ഷണങ്ങളും പ്രതിനായകൻമാരുമുള്ള സിനിമകൾക്കു പ്രാമുഖ്യമേറി. ഉള്ളടക്കത്തിൽ സംഭവിച്ച, അരാഷ്ട്രീയതയുടെയും സവർണബിംബങ്ങളുടെയും ആധിക്യംവഴി യുക്തിയുടെയും ശാസ്ത്രബോധത്തിന്റെയും കൂട്ടായ്മയുടെയും മൂല്യങ്ങൾക്കുപകരം, അശാസ്ത്രീയതയുടെയും സ്വത്വരാഷ്ട്രീയത്തിന്റെയും വ്യക്തിപരതയുടെയും മൂല്യങ്ങൾ സമൂഹത്തിൽ ആധിപത്യമുറപ്പിക്കുന്നതിലേക്ക് അങ്ങനെ സിനിമയും ഒരു പങ്കുവഹിച്ചു. എങ്കിലും പ്രതിഭാധനരായ ചലച്ചിത്രകാരൻമാരുടെ സാന്നിധ്യംകൊണ്ട് സാങ്കേതികവിദ്യയിലും കാലാമൂല്യത്തിലും ഏറെവളർന്ന മലയാളസിനിമ വ്യവസായമെന്ന നിലയിലും തൊഴിൽമേഖലയെന്ന നിലയിലും അക്കാലത്തും മുന്നോട്ടുതന്നെയായിരുന്നു.

എന്നാൽ കഴിഞ്ഞ ഒരു ദശകമായി ലോകത്തും ഇന്ത്യയിലും കേരളത്തിലും വന്ന മാറ്റങ്ങൾ നമ്മുടെ ചലച്ചിത്രമേഖലയയെ പലതരം പരാധീനതകളിലാഴ്ത്തിയിരിക്കുകയാണ്. മറ്റെവിടെയുംപോലെ മലയാളിയുടെയും കാഴ്ചകളെ കീഴ്പ്പെടുത്തിയ ടെലിവിഷന്റെ വ്യാപനം സിനിമയെയും പുനർനിർവചിക്കുകയാണ്. തിയേറ്ററിൽനിന്ന് ആളുകളെ മിനിസ്ക്രീൻ അകറ്റുന്നത് പ്രദർശനവിജയത്തെ ബാധിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കടന്നുവരവ് നിർമാണത്തിലും പ്രദർശനത്തിലും പുതിയ മാറ്റങ്ങൾക്കു തുടക്കമിട്ടുകഴിഞ്ഞു. പക്ഷേ, ഒരു തൊഴിൽമേഖലയെന്ന നിലയിൽ ചലച്ചിത്രനിർമാണം പ്രതിസന്ധിയിലാണ്. സാങ്കേതികമുന്നേറ്റങ്ങൾക്കൊപ്പം താരാധിപത്യവും ഉയർന്നപ്രതിഫലവുംപോലുള്ള പ്രശ്നങ്ങൾ കാരണം ചെലവ് വലിയതോതിൽ ഉയർന്നിരിക്കുന്നു. സാമ്പത്തികമായി പരാജയപ്പെടുന്ന ചിത്രങ്ങളുടെ ശതമാനം കൂടുമ്പോൾ പുറത്തിറങ്ങുന്ന ചിത്രങ്ങളുടെ എണ്ണത്തിൽ വൻകുറവ് കഴിഞ്ഞ ഏതാനും വർഷങ്ങളായി വന്നിരുന്നു. വൈഡ് റിലീസ് പോലെ പലതരം പരിഹാരശ്രമങ്ങളുടെ ഫലമായി ഈ വർഷം അതിനു മാറ്റം കാണുന്നുണ്ട്.

മാനവികമൂല്യങ്ങളുടെ സഹജമായ പിൻതുടർച്ചകൾക്കു പകരം കമ്പോളമൂല്യങ്ങൾ അരങ്ങുവാഴുകയാണ് സിനിമയിലും. സിനിമയുടെ പരിസരങ്ങളിൽ ചുറ്റിപ്പറ്റി നിൽക്കുന്ന പരസ്യങ്ങൾ അതിന്റെ ഉള്ളിലേക്കും കടക്കാൻ ശ്രമിക്കുന്നുണ്ട്. നല്ല സിനിമകൾ സ്വീകരിക്കാൻ പ്രേക്ഷകർ കാണിക്കുന്ന വിമുഖതയാണ് ഉള്ളടക്കത്തിലും ട്രീറ്റ്മെന്റിലും മികവുപുലർത്തുന്ന സിനിമകൾ കുറയുന്നതിനു കാരണമെന്ന് ചലച്ചിത്രപ്രവർത്തകർ പറയുന്നു. കണ്ണീർസീരിയലുകളും പൊങ്ങച്ച റിയാലിറ്റി ഷോകളും മിമിക്രിമേളകളും നമ്മുടെ കാഴ്ച്ചശീലങ്ങളെ വികൃതമാക്കിയോ?

മാറ്റം അനിവാര്യമാകാം; പക്ഷേ മാറ്റത്തിന്റ ഗതിയും ദിശയും സമൂഹം വിലയിരുത്തേണ്ടതുണ്ട്. കമ്പോളത്തിന്റെ കളിപ്പാവയായി മാറാതെ, ഉത്തമമായ ചലച്ചിത്രസൃഷ്ടികളുടെയും ഉദാത്തമായ ചലച്ചിത്രസംസ്കാരത്തിന്റെയും മുന്നോട്ടുപോക്കിന് പ്രേക്ഷകരും ചലച്ചിത്രപ്രവർത്തകരും തമ്മിലുള്ള ക്രിയാത്മകമായ പാരസ്പര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. ഏറെ മികച്ചരീതിയിൽ സംഘടിപ്പിക്കുന്ന ഇക്കൊല്ലത്തെ അന്താരാഷ്ട്രചലച്ചിത്രമേള അത്തരം ചർച്ചകൾക്കുള്ള വേദികൂടിയായി മാറും എന്നു പ്രതീക്ഷിക്കാം.

വാർത്തയിൽ

# ഇനി പഠിച്ചു കളിക്കാം

**അ**ടുത്ത വർഷത്തോടെ ലോകത്തെ മൊത്തം ഹൃദ്രോഗികളിൽ പകുതിയിലേറെ ഇന്ത്യാക്കാരായിരിക്കും. അതിൽപ്പാതി മലയാളികളും. എട്ടു വർഷങ്ങൾക്ക് മുമ്പ് ലോകാരോഗ്യസംഘടന റിപ്പോർട്ട് ചെയ്തതാണിക്കാര്യം. രക്തസമ്മർദ്ദവും ശ്വാസകോശരോഗങ്ങളും നാല്പതിനുതാഴെയുള്ളവരെ കടന്നാക്രമിക്കുമെന്നും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. കേരളത്തിലെ ജനസംഖ്യയിൽ 54% യുവജനങ്ങളാണെന്നുള്ളത് വലിയൊരു ഭീഷണി നമുക്കു നേരെ വിരൽചൂണ്ടുന്നുവെന്ന ഓർമപ്പെടുത്തലാകുന്നു. നമ്മുടെ സർക്കാർ റിപ്പോർട്ട് ഗൗരവമായിക്കണ്ടു. പ്രതിരോധനടപടികളുടെ ആദ്യപടിയായി സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി പഠിച്ചു. സമ്പൂർണകായികക്ഷമതാപദ്ധതിക്ക് 2007-ൽ രാഷ്ട്രപതി തുടക്കമിട്ടു. 17 ലക്ഷം സ്കൂൾ വിദ്യാർഥികളുടെ കായികക്ഷമത പഠിച്ചു. ഫലം ഞെട്ടിക്കുക തന്നെ ചെയ്തു. ഏറ്റവും കുറഞ്ഞ നിലവാരമെങ്കിലുമുള്ളവർ 20%-ൽ താഴെ. ഇതോടെയാണ് കായികവിദ്യാഭ്യാസം പാഠ്യവദ്ധതിയിലുൾപ്പെടുത്താനുള്ള തീരുമാനം വരുന്നത്. കായിക, വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്തതീരുമാനമായിരുന്നു അത്. പദ്ധതിക്ക് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ തുടക്കം കുറിച്ചു.

ഇന്ന് കാണുന്ന ശാരീരിക നിഷ്ക്രിയത്വം പതിറ്റാണ്ടുകൾ കൊണ്ടു നേടിയ പുരോഗതിയെ അട്ടിമറിക്കാൻ അനുവദിച്ചുകൂടാ.



**കായികവിദ്യാഭ്യാസം പാഠ്യവദ്ധതിയിലുൾപ്പെടുത്തുന്ന പദ്ധതി മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. കേന്ദ്രമന്ത്രി ശശി തരൂർ, മന്ത്രിമാരായ എൻ.കെ.പ്രേമചന്ദ്രൻ, എം.വിജയകുമാർ, എം.എ.ബേബി തുടങ്ങിയവർ സമീപം.**



# പുതിയ പൂമുഖങ്ങൾ

**ക**യറിച്ചെല്ലുമ്പോൾ പുഞ്ചിരിയോടെ സ്വാഗതം, സൗമ്യമായ പെരുമാറ്റം, സുഖകരമായ ഇരിപ്പിടങ്ങൾ, കുടിക്കാൻ തണുത്ത വെള്ളം, ശ്രവണമധുരമായ മൃദുസംഗീതം അല്ലെങ്കിൽ എൽ.സി.ഡി ടിവിയിൽ ദൃശ്യങ്ങൾ...ഇതൊക്കെ ഒരു ഹോട്ടലിന്റെ റിസപ്ഷൻ റൂമിലല്ലാതെ സർക്കാരാഫീസിൽ പ്രതീക്ഷിക്കുമോ നാം? എന്നാൽ കാര്യങ്ങൾ മാറുകയാണ്. സർക്കാരാഫീസുകളിൽ പതുക്കെപ്പതുക്കെ പുതിയ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരികയാണ്. നല്ല സ്വീകരണത്തിനു മാത്രമല്ല, ഫയൽ വിവരങ്ങൾ കൃത്യമായി അറിയാനും കാര്യങ്ങൾ ബുദ്ധിമുട്ടില്ലാതെ നടത്താനും പണമടയ്ക്കാനുമൊക്കെ സഹായിക്കുന്ന കേന്ദ്രങ്ങൾ. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഫ്രണ്ട്ഓഫീസും ഹെൽപ് ഡസ്കുമായിരുന്നു തുടക്കം. തുടർന്ന് പോലീസ് സ്റേറഷനുകളിലും സ്വീകരണകേന്ദ്രങ്ങൾ നിലവിൽവന്നു.

ഇപ്പോഴിതാ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലും വിപുലമായ സൗകര്യങ്ങളുള്ള സന്ദർശകസഹായകേന്ദ്രങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്ത മൂന്നു ബ്ലോക്കുകളിലെ മൂന്നു സഹായകേന്ദ്രങ്ങളിൽ സന്ദർശകർക്ക് ഇരിപ്പിടംമുതൽ വിവരങ്ങൾ തിരയാൻ 'ടച്ച് സ്ക്രീൻ' സൗകര്യംവരെ ഒരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രി, മന്ത്രിമാർ, സെക്രട്ടറിമാർ, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരെ നേരിട്ട് കാണാൻ എത്തുന്നവർക്ക് പരിഷ്കരിച്ച സെക്രട്ടറിയേറ്റ് ഇൻഫർമേഷൻ സിസ്റ്റം വഴി പാസ് നൽകും.

കൂടാതെ ഇവിടെയുള്ള ക്യാമറ വഴി സന്ദർശകരുടെ മുഖം അതത് ഉദ്യോഗസ്ഥർക്ക് കാണത്തക്കവിധം ക്രമീകരിച്ചിരിക്കുന്നു. പരാതികൾ മൂന്നുപേജുവരെയുള്ളതാണെങ്കിൽ 'സ്കാൻ' ചെയ്ത് അപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെത്തിക്കും. മറ്റു പരാതികൾ സഹായകേന്ദ്രത്തിൽ സ്വീകരിച്ച് സെക്രട്ടറിയേറ്റ് ഇൻഫർമേഷൻ സിസ്റ്റം മുഖേന രജിസ്റ്റർചെയ്ത് പരാതിക്കാരന് നമ്പർ നൽകും. തുടർന്ന് പരാതി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് എത്തിച്ചുകൊടുക്കും. പരാതിക്കാരനു ലഭിച്ച നമ്പർ വഴി ഫയലിന്റെ സ്ഥിതി സഹായകേന്ദ്രത്തിൽ നിന്നും നേരിട്ടറിയാം.

കീഴെത്തട്ടിലുള്ള ഓഫീസുകളിൽ ചിലതിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. വൈകാതെ എല്ലാ ഓഫീസുകളിലും ഇത്തരം പുതിയ പൂമുഖങ്ങൾ നിലവിൽവരുമെന്നു പ്രതീക്ഷിക്കാം. ഇതോടൊപ്പം സംസ്ഥാനത്തൊട്ടാകെ സർക്കാർ സേവനങ്ങൾ ഒരു കേന്ദ്രത്തിൽ ലഭ്യമാവുന്ന രണ്ടായിരത്തോളം കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ കൂടി നിലവിൽ വരുന്നതോടെ ഭരണം കൂടുതൽ ജനസൗഹൃദപരമാവും.



# ഒരു ദേശീയോദ്യാനത്തിന് 25 വയസ്സ് തികയുമ്പോൾ

**സൈ**ലന്റ് വാലി ദേശീയോദ്യാനമായി പ്രഖ്യാപിച്ചിട്ട് 2009 നവംബറിൽ 25 വർഷമാകുന്നു. മലയാളിയുടെ പാരിസ്ഥിതികാവബോധത്തെ രൂപപ്പെടുത്തുന്നതിൽ നിർണായകമായ സ്വാധീനമാണ് സൈലന്റ് വാലി പ്രക്ഷോഭം ചെലുത്തിയത്. ഇന്ന് സൈലന്റ്വാലിയിലേക്ക് യാത്ര നടത്തുന്ന ആർക്കും മനസ്സിലാകും സഹജാവബോധമുള്ള ഒരു ജനത ഒത്തൊരുമിച്ചുനിന്ന് സംരക്ഷിച്ചെടുത്തത് ജൈവവൈവിധ്യത്തിന്റെ എത്ര വലിയ കലവറയാണെന്ന്. 237 ചതുരശ്ര കിലോമീറ്ററിൽ പടർന്നുകിടക്കുന്ന ജൈവ സാന്ദ്രതയിൽ അത്യപൂർവ സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും അനന്തശേഖരം കുടികൊള്ളുന്നു. മലയണ്ണാനും സിംഹവാലനും മാനും കരടിയും പുള്ളിപ്പുലിയും കരിമ്പുലിയും കാട്ടിയും വിഹരിക്കുന്ന ഭവാനിപ്പുഴയുടെയും കുന്തിപ്പുഴയുടെയും താഴ്‌വാരങ്ങൾ, പാടക്കിഴങ്ങും നറുനീണ്ടിയും കാന്തളും കല്ലൂർവഞ്ചിയും ചെറുചുണ്ടിയും പുളിയാരലും തിങ്ങിവളരുന്ന സൈരന്ധ്രിയുടെ തീരങ്ങൾ. വർണവിസ്മയങ്ങളുടെ ചെറുപൊട്ടുകൾ പോലെ നൂറുകണക്കിന് തരങ്ങളിലുള്ള ശലഭങ്ങൾ, അത്യപൂർവ ഓർക്കിഡുകൾ നീരാൽ തുടങ്ങി അപ്രത്യക്ഷമായിത്തുടങ്ങുന്ന അറുപതിലേറെ ഇനങ്ങളിലുള്ള സസ്യങ്ങൾ. സൈലന്റ് വാലി വീണ്ടും വാർത്തകളിൽ നിറയുന്നത് ഒരോർമപ്പെടുത്തൽ കൂടിയായാണ്.

# ശരണവഴിയിൽ കരുതലോടെ

**ഒ**രു മണ്ഡലകാലം കൂടി ആരംഭിച്ചു. വ്രതശുദ്ധിയുടെ പുണ്യപാതയിലൂടെ കാനനവാസനായ കലിയുഗവരദനെക്കാണാൻ ഭക്തലക്ഷങ്ങൾ ശബരിമലയിലേക്ക്. തീർഥാടനകാലത്ത് മലചവിട്ടാനെത്തുന്ന കോടിക്കണക്കിന് അയ്യപ്പൻമാർക്ക് വേണ്ടുന്ന സൗകര്യങ്ങളെല്ലാമൊരുങ്ങിക്കഴിഞ്ഞു. നീലിമലയിലേയും അപ്പാച്ചിമേട്ടിലെയും പുതിയ കാർഡിയോളജി സെന്ററുകൾ, പമ്പാമണപ്പുറത്തെ നടപ്പന്തൽ, വിശ്രമസങ്കേതങ്ങൾ പണിപൂർത്തിയായ ചന്ദ്രാനന്ദൻ റോഡ്... വൃശ്ചികപ്പുലരിയിൽ ശബരീശദർശനത്തിനെത്തുന്നവർക്ക് മുൻവർഷത്തേക്കാൾ മികച്ച സേവനം നൽകാനായി വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തനമാരംഭിച്ചു. മാധ്യമങ്ങൾക്ക് വേഗത്തിലും ഫലപ്രദമായും വാർത്തകൾ നൽകുന്നതിനായി മുൻവർഷം ഐ&പി.ആർ.ഡിയുടെ നേതൃത്വത്തിലാരംഭിച്ച മീഡിയാ സെന്റർ ഇത്തവണയും പ്രവർത്തിക്കുന്നുണ്ട്. ഇത്തവണ പമ്പയിലും മീഡിയാ സെന്റർ പ്രവർത്തിക്കുന്നു്. തീർഥാടകർക്ക് തടസ്സമായി നിന്നിരുന്ന കടകളെല്ലാം സന്നിധാനത്തു നിന്നും ഒഴിവാക്കി. ശബരീപീഠം മുതൽ മരക്കൂട്ടം വരെ സ്ഥിരം ബാരിക്കേഡ് നിർമിച്ചു. ഒരു തീർഥാടനകാലം കൂടി സാർഥകമാക്കാനുള്ള പരിശ്രമത്തിലാണ് സർക്കാർ.



# മൊഴിച്ചെപ്പ്

പഴശ്ശിരാജയെക്കുറിച്ച് കുഞ്ഞിരാമൻനായരുടെ കവിത വന്നിട്ടുണ്ട്. നോവലുണ്ട്, നാടകമുണ്ട്. വീണ്ടും അതൊന്നുകൂടി ഹൈലൈറ്റ് ചെയ്യണമെന്ന തോന്നലുണ്ടായതുകൊണ്ടാണ് അങ്ങനെയൊരു സിനിമ സംഭവിച്ചത്. വളരെ വലിയ ക്യാൻവാസിൽത്തന്നെയാണ് ചിന്തിച്ചത്. അതു നന്നായെടുക്കുകയും ചെയ്തു.

**എം.ടി.വാസുദേവൻ നായർ**

എണ്ണയ്ക്കായി മറ്റു വ്യവസായവത്കൃത രാഷ്ട്രങ്ങളിൽ നിന്നുള്ള മത്സരത്തെ നേരിടാൻ അമേരിക്ക കണ്ട എളുപ്പവഴി യുദ്ധമാണ്. അതിലൂടെ ആ രാഷ്ട്രങ്ങൾക്ക് ആവശ്യമുള്ള ഊർജവിഭവങ്ങളുടെ വിലയും വിതരണവും വ്യവസ്ഥകളുമെല്ലാം നിശ്ചയിക്കാമെന്ന് അമേരിക്കയ്ക്ക് അറിയാം.

**നൈനാൻ കോശി**

ഒരു വലിയ ദൃശ്യമാധ്യമസാമ്രാജ്യത്തിന്റെ ഉടമയായ റൂപർട് മർഡോക്ക് തന്റെ നിയന്ത്രണത്തിലുള്ള പത്രങ്ങളിൽനിന്നും വന്നുകൊണ്ടിരിക്കുന്ന വരുമാനത്തെ വിശേഷിപ്പിച്ചത് 'സ്വർണനദിയിലൂടെ ഒഴുകിയെത്തുന്ന ലാഭ'മെന്നാണ്. എന്നാലിപ്പോൾ അദ്ദേഹം തന്റെ അഭിപ്രായം തിരുത്തിയിരിക്കുന്നു. നദികൾ ചിലപ്പോൾ വറ്റിവരണ്ടെന്നും വരാം.

**എൻ.കെ.കണ്ണൻമേനോൻ**

എനിക്ക് തോന്നിയപ്പോലെ ഞാനെഴുതി. അതേ രീതിയിൽ മറ്റ് പലർക്കും എഴുതാൻ തോന്നിയതുകൊണ്ട് അവരും അങ്ങനെ എഴുതിയിരിക്കണം. ആധുനികനെന്നോ അതിന്റെ അമരക്കാരനെന്നോ ഞാനിതുവരെ എന്നെക്കുറിച്ച് പറഞ്ഞിട്ടില്ല.

**കാക്കനാടൻ**

ഇന്ത്യൻ സമൂഹത്തിലെ മധ്യവർഗത്തിന് അവരുടെ ഭൂതകാലവുമായുള്ള ബന്ധം ദുർബലമാണ്. അവർ തങ്ങളുടെ പരമ്പരാഗത സംസ്കാരവുമായി ബന്ധം പുലർത്താൻ താത്പര്യപ്പെടുന്നു. ആ ശ്രമങ്ങളാണ് മതത്തിലേക്കും ഈശ്വരഭക്തിയിലേക്കും എത്തുന്നത്.


**ഡോ. കെ.എൻ.പണിക്കർ**

# നുറുങ്ങുകൾ

## സുതാര്യതയിലേക്ക് ഒരു ചുവട്

സുതാര്യതയിലേക്കൊരു ചുവടു കൂടി മുന്നേറുകയാണ് തിരുവനന്തപുരം ജില്ലാപഞ്ചായത്ത്. ഇതിന്റെ ഭാഗമായി സമഗ്ര വിവരങ്ങളുൾക്കൊള്ളുന്ന ഒരു പൗരാവകാശ രേഖ അവർ പുറത്തിറക്കി.

ജില്ലാ പഞ്ചായത്ത് നൽകുന്ന സേവനങ്ങളും സ്ഥാപനത്തിന്റെ ഘടനയും മറ്റു വിവരങ്ങളും അതിലുണ്ട്. ജനപ്രതിനിധി സംവിധാനം, അടിസ്ഥാന വിവരങ്ങൾ, ജില്ലാപഞ്ചായത്തിന്റെ അധികാരങ്ങൾ, ഉത്തരവാദിത്തങ്ങൾ, ചുമതലകൾ, പഞ്ചായത്ത് രാജ് നിയമം, ജില്ലാ പഞ്ചായത്ത് കാര്യാലയം, ഘടകസ്ഥാപനങ്ങളുടെ പ്രവർത്തന സംവിധാനം, കുടുംബശ്രീ സാക്ഷരത മിഷൻ, ശുചിത്വ മിഷൻ, ജാഗ്രത സമിതി, വ്യവസായ കേന്ദ്രം, യുവജന ക്ഷേമ വിഭാഗം, സർവ ശിക്ഷാ അഭിയാൻ തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങളുടെ ജില്ലാതല വിവരങ്ങൾ, തദ്ദേശ ഭരണ ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നീ വിവരങ്ങളാണ് രേഖയിലുള്ളത്.




പൊതുമേഖലാ സ്ഥാപനങ്ങൾ, പഞ്ചായത്ത് യോഗങ്ങൾ, സ്കൂളുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ വഴി രേഖ ജനങ്ങളിലെത്തിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ പറഞ്ഞു. "ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഐഡന്റിറ്റി കാർഡുകൾ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകമായ ഒരു മോണിറ്ററിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലനം നൽകി പൗരാവകാശരേഖയിലെ പ്രഖ്യാപനങ്ങൾ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കാതെ വന്നാൽ സ്ഥാപനങ്ങളിലേയോ സ്ഥാപനതല പരാതി സംവിധാനത്തിലെ തദ്ദേശ ഭരണ ട്രിബ്യൂണലിലോ ഓംബുഡ്സ്മാന് പരാതി നൽകാമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പുതിയ അവസരം ഉപയോഗപ്പെടുത്താൻ ജനങ്ങൾ കൂടി തയ്യാറായാലേ ജില്ലാ പഞ്ചായത്ത് പ്രവർത്തനങ്ങളിൽ വൻ മുന്നേറ്റമുണ്ടാക്കാൻ കഴിയൂ.


# തെങ്ങു വിശേഷം അമേരിക്കയിലും

തേങ്ങയിടാൻ ആളെകിട്ടാതെ കേരളം വിഷമി ക്കുന്നത് ന്യൂയോർക്കിലും വാർത്തയാകുന്നു. തേങ്ങയിടാൻ ആൾ ഇല്ലാത്തിനാൽ കേരളത്തിലെ പ്രമുഖ നാണ്യവിള ഭീഷണിയിലാണെന്ന് *ന്യൂയോർക്ക് ടൈംസിന്റെ* വെബ് എഡിഷനിൽ ലോക വിഭാഗത്തി ലാണ് വാർത്ത വന്നത്. 15 ബില്യൺ തേങ്ങ ഉത്പാദിപ്പിക്കുന്ന ഇന്ത്യയിൽ എല്ലാം കൈകൊണ്ടാണ് പറിക്കുന്നതെന്നും റിപ്പോർട്ടിലുണ്ട്.




തേങ്ങയിടാനുള്ള യന്ത്രം കണ്ടുപിടിക്കുന്നതിന് വ്യവസായ വകുപ്പ് പത്തുലക്ഷം രൂപ സമ്മാനം പ്രഖ്യാപിച്ച വിവരം പക്ഷേ ന്യൂയോർക്ക് ടൈംസ് അറിഞ്ഞിട്ടില്ല. നിരവധി പ്രതികരണങ്ങളാണ് ആ പ്രഖ്യാപനത്തിനു ലഭിച്ചത്.

വൈകാതെ തേങ്ങയിടുന്നതിന് ഫലപ്രദമായ ഒരു യന്ത്രം വരുമെന്ന് കരുതാം.




# വിക്കി–മലയാളം ലോകത്ത് രണ്ടാമത്

വിക്കിപീഡിയയുടെ മലയാളം പതിപ്പ് വളരെ വേഗം വളരുന്നുവെന്നത് നേരത്തെ തന്നെ വാർത്തയായിരുന്നു. ഇപ്പോഴിതാ പേജുകളുടെ ആഴത്തിന്റെ കാര്യത്തിൽ അത് ഇന്ത്യൻ ഭാഷകളുടെ മുന്നിൽ എത്തിയെന്ന് മാത്രമല്ല ലോകത്തിൽ രണ്ടാമതെത്തുകയും ചെയ്തിരിക്കുന്നു. വിക്കീപിഡിയ പുറത്തു വിട്ട 2009 ഒക്ടോബറിലെ കണക്കു പ്രകാരം മലയാളത്തിന്റെ പേജ് ആഴം 178 ൽ നിന്ന് 212 ആയി ഉയർന്നു. 464 പേജ് ആഴമുള്ള ഇംഗ്ലീഷിനു പുറകിൽ രണ്ടാം സ്ഥാനം. ഹിബ്രു (197), അറബി (198), സിംഹള (179) എന്നിവയ്ക്കാണ് യഥാക്രമം മൂന്നും നാലും അഞ്ചും സ്ഥാനങ്ങൾ. ഇന്ത്യയിൽ രണ്ടാ സ്ഥാനം ബംഗാളി ഭാഷയ്ക്കാണ്.

13,705 ഉപയോക്താക്കൾ അംഗത്വമെടുത്ത മലയാളം വിക്കീപിഡിയയിൽ 11,300 ലേഖനങ്ങളും 6267 ചിത്രങ്ങളും ലഭ്യമാണ്.

മലയാളത്തിൽ കംപ്യൂട്ടർ ഉപയോഗം വർദ്ധിക്കാൻ മലയാളം കംപ്യൂട്ടിങ് പദ്ധതി ആവിഷ്കരിച്ച കേരള സർക്കാരിന്റെയും ഇന്റർനെറ്റിലെ മലയാള സാന്നിധ്യം വർധിപ്പിക്കാൻ പ്രവർത്തിക്കുന്ന ലോകമെമ്പാടുമുള്ള മലയാളി കംപ്യൂട്ടർ പ്രൊഫഷണലുകളുടെയും ശ്രമങ്ങളാണ് അഭിമാനിക്കാവുന്ന ഈ നേട്ടത്തിനു പുറകിൽ.




■ ജി.എസ്.ഉണ്ണികൃഷ്ണൻ

# 'ഗജിനി'യുടെ ശാസ്ത്രം

കൂട്ടുകാരേ,

'ഗജിനി' എന്ന അമീർഖാന്റെ സൂപ്പർഹിറ്റ് ചിലച്ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടാവും. സിനിമയിലെ നായകന് 'താത്കാലിക ഓർമനഷ്ടം' (Short Term Memory Loss) ബാധിക്കുന്നുണ്ട്. കഥയ്ക്കപ്പുറം ഇതിന്റെ ശാസ്ത്രം കൂടി മനസ്സിലാക്കാം.

സഞ്ചയ് സിംഘാനിയ എന്ന നായക കഥാപാത്രത്തിനുണ്ടായ അവസ്ഥ മെഡിക്കൽ ശാസ്ത്രമനുസരിച്ച് 'ആന്റിറോഗ്രാഡ് അംനീഷ്യ' (Anterograde Amnesia) എന്നറിയപ്പെടുന്നു. അംനീഷ്യ എന്ന വാക്കിന്റെ അർഥം ഓർമനഷ്ടപ്പെടലെന്നാണ്. ആന്റിറോഗ്രാഡ് അംനീഷ്യ ബാധിച്ചയാൾക്ക് ഈ അവസ്ഥ ഉണ്ടായതിനു ശേഷം സംഭവിച്ച കാര്യങ്ങൾ ഓർക്കാനാവില്ല, അയാളുടെ തലച്ചോറ് പുതുതായി നടക്കുന്ന കാര്യങ്ങൾ സംഭരിക്കാൻ അപര്യാപ്തമായിരിക്കുമെന്നു സാരം. സംഭവങ്ങൾ പെട്ടെന്നു മറക്കുന്നതിനാൽ അയാളുടെ ജീവിതം തന്നെ ദുരിതത്തിലാവും. ഉദാഹരണമായി ഇതു ബാധിച്ച ഒരാൾ രാവിലെ മോണിങ് വാക്കിനായി വീടിനു പുറത്തേക്ക് ഇറങ്ങിയെന്നു കരുതുക. അടുത്ത നിമിഷം തന്നെ എന്തിനാണ് വീടിനു പുറത്തേക്കിറങ്ങിയതെന്ന കാര്യം അയാൾ വിസ്മരിക്കും. ഓഫീസിലെത്തിയാലും ഇതാവും സ്ഥിതി ഫയലിലെയും മറ്റും പഴയ കാര്യങ്ങൾ അയാൾക്ക് ഓർമയുണ്ടാവുകയേയില്ല. എന്നാൽ അയാളുടെ ബുദ്ധിക്കും വ്യക്തിത്വത്തിനുമൊന്നും ഇടിവുണ്ടാവുകയില്ല.





ആന്റിറോഗ്രാഡ് അംനീഷ്യ ബാധിച്ച കേസുകളിൽ പ്രസിദ്ധമായ ഒന്നാണ് ഹെൻറി മലാസിഷിന്റേത്. 27-ാം വയസിൽ ഒരു ശസ്ത്രക്രിയയെ തുടർന്ന് ഹെൻറി ഈ അവസ്ഥയ്ക്കിരയായി. അദ്ദേഹത്തിന്റെ തലച്ചോറിലെ ടെംപറൽ ലോബുകൾ, ഹൈപ്പോകാമ്പ് എന്നീ ഭാഗങ്ങൾ ശസ്ത്രക്രിയയിലൂടെ മാറ്റിയിരുന്നു. 82 വയസിൽ മരിക്കും വരെ സ്വന്തം ബാല്യകാലത്തെ കാര്യങ്ങൾ ഹെൻറിക്ക് ഓർമയുണ്ടായിരുന്നെങ്കിലും ശസ്ത്രക്രിയയ്ക്കു ശേഷം നടന്നതൊക്കെ ഹെൻറി മറന്നു. ശസ്ത്രക്രിയയ്ക്കുശേഷമായിരുന്നു ഹെൻറിയുടെ അമ്മ മരിച്ചത്. ഓരോ തവണ അമ്മ മരിച്ചു എന്ന് ആരെങ്കിലും പറയുമ്പോഴും അത് അപ്പോൾ മാത്രം അറിഞ്ഞ വികാരത്തോടെ ഹെൻറി പൊട്ടിക്കരഞ്ഞിരുന്നു.

ആന്റിറോഗ്രേസ് അംനീഷ്യയ്ക്ക് ശരിയായ ചികിത്സയില്ലെന്നതാണു ദുര്യോഗം. കുടുംബാംഗങ്ങളുടെ തുടർച്ചയായ സഹായം, ഓർമിക്കേണ്ട കാര്യങ്ങൾ എഴുതി സൂക്ഷിക്കൽ, കംപ്യൂട്ടർ വാച്ചുകൾ ധരിക്കൽ, ഔഷധസേവനം തുടങ്ങിയവയിലൂടെ പ്രശ്നങ്ങൾ ലഘൂകരിക്കാമെന്നു മാത്രം.


കഥകൾക്കു പിന്നിൽ എന്തെങ്കിലും ശാസ്ത്രമുണ്ടോ എന്ന അന്വേഷണം രസാവഹവും വിജ്ഞാനപ്രദവുമായിരിക്കുമെന്ന് കൂട്ടുകാർക്കു തോന്നുന്നില്ലേ?! ■

## അറിയാമോ ഈ അക്കങ്ങളെ?

ഫഹവ്ഗി എന്തെങ്കിലും മനസിലാവുന്നുണ്ടോ? സംഗതി 1185 എന്നാണ്. മലയാള അക്കങ്ങൾ ഉപയോഗിച്ച് എഴുതിയതാണെന്നു മാത്രം. ഇരുമ്പുഴി ഹയർ സെക്കൻഡറി രണ്ടാം വർഷ മലയാള വിദ്യാർഥികൾ മലയാള അക്കങ്ങൾ ഉപയോഗിച്ച് ഒരു കലണ്ടർ തന്നെ തയാറാക്കിയിരിക്കുന്നു.

പഞ്ചാംഗത്തിന്റെ സഹായത്തോടെ പ്രാചീന താളിയോലകളിലെ അക്കങ്ങൾ ഉപയോഗിച്ചുള്ള ഈ കലണ്ടറിൽ 1185-ലെ വിവരങ്ങൾ അടങ്ങിയിരിക്കുന്നു. കേരളപ്പിറവിയോടനുബന്ധിച്ചാണ് ഈ കലണ്ടർ പുറത്തിറക്കിയിരിക്കുന്നത്.







കലണ്ടറിലെ മലയാള അക്കങ്ങൾ നോക്കൂ...എന്തൊക്കെയാണ് അവയുടെ സവിശേഷതകൾ?

*അദ്നാൻ കെ.പി, വിനീഷ്ദാസ് കെ*
*ജി.എച്ച്.എസ്സ്.എസ്സ്. ഇരുമ്പുഴി*





■ കിരൺറാം

# സിനിമ കണ്ട് പഠിക്കാം; സിനിമകൊണ്ടും

**സ്കൂളുകൾ** തമ്മിൽ ഫുട്ബോൾ മത്സരം നടക്കുകയാണ്. കിഷോർ ടീമിലുണ്ട്. അമ്മ രോഗശയ്യയിലാണ്. ഗോളടിക്കുന്നതായി സ്വപ്നം കാണാറുണ്ടെങ്കിലും കോച്ച് കിഷോറിനെ കളിക്കളത്തിലിറക്കിയിട്ടില്ല. റിസർവ്വാണ്. എങ്കിലും അമ്മയോട് താൻ കളിച്ചതായും ഗോളടിച്ചതായും എന്നും അവൻ കളവ് പറയും. ഫൈനൽ ദിനം. കിഷോറിന്റെ ടീം കളിക്കുന്നത് ഫൗൾവീരന്മാരുടെ ടീമുമായാണ്. ഒന്നാംപാദത്തിൽ അവർ ഒരു ഗോളിന് പിന്നിൽ. കളിതീരാൻ പത്തുമിനിട്ട് മാത്രം. കിഷോർ കളിക്കളത്തിലേക്ക്. "ഏതായാലും തോൽക്കും നിന്റെ പരാതിയെങ്കിലും തീരട്ടെ" എന്നു കോച്ച്. ഒറ്റയ്ക്ക് പന്തുമായി കിഷോർ നേടിയ ഗോളിൽ സമനില. കളിതീരാൻ രണ്ടു മിനിട്ട്. കിഷോർ ഗോൾ വലയത്തിനു മുന്നിൽ ഫൗൾ ചെയ്യപ്പെടുന്നു. പെനാൽട്ടി കിക്ക് എടുക്കുന്നത് കിഷോറല്ല. ഗോൾ പോസ്റ്റിന് മുകളിൽ തട്ടി തിരിച്ചുവരുന്ന പന്ത് തല കൊണ്ട് കിഷോർ ഗോളാക്കുമ്പോൾ ആരവമുയരുന്നു.




കൊല്ലത്ത് നടന്ന കുട്ടികളുടെ ചലച്ചിത്രോത്സവത്തിന്റെ സമാപനച്ചടങ്ങിൽ മലയാളത്തിലെ മുതിർന്ന നടൻ മധുവിനെ മന്ത്രിമാരായ എം.എ.ബേബിയും സി.ദിവാകരനും ചേർന്ന് ആദരിക്കുന്നു.

കോച്ചിന് മുന്നിലെത്തി കിഷോർ പറയുന്നത് ഇങ്ങനെ:

"ഞാൻ കളിക്കുന്നില്ലെന്ന കാര്യം അമ്മ അറിയുന്നുണ്ടായിരുന്നില്ല. ഇന്ന് കളിക്കുമെന്ന് എനിക്കുറപ്പായിരുന്നു. അമ്മ ഇന്ന് മുകളിലിരുന്ന് കളി കാണുന്നുണ്ട് ...എന്റെ അമ്മ ഇന്നലെ മരിച്ചു"

നിശ്ചലനായ കോച്ചിനെയും ആരവങ്ങളെയും മറികടന്ന് കിഷോർ നടന്നു നീങ്ങുന്നു.

കൊല്ലത്ത് നടന്ന കുട്ടികളുടെ ചലച്ചിത്രമേളയിൽ ഏഴ് അവാർഡുകൾ വാരിക്കൂട്ടിയ *ലൂസേഴ്സ് ഫൈനലി*ന്റെ കഥയാണിത്. ഇതിന്റെ അണിയറ ശില്പികൾ തൃശ്ശൂരിലെ കൂട്ടൂർ ഗവ. സി.എം.എച്ച്.എസ് ലെ കൂട്ടുകാരും. കിഷോറായി സിനിമയിൽ ജീവിച്ച് ഏറ്റവും നല്ല നടനായി മാറിയ ഒൻപതാം ക്ലാസ്സുകാരനായ ബിപിൻ ബാബുവിന്റെ വിജയം പെയിന്ററായ അച്ഛന്റെ സ്വപ്നങ്ങൾക്ക് നിറം നൽകുന്നു.

പ്ലസ് ടുവിന് പഠിക്കുന്ന രാജീവ്.കെ.റാഫേൽ *ലൂസേഴ്സ് ഫൈനലി*ലൂടെ മേളയിലെ മികച്ച സംവിധായകനുള്ള പി. രാംദാസ് അവാർഡും സീനിയർ സെക്കൻഡറിതലത്തിലെ മികച്ച സംവിധായകനുള്ള അവാർഡും നേടി. സീനിയർ സെക്കൻഡറിതലത്തിൽ മികച്ച ചിത്രം, എഡിറ്റിങ്, പശ്ചാത്തലസംഗീതം, ഡബ്ബിങ് എന്നീ അവാർഡുകളും *ലൂസേഴ്സ് ഫൈനൽ* നേടി.

അച്ഛനെ നഷ്ടപ്പെട്ട ഭുവനയുടെ പഠനത്തിനും ചിത്രകലാപഠനത്തിനും പാടത്ത് പണിയെടുക്കുന്ന അമ്മ. അമ്മയെ അതിരറ്റു സ്നേഹിക്കുന്ന മകൾ. ഇവർക്കു തുണയായി എത്തുന്ന ടീച്ചർ ഭുവനയ്ക്ക് ചിത്രകലയിൽ പ്രോത്സാഹനമേകുന്നു. ഒടുവിൽ ചിത്രകലാമത്സരത്തിൽ ഭുവന ഒന്നാം സ്ഥാനം നേടുന്നു. *അമ്മയാണ് എന്റെ നിറക്കൂട്ട്* എന്ന് പറയുന്ന ഭുവനയുടെ കഥ *നിറക്കൂട്ടുകൾ കഥ പറയുന്നു* നിർമ്മി

ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ച വിവിധ ചിത്രങ്ങളിൽ നിന്ന്



ലെറ്റർ



സ്നേഹസമ്മാനം



അമ്മ കൊയ്യുന്നു

ച്ചത് മലപ്പുറം, ചേലാറി ഗവ. വി.എച്ച്.എസ്.എസിലെ കൂട്ടുകാരാണ്. ഭുവനയായി വേഷമിട്ട് പത്താംക്ലാസ്സുകാരി എം.വി. ദൃശ്യരാജ് മികച്ച നടിയായി. സെക്കൻഡറി തലത്തിൽ മികച്ച രചന, മികച്ച രണ്ടാമത്തെ സിനിമ, ഡിസൈനിങ്, ഗ്രാഫിക്സ്, അനിമേഷൻ അവാർഡുകളും ഈ ചിത്രം നേടി.



തിരുവനന്തപുരം വിതുര യു.പി. എസ്സിലെ കുട്ടികൾ നിർമ്മിച്ച കൃഷിയുടെ മഹത്വം ഇതിവൃത്തമായ *പാവൽ മധുരം* പ്രൈമറി തലത്തിൽ മികച്ച ചിത്രമായി. ഒപ്പം, സംവിധാനത്തിനും എഡിറ്റിങ്ങിനും ഈ ചിത്രം സമ്മാനം നേടി.

പ്രശസ്തമായ കൊണ്ടോട്ടി നേർച്ചയെക്കുറിച്ച് മലപ്പുറം കൊണ്ടോട്ടി ഗവ.വി.എച്ച്.എസ്.എസിലെ കൂട്ടുകാർ നിർമ്മിച്ച *നേർച്ച ഒരു കാഴ്ചച്ച* സെക്കൻഡറി തലത്തിൽ മികച്ച ചിത്രമായി. മികച്ച സംവിധാനം, ശബ്ദലേഖനം എന്നീ അവാർഡുകളും ഇവർ നേടി.

ബി.ആർ.സി വിഭാഗത്തിൽ *സ്റ്റഡി ടൂർ* എന്ന ചിത്രം മികച്ച സിനിമ, എഡിറ്റിങ്, ശബ്ദലേഖനം എന്നീ സമ്മാനങ്ങൾ നേടി. ഇതിലൂടെ മികച്ച സംവിധായികയായി തെരഞ്ഞെടുക്കപ്പെട്ട അക്ഷരയുടെ കഥ കണ്ണ് നനയിക്കുന്നതാണ്. കൊട്ടിയൂർ എൻ.എസ്. യു.പി. സ്കൂളിലെ ഏഴാം ക്ലാസ്സുകാരിക്ക് എച്ച്.ഐ.വി. ബാധയുടെ നൊമ്പരങ്ങൾക്കിടയിലാണ് ഈ സുവർണ്ണനേട്ടം.

അവാർഡുകളൊന്നും നേടിയില്ലെങ്കിലും മേളയിൽ ശ്രദ്ധേയരായ കൂട്ടുകാർ അനവധിയുണ്ട്. ലക്ഷംവീട്ടിൽ നിന്നും വന്ന സംവിധായക പുണർത, താമരക്കുളം വി.വി.എച്ച്.എസിലെ കുള്ളനായ അഭിനേതാവ് നിഖിൽ ബാബു... ഇവരുടെ നിര നീണ്ടതാണ്. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ ചലച്ചിത്ര പഠന ക്യാമ്പ് നടത്തി അഭിരുചിയുള്ളവരെ കണ്ടെത്തിയാണ് ചലച്ചിത്രങ്ങൾ നിർമ്മിച്ചത്. പി.ടി.എകളുടെ പങ്കും എടുത്തുപറയത്തക്കതാണ്.

സിനിമാ നിർമ്മാണം ചെലവേറിയതല്ലേ എന്ന് ചില കൂട്ടുകാർ ചിന്തിക്കുന്നുണ്ടാവാം. കൊല്ലം മേളയിൽ 500 രൂപ മാത്രം ചെലവിട്ട് നിർമ്മിച്ച *മൂവർണ്ണക്കൊടി ചന്ദ്രനിലേക്ക്* നേടിയത് മൂന്നു സമ്മാനങ്ങളാണ്. ഇതുവഴി തിരുവനന്തപുരം കീഴാറ്റിങ്ങൽ ഗവ.എൽ.പി.എസിലെ കൂട്ടുകാർ മേളയിൽനിന്നു മടങ്ങിയത് സന്തോഷത്തിന്റെ സപ്തവർണ്ണങ്ങളുമായി. ഇന്റർനെറ്റ് വഴി വിവരങ്ങൾ ശേഖരിച്ചും എഡിറ്റിങ് , അനിമേഷൻ എന്നിവ സ്കൂളിലെ കംപ്യൂട്ടറിൽ ചെയ്തുമാണവർ സിനിമ തീർത്തത്. ഗായത്രി എം.ആർ, സുമേഷ്, ശ്രുതി, സാന്ദ്ര സുനിൽ എന്നീ കൂട്ടുകാരാണ് ഇതിന്റെ ശില്പികൾ.



രാജീവ് കെ.റാഫേൽ

ബിപിൻ ബാബു

എം.വി.ദൃശ്യാരാജ്

*ഫോട്ടോഗ്രാഫർ* എന്ന ചിത്രത്തിലെ അഭിനയത്തിന് 2008 ലെ മികച്ച ബാലനടനുള്ള സംസ്ഥാന അവാർഡ് നേടിയ മാസ്റ്റർ മണിയാണ് കൊല്ലത്ത് ചലച്ചിത്രമേളയുടെ തിരിതെളിയിച്ചത്. ഉദ്ഘാടനം മുതൽ സമാപനച്ചടങ്ങുവരെ മണി മേളയിലെ താരമായി. സിനിമ കണ്ടും സിനിമയെപ്പറ്റി വിജയകൃഷ്ണൻ, മധുപാൽ, മുരളീമേനോൻ, കൃഷ്ണനുണ്ണി എന്നിവർ നടത്തിയ ക്ലാസ്സിൽ പങ്കെടുത്തും മണിക്കൊപ്പം അനേകം കൂട്ടുകാരുമുണ്ടായിരുന്നു.

മേളയിൽ സിനിമകൾ വിലയിരുത്തിയ ഒരു മാധ്യമ പ്രവർത്തകൻ ഇങ്ങനെ പറഞ്ഞു: പത്തുപതിനഞ്ച് വർഷം കഴിയുമ്പോൾ ബോളിവുഡിലും ഹോളിവുഡിലും നമ്മുടെ കുട്ടികൾ കഴിവ് തെളിയിച്ചെത്തും. പൂക്കുട്ടിയെപ്പോലെ.

പ്രതിഭാസമ്പന്നരായവരുടെ ചിത്രങ്ങൾ കണ്ടുപഠിക്കണമെന്ന് മന്ത്രി എം.എ.ബേബിയും ലോകത്ത് ഭക്ഷ്യക്ഷാമവും പട്ടിണിയും സൃഷ്ടിക്കുന്ന ഭീകരത ഇതിവൃത്തമാക്കണമെന്ന് മന്ത്രി സി. ദിവാകരനും കുഞ്ഞുങ്ങൾക്കായി നിക്ഷേപിക്കുന്നത് പാഴാകില്ലെന്ന് മന്ത്രി മുല്ലക്കര രത്നാകരനും വിദ്യാലയങ്ങളെ കുട്ടികൾ മികവിന്റെ കേന്ദ്രമാക്കുകയാണെന്ന് മന്ത്രി പി.കെ.ഗുരുദാസനും ആധുനിക സാങ്കേതിക വിദ്യയിലൂടെ നൂതനാശയങ്ങൾ തീർക്കണമെന്ന് മന്ത്രി എൻ.കെ.പ്രേമചന്ദ്രനും സ്കൂളുകളിൽ സിനിമാധ്യാപകരെ നിയമിക്കണമെന്ന് മധുവും മേളയിൽ പറഞ്ഞത് കുട്ടികളിൽ പ്രതീക്ഷയർപ്പിച്ചാണ്. കേവലം പാഠപുസ്തകങ്ങളുടെയും കാണാപ്പാഠം പഠിക്കലിന്റെയും ലോകത്തുനിന്ന് പഠനത്തെ വൈവിധ്യപൂർണമായ ജീവിതാനുഭവങ്ങളിലേക്കും പുതിയ മേഖലകളിലേക്കും പറിച്ചുനട്ട പുതിയ പാഠ്യപദ്ധതിയുടെ വിജയം കൂടിയായി ഈ ചലച്ചിത്രമേള.

ഒരു കാര്യം കൂടി മേളയിൽ ശ്രദ്ധിക്കപ്പെട്ടു: സമ്മാനം നേടിയവരെല്ലാം സർക്കാർ സ്കൂളിലോ എയ്ഡഡ് സ്കൂളിലെ പഠിക്കുന്നവരാണ്. നമ്മുടെ പൊതു സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി വളരുകയാണെന്നതിന്റെ മറ്റൊരു സാക്ഷ്യപത്രം കൂടിയാവന്നു അത് ■

# കൊരട്ടിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ ഇൻഫോപാർക്ക്

**സാംസ്കാരിക** തലസ്ഥാനമായ തൃശൂരിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്ന കൊരട്ടി ഇൻഫോപാർക്ക് ജില്ലയിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തംകൊണ്ടു ശ്രദ്ധേയമായ ഉത്സവാന്തരീക്ഷത്തിൽ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ ജനങ്ങൾക്കു സമർപ്പിച്ചു.

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നേട്ടങ്ങളുടെ പട്ടികയിൽ തിളങ്ങുന്ന അധ്യായമായി കേവലം ഏഴു മാസം കൊണ്ടാണ് പാർക്ക് നിർമ്മാണം പൂർത്തിയാക്കിയത്. ആദ്യ ഘട്ടത്തിൽ തന്നെ 500 പേർക്കും രണ്ടു വർഷം കൊണ്ട് 5000 പേർക്ക് നേരിട്ടും തൊഴിൽ ലഭിക്കും.

ഐ. ടി. മേഖലയിൽ വികേന്ദ്രീകൃത വികസന നയമാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് മുഖ്യമന്ത്രി പറ



കൊരട്ടി ഇൻഫോപാർക്ക് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പൊതുജനങ്ങൾക്കു സമർപ്പിക്കുന്നു.

ഞ്ഞു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഐ. ടി. കേന്ദ്രങ്ങൾ തുറക്കുന്നത് ഈ നയത്തിന്റെ ഭാഗമാണ്.

തിരുവനന്തപുരത്തിനും കൊച്ചിക്കും ശേഷം സംസ്ഥാനത്ത് തുടങ്ങുന്ന ഇൻഫോപാർക്കാണ് കൊരട്ടിയിലേത്. വ്യവസായ-തൊഴിൽ മേഖലകളിൽ കൊര

# *നിരാമയ* ആരോഗ്യ സുരക്ഷാപദ്ധതിക്ക് സമാരംഭം



*നിരാമയ* ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായുള്ള ഇൻഷുറൻസ് കാർഡുകളുടെ വിതരണം തൊഴിൽ - എക്സൈസ് വകുപ്പ് മന്ത്രി പി.കെ. ഗുരുദാസൻ ഉദ്ഘാടനം ചെയ്യുന്നു.

**ബുദ്ധിമാന്ദ്യം,** മസ്തിഷ്ക്ക തളർവാതം, മാനസിക വൈകല്യം എന്നിങ്ങനെ വിവിധ ശാരീരിക - മാനസിക പ്രത്യേകാവസ്ഥയിലുള്ളവർക്കായി കേന്ദ്ര സർക്കാരിന്റെ സാമൂഹിക - നീതി പരിപാലന അധികാരമന്ത്രാലയത്തിന്റെ അധീനതയിലുള്ള നാഷണൽ ട്രസ്റ്റിന്റെ '*നിരാമയ*' ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കൊല്ലത്ത് തുടക്കമായി.

പദ്ധതി ഭാഗമായുള്ള ഇൻഷുറൻസ് കാർഡുകളുടെ വിതരണം തൊഴിൽ - എക്സൈസ് വകുപ്പ് മന്ത്രി പി.കെ. ഗുരുദാസൻ ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ച് നടന്ന കുടുംബസംഗമത്തിൽ മേയർ എൻ. പത്മലോചനൻ അധ്യക്ഷനായിരുന്നു.

കേന്ദ്ര സർക്കാരിന്റെ സാമൂഹിക നീതി പരിപാലന അധികാരവത്കരണ മന്ത്രാലയത്തിന്റെ നാഷണൽ ട്രസ്റ്റ് നടപ്പാക്കിയിട്ടുള്ളതാണ് നിരാമയ ആരോഗ്യ സുരക്ഷാ പദ്ധതി. ഇതിനായി രൂപീകരിച്ച ലോക്കൽ ലെവൽ കമ്മിറ്റി ഇവിടെ ജില്ലാകളക്ടർ എ. ഷാജഹാന്റെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിച്ച് വരികയാണ്. പ്രത്യേക ശാരീരിക - മാനസികാവസ്ഥയിലുള്ളവരുടെ ആരോഗ്യക്ഷേമസംരക്ഷണ പ്രവർത്തനങ്ങൾക്കായി നിയമപരമായി ഒട്ടേറെ സഹായനടപടികൾ ഇതിനകം സ്വീകരിച്ച് കഴിഞ്ഞു. 25 ലേറെ പേർക്ക് കമ്മിറ്റി പരിശോധിച്ച് രക്ഷാകർത്തൃ പദവി അംഗീകരിച്ച് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

ശാരീരികവും മാനസികവുമായി പ്രത്യേകാവസ്ഥയിലുള്ളവരെ കണ്ടെത്തി ഈ പദ്ധതിയിൽ ഗുണഭോക്താക്കളാക്കി മാറ്റുകയാണ് ലക്ഷ്യം. ഇതിനകം 700 പേർ അംഗങ്ങളായിക്കഴിഞ്ഞു. ആരോഗ്യ രക്ഷാ സൗകര്യങ്ങളുടെ കുറവ്, കുടുംബത്തിന്റെ സാമ്പത്തികശേഷി ഇല്ലായ്മ, ഇവർക്കാവശ്യമുള്ള മരുന്നുകളുടെ വില വർധനവ്, ശാസ്ത്രീയവും മനഃശാസ്ത്രപരവുമായ പരിചരണ രീതികളിലുള്ള ധാരണയില്ലായ്മ എന്നിവയാണ് ഇവർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. പ്രത്യേകാവസ്ഥകളുള്ള ഏതൊരുവ്യക്തിക്കും പദ്ധതിക്കും അംഗമായി ചേരാം. പ്രായപരിധി ഇല്ല. വർഷത്തിൽ ഒരു ലക്ഷം രൂപയുടെ ചികിത്സാസഹായം പദ്ധതി വഴി ലഭിക്കും. 15000 രൂപയ്ക്ക് താഴെ കുടുംബപ്രതിമാസ വരുമാനമുള്ളവർക്ക് പദ്ധതി പ്രീമിയം അടക്കേണ്ടതില്ല. ഇതിന് മുകളിലുള്ളവർ അടക്കേണ്ടത് 250 രൂപാ മാത്രം. മുടങ്ങാതെയുള്ള പരിശോധന തെറാപ്പി ആശുപത്രിയിൽ താമസിച്ചുള്ള ചികിത്സ, ഓപ്പറേഷൻ എന്നിവയുൾപ്പെടെയുള്ള ആരോഗ്യ രക്ഷാ സഹായങ്ങൾ പദ്ധതിവഴി ലഭിക്കും. ആശുപത്രികളിൽ പദ്ധതി അംഗത്വ കാർഡ് മാത്രം കാണിച്ചാൽ മതിയാകും. ആശുപത്രിയിലേക്കുള്ള യാത്രാച്ചിലവും ലഭിക്കും. പദ്ധതി അംഗമാകാൻ ഫോട്ടോ പതിച്ച അപേക്ഷ, ശാരീരിക പ്രത്യേകത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിലാസം എന്നിവയോടെ ഇതുമായി ബന്ധപ്പെട്ട സർക്കാരേതര സന്നദ്ധ സംഘടനയുമായി ബന്ധപ്പെട്ടാൽ മതി.

*എസ്.നാസർ*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം.*

ട്ടിക്കുണ്ടായിരുന്ന പ്രതാപം വീണ്ടെടുക്കാൻ ഈ സംരംഭം സഹായകമാകും. നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ സാമീപ്യവും അനുകൂല ഘടകമാണ്. പാർക്കിന്റെ രണ്ടാംഘട്ട നിർമ്മാണം ഈ വർഷംതന്നെ പൂർത്തിയാക്കുമെന്ന് ഐ. ടി. സെക്രട്ടറി ഡോ. അജയകുമാർ പറഞ്ഞു. വൈഗൈത്രെഡ്സിൽ നിന്നും സർക്കാർ ഏറ്റെടുത്ത 45 ഏക്കറിൽ 30 ഏക്കറാണ് പാർക്ക് സ്ഥാപിക്കാൻ ഐ. ടി. വകുപ്പിന് കൈമാറിയത്. റവന്യൂ മന്ത്രി കെ. പി. രാജേന്ദ്രൻ അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ മന്ത്രിമാരായ ജോസ് തെറ്റയിൽ , കടന്നപ്പള്ളി രാമചന്ദ്രൻ , എൻ. കെ. പ്രേമചന്ദ്രൻ, കളക്ടർ ഡോ. വി. കെ. ബേബി , കെ. പി. ധനപാലൻ എം. പി. , എം. എൽ.എ. മാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ആദ്യയൂണിറ്റിനുള്ള അനുമതി പത്രം സ്ഥലം എം. എൽ. എ. ബി. ഡി. ദേവസ്സി കൈമാറി.

***വി.കെ. ഷറഫുദ്ദീൻ,***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ.*

# മലമ്പുഴയിൽ അപ്ലൈഡ് സയൻസ് കോളേജ് വരുന്നു




കോളജ് ഓഫ് അപ്ലൈഡ് സയൻസിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ നിർവ്വഹിക്കുന്നു.

**മലമ്പുഴയിൽ** ഐ എച്ച് ആർ ഡിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കോളജ് ഓഫ് അപ്ലൈഡ് സയൻസിന്റെ ശിലാസ്ഥാപനം മരുതറോഡ് പഞ്ചായത്തിലെ ചെമ്മൻകാട് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ നിർവ്വഹിച്ചു. ഇൻഫർമേഷൻ ടെക്നോളജി പൂർണമായി ഉപയോഗപ്പെടുത്തുന്നതിന് വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽപരമായ നൈപുണിയും ആശയവിനിമയ തന്ത്രങ്ങളും ഉണ്ടാകണം.ആ ലക്ഷ്യത്തോടെയാണ് ഐ.എച്ച്. ആർ.ഡി. ഫിനിഷിങ് സ്കൂൾ ആരംഭിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഐ.എച്ച്.ആർ.ഡി. മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ കച്ചവടത്തിനും ചൂഷണത്തിനും നിയമപരിരക്ഷ ഉറപ്പാക്കുന്ന വിധത്തിലാണ് മാധ്യമങ്ങളിൽ വന്ന കേന്ദ്ര സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിന്റെ കരട് രൂപത്തിൽ നിന്നും മനസിലാകുന്നതെന്നും, മെറിറ്റും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന വിധത്തിൽ നിർദ്ദിഷ്ട നിയമം ജനങ്ങൾക്കനുകൂലമായി പൊളിച്ചെഴുതണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നമ്മുടെ ഏറ്റവും വലിയ മൂലധനം മനുഷ്യവിഭവശേഷിയാണ്. കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് നമുക്ക് കൂടുതൽ എഞ്ചിനീയർമാരേയും മറ്റ് വിദഗ്ധരേയും ആവശ്യമുണ്ട്. വർദ്ധിച്ച തോതിൽ സാങ്കേതിക വിദഗ്ധരെ പരിശീലിപ്പിച്ചെടുക്കാൻ കൂടുതൽ സ്ഥാപനങ്ങൾ വേണം. സർക്കാരിന്റേ സാമ്പത്തികശേഷി മാത്രമുപയോഗിച്ച് അത് നിർവഹിക്കാനാവില്ല. അതുകൊണ്ട് എയ്ഡഡ്-അൺ എയ്ഡഡ് സ്ഥാപനങ്ങൾ വേണ്ടിവരും. എന്നാൽ അത് മെറിറ്റും സാമൂഹ്യനീതിയും അംഗീകരിച്ചു കൊണ്ടാവണം. ആ കാഴ്ചപ്പാടോടെയാണ് എൽ.ഡി.എഫ്. സർക്കാർ സ്വാശ്രയ പ്രൊഫഷനൽ കോളജ് പ്രവേശനവും ഫീസും നിയന്ത്രിക്കുന്ന നിയമം കൊണ്ടുവന്നത്. പാവപ്പെട്ടവരെയും സാമൂഹ്യമായി പിന്നാക്കം നില്ക്കുന്നവരേയും ഉന്നത വിദ്യാഭ്യാസത്തിൽ നിന്നു പുറന്തള്ളുന്ന സ്വാശ്രയ കച്ചവടത്തിനെതിരായ നിയമമാണത്. എന്നാൽ കോടതി വിധി കാരണം അത് പൂർണ രൂപത്തിൽ നടപ്പാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഐ.എച്ച്. ആർ.ഡി., സഹകരണ അക്കാദമി, എൽ.ബി.എസ്. തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ ആ നിയമത്തിന്റെ അന്തസത്ത നടപ്പാക്കാൻ കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

ശിലാസ്ഥാപന ചടങ്ങിൽ മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് യു.ലക്ഷ്മീദേവി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

***വി.പി.സുലഭ***
*അസി. എഡിറ്റർ, പാലക്കാട്..*

# ദുരന്തമുന്നറിയിപ്പ് സംവിധാനം പ്രവർത്തനക്ഷമമായി

**ആലപ്പുഴ** ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രകൃതി ദുരന്ത മുന്നറിയിപ്പ് സംവിധാനത്തിന്റെയും എമർജൻസി ഓപ്പറേഷൻ സെന്ററിന്റെയും പ്രവർത്തനം ആരംഭിച്ചു. വാടക്കൽ ഷൺമുഖവിലാസം എൽ.പി സ്കൂളിൽ പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനങ്ങളെയും സംബന്ധിച്ച് മുന്നറിയിപ്പും സംരക്ഷണവും നൽകുന്ന ദുരന്ത മുന്നറിയിപ്പ് സംവിധാനത്തിന്റെ (ഏർളി വാണിംഗ് സിസ്റ്റം) ഉദ്ഘാടനം സഹകരണ-കയർ മന്ത്രി ജി.സുധാകരൻ നിർവഹിച്ചു.

ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചു. എല്ലാവിധ ആധുനിക വാർത്താവിനിമയ സജ്ജീകരണങ്ങളോടും കൂടിയതാണ് ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ. റോഡ പകടങ്ങളിലും കെട്ടിട അപകടങ്ങളിലും ബോട്ടപകടങ്ങളിലും രക്ഷാപ്രവർത്തനത്തിനായി 10 ടൺ വരെ ഭാരം ഉയർത്താൻ ശേഷിയുള്ള ഹൈഡ്രോളിക് സ്പ്രെഡ്ഡർ, വെള്ളക്കെട്ട്, മടവീഴ്ച സ്ഥലങ്ങളിൽ ഉപയോഗിക്കാവുന്ന പമ്പ്, ചെയിൻസോ, മെക്കാനിക്കൽ വുഡ്ക്കട്ടർ, ഗ്യാസ് കട്ടർ, എമർജൻസി ബ്ളാങ്കറ്റ്, ലൈഫ്ജാക്കറ്റ്, പ്രഥമ ശുശ്രൂഷ ഉപകരണങ്ങൾ എന്നിവയും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കേന്ദ്രീകരിച്ച് സ്ഥിരം ഷെൽട്ടറുകൾ നിർമിക്കുമെന്ന് ഉദ്ഘാടനം നിർവഹിച്ച റവന്യൂ മന്ത്രി കെ.പി.രാജേന്ദ്രൻ പറഞ്ഞു. ഇത്തരത്തിൽ സംസ്ഥാനത്ത് 105 ഷെൽട്ടറുകൾ നിർമിക്കും. ഈ ഷെൽട്ടറിൽ പ്രാഥമിക ആവശ്യങ്ങളടക്കം എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കും. ആലപ്പുഴ ജില്ലയിൽ അപകടസാധ്യത ഉള്ള 14 കേന്ദ്രങ്ങളിൽ ഷെൽട്ടർ നിർമിക്കും. തൃശൂർ പൊലീസ് അക്കാദമി, ഫയർ ഫോഴ്സ് കേന്ദ്രങ്ങൾ എന്നിവ ആസ്ഥാനമാക്കി റെസ്ക്യു ഓപ്പറേഷൻ സെന്ററുകൾ ആരംഭിക്കും. കൊച്ചി, കണ്ണൂർ, കോട്ടയം ജില്ലകളിലാണ് ഈ സേവനം ലഭ്യമാക്കുന്നത്. റവന്യു വകുപ്പ്, യു.എൻ.ഡി.പി, നാഷണൽ ഇൻഫർമാറ്റിക് സെന്റർ ബി.എസ്.എൻ.എൽ എന്നിവ സംയുക്തമായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

തീരദേശവനിതകൾക്കുള്ള ആക്ടിവിറ്റി ധനസഹായവും ഇൻഷുറൻസും മന്ത്രി വിതരണം ചെയ്തു.

ആലപ്പുഴ നഗരസഭാ ചെയർമാൻ പി.പി.ചിത്തരഞ്ജൻ. എ.ഡി.എം.കെ. ആർ.വാസുദേവൻ, നാഷണൽ ഇൻഫർമാറ്റിക്സ് ഓഫീസർ പി.പാർവതീദേവി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരായ പി.കെ.രതി, പി.അരുൺകുമാർ, രത്നമ്മഷാജി, പി.കമലാദേവി, യു.എൻ. ഡി.പി കോർഡിനേറ്റർ അജിത് ചാക്കോ, മത്സ്യഫെഡ് മാനേജർ കെ.വി.സുഭാഷ് ചന്ദ്രൻ, ജില്ലാ കളക്ടർ പി.വേണുഗോപാൽ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്.ശ്രീകുമാർ എന്നിവർ പങ്കെടുത്തു.

***എൻ.സുനിൽകുമാർ***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ.*

## സഹകരണ നിക്ഷേപ പലിശനിരക്കിൽ വർദ്ധന

നവംബർ മാസത്തിൽ പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകളിൽ സ്വീകരിക്കുന്ന എല്ലാ സ്ഥിര നിക്ഷേപങ്ങൾക്കും നിലവിലുള്ള നിരക്കിനേക്കാൾ 0.5% പലിശ വർദ്ധിപ്പിച്ചു. പുതിയ നിരക്ക് ചുവടെ ചേർക്കുന്നു.നിലവിലുള്ള നിരക്ക് ബ്രാക്കറ്റിൽ. 15 ദിവസം മുതൽ 45 ദിവസം വരെ 4.50 (നാല്), 46 മുതൽ 90 ദിവസം വരെ 5.50 (അഞ്ച്), 91 മുതൽ 179 ദിവസം വരെ 6.50 (ആറ്), 180 മുതൽ 364 വരെ 8.50 (എട്ട്), ഒരു വർഷത്തിനുമുകളിൽ 9.50 (ഒൻപത്). ഈ നിരക്കുകൾക്കു പുറമേ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 0.5 ശതമാനം നിരക്കിൽ അധിക പലിശയും നൽകും.

## ഐ.പി. വെർഷൻ നാലിൽ നിന്നും ആറിലേക്ക്

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഇനി സ്ഥാപിക്കുന്ന ഇന്റർനെറ്റ് പ്രോട്ടോകോൾ വെർഷൻ നാലിൽ നിന്നും ഐ.പി.വി ആറിലേക്ക് മാറുന്നു. ഇത്തരം സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന വിവരവിനിമയ സാങ്കേതിക ഉപകരണങ്ങൾ ഐ.പി.വി 6-ന് ഉതകുന്നവയായിരിക്കണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. ഐപിവി നാലിൽ നിന്നും ഐപിവി ആറിലേക്കു മാറുന്ന പ്രവർത്തനം സുഗമമാക്കാൻ സംസ്ഥാന ഐ.ടി മിഷൻ ഡയറക്ടറെ നോഡൽ ഓഫീസറായി നാമനിർദ്ദേശം ചെയ്തു.

## എച്ച്1 എൻ1 : മരുന്ന് ലഭിക്കും

എച്ച്1 എൻ1 വൈറൽ ഇൻഫ്ളുവസയ്ക്കുള്ള ഒസൽട്ടാമിവിർ മരുന്ന് കേരളത്തിൽ ലഭ്യമാകുന്നു. എറണാകുളം ജി.കെ. ഡ്രഗ്സ്, എം.ജി മെഡിക്കൽസ്, പിറവം പടിക്കാപറമ്പിൽ മെഡിക്കൽസ്, തൃക്കാക്കര സിഫ ലിമിറ്റഡ്, തിരുവനന്തപുരം കിംസ് ആശുപത്രി, കണ്ണൂർ ലക്ഷ്മി മെഡിക്കൽ സപ്ലൈസ്, തൃശൂർ അയ്യന്തോൾ ഡോക്ടേഴ്സ് ഡ്രഗ്സ് എന്നിവിടങ്ങളിലാണ് എച്ച്1 എൻ1-നുള്ള മരുന്ന് ലഭ്യമാകുന്നത്.

അംഗീകൃത അലോപ്പതി ഡോക്ടറുടെ കുറിപ്പടി (രണ്ട് എണ്ണം) ഹാജരാക്കിയാൽ മാത്രമേ മരുന്നു ലഭിക്കുകയുള്ളൂ. മറ്റ് ജില്ലകളിലെ രണ്ട് മെഡിക്കൽ ഷോപ്പുകൾക്കും ലൈസൻസുള്ള ആശുപത്രികൾക്കും മരുന്നു വിൽക്കാനുള്ള ലൈസൻസ് നൽകും. അതത് ജില്ലാ ഡ്രഗ്സ് ഇൻസ്പെക്ടർ ഓഫീസിലാണ് അപേക്ഷിക്കേണ്ടത്.

## വിഴിഞ്ഞം പദ്ധതി: ഫാസ്റ്റ് ട്രാക്ക് പദ്ധതിയായി പ്രഖ്യാപിച്ചു

വിഴിഞ്ഞം തുറമുഖപദ്ധതി ഫാസ്റ്റ് ട്രാക്ക് പദ്ധതിയായി പ്രഖ്യാപിച്ച് ഉത്തരവായി. പദ്ധതിക്കാവശ്യമായ 120 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ തഹസീൽദാരുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെയും ചുമതലപ്പെടുത്തി.

## അംഗത്വം പുതുക്കണം

1985-ലെ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾ 2005-ലെ ഭേദഗതി പദ്ധതി പ്രകാരം അംഗത്വം പുതുക്കിയിട്ടില്ലെങ്കിൽ ഡിസംബർ 31-നകം പുതുക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പരിഷ്കരിച്ച പദ്ധതിയിൽ അംഗങ്ങളായവർക്ക് മാത്രമേ പുതിയ നിരക്കിലുള്ള ആനുകൂല്യങ്ങൾ ലഭിക്കൂ.

## കെട്ടിടവലിപ്പത്തിന് ആനുപാതികമായി മഴവെള്ള സംഭരണം

സാധാരണ ജനങ്ങൾക്ക് സഹായകരമായ വിധം നിലവിലുണ്ടായിരുന്ന മഴവെള്ള സംഭരണി ചട്ടം ഭേദഗതി ചെയ്തു. 8 സെന്റിൽ കുറഞ്ഞ വിസ്തൃതിയുള്ള സ്ഥലത്ത് വീടുവയ്ക്കുന്നവരെ പൂർണമായും വ്യവസ്ഥകൾ പ്രകാരമുള്ള ബാദ്ധ്യതകളിൽ നിന്നും ഒഴിവാക്കി. അതിൽ കൂടുതൽ വിസ്തൃതിയുള്ള പ്ലോട്ടിൽ വയ്ക്കുന്ന 150 ചതുരശ്ര മീറ്ററിൽ കൂടുതൽ വലിപ്പമുള്ള വീടുകൾക്കു മാത്രമേ ഇനി മുതൽ ഈ വ്യവസ്ഥ ബാധകമാവൂ.

കിണറും കുളവും ഉള്ളവർക്ക് വെള്ളം അതിലേക്ക് ഒഴുക്കിവിട്ടാൽ മതി. വെള്ളക്കെട്ടുള്ളതോ, വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങുന്നതിന് ബുദ്ധിമുട്ടുള്ളതോ ആയ സ്ഥലങ്ങളിൽ നിർമിക്കുന്ന കെട്ടിടങ്ങളും ജലസംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 2004-ൽ കെട്ടിടനിർമാണ ചട്ടത്തിൽ പുതുതായി ചേർത്ത വ്യവസ്ഥ ഭേദഗതി ചെയ്താണ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലൊളിമുഹമ്മദ്കുട്ടി അറിയിച്ചു.

## കോടതി അവധി

കേരള ഹൈക്കോടതിക്കും സംസ്ഥാനത്തെ സബോർഡിനേറ്റ് സിവിൽകോടതികൾക്കും 2010 ഏപ്രിൽ 12 മുതൽ മെയ് 15 വരെ വേനൽക്കാല അവധിയായിരിക്കുമെന്ന് രജിസ്ട്രാർജനറൽ അറിയിച്ചു. ആഗസ്റ്റ് 21 മുതൽ 28 വരെ ഓണ അവധിയും ഡിസംബർ 24 മുതൽ 31 വരെ ക്രിസ്തുമസ് അവധിയുമായിരിക്കും.

ഹൈക്കോടതിയുടെ മറ്റ് അവധി ദിനങ്ങൾ ഇനിപ്പറയുന്നു: റിപ്പബ്ലിക് ദിനം ജനുവരി 26, ശിവരാത്രി ഫെബ്രുവരി 12, മിലാഡ് ഇ ഷെറീഫ് 26, പെസഹ വ്യാഴാഴ്ച ഏപ്രിൽ ഒന്ന്, ദുഃഖ വെള്ളിയാഴ്ച രണ്ട്, അംബേദ്ക്കർ ജന്മദിനം 14, വിഷു 15, മെയ് ദിനം മെയ് ഒന്ന്, കർക്കിടകവാവ് ആഗസ്റ്റ് ഒമ്പത്, സ്വാതന്ത്ര്യദിനം 15, ഒന്നാം ഓണം 22, തിരുവോണം 23, മൂന്നാം ഓണം 24, നാലാം ഓണം 25, ശ്രീകൃഷ്ണ ജയന്തി സെപ്റ്റംബർ ഒന്ന്, റംസാൻ 10, ശ്രീനാരായണ ഗുരു സമാധി ദിനം 21, ഗാന്ധിജയന്തി ഒക്ടോബർ രണ്ട്, മഹാനവമി 15, വിജയദശമി 17, ദീപാവലി നവംബർ അഞ്ച്, ബക്രീദ് 17, മുഹറം ഡിസംബർ 16, ക്രിസ്തുമസ് 25.

## യാചക നിരോധന മേഖല

വണ്ടിപ്പെരിയാർ, എരുമേലി, വടശ്ശേരിക്കര, റാന്നി- പെരിനാട്, പന്തളം, കുമളി, പെരുവന്താനം പഞ്ചായത്തു പ്രദേശങ്ങൾ, പമ്പാ ഗണപതി ക്ഷേത്രത്തിന് അഞ്ചു കിലോമീറ്റർ ചുറ്റളവിലും ശബരിമല ക്ഷേത്രത്തിന് എട്ടുകിലോമീറ്റർ ചുറ്റളവിലുമുള്ള പ്രദേശങ്ങൾ, കരിമല, റാന്നി വനപ്രദേശങ്ങളും നവംബർ പത്തു മുതൽ ജനുവരി 22 വരെ യാചകനിരോധന മേഖലയായി പ്രഖ്യാപിച്ച് വിജ്ഞാപനമായി.

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് പകർച്ചവ്യാധികൾ പിടിപെട്ടവരുൾപ്പെടെയുള്ള യാചകർ ശബരിമലയിലും സമീപ പ്രദേശങ്ങളിലും തമ്പടിക്കുന്നത് കാരണം തീർഥാടകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് നടപടി.

## ക്രീമിലെയർ: മാർഗനിർദേശം പുറപ്പെടുവിച്ചു

സംസ്ഥാനത്തെ മറ്റു പിന്നാക്കവിഭാഗങ്ങളിലെ ക്രീമിലെയർ കണ്ടെത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് വിജ്ഞാപനമായി. വിശദവിവരം www.prd.kerala.gov.in വെബ്സൈറ്റിൽ ലഭിക്കും

# ഹെൽമറ്റ് ധരിക്കാൻ ജീവനക്കാരെ മേലധികാരികൾ പ്രേരിപ്പിക്കണം

ഇരുചക്രവാഹനങ്ങൾ ഓടിക്കുമ്പോൾ ഹെൽമറ്റ് ധരിക്കാൻ തങ്ങളുടെ സഹപ്രവർത്തകരെ സംസ്ഥാന/കേന്ദ്ര സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ തുടങ്ങിയവയുടെ മേലധികാരികൾ പ്രേരിപ്പിക്കണമെന്ന് നിർദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. ഭൂരിഭാഗം ഇരുചക്രവാഹനങ്ങളുടെയും ഉടമകൾ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരായതിനാൽ നിലവിലുള്ള നിയമം ഫലപ്രദമായി നടപ്പാക്കാൻ ഇത്തരം ബോധവത്കരണം സഹായിക്കുമെന്നതിനാലാണിത്.

സംസ്ഥാനത്ത് ഹെൽമറ്റ് ഉപയോഗം നിർബന്ധമാക്കണമെന്ന് ഹൈക്കോടതി 2003-ൽ ഉത്തരവുപുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പൊലീസ്/മോട്ടോർ വെഹിക്കിൾ വകുപ്പുകൾ കർശനമായ നടപടികൾ സ്വീകരിച്ചിരുന്നു. ഇത് കാരണം അപകടമരണങ്ങൾ ഗണ്യമായി കുറയുകയും ചെയ്തു.

ഹെൽമറ്റ് ധരിക്കുന്നതിനെക്കുറിച്ചുള്ള അവബോധമില്ലായ്മയാണ് നിയമം നടപ്പാക്കാൻ തടസ്സം സൃഷ്ടിക്കുന്നത്. സംസ്ഥാനത്ത് പ്രതിവർഷം റോഡപകടങ്ങളിൽ 4,000-ത്തോളം പേർ മരണമടയുകയും 40,000-ത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ 1,000-ത്തോളം പേർ മരണപ്പെടുന്നതും 12,000-ത്തോളം പേർക്ക് മുറിവേൽക്കുന്നതും ഇരുചക്രവാഹനാപകടങ്ങളിൽപ്പെട്ടാണ്.

# പരിശീലന പരിപാടി

സിംഗപ്പൂർ റീജിയണൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, വാഷിങ്ടൺ ഐ.എം.എഫ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ സാമ്പത്തിക ശാസ്ത്രം, ജപ്പാനിൽ കൃഷിയിലെ വിവര സാങ്കേതിക വിദ്യ ഗ്രൂപ്പ് ട്രെയിനിങ് കോഴ്സ്, സിംഗപ്പൂർ ഹൈകമ്മീഷന്റെ അർബൻ പ്ലാനിങ് ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ്, എയർ ക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ആന്റ് മാനേജ്മെന്റ്, കേന്ദ്രസർക്കാരിന്റെ പേഴ്സണൽ ആന്റ് ട്രെയിനിങ് വകുപ്പിന്റെ ഡൊമസ്റ്റിക് ഫണ്ടിങ് സ്കീം പ്രകാരമുള്ള പരിശീലനം തുടങ്ങിയവയ്ക്ക് അപേക്ഷിക്കാം.

വിശദവിവരം

www.finmin.nic.in, www.prd.kerala.gov.in/whatsnew സൈറ്റുകളിൽ ലഭിക്കും.

# ആരോഗ്യവകുപ്പിൽ 104 സൂപർന്യൂമററി തസ്തികകൾ

ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജന്മാരുടെ 98-ഉം ഡന്റൽ സർജൻമാരുടെ രണ്ടും റേഡിയോഗ്രാഫർമാരുടെ നാലും സൂപർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകി ഉത്തരവായി.



# പരസ്പരം

*ദത്തെടുത്ത കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിനും ജനനസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്? മറ്റൊരു പഞ്ചായത്ത് പരിധിയിൽ ദത്തെടുത്താൽ ഇപ്പോൾ താമസിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ജനനസർട്ടിഫിക്കറ്റിന് അപേക്ഷിക്കാമോ?*

കോഴിക്കോട് ജില്ലയിൽ നിന്നും ഒരു വായനക്കാരൻ. (സ്വകാര്യത സൂക്ഷിക്കുന്നതിനായി പേര് രേഖപ്പെടുത്തുന്നില്ല)


തദ്ദേശസ്വയംഭരണവകുപ്പിന്റെ 22-11-2008 ലെ സ.ഉ.(സാധാ) നം.4106/08/ത.സ്വ.ഭ.വ. ഉത്തരവനുസരിച്ച് അംഗീകൃതി അഡോപ്ഷൻ പ്ലേസ്മെന്റ് ഏജൻസികൾ മുഖേന കുട്ടിയെ ദത്തെടുക്കുന്ന കേസുകളിൽ ജനനരജിസ്ട്രേഷനുവേണ്ടി ഏജൻസി സ്ഥിതിചെയ്യുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കണം. ദത്തെടുക്കൽ അനുവദിക്കുന്ന കോടതിയുത്തരവിൽ പറയുന്ന ജനനത്തീയതി രജിസ്ട്രാർ അംഗീകരിച്ച് ജനനസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഡി.എം.ഒ.യുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടേണ്ടതില്ല. ജുഡീഷ്യൽ കോടതിയുടെ ഉത്തരവുള്ളതിനാൽ ആർ.ഡി.ഒയുടെ അനുവാദവും ആവശ്യപ്പെടാൻ പാടില്ല. ബർത്ത് റിപ്പോർട്ട് ഫോം പൂരിപ്പിച്ച് വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും കോടതിയുത്തരവിന്റെ പകർപ്പും സഹിതം അപേക്ഷിക്കണം. ജനനസർട്ടിഫിക്കറ്റിന് അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം നടപടിക്രമങ്ങൾ പാലിച്ച് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട രജിസ്ട്രാർ വിതരണം ചെയ്തിരിക്കേണ്ടതാണ് എന്ന് ഉത്തരവ് വ്യക്തമാക്കുന്നു.

22-11-2008-ലെ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് കുട്ടിയെ ദത്തെടുത്തിട്ടുള്ളതും എന്നാലിതുവരെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ കേസുകളിൽ മാതാപിതാക്കൾ താമസിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇക്കാര്യം 31-03-2009-ലെ 1083/ആർ.ഡി.3/09/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലറിന്റെയും ഉത്തരവിന്റെയും പകർപ്പ് www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് പരസ്പരം. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, ജനപഥം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക.*

## തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ



മാർക്സിയൻ സത്ത എടുത്തുകാട്ടി സാഹിത്യത്തെ സമ്പന്നമാക്കാൻ ശ്രമിക്കുന്ന സി. ഉണ്ണിരാജയുടെ ലേഖനങ്ങൾ കാലഘട്ടങ്ങളുടെ പുനർ വായനയാണ്. സാഹിത്യ സംബന്ധിയായ വ്യത്യസ്ത തലങ്ങളിലേക്ക് പടർന്നു കയറി ഭാഷയെയും സാഹിത്യത്തെയും ചരിത്രത്തെയും വിലയിരുത്തുന്ന ഉള്ളടക്കം ഏറെ പരിഗണനാർഹമാണ്. സമൂഹത്തോടൊപ്പം ജീവിച്ച സി. ഉണ്ണിരാജ എന്ന പുരോഗമന സാഹിത്യകാരന്റെ മൗലികമായ നിരീക്ഷണങ്ങൾ, കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ* – വിവിധ വിഷയങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടുള്ള 21 പ്രബന്ധങ്ങളുടെ സമാഹരണമാണ്.

വ്യത്യസ്ത വിഷയങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ സമാഹാരം മാനവികതയെക്കുറിച്ച് വർത്തമാനസമൂഹത്തിന്റെ നിരീക്ഷണങ്ങളിലേക്ക് വെളിച്ചം വീശുന്നു. ആശയ സമ്പുഷ്ടമായ ഈ ലേഖനങ്ങൾ അർത്ഥപൂർണ്ണമായ സംസ്കാരിക ഇടപെടൽ കൂടിയായി മാറുന്നു.

*കേരളസാഹിത്യ അക്കാദമി*
*വില: 160.00*

## അറബി – മലയാളം പദകോശം



ഒരു സ്വതന്ത്രഭാഷ എന്ന പരിചര്യയ്ക്ക് മലയാളം ഒരിക്കലും വിധേയമായിട്ടില്ലന്ന് എഫ്. ഡബ്ല്യു എല്ലിസ് ഒരിക്കൽ അത്ഭുതപ്പെട്ടിട്ടുണ്ട്. മലയാളത്തനിമയെക്കുറിച്ച് വച്ചു പുലർത്തുന്ന സങ്കുചിത വാദഗതികളുടെ നേരെയുള്ള വിരൽചൂണ്ടലാണ് ഹസൻ നെടിയനാടിന്റെ അറബി – മലയാളം പദകോശം.

മാപ്പിള സംസ്കൃതിക്ക് നൂറ്റാണ്ടുകളുടെ പഴക്കമുള്ള തായ്‌വേരുകൾ ഇവിടെ അവകാശപ്പെടാനുണ്ട്. അതു കാണാതെ അവരെ പരദേശി പട്ടികയിൽ പെടുത്തുന്ന പ്രവണത മാനവിതകയുടെ തന്നെ വൈകല്യമായി മാറുന്നു. എന്നിരിക്കെ, സംസ്കാരത്തിന്റെ മാറ്റുരയ്ക്കുന്ന ദിശയിലേക്ക് ഉറച്ച കാൽവയ്പാണ് ഈ അറബി – മലയാളം പദകോശം.

മലബാർ മുസ്ലീംകളുടെ വ്യവഹാര ഭാഷയും മലയാളിക്ക് അഭിമാനിക്കാൻ വക നൽകുന്ന ഒട്ടേറെ ഗ്രന്ഥ സമ്പത്തിന്റെ കലവറയുമെന്ന നിലയിൽ അറബി – മലയാളം അക്കാദമിക് തലത്തിൽ ഇനിയും വേണ്ടത്ര വിശകലനം ചെയ്യപ്പെട്ടിട്ടില്ല. അറബി – മലയാളം ഭാഷയിലുള്ള പാണ്ഡിത്യം വിളിച്ചോതുന്ന ഈ നിഘണ്ടു ഭാഷയ്ക്ക് മുതൽക്കൂട്ടാണന്നത് തർക്കമില്ലാത്ത കാര്യമാണ്.

*കേരള സാഹിത്യ അക്കാദമി.*
*വില : 70.00*

## യാക്കോബ് രാമവർമന്റെ ആത്മകഥ

### പഠനം/സംശോധനം

മലയാളത്തിലെ ആദ്യത്തെ ആത്മകഥ എന്ന് വിശേഷണത്തോടെയാണ് ഭാഷാസാഹിത്യ സേവകനായ പോൾ മണലിന്റെ പഠന കൃതിയായ *യാക്കോബ് രാമവർമ്മന്റെ ആത്മകഥ.* കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്നത്. ആത്മകഥയ്ക്ക് ഒരു മാതൃക ഇല്ലാതിരുന്ന കാലത്ത് അവതരിപ്പിച്ച യാക്കോബിന്റെ ആത്മകഥ മലയാളത്തിൽ ഒരു പുതിയ ശാഖയ്ക്ക് തുടക്കം കുറിച്ചു. കൊച്ചി കൊട്ടാരത്തിൽ ജനിച്ചു വളർന്ന രാമവർമ്മൻ എന്നു പേരുള്ള ഒരു യുവാവ് ക്രിസ്തുവിന്റെ അനുയായിയായി മാറുന്ന കഥയാണിത്. ആത്മകഥാപ്രസ്ഥാനത്തിന്റെ ചരിത്രം പഠിക്കുന്നവർക്ക് ഈ പഠനം ഒരു വഴികാട്ടിയാണ്. ആത്മകഥാകാരന്റെ ജീവിതം സമ്പൂർണ്ണമായി അവതരിപ്പിക്കുന്ന രചനകളിൽ ബാല്യകാലസ്മരണകളും മതം മാറ്റവും ഓരോ കാലഘട്ടത്തിലും സമൂഹത്തിനുണ്ടായ മാറ്റങ്ങളെയും വ്യക്തമായി പ്രതിപാദിക്കുന്നു.



*കേരള സാഹിത്യ അക്കാദമി*
*വില: 40.00*




## മൂന്നു കുട്ടികൾ

പ്രശസ്ത കഥാകൃത്ത് സേതുവിന്റെ ശ്രദ്ധേയമായ ഏഴു കഥകൾ. ഭാഷകൊണ്ട് സ്ഥലത്തേയും കാലത്തേയും സമൂഹത്തേയും അതോടൊപ്പം കുഞ്ഞു മനസ്സുകളേയും അളന്നു മുറിക്കുന്ന ഏഴുകഥകളുടെ സമാഹാരം. കുട്ടികളെ രസിപ്പിക്കാൻ അയ്യപ്പൻ, ബാപ്പൂട്ടി, നന്ദൻ തുടങ്ങിയ കഥാപാത്രങ്ങൾ എത്തുന്നു. അതീവ ചാരുതയോടെ രചിച്ചിരിക്കുന്ന ഈ കഥകൾ ഉദ്വേഗത്തോടെയും കൗതുകത്തോടെയുമല്ലാതെ വായിച്ചുപോകാനാവില്ല. വായനക്കാരെ എപ്പോഴും ഉത്കണ്ഠാഭരിതരാക്കി നിർത്തുന്നതിൽ അസാമാന്യപാടവമാണ് കഥാകൃത്ത് പ്രകടിപ്പിച്ചിരിക്കുന്നത്. ഇതിലെ ആകർഷണീയമായ രേഖാചിത്രങ്ങൾ കഥകൾക്ക് ഏറെ വെളിച്ചം നൽകുന്നു.

*കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*
*വില: 50.00*


## മലമുകളിലെ കഥകൾ

ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന വിഖ്യാതമായ കഥകൾ. സാങ്കേതികത്തികവും മികവും മാത്രമല്ല കെ.രാജേന്ദ്രൻ പുനരാഖ്യാനം ചെയ്യുന്ന ഈ കഥകളെ ശ്രദ്ധേയമാക്കുന്നത്. ചെറുകഥാകൃത്തിന് അനിവാര്യമായ സൂക്ഷ്മാപഗ്രഥനപാടവവും വസ്തുതകളെയും മൂല്യങ്ങളെയും വസ്തുനിഷ്ഠമായി ചിത്രീകരിക്കാനുള്ള ആർജവവും



ഇദ്ദേഹത്തിന്റെ കഥകളെ അന്യാദൃശമാക്കിത്തീർക്കുന്നു. കുട്ടികൾക്കായി ലളിതഭാഷയിൽ തയ്യാറാക്കിയിരിക്കുന്ന കഥകൾ മറ്റു കഥകളിൽ നിന്നും വ്യത്യാസം പുലർത്തുന്നു. കെ.രാജേന്ദ്രന്റെ ചില കഥകൾ നമ്മെ രസിപ്പിക്കുകയും മറ്റു ചിലവ നമ്മെ പൊട്ടിച്ചിരിപ്പിക്കുകയും ചെയ്യും. സംഭവങ്ങളെ നർമബോധത്തോടെ നോക്കിക്കാണുന്ന അദ്ദേഹം നമുക്ക് ചിന്തിക്കാനും വക നൽകുന്നു.

*കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിട്യൂട്ട്*
*വില: 160.00*



# തൊട്ടറിയാൻ കൃത്രിമക്കൈ

**കൈ നഷ്ടമായവർക്ക്** സ്പർശനാനുഭവം നൽകുന്ന കൃത്രിമക്കൈ തയ്യാറാവുന്നു. യൂറോപ്യൻ യൂണിയന്റെ നേതൃത്വത്തിലുള്ള 'സ്മാർട്ട് ഹാൻഡ്' പ്രോജക്ട് സംവേദനശേഷി നൽകുന്ന കൃത്രിമക്കൈയുടെ ചെറു പതിപ്പ് നിർമ്മിച്ചുകഴിഞ്ഞു.

കൃത്രിമക്കൈയിലെ സെൻസറുകൾ കൈത്തണ്ടയിലേക്ക് സിഗ്നലുകൾ അയയ്ക്കുന്നു. ഓരോ കൈവിരലുമായും ബന്ധപ്പെട്ട് മസ്തിഷ്ക പ്രദേശത്തെ ഉത്തേജിപ്പിക്കുന്ന കൈത്തണ്ടയിലെ മർമ്മസ്ഥാനങ്ങൾ ലക്ഷ്യമാക്കിയാണ് ഈ സിഗ്നലുകൾ അയയ്ക്കുന്നത്. ഇത്തരത്തിൽ ഓരോ സ്പർശനത്തിന്റെയും അനുഭൂതി കൃത്രിമ കൈയിലൂടെ ആളുകൾക്ക് ലഭിക്കുന്നു. കൈ ചലിപ്പിക്കണം എന്നു തോന്നുമ്പോഴുണ്ടാകുന്ന മസ്തിഷ്ക സിഗ്നലുകൾ കൈത്തണ്ടയുമായി ബന്ധിപ്പിച്ച ഇലക്ട്രോഡുകൾ പിടിച്ചെടുക്കുകയും കൃത്രിമക്കൈയിലെ മോട്ടോറുകളിലേക്ക് അയയ്ക്കുകയും ചെയ്യുന്നതുവഴി വിരലുകൾ ഇഷ്ടാനുസരണം ചലിപ്പിക്കാനാകുമെന്ന് പദ്ധതിയുടെ പിന്നണിയിൽ പ്രവർത്തിക്കുന്ന സ്വീഡനിലെ ലണ്ട് യൂണിവേഴ്സിറ്റി പ്രതിനിധി ഫ്രഡറിക് സെബല്ല്യസ് വിശദീകരിച്ചു.

# കാൻസറിന് കാരണമായ പുതിയ ജീൻ കണ്ടെത്തി

**ഫ്യൂഷൻ ജീനെന്ന** ഇനത്തിൽപ്പെട്ട, പുരുഷൻമാരുടെ തലയിലേയും, കഴുത്തിലേയും സ്ത്രീകളുടെ മാറിലേയും ഗ്രന്ഥികളിൽ കാൻസർ ഉണ്ടാക്കുന്ന, പുതിയ ജീനിനെ കണ്ടെത്തി. ക്രോമസോമിലെ മാറ്റം മൂലം ആരോഗ്യമുള്ള രണ്ടു ജീനുകൾ സംയോജിച്ചുണ്ടാകുന്നതാണ് ഫ്യൂഷൻ ജീൻ. ഫ്യൂഷൻ ജീൻ രക്താർബുദം മാത്രമെ ഉണ്ടാക്കൂ എന്നാണ് ഇതുവരെ കരുതിയിരുന്നത്. എന്നാൽ ഗ്രന്ഥികളിൽ ഉണ്ടാകുന്ന കാൻസറിനും ഫ്യൂഷൻ ജീനാണ് കാരണമെന്നാണ് പുതിയ കണ്ടെത്തലോടെ വ്യക്തമാകുന്നത്.

ഈ ജീൻമൂലമുണ്ടാകുന്ന കാൻസറിന് *അഡിനോയ്ഡ് സിസ്റ്റിക് കാർസിനോമ* എന്നാണ് പറയുന്നത്. സാൾഗ്രെൻസ്ക അക്കാദമിയിലെ ശാസ്ത്രജ്ഞരുടെ ഈ കണ്ടെത്തൽ കാൻസർ രോഗനിർണയം കൂടുതൽ എളുപ്പമാക്കാനും ചികിത്സ കൂടുതൽ ഫലപ്രദമാക്കാനും സഹായിക്കുന്നതാണെന്ന് പ്രശസ്ത ശാസ്ത്ര ജേർണലായ പി എൻ എസ് (*പ്രൊസീഡിംഗ്സ് ഓഫ് ദ നാഷണൽ അക്കാദമി ഓഫ് സയൻസസ്*) പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിൽ പറയുന്നു.



പുതിയ ജീനിന്റെ കണ്ടെത്തലോടെ ജനിതക പരിശോധനയിലൂടെ രോഗം കൃത്യമായി നിർണയിക്കാനും അതിനെ നിർവീര്യമാക്കുന്ന ഔഷധം വികസിപ്പിച്ചെടുക്കാനും കഴിയുമെന്ന പ്രതീക്ഷയിലാണ് ശാസ്ത്രലോകം.




# ഹൃദ്രോഗികളുടെ രക്ഷയ്ക്കായി കാർഡിയോഫിറ്റ്

**ഹൃദയപേശികൾ** നശിക്കുന്ന "ഇൻഫാർക്ട്" മൂലമാണ് മിക്ക ഹൃദ്രോഗികളും മരിക്കുന്നത്. ഇതുണ്ടാകുമ്പോൾ ഹൃദയ പേശികൾക്ക് ഭാരക്കുറവ് സംഭവിക്കുകയും ഊർജ്ജപ്രവാഹം കുറയുകയും ചെയ്യുന്നു. ഊർജ്ജപ്രവാഹം നേരയാക്കാൻ ശരീരത്തിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന അഡ്രിനാലിൻ ഹോർമോണാണ് ഹൃദയത്തിന്റെ താളം തെറ്റിക്കുന്നത്. ഈയവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ നൂതന പേസ്മേക്കറായ കാർഡിയോഫിറ്റ് സഹായിക്കും. നിലവിലുള്ള പേസ്മേക്കറിനേക്കാൾ ഫലപ്രദമായ പുതിയ പേസ്മേക്കർ ഇറ്റലിയിലെ പവിയ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് വികസിപ്പിച്ചെടുത്തത്. കേന്ദ്ര നാഡീവ്യൂഹത്തിലെ വാഗസ് നാഡിയുമായി ബന്ധിപ്പിക്കുന്ന ഒരു അധിക ഇലക്ട്രോഡാണ് കാർഡിയോഫിറ്റിന്റെ മേന്മ.

ഇത് ഹൃദയത്തിന്റെ താളത്തെ നേരെയാക്കുകയും സ്ട്രെസ് ഹോർമോണുകളുടെ പ്രവാഹത്തെ തടയുകയും ചെയ്യുന്നതു മൂലം രോഗിക്ക് അപകടാവസ്ഥ തരണം ചെയ്യാൻ കഴിയും.

## സച്ചിൻ 17000 കടന്നു



സമാനതകളില്ലാത്ത പ്രതിഭയായ സച്ചിൻ തെണ്ടുൽക്കർ ഏകദിന ക്രിക്കറ്റിൽ 17,000 റൺസ് എന്ന നാഴികക്കല്ലുകൂടി പിന്നിട്ടു. ഹൈദരാബാദിൽ ഓസ്ട്രേലിയയ്ക്കെതിരായ അഞ്ചാം ഏകദിന മത്സരത്തിലാണ് സച്ചിൻ ഇതിഹാസം രചിച്ചത്. 141 പന്തുകളിൽ, 19 ബൗണ്ടറികളും, നാലു സിക്സറുകളുമാണ് സച്ചിന്റെ ബാറ്റിൽ നിന്നും ഉതിർന്നത്. ടെസ്റ്റിലും ഏകദിനത്തിലും ഏറ്റവും കൂടുതൽ റൺസും, ഏറ്റവും കൂടുതൽ സെഞ്ചറികളും സച്ചിന്റെ പേരിലാണ്. 159 ടെസ്റ്റുകളിൽ 12,773 റൺസും 42 സെഞ്ചറിയും 435 ഏകദിനങ്ങളിൽ നിന്ന് 17,168 റൺസും 45 സെഞ്ചറിയും.

## അശോക് ചവാൻ മുഖ്യമന്ത്രി



മഹാരാഷ്ട്രയുടെ 21-മത് മുഖ്യമന്ത്രിയായി അശോക് ചവാൻ അധികാരമേറ്റു. തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 15 ദിവസത്തിനുശേഷമാണ് സത്യപ്രതിജ്ഞ ചെയ്തത്. വകുപ്പ് വിഭജനം സംബന്ധിച്ച് കോൺഗ്രസ്സും പ്രധാന സഖ്യകക്ഷിയായ എൻ.സി.പിയും തമ്മിൽ നടന്ന തർക്കമായിരന്നു മന്ത്രിസഭാ രൂപവത്കരണം നീളാൻ കാരണമായത്. ആദ്യഘട്ടത്തിൽ സത്യപ്രതിജ്ഞ ചെയ്ത 38 മന്ത്രിമാരിൽ 18 പേർ കോൺഗ്രസിൽ നിന്നും 20 പേർ എൻ.സി.പിയിൽ നിന്നുമാണ്.

## നാരായണൻ നമ്പീശന് ഫെല്ലോഷിപ്പ്

**2008-09** കാലയളവിലെ കലാമണ്ഡലം ഫെല്ലോഷിപ്പിനു കലാമണ്ഡലം നാരായണൻ നമ്പീശൻ അർഹനായി. കലാരത്നം അവാർഡ് ചേമഞ്ചേരി കുഞ്ഞിരാമൻ നായർക്ക് ആണ്. കഥകളി വേഷത്തിന് കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താനും, കഥകളി സംഗീതത്തിന് പത്തിയൂർ ശങ്കരൻകുട്ടി, വാദ്യം: വാരണസി വിഷ്ണു നാരായണൻ നമ്പൂതിരി, നൃത്തം: പി.ആർ.പത്മിനി, തുള്ളൽ: പി.പി.കൃഷ്ണ പൊതുവാൾ, കൂടിയാട്ടം: മാർഗി മധു എന്നിങ്ങനെയാണ് മറ്റ് പുരസ്കാരങ്ങൾ.



## സൗമ്യ ലോകജൂനിയർ ചെസ് ചാമ്പ്യൻ



ഭാരതത്തിന്റെ സൗമ്യ സ്വാമിനാഥൻ ലോക ജൂനിയർ വനിതാ ചെസ് ചാമ്പ്യനായി. അർജന്റീനയിൽ നടന്ന അവസാന റൗണ്ടിൽ തുർക്കിയുടെ യുബ്രഒസ്തുർക്കിനെ പരാജയപ്പെടുത്തിയാണ് കിരീടം കരസ്ഥമാക്കിയത്. ലോക ജൂനിയർ ചെസ് കിരീടം നേടുന്ന മൂന്നാമത്തെ ഇന്ത്യൻ വനിതാ താരമാണ് സൗമ്യ. 2002-ൽ കോനേരു ഹംപിയും 2008-ൽ ദ്രോണവല്ലി ഹരികയും ഈ നേട്ടം കൈവരിച്ചിരുന്നു.

## ദലൈലാമയുടെ സന്ദർശനം



വിവാദങ്ങൾക്ക് നടുവിൽ ടിബറ്റൻ ആത്മീയാചാര്യൻ ദലൈലാമ ഒരിക്കൽ കൂടി ഇന്ത്യ സന്ദർശിച്ചു മടങ്ങി. നാലു ദിവസത്തെ സന്ദർശനത്തിന് അരുണാചൽ പ്രദേശിലെത്തിയ അദ്ദേഹം തവാങിലെ 400 വർഷം പഴക്കമുള്ള ബുദ്ധവിഹാരത്തിലെ മ്യൂസിയം ഉദ്ഘാടനം ചെയ്തു. പ്രകൃതി സുന്ദരമായ തവാങിൽ ആറു വർഷത്തിനുശേഷമാണ് ലാമ എത്തുന്നത്. 1959-ൽ ടിബറ്റിലെ ചൈനീസ് ഭരണത്തിനെതിരായി പ്രക്ഷോഭം പരാജയപ്പെട്ടതിനെ തുടർന്നാണ് ലാമ ഇന്ത്യയിലേക്ക് പലായനം ചെയ്തത്. അന്നുമുതൽ ദലൈലാമ പ്രശ്നം ഇന്ത്യ-ചൈന സൗഹൃദത്തിന് വിലങ്ങുതടിയായി അവശേഷിക്കുകയാണ്.

## സുഗതകുമാരിക്ക് എഴുത്തച്ഛൻ പുരസ്കാരം

മലയാള ഭാഷയ്ക്കും, സാഹിത്യത്തിനുമുള്ള സമഗ്ര സംഭാവനയ്ക്ക് നൽകുന്ന എഴുത്തച്ഛൻ പുരസ്കാരത്തിന് കവയത്രി സുഗതകുമാരി അർഹയായി. സാമൂഹിക മൂല്യങ്ങളിൽ അധിഷ്ഠിതമായ സുഗതകുമാരിയുടെ കവിത സത്യത്തെയും സൗന്ദര്യത്തെയും ഒരേപോലെ സാക്ഷാത്കരിക്കുന്നതായി പുരസ്കാര നിർണ്ണയസമിതി വിലയിരുത്തി. സാമൂഹിക സേവന, പരിസ്ഥിതി സംരക്ഷണ രംഗത്തെ സുഗതകുമാരിയുടെ പ്രവർത്തനങ്ങളും സമിതി ചൂണ്ടിക്കാട്ടി. ഒരു ലക്ഷം രൂപയും, പ്രശസ്തി പത്രവും, ശില്പവും അടങ്ങിയതാണ് അവാർഡ്.



## ഷെയ്ഖ് ഖലീഫ യു.എ.ഇ പ്രസിഡന്റ്



ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാനെ വീണ്ടും യു.എ.ഇ പ്രസിഡന്റായി തിരഞ്ഞെടുത്തു. പ്രസിഡന്റായി ചുമതലയേറ്റ് അഞ്ച് വർഷം പൂർത്തിയാക്കിയിരുന്നു. തുടർന്നാണ് ഭരണഘടന പ്രകാരം വീണ്ടും തെരഞ്ഞെടുപ്പു നടത്തിയത്. ഫെഡറൽ സുപ്രീം കൗൺസിൽ അംഗങ്ങളായ എമിറേറ്റ് ഭരണാധികാരികൾ ചേർന്നാണ് ഷെയ്ഖ് ഖലീഫയെ വീണ്ടും രാജ്യത്തിന്റെ അമരക്കാരനാക്കിയത്. 2004നാണ് നഹ്യാൻ ആദ്യമായി പ്രസിഡന്റായി ചുമതലയേറ്റത്.

## ലെവി സ്ട്രോസ് അന്തരിച്ചു



വിഖ്യാത ഫ്രഞ്ച് നരവംശശാസ്ത്രജ്ഞൻ ക്ളോഡ് ലെവി സ്ട്രോസ് അന്തരിച്ചു. ഇരുപതാം നൂറ്റാണ്ടിലെ ഫ്രഞ്ച് ബുദ്ധിജീവികളിൽ പ്രമുഖനായിരുന്ന സ്ട്രോസാണ് അമ്പതുകളിൽ സ്ട്രക്ചറലിസ്റ്റ് സ്കൂൾ ഓഫ് അന്ത്രോപ്പോളജിയുടെ സ്ഥാപകൻ. 1955-ൽ അദ്ദേഹം എഴുതിയ *ട്രിസ്റ്റ്സ് ട്രോപ്പിക്കസ്* എന്ന ആത്മകഥാപരമായ കൃതി ലോക ക്ളാസിക്കായാണ് കരുതപ്പെടുന്നത്.